# അടിമാലി ഗ്രാമപഞ്ചായത്ത്

# ജനകീയാസൂത്രണം



9-ാം
പദ്ധതി
ജനകീയ
പദ്ധതി

## സമഗ്ര വികസന രേഖ


ADIMALY GRAMA PANCHAYAT
N
VALARA II
IRUMPUPALAM III
14th MILE V
CHATTUPARA VII
ADIMALY TOWN (NORTH) XII
NH 49
MUNITHANDU XI
I DEVIYAR
MEZHUKUMCHAL IV
MACHIPLAVU VI
ADIMALY TOWN (SOUTH) VIII
X
IX 200 ACRE

# ജനകീയാസൂത്രണം

❖

# വികസന റിപ്പോർട്ട്

❖

**അടിമാലി ഗ്രാമപഞ്ചായത്ത്**



"എല്ലാവരുടേയും അത്യാവശ്യങ്ങൾ നിറവേറ്റാൻ വേണ്ട വിഭവങ്ങൾ ഈ പ്രകൃതിയിലുണ്ട്."

-ഗാന്ധിജി

## എഡിറ്റിംഗ് കമ്മിറ്റി

പി.വി. മത്തായി
വി.എസ്. രവീന്ദ്രനാഥ്
ടി.കെ. കുര്യാക്കോസ്
കെ.കെ.സുകുമാരൻ
സി.എ. ഏലിയാസ്
വി.വി. മോഹനൻ
ജോൺ പൊറ്റാസ്
ജോസ് കോട്ടയ്ക്കൽ
വി.എൻ. കുമാരൻ
ടി.എച്ച്. എം. ബഷീർ
ഷേർളി ക്രിസ്റ്റി
എൽസി ജോൺ
വി.എം. പരീത്
കെ.കെ. രാജു

ലേ ഔട്ട്:
കോസ്മിക് ജോസ്
അടിമാലി

പ്രിൻറിംഗ്: കേരളടൈംസ് ഓഫ്സെറ്റ് പ്രസ്, എറണാകുളം

# താളുകൾ മറിക്കുമ്പോൾ


| | | |
|---|---|---|
| 1 | ആമുഖം | 7 |
| 2 | പഞ്ചായത്ത് പൊതു വിവരണം | 9 |
| 3 | സാമൂഹ്യ–സാംസ്കാരിക ചരിത്രം | 10 |
| 4 | ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി | 14 |
| 5 | സാമൂഹ്യ–സാമ്പത്തിക മേഖലകൾ | — |
| 5–1 | കൃഷിയും ജലസേചനവും | 16 |
| 5–2 | മൃഗസംരക്ഷണവും മത്സ്യബന്ധനവും | 22 |
| 5–3 | വ്യവസായം | 25 |
| 5–4 | വിദ്യാഭ്യാസം | 28 |
| 5–5 | കുടിവെള്ളവും പൊതുജനാരോഗ്യവും | 34 |
| 5–6 | ഗതാഗതം, ഊർജം, മാർക്കറ്റ് | 40 |
| 5–7 | പാർപ്പിടം | 44 |
| 5–8 | സംസ്കാരം | 49 |
| 5–9 | വനിതാ ക്ഷേമം | 51 |
| 5–10 | സഹകരണം | 55 |
| 5–11 | പട്ടികജാതി പട്ടികവർഗ ക്ഷേമം | 61 |
| 5–12 | വിഭവ സമാഹരണം, ടൂറിസം | 66 |
| 6 | അടിമാലി ഗ്രാമ പഞ്ചായത്ത് പ്രവർത്തന രേഖ | 69 |
| 7 | ഉപസംഹാരം | 73 |

# അടിമാലി ഗ്രാമ പഞ്ചായത്ത് സാരഥികൾ



കുമാരി പി.വൈ. അന്നക്കുട്ടി
(പ്രസിഡന്റ്)



[illegible]
(വൈസ് പ്രസിഡന്റ്)



കെ.പി. സാബു
[illegible] സെക്രട്ടറി)



കെ.[illegible]
(സ്റ്റാന്റിങ് - [illegible])



പി.എം. ബേബി
(മെമ്പർ)



[illegible]പി. [illegible]സാണ്ടർ
(മെമ്പർ)



പോൾ മാത്യു
(മെമ്പർ)



മേരി പൗലോസ്
(മെമ്പർ)



[illegible] രാജൻ
(മെമ്പർ)



ശാന്താ പ്രകാശ്
(മെമ്പർ)



കെ.പി. മോഹനൻ
(മെമ്പർ)



പി.എം. മൈതീൻ
(മെമ്പർ)



ഗോപി രാമൻ
(മെമ്പർ)

# അടിമാലി ഗ്രാമ പഞ്ചായത്ത് മുൻ സാരഥികൾ



**സി. ഇട്ടൂപ്പ്**
പ്രസിഡന്റ് 1963-79



**എ.ജെ. ജോൺ**
പ്രസിഡന്റ് 1979-1981



**പി.ജെ. വറുഗീസ്**
പ്രസിഡന്റ് 1982-84



**സി.എൻ. സോമരാജൻ**
പ്രസിഡന്റ് 1988-1995

# ജനകീയാസൂത്രണ സാരഥികൾ



**പി.വി. മത്തായി**
(കെ.ആർ.പി.)



**വി.എസ്. രവീന്ദ്രനാഥ്**
പഞ്ചായത്ത് കൺവീനർ

*പ്രകൃതിനിയമങ്ങളെ ബോധപൂർവ്വമോ അജ്ഞതകൊണ്ടോ*
*ലംഘിക്കുന്നതിൽ നിന്നാണ് സുഖക്കേടുകൾ*
*ഉണ്ടാകുന്നത്*

*– ഗാന്ധിജി*

*ഓരോരുത്തരും അവരവരുടെ നെറ്റിവിയർപ്പാക്കി*
*പണിയെടുത്ത് ജീവിച്ചെങ്കിൽ ഭൂമിസ്വർഗ്ഗമായി*
*മാറുമായിരുന്നു.*

*– ഗാന്ധിജി*

# താലൂക്ക്-ജില്ലാ-ബ്ലോക്ക് ജന പ്രതിനിധികൾ



എ.കെ. മണി എം.എൽ.എ.
ദേവികുളം



കെ.എസ്. മുഹമ്മദ്
ജില്ലാ പഞ്ചാ. മെമ്പർ ഇടുക്കി



ചാണ്ടി ജോസഫ്
പ്ര. ... ക്ക് പഞ്ചാ. അടിമാലി



സി.കെ. ഗോവിന്ദൻ
വൈ. പ്ര. ബ്ലോക്ക് പഞ്ചായത്ത്
അടിമാലി



പി.റ്റി. സ്കറിയ
മെമ്പർ, ബ്ലോക്ക് പഞ്ചായത്ത്
അടിമാലി



ടി.ആർ. ശശിധരൻ
മെമ്പർ ബ്ലോക്ക് പഞ്ചായത്ത്
അടിമാലി



എ.ജി. രാഘവൻ
മെമ്പർ ബ്ലോക്ക് പഞ്ചായത്ത്
അടിമാലി



ഒ.ജെ. ജോസഫ്
മെമ്പർ ബ്ലോക്ക് പഞ്ചായത്ത്
അടിമാലി



തുളസിഭായി കൃഷ്ണൻ
മെമ്പർ ബ്ലോക്ക് പഞ്ചായത്ത്
അടിമാലി



സുമതി രാമകൃഷ്ണൻ
മെമ്പർ ബ്ലോക്ക് പഞ്ചായത്ത്
അടിമാലി



എൻ. ശ്രീധരൻ നായർ
സെക്രട്ടറി ബ്ലോക്ക് പഞ്ചാ.
അടിമാലി



തങ്കമ്മ ആൻറണി
മെമ്പർ ബ്ലോക്ക് പഞ്ചായത്ത്
അടിമാലി



ഒന്നാം വാർഡിലെ നേര്യമംഗലം - കാഞ്ഞിരവേലി റോഡ് നിർമ്മാണം പഞ്ചായത്ത് പ്രസിഡൻറ് കുമാരി പി.വൈ. അന്നക്കുട്ടി ഉദ്ഘാടനം ചെയ്യുന്നു. മെമ്പർമാരായ പോൾ മാത്യു, മേരി പൗലോസ് എന്നിവരാണ് സമീപം.

# 1

# ആമുഖം

1947 ആഗസ്റ്റ് 15 ന് ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിച്ചെങ്കിലും ഗ്രാമ പഞ്ചായത്തുകൾ നടപ്പിലാക്കുക എന്നത് നിർദ്ദേശക തത്വം മാത്രമായി ഭരണഘടനയിൽ ഉൾപ്പെട്ടിരുന്നു. ഈ നിർദ്ദേശക തത്വം നിയമമായി മാറുന്നതിന് 1994 വരെ കാത്തിരിക്കേണ്ടിവന്നു. ഭരണഘടനയുടെ 73, 74 ഭേദഗതികളിലൂടെ അധികാര വികേന്ദ്രീകരണം എന്ന നമ്മുടെ സ്വപ്നം പൂർണ്ണ രൂപത്തിലല്ലെങ്കിലും ഫലപ്രാപ്തിയിലെത്തിയിരിക്കുകയാണ്. ഓരോ ഗ്രാമവും പൂർണ അധികാരമുള്ള ഒരു റിപ്പബ്ലിക്ക് എന്ന നമ്മുടെ രാഷ്ട്രപിതാവിന്റെ സ്വപ്ന സാക്ഷാത്ക്കാരത്തിന്റെ ആദ്യ ചവിട്ടുപടിയായി ഈ ഭരണഘടനാ ഭേദഗതിയെ നമുക്ക് ദർശിക്കാം. മേൽപ്പറഞ്ഞ ഭരണഘടനാ ഭേദഗതിയിലൂടെ വിപുലമായ അധികാരങ്ങൾ പഞ്ചായത്തുകൾക്ക് കൈവന്നിട്ടുണ്ട്. എന്നാൽ, ഈ അധികാരങ്ങൾ ഫലപ്രദമായി നടപ്പാക്കണമെങ്കിൽ അതിനാവശ്യമായ വിഭവങ്ങൾ വേണം. 9-ാം പഞ്ചവത്സര പദ്ധതി തുകയുടെ 40 ശതമാനം പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾക്ക് ജനപങ്കാളിത്തത്തോടെ ഗ്രാമതലത്തിൽ ആസൂത്രണം നടത്തി വിനിയോഗിക്കുന്നതിനായി സംസ്ഥാന സർക്കാർ നീക്കിവച്ചതിലൂടെ ഈ പ്രശ്നം ഒരളവുവരെ തരണം ചെയ്യാൻ കഴിയും. കൂടാതെ ഇതുമൂലം ജനതാൽപ്പര്യങ്ങൾ സംരക്ഷിക്കാനും കഴിയും. ഈ സംഭവം നമ്മുടെ രാജ്യത്തിന്റെ ചരിത്രത്തിൽ ഗണനീയ സ്ഥാനം നേടും എന്നുറപ്പാണ്. മാത്രമല്ല, മറ്റ് രാഷ്ട്രങ്ങൾക്കും; ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾക്കും ഇതൊരു മാതൃകയുമായിരിക്കും.

കേരളത്തെ സംബന്ധിച്ചിടത്തോളം മറ്റ് സംസ്ഥാനങ്ങളേക്കാളും കുറഞ്ഞ പ്രതിശീർഷ വരുമാനമാണെങ്കിലും സർക്കാരിന്റെ നേരിട്ടുള്ള ഇടപെടലിലൂടെ ഫലപ്രദമായി നടപ്പാക്കാൻ കഴിഞ്ഞ പൊതുവിതരണ സമ്പ്രദായത്തിലൂടെയും മറ്റ് ജനക്ഷേമ നടപടികളിലൂടെയും കേരളീയന്റെ ജീവിത ഗുണമേന്മ വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.

പൊതുവിദ്യാഭ്യാസത്തിന്റെ കാര്യത്തിലും പൊതുജനാരോഗ്യത്തിന്റെ കാര്യത്തിലും നമ്മുടെ സംസ്ഥാനം കൊയ്തെടുത്ത നേട്ടങ്ങൾ അസൂയാവഹമാണ്. കുറഞ്ഞുവരുന്ന ശിശുമരണ നിരക്കും വർദ്ധിച്ച ആയുർദൈർഘ്യവും മറ്റും ലോകശ്രദ്ധ തന്നെ പിടിച്ചുപറ്റിയിട്ടുള്ളതാണ്. എന്നിരുന്നാലും ഇതോടൊപ്പം തന്നെ വർദ്ധിച്ചുവരുനന രോഗാതുരതയും പകർച്ചവ്യാധികളുടെ തിരിച്ചുവരവും പൊതുജനാരോഗ്യ രംഗം നേരിടുന്ന ശക്തമായ ഭീഷണികളാണ്. അതുപോലെ തന്നെ ഉയർന്ന സാക്ഷരത നേടിയെടുത്തെങ്കിലും നമ്മുടെ പൊതുവിദ്യാഭ്യാസ രംഗം അതിഗുരുതരമായ



സ്വാഗതം അടിമാലി ഗ്രാമപഞ്ചായത്ത്

നിലവാരത്തകർച്ച നേരിടുകയാണ്. ഇതിനെ ഫലപ്രദമായി നേരിടണമെങ്കിൽ കൂടുതൽ മുതൽമുടക്ക് ആവശ്യമാണ്. എന്നാൽ, നമ്മുടെ ഉൽപ്പാദന രംഗത്തുണ്ടായിട്ടുള്ള മുരടിപ്പ് കൂടുതൽ മുതൽമുടക്ക് സാദ്ധ്യമല്ല എന്ന മാത്രമല്ല. ഉള്ളവ നിലനിർത്താൻ കൂടി കഴിയില്ല എന്ന നിലയിലെത്തിച്ചിരിക്കുകയാണ്. ഈ അവസ്ഥയിലാണ് നമ്മുടെ പ്രാദേശിക വിഭവങ്ങളും സാദ്ധ്യതകളും ഉപയോഗപ്പെടുത്തിക്കൊണ്ട് ഉൽപ്പാദന വർദ്ധനവിനും നാടിന്റെ വികസനത്തിനും സാദ്ധ്യമാകുന്ന തരത്തിലുള്ള പ്രാദേശിക ആസൂത്രണത്തിന്റേയും നിർവഹണത്തിന്റേയും പ്രസക്തി കൈവരുന്നത്.

മുകളിൽ സൂചിപ്പിച്ചത് കേരള സംസ്ഥാനത്തിന്റെ നേട്ടങ്ങളും കോട്ടങ്ങളും ആണെങ്കിൽ അടിമാലി ഗ്രാമ പഞ്ചായത്തിന്റെ സ്ഥിതി ഇതിൽ നിന്നും വ്യത്യസ്തമാണ്. നമ്മുടെ സംസ്ഥാനത്ത് പ്രൈമറി വിദ്യാഭ്യാസം സാർവത്രികമായി എന്നവകാശപ്പെടുമ്പോൾ ഈ പഞ്ചായത്തിലെ ഗിരിജൻ, ഹരിജൻ മേഖലകൾ ഉൾപ്പെടെ പലയിടത്തും പ്രൈമറി വിദ്യാഭ്യാസം നേടാനുള്ള സൗകര്യമില്ല എന്നത് ദുഃഖകരമാണ്. ഉദാഹരണം: ചിന്നപ്പാറക്കുടി, ചൂരക്കടൻ കുടി, പഴം പള്ളിച്ചാൽ തുടങ്ങിയ പ്രദേശങ്ങൾ അതുപോലെ തന്നെ ആരോഗ്യരംഗത്തും, യാതൊരുവിധ ചികിൽസാ സൗകര്യങ്ങളും ലഭ്യമല്ലാത്ത ആദിവാസി കുടികൾ. മഴക്കാലം ആരംഭിക്കുന്നതോടെ ഈ കുടികളിൽ പട്ടിണിയും രോഗവും നൃത്തമാടുന്നു എന്നത് ഈ പഞ്ചായത്തിന് ഒട്ടും അഭിമാനത്തിന് വക നൽകുന്നില്ല. ഒരളവുവരെ വൈദ്യുതി ഉൽപ്പാദനത്തിന്റെ കുത്തകയെന്ന് പറയാവുന്ന ഇടുക്കി ജില്ലയിലെ ഈ പഞ്ചായത്തിലെ അനവധി വീടുകളിൽ 'വെളിച്ചം' എന്നത് വെളിച്ചം കാണാത്ത സങ്കൽപ്പം മാത്രമാണ്. കാർഷിക പ്രധാനമായ ഈ പഞ്ചായത്തിലെ മുഖ്യ വിളയായിരുന്ന കുരുമുളക്, തെങ്ങ്, കമുക് തുടങ്ങി കൃഷികൾ എതാണ്ട് നശിച്ച മട്ടാണ്. ഹൈറേഞ്ചിലെ നെല്ലുൽപ്പാദന രംഗത്ത് മുൻ നിരയിലുണ്ടായിരുന്ന ഈ പഞ്ചായത്തിലെ നെൽപ്പാടങ്ങൾ മുഴുവനും നികത്തപ്പെടുകയോ, മറ്റ് വിളകൾക്കായി ഉപയോഗപ്പെടുത്തുകയോ ചെയ്തിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസം എന്നത് ഈ പഞ്ചായത്തിലെ ജനങ്ങളുടെ ഒരു ചരിക്കുകരിഞ്ഞ സ്വപ്നമാണ്.

ഇതൊക്കെയാണെങ്കിലും പ്രത്യാശയുടെ കിരണങ്ങൾ ഇവിടെ കാണുന്നുണ്ട്. പ്രകൃതി കനിഞ്ഞുഗ്രഹിച്ചിട്ടുള്ള മനോഹാരിത ഒരു വിഭവമാക്കി മാറ്റാൻ കഴിയണം. കേരളം കടുത്ത ഊർജ്ജ പ്രതിസന്ധിയെ നേരിടുമ്പോൾ കുറഞ്ഞ കാലയളവുകൊണ്ട് പരിഹാരം കാണാൻ കഴിയുന്ന മിനി ഹൈഡൽ പദ്ധതികൾക്കുള്ള സാദ്ധ്യതകൾ ചിലത് ഈ പഞ്ചായത്തിലുണ്ട്. കൂടാതെ ഇനിയും പൂർണമായും മരിച്ചു കഴിഞ്ഞിട്ടില്ലാത്ത മണ്ണും, പ്രകൃതിയോടും കാട്ടാനകളോടും പട്ടിണിയോടും മല്ലടിച്ച് മണ്ണിൽ കനകം വിളയിച്ച പ്രയത്നശാലികളായ ആദ്യകാല കർഷകരുടെ പിൻതലമുറയിൽപ്പെട്ട ദൃഢനിശ്ചയമുള്ള ഒരു ജനത ഈ പഞ്ചായത്തിന്റെ മുതൽക്കൂട്ടാണ്.

ഈ സാദ്ധ്യതകളിലൂന്നി നിന്നുകൊണ്ട് അടിമാലി ഗ്രാമ പഞ്ചായത്ത് ഇന്ന് നേരിടുന്ന വെല്ലുവിളികൾ നേരിടാൻ തക്കവിധത്തിൽ ആസൂത്രണവും നിർവഹണവും നടത്താൻ കഴിയണം. ഇതിന് നിദാനമായി തീർന്ന ജനകീയാസൂത്രണ പ്രസ്ഥാനത്തിലൂടെ ഉരുത്തിരിഞ്ഞുവന്ന പുതിയ വികസന സംസ്കാരവും ജനപങ്കാളിത്തവും ഉറപ്പാക്കിക്കൊണ്ട് കൂട്ടായ്മയോടെ നമുക്ക് മുന്നേറാം.



# പഞ്ചായത്ത് പൊതുവിവരണം

പഞ്ചായത്തിൻെറ പേര്..............................അടിമാലി ഗ്രാമപഞ്ചായത്ത്

ഉൾപ്പെടുന്ന വില്ലേജ്......................................................മന്നാം കണ്ടം

ബ്ലോക്കു പഞ്ചായത്ത്...........................................................അടിമാലി

താലൂക്ക്.......................................................................ദേവികുളം

അസംബ്ലി മണ്ഡലം..........................................................ദേവികുളം

വിസ്തീർണ്ണം.................................................271.53 ച: കി: മീറ്റർ

അതിരുകൾ..................................................തെക്ക് – പെരിയാർ

............................................................വടക്ക് – മൂന്നാർ പഞ്ചായത്ത്

..................കിഴക്ക് – വെള്ളത്തൂവൽ പള്ളിവാസൽ – പഞ്ചായത്തുകൾ

...................................................പടിഞ്ഞാറ് – കുട്ടമ്പുഴ പഞ്ചായത്ത്

ജനസംഖ്യ.......................................................................30041

പുരുഷന്മാർ.....................................................................15197

സ്ത്രീകൾ .......................................................................14844

ജനസാന്ദ്രത.....................................................................110.63

അക്ഷരാഭ്യാസമുള്ളവർ.......................................................27948

വാർഡുകൾ.........................................................................12

പ്രസിഡൻറിൻെറ പേര്.........................കുമാരി : പി. വൈ. അന്നക്കുട്ടി

വൈ. പ്രസിഡൻറിൻെറ പേര്...................................എം. കെ. തങ്കപ്പൻ

സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ.............................കെ. എൽ. ജോസ്




രണ്ടാം ഘട്ടം പരിശീലന ക്യാമ്പ് ജില്ലാ പഞ്ചായത്തംഗം കെ. എസ്. മുഹമ്മദ് ഉദ്ഘാടനം ചെയ്തു

3

# സാമൂഹിക സാംസ്കാരിക ചരിത്രം

ചരിത്രമുറങ്ങുന്ന മലയടിവാരത്ത് മന്നാൻ സമുദായക്കാരുടെ സഹവാസം മൂലം മന്നാംകണ്ടവും, പിന്നീട് അത് അടിമാലിയായി മാറുകയും ചെയ്തു. അടിമാലിയെന്നാൽ മന്നാൻ സമുദായക്കാരുടെ ഭാഷയിൽ 'വെള്ളം വന്നു വീഴുന്ന സ്ഥലം'. എന്നാണ് അർത്ഥം.

നിബിഡ വനമായിരുന്ന ഈ പ്രദേശത്ത് സൂര്യപ്രകാശം പോലും എത്താറില്ലായിരുന്നു. ഈ പ്രദേശം പൂഞ്ഞാർ തമ്പുരാക്കന്മാരുടെ വകയായിരുന്നു. കോട്ടയം ജില്ലയുടെ ഭാഗമായിരുന്ന ഈ പ്രദേശം കവളങ്ങാട് പഞ്ചായത്തിന്റെ ആറാം വാർഡിൽ ഉൾപ്പെട്ടിരുന്നു. കുട്ടമംഗലം വില്ലേജിന്റെ ഭാഗമായിരുന്നു ഈ പഞ്ചായത്ത്.

1933-35 കാലഘട്ടത്തിൽ സർ സി. പി. രാമസ്വാമി അയ്യരുടെ കാലത്ത് അന്നത്തെ എം. എൽ. സി. ആയിരുന്ന തരിയത് കുഞ്ഞിതൊമ്മൻ അവറുകളുടെ നിർദ്ദേശപ്രകാരം ഇന്നത്തെ മന്നാംകണ്ടം പഞ്ചായത്ത് അതിർത്തിക്കുള്ളിൽ 3000 ഏക്കർ ഭൂമി ലേലം ചെയ്ത് വിൽക്കുകയുണ്ടായി. പാലാ സെൻട്രൽ ബാങ്കും അതിനോടനുബന്ധിച്ചുള്ള കുറെ സാമ്പത്തികശേഷിയുള്ള ആളുകളും പല ഭാഗങ്ങളിലായി ലേലത്തിൽ കൊണ്ടു. 1934 മാർച്ച് മാസത്തിൽ ആദ്യമായി കൃഷി ഇറക്കി. ആ കാലഘട്ടത്തിൽ വിരിപ്പു നെല്ല് മാത്രമാണ് കൃഷി ചെയ്തിരുന്നത്. ഈ പഞ്ചായത്ത് അതിർത്തിക്കുള്ളിൽ ആ കാലഘട്ടത്തിൽ തന്നെ 200 ഏക്കർ ഭൂമി ഇന്നത്തെ 200 ഏക്കർ എന്നറിയപ്പെടുന്ന സ്ഥലത്തും 100 ഏക്കർ ഭൂമി അന്ന് ഇടക്കാനം എന്ന് അറിയപ്പെട്ടിരുന്ന ഇന്നത്തെ ചാറ്റുപാറയിലും ഹരിജനങ്ങൾക്കായി നൽകുകയുണ്ടായി. അടിമാലി പട്ടണം ഇന്ന് സ്ഥിതി ചെയ്യുന്ന പ്രദേശത്ത് 14 ഏക്കർ ഭൂമി പൊതു ആവശ്യങ്ങൾക്കായി നീക്കിവച്ചു. അതിനുശേഷം ലേലം കൊണ്ട സ്ഥാപനങ്ങളും വ്യക്തികളും മറ്റ് കർഷകർക്ക് പാട്ട വ്യവസ്ഥയിൽ ഓരോ ഭാഗങ്ങൾ തിരിച്ചുനൽകുകയും ചെയ്തു. കപ്പ, ഇഞ്ചിപ്പുല്ല് തുടങ്ങിയ കൃഷികൾ പ്രാബല്യത്തിൽ വരുകയും ചെയ്തു.

പി. എസ്. റാവുവിന്റെ കാലത്ത് 1948ൽ കൊടിയ ഭക്ഷ്യക്ഷാമം നേരിട്ടപ്പോൾ ഗ്രോമോർ ഫുഡ് പ്രോഗ്രാം അനുസരിച്ച് കുത്തകപ്പാട്ട വ്യവസ്ഥയിൽ ആദ്യം ലേലം ചെയ്തുകൊടുത്ത ഭൂമിയോട് അടുത്തുകിടന്ന കുറെ ഭൂമി കൃഷിക്കാർക്ക് ഭക്ഷ്യവസ്തുക്കൾ മാത്രം കൃഷി ചെയ്യുന്നതിന് കൊടുത്തു. കർഷകർ നെൽക്കൃഷി ചെയ്യുന്നതിനോടൊപ്പം കുറേശേ കപ്പക്കൃഷി ചെയ്യാനാരംഭിച്ചു. പക്ഷേ, ഫോറസ്റ്റ് അധികാരികൾ അതെല്ലാം പിഴുതുകളഞ്ഞു. 1954-55 കാലഘട്ടത്തിൽ ഇവിടെ കൃഷിക്കാർ സംഘടിച്ച് കർഷക സംഘടന



സാമൂഹിക സാംസ്കാരിക ചരിത്രം

യ്ക്ക് രൂപം നൽകി.

കെ. പി. വർഗീസ് കുമുള്ളേൽ കുന്നേൽ, കെ. എ. ചെറിയാൻ കുറ്റിശ്രക്കുടിയിൽ, നാരായണൻ വൈദ്യൻ എന്നിവർ പ്രസിഡൻറുമാരായുള്ള കർഷക സംഘങ്ങൾ ആണ് ഉണ്ടായിരുന്നത്. അന്ന് ഈ പ്രദേശങ്ങളിൽ നടക്കുന്ന ആധാരങ്ങളിലെല്ലാം ഈ പ്രദേശം പൂഞ്ഞാർ തമ്പുരാക്കന്മാരുടെ വകയാണെന്നും സർക്കാരുമായി കേസ് നടക്കുന്നതാണെന്നും രേഖപ്പെടുത്തിയിരുന്നു.

ഈ സംഘങ്ങളുടെ നേതൃത്വത്തിൽ ആണ് കൃഷിക്കാർ സംഘടിച്ച് കൃഷി ചെയ്തത്. എന്നാൽ, നാണ്യവിളകളും കപ്പ മുതലായ കിഴങ്ങ് വർഗ്ഗങ്ങളും കൃഷി ചെയ്യാനുള്ള അനുവാദം കിട്ടിയത് 1957 ൽ അധികാരത്തിൽ വന്ന ജനകീയ സർക്കാരിൻെറ കാലത്താണ്. (1958 ൽ).

ഈ പ്രദേശത്തുള്ള കൃഷിക്കാർക്ക് പട്ടയം കിട്ടുന്നതിന് ശ്രീ. തരിത് കുഞ്ഞുതൊമ്മൻ നടത്തിയ പ്രവർത്തനങ്ങൾ പ്രശംസനീയമാണ്. അന്ന് ലെവി സമ്പ്രദായം നിലനിന്നിരുന്നു. ഉൽപ്പന്നങ്ങളുടെ പകുതിയും ലെവിയായി കൊടുക്കണമായിരുന്നു. അതിനെതിരെ കർഷക സംഘത്തിൻെറ നേതൃത്വത്തിൽ ശക്തമായ സമരം നടത്തിയിട്ടുണ്ട്. അതിൻെറ സെക്രട്ടറി ശ്രീ. സി. ഇട്ടൂപ്പ് അഞ്ചേരിലും പ്രസിഡൻറ് കെ. പി. വർഗീസ് കുമുള്ളേൽ കുന്നേലും ആയിരുന്നു.

1955 ൽ ആദ്യത്തെ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ കുട്ടമ്പുഴ- മന്നാംകണ്ടം എന്നീ പ്രദേശങ്ങൾ കവളങ്ങാട് പഞ്ചായത്തിൻെറ ആറാം വാർഡ് ആയിരുന്നു. ഇവിടെ നിന്നും തെരഞ്ഞെടുക്കപ്പെട്ടത് ശ്രീ കുരുവിള മാത്യു ആയിരുന്നു. ദ്വയാംഗ മെമ്പർ ആയി ശ്രീ. പി. സി. കുറുമ്പൻ ആണ് തെരഞ്ഞെടുക്കപ്പെട്ടത്. ഇവർ 55 മുതൽ 60 വരെ മെമ്പർമാർ ആയിരുന്നു.

1960 ൽ ആണ് മന്നാംകണ്ടം പഞ്ചായത്ത് രൂപീകരിച്ചത്. 1967 ൽ കുട്ടമ്പുഴ പഞ്ചായത്ത് രൂപീകരിച്ചപ്പോൾ മന്നാംകണ്ടം പഞ്ചായത്തിൻെറ രണ്ട് വാർഡുകൾ നഷ്ടപ്പെട്ട് ഇന്നത്തെ രൂപത്തിലായി. പിന്നീട് അടിമാലി പഞ്ചായത്തെന്ന് പുനർ നാമകരണം ചെയ്തു.

ഉത്തരവ് നമ്പർ:
G.O. (P) No. 243/95/LAD dated: 27-10-95

## മുൻ പഞ്ചായത്ത് ഭരണസമിതികൾ

### ആദ്യ സമിതി 1963-79

ശ്രീ. സി. ഇട്ടൂപ്പ് അഞ്ചേരിൽ -പ്രസിഡൻറ്
ശ്രീ. പി. വി. ജോസഫ് പൊട്ടയ്ക്കൽ - വൈ. പ്രസിഡൻറ്
ശ്രീ. കെ. ഇ. ജോസഫ്
ശ്രീ. കെ. എം. വർക്കി
ശ്രീ. എ. ജെ. അബ്ദുൾ ലത്തീഫ്
ശ്രീ. പി. വി. ജോൺ
ശ്രീ. വി. സി. അയ്യപ്പൻ

### രണ്ടാം സമിതി 1976-79 (നോമിനേറ്റഡ് കമ്മിറ്റി)

ശ്രീ. സി. ഇട്ടൂപ്പ് അഞ്ചേരിൽ
ശ്രീ. കെ. കെ. അബ്ദുൾ ഖാദർ
ശ്രീ. പി. വി. ജോസഫ്
ശ്രീ. പി. കെ. സെയ്തു
ശ്രീ. വി. സി. അയ്യപ്പൻ
ശ്രീ. ഒ. എം. ജോസഫ്
ശ്രീ. പി. വി. സ്കറിയ
ശ്രീമതി ഡെയ്സി ജേക്കബ്ബ്

### മൂന്നാം സമിതി 1979-84

ശ്രീ. എ. ജെ. ജോൺ -പ്രസിഡൻറ് (1979-81)
ശ്രീ. പി. ജെ. വർഗീസ് -പ്രസിഡൻറ് (1981-84)
ശ്രീ. ഒ. ജി. ചന്ദ്രൻ
ശ്രീ. എ. ആർ. ദ്വരസ്വാമി
ശ്രീ. എം. കെ. ദിവാകരൻ
ശ്രീമതി ഏലിയാമ്മ അബ്രഹാം
ശ്രീ. പി. വി. ജോൺ
ശ്രീ. എം. വി. ചെറിയാൻ

### 1984 മുതൽ 1988 വരെ സ്പെഷ്യൽ ഓഫീസർ ഭരണം.

### നാലാം സമിതി 1988-95

ശ്രീ. സി. എൻ. സോമരാജൻ -പ്രസിഡൻറ്
ശ്രീ. എം. കെ. അസൈനാർ -വൈ. പ്രസിഡൻറ്
ശ്രീ. എം. എസ്. ബാവ
ശ്രീ. പി. എം. ബേബി
ശ്രീ. എ. പി. രംഗസ്വാമി
ശ്രീ. സി. എ. ഏലിയാസ്
ശ്രീ. കെ. എൻ. ജോസ്
ശ്രീ. ജി. പ്രസാദ്
ശ്രീ. എം. എസ്. വർക്കി
കുമാരി പി. വൈ. അന്നക്കുട്ടി
കുമാരി എം. എം. സ്നേഹമ്മ

ഇപ്പോഴുള്ള പഞ്ചായത്ത് കെട്ടിടം 1967-ൽ നിർമ്മിച്ചതാണ്. ഇതിൻെറ സ്ഥലം മഞ്ഞുമ്മക്കുടിയിൽ കോര പൈലി സംഭാവന ചെയ്തു. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. അവുക്കാദർ കുട്ടി നഹ ഉദ്ഘാടനം ചെയ്തു.

ഇപ്പോൾ മിനി സ്റ്റേഡിയം, പൊതു മാർക്കറ്റ്, പ്രൈവറ്റ് ബസ് സ്റ്റാൻഡ്, മിനി സ്റ്റാൻഡ്, ഷോപ്പിംഗ് കോംപ്ലക്സുകൾ, സാംസ്കാരിക നിലയം (14-ാം മൈൽ) എന്നിവയുണ്ട്. കൂമ്പൻപാറയിൽ പൊതുശ്മശാനത്തിന് സ്ഥലം വാങ്ങിയെങ്കിലും ഇതുവരെ അതിൻെറ പണി പൂർത്തിയായിട്ടില്ല.

ആദ്യമായി നമ്മുടെ പഞ്ചായത്തിൽ ഉണ്ടാകുന്ന ആരാധനാലയം മന്നാംകണ്ടം സെൻറ് പോൾസ് പള്ളിയാണ്. അതാണ് ഇന്ന് അടിമാലിയുടെ ഹൃദയഭാഗത്ത് കാണുന്ന സെൻറ് ജോർജ് പള്ളി. 1944 ൽ മതസൗഹാർദ്ദത്തിൻെറ പ്രതീകമായി എല്ലാ മതസ്ഥരുടേയും സഹായത്തോടെ നിർമ്മിച്ചതാണ് ഇന്നത്തെ എസ്. എൻ. ഡി. പി. അമ്പലം. അത് സ്ഥാപിച്ചത് ശ്രീ. ശാന്താനന്ദ സ്വാമിയാണ്. അതുകൊണ്ട് ശാന്തഗിരി എന്ന് പേരിട്ടു. ക്ഷേത്രത്തിൻെറ പ്രതിമയും കുത്തുകല്ലും മാതാളിപാറ തമ്പിയുടെ സംഭാവനയാണ്. ആദ്യത്തെ ക്ഷേത്രനട പണി ചെയ്തത് പരേതനായ മാപ്പാനിയിൽ ശ്രീ. എം. മത്തായി ആണ്. ഈ ആശ്രമത്തിൻെറ സ്ഥലങ്ങൾ ഇന്ന് അന്യാധീനപ്പെട്ടു. ആദ്യത്തെ ജുമ അത്ത് പള്ളി

പത്താം മൈലിൽ ആണ് ഉണ്ടായത്.

ഈ പഞ്ചായത്തിലെ ആദ്യത്തെ കോളനിയാണ് ദേവിയാർ കോളനി. ഭക്ഷ്യ വസ്തുക്കളുടെ ക്ഷാമം തീർക്കാൻ ജില്ലയുടെ വിവിധ പ്രദേശങ്ങളിൽ കോളനി സ്ഥാപിച്ചപ്പോൾ മറയൂരിൽ സ്ഥാപിച്ച കോളനി വെള്ളം കിടാത്തതു കൊണ്ട് മാറ്റി സ്ഥാപിച്ചതാണ് ദേവിയാർ കോളനി. 79 കുടുംബങ്ങൾ ആയിരുന്നു ഈ കോളനിയിൽ. ഈ കോളനി സ്കീമിൽ വന്നതാണ് ദേവിയാർ ഗവൺമെൻറ് എൽ. പി. സ്കൂൾ. അതിൻെറ കെട്ടിടം നാട്ടുകാർ സംഭാവനയായി നൽകിയതാണ്. അതിനുശേഷം 1976 ൽ ഇത് ഹൈസ്കൂൾ ആയപ്പോൾ അന്നും കെട്ടിടം നാട്ടുകാർ പണിതു നൽകി.

മതസൗഹാർദ്ദത്തിൻേറയും സഹകരണത്തിൻേറയും പ്രതീകമായിരുന്നു ഈ കോളനി. കോളനി സ്ഥാപിച്ച വർഷങ്ങളിൽ ഈ പ്രദേശത്ത് ഉണ്ടാകുന്ന വിവാഹം തുടങ്ങിയ കാര്യങ്ങൾ എല്ലാ വീട്ടുകാരും ഉൽപ്പന്നങ്ങൾ സംഘടിപ്പിച്ച് ഒത്തുകൂടി നടത്തിയിരുന്നു. ഈ കോളനിയിൽ ഉണ്ടായിരുന്ന ബ്രാഹ്മണ കുടുംബത്തിൻെറ കാരണവർ ആർ. സുബ്രഹ്മണ്യ അയ്യർ (മണിസ്വാമി), ദളിത് വിഭാഗത്തിൽപ്പെട്ട (പുലയർ) കുടുംബങ്ങളിൽ നിന്ന് തൻെറ ആൺമക്കളെ കൊണ്ട് വിവാഹം കഴിപ്പിക്കുകയും പെൺമക്കളെ പറയജാതികളിൽപ്പെട്ട പുരുഷന്മാർക്ക് (ഉള്ളാട) വിവാഹം ചെയ്തുകൊടുക്കുകയും ചെയ്തു.

1968 ൽ കേരള കർഷക സംഘത്തിൻെറ ഇടുക്കി ജില്ലാ സമ്മേളനം ഈ പഞ്ചായത്തിൽ ദേവിയാർ കോളനിയിൽ ആണ് നടന്ന്. ഇതെല്ലാം കാർഷിക മേഖലയിൽ ഒരു നാഴികക്കല്ല് ആയിരുന്നു.

## സന്നദ്ധ പ്രവർത്തന മേഖല

1935 ൽ രൂപീകൃതമായ കർഷക സംഘങ്ങൾ നാടിൻെറ വികസനത്തിന് നൽകിയ സേവനങ്ങൾ ഏറെയാണ്. ജന്മിമാരുടെ ചൂഷണത്തിൽ നിന്ന് കൃഷിക്കാരെ രക്ഷിക്കുന്നതിന് 1958 ൽ കർഷക സംഘത്തിൻെറ പ്രവർത്തനം ശക്തിപ്പെടുത്തി. ഈ സംഘത്തിൻെറ സെക്രട്ടറി ശ്രീ. സി. ഇട്ടൂപ്പ് അഞ്ചേരിൽ ആയിരുന്നു. ഈ പ്രസ്ഥാനത്തിൻെറ പ്രവർത്തനം കൊണ്ടാണ് കർഷകർക്ക് ഇവിടെ നട്ടെല്ലുയർത്തി നിൽക്കാൻ കഴിഞ്ഞത്.

1949-50 ൽ ആണ് പഞ്ചായത്തിലെ ആദ്യത്തെ ഔപചാരിക വിദ്യാഭ്യാസം തുടങ്ങുന്നത്. (അന്നത്തെ ഗവൺമെൻറ് എൽ. പി. എസ്., ഇന്നത്തെ ജി. എച്ച്. എസ്. അടിമാലി) ഇത് കവളങ്ങാട് പഞ്ചായത്ത് പ്രസിഡൻറായിരുന്ന ശ്രീ. കെ. എ. ചെറിയാൻെറ പ്രവർത്തന ഫലം ആയിരുന്നു. അതിനായി മന്നാൻ നാരായണൻ എന്നയാളുടെ നേതൃത്വത്തിൽ മന്നാൻ സമുദായക്കാർ സൗജന്യമായി നിർമ്മിച്ചു നൽകിയ കെട്ടിടത്തിൽ ആണ് സ്കൂൾ തുടങ്ങിയത്. രണ്ടാമതായി ദേവിയാർ കോളനി സ്കൂളും 1964 ൽ എസ്. എൻ. ഡി. പി. സ്കൂളും ആരംഭിച്ചു.

1942 വരെ ഈ പ്രദേശത്ത് പടർന്നുപിടിച്ച മലമ്പനി നിവാരണം ചെയ്യുന്നതിന്, പനി ഗുളിക കൊടുക്കാൻ വേണ്ടി തുടങ്ങിയ ക്യാമ്പ് ഷെഡ് ആണ് ഇന്നത്തെ കമ്മ്യൂണിറ്റി ഹെൽത്ത് സെൻറർ ആയി ഉയർന്നത്. അന്ന് ആശുപത്രി തുടങ്ങുന്നതിന് തേക്കിൻ കാട്ടിൽ മാത്തച്ചൻെറ കെട്ടിടം സൗജന്യമായി നൽകി. അതുവരെ ഇവിടെ ഉണ്ടായിരുന്ന നാട്ടു ഡോക്ടർ കാണി കുര്യൻ ആയിരുന്നു.

ശ്രീ. പി. വി. ജോൺ പൊട്ടയ്ക്കൽ, ഡോക്ടർ ജോൺസൺ എന്നിവർ 25 രൂപ വീതമുള്ള ആയുഷ്ക്കാല മെമ്പർഷിപ്പ് എടുത്ത് ആരംഭിച്ചതാണ് അടിമാലിയിലെ ഇന്നത്തെ നാഷണൽ ലൈബ്രറി.

കർഷക സംഘം മുൻകൈ എടുത്ത് സ്ഥാപിച്ച മന്നാംകണ്ടം കർഷക സഹകരണ സംഘമാണ് ഈ രംഗത്ത് ആദ്യത്തെ സ്ഥാപനം. 1956 ൽ ഈ സ്ഥാപനം രജിസ്റ്റർ ചെയ്തു.

നമ്മുടെ ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പൊതു സ്ഥാപനങ്ങൾ.

## സർക്കാർ സ്ഥാപനങ്ങൾ

1. പി. എച്ച്. സെൻറർ ദേവിയാർ കോളനി.
2. ഗവ. ഹോമിയോ ഡിസ്പെൻസറി ചില്ലിത്തോട്.
3. ഗവ. ട്രൈബൽ ഹോസ്റ്റൽ ഫോർ ബോയ്സ്, ഇരുമ്പുപാലം.
4. ഫോറസ്റ്റ് സ്റ്റേഷൻ മച്ചിപ്ലാവ്.
5. ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് അടിമാലി.
6. ഫോറസ്റ്റ് റെയിഞ്ച് ഓഫീസ് മാങ്കുളം.
7. ഫോറസ്റ്റ് റെയിഞ്ച് ഓഫീസ് ആനക്കുളം.
8. എക്സൈസ് റെയിഞ്ച് ഓഫീസ് അടിമാലി.
9. നാർക്കോട്ടിക് എൻഫോഴ്സ്മെൻറ് സ്ക്വാഡ് അടിമാലി.
10. ദേവികുളം താലൂക്ക് വ്യവസായ ഓഫീസ്.
11. പി. ഡബ്ലിയു. ഡി. ബിൽഡിംഗ് സെക്ഷൻ ഓഫീസ് അടിമാലി.
12. നാഷണൽ ഹൈവേ സെക്ഷൻ ഓഫീസ് അടിമാലി.
13. മൈനർ ഇറിഗേഷൻ ഡിവിഷൻ ഓഫീസ് അടിമാലി.
14. മൈനർ ഇറിഗേഷൻ സബ് ഡിവിഷൻ ഓഫീസ് അടിമാലി.
15. ഡയറി എക്സ്റ്റൻഷൻ ഓഫീസ് അടിമാലി.
16. മൊബൈൽ ഫാം എയിഡ് യൂണിറ്റ് അടിമാലി.
17. ഗവ. വെറ്റിനറി ഹോസ്പിറ്റൽ അടിമാലി.
18. ഗവ. ട്രൈബൽ ഹോസ്റ്റൽ ഫോർ ഗേൾസ് അടിമാലി.
19. ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് അടിമാലി.
20. ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി അടിമാലി.
21. ബ്ലോക്ക് ഡെവലപ്പ്മെൻറ് ഓഫീസ് അടിമാലി.
22. സബ് ഇൻസ്പെക്ടർ ഓഫ് പൊലീസ് അടിമാലി.
23. സർക്കിൾ ഇൻസ്പെക്ടർ ഓഫ് പൊലീസ് അടിമാലി.
24. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് അടിമാലി.
25. താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ അടിമാലി.

26. മണ്ണ് സംരക്ഷണ ഓഫീസ് അടിമാലി.
27 ജൂനിയർ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് ഓഫീസ് അടിമാലി.
28. ഐ. സി. ഡി. എസ്. ഓഫീസ് അടിമാലി
29. അസിസ്റ്റൻറ് പ്രോജക്ട് ഓഫീസർ, എ. ഐ. സെൻറർ അടിമാലി.
30. ഗവ. ആയുർവേദ ആശുപത്രി കുരങ്ങാട്ടി.
31. മാവേലി സ്റ്റോർ അടിമാലി.
32. സെയിൽസ് ടാക്സ് ഓഫീസ് അടിമാലി
33. കൃഷിഭവൻ അടിമാലി.
34. അഗ്രിക്കൾച്ചർ അസി. ഡയറക്ടർ ഓഫീസ് അടിമാലി.
35. ടെലിഫോൺ എക്സ്ചേഞ്ച് അടിമാലി.
36. ടെലികോം സബ് ഡിവിഷണൽ ഓഫീസ് അടിമാലി.
37. സബ്ബ് പോസ്റ്റ് ഓഫീസ് അടിമാലി.
38. ബ്രാഞ്ച് പോസ്റ്റ് ഓഫീസ് മന്നാംകണ്ടം.
39. ബ്രാഞ്ച് പോസ്റ്റ് ഓഫീസ് മച്ചിപ്ലാവ്.
40. ബ്രാഞ്ച് പോസ്റ്റ് ഓഫീസ് വാളറ.
41. ബ്രാഞ്ച് പോസ്റ്റ് ഓഫീസ് പടിക്കപ്പ്.
42. ബ്രാഞ്ച് പോസ്റ്റ് ഓഫീസ് കുരങ്ങാട്ടി.
43. റിസർച്ച് അസി. നാഷണൽ സെറിക്കൾച്ചർ പ്രോജക്ട് സെൻട്രൽ സിൽക്ക് ബോർഡ്.
44. ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് അടിമാലി.
45. ജനറേഷൻ സബ്ബ് ഡിവിഷൻ ഓഫീസ് കല്ലാർകുട്ടി.
46. ജൂനിയർ ലെയ്സൺ ഓഫീസ്, കോഫി ബോർഡ് അടിമാലി.
47. ഫീൽഡ് ഓഫീസർ, സ്പൈസസ് ബോർഡ് അടിമാലി.
48. ഫീൽഡ് ഓഫീസർ, റബ്ബർ ബോർഡ് അടിമാലി.
49. പഞ്ചായത്ത് ഓഫീസ് അടിമാലി.
50. വില്ലേജ് ഓഫീസ്, അടിമാലി.

## അർദ്ധ സർക്കാർ സ്ഥാപനങ്ങൾ

1. സർവീസ് സഹകരണ ബാങ്ക് അടിമാലി.
2. ഇടുക്കി ജില്ലാ സഹകരണ ബാങ്ക് അടിമാലി ബ്രാഞ്ച്.
3. എൽ. ഐ. സി. ബ്രാഞ്ച് ഓഫീസ്, അടിമാലി.
4. ഗിരിജൻ സർവീസ് സഹകരണ ബാങ്ക് അടിമാലി.
5. ദേവികുളം താലൂക്ക് അഗ്രി. കോ-ഓപ്പറേറ്റീവ് ഡെവലപ്പ്മെൻറ് ബാങ്ക്.
6. ഹരിജൻ സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് അടിമാലി.
7. ദേവികുളം താലൂക്ക് ജനറൽ മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി.
8. ദേവികുളം താലൂക്ക് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി.
9. അടിമാലി ബ്ലോക്ക് അടയ്ക്കാ, കൊക്കോ സംഭരണ വിപണന സഹകരണ സംഘം.
10. ദേവികുളം താലൂക്ക് റൂറൽ ഹൗസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി.

## ഇതര സ്ഥാപനങ്ങൾ

1. യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ അടിമാലി ശാഖ.
2. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ അടിമാലി.
3. ഫെഡറൽ ബാങ്ക് അടിമാലി ശാഖ.
4. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ ഇരുമ്പുപാലം ശാഖ.
5. കാംപ്കോ അടിമാലി.
6. മിൽമാ ചില്ലിംങ്ങ് പ്ലാൻറ്.



ചരിത്രപഠനം: പഴമക്കാരുമായി അനുഭവങ്ങൾ പങ്കിടുന്നു.

**4**

# ഭൂപ്രകൃതി

സഹ്യന്റെ സാനുവിൽ, മഞ്ഞിൻ പുതപ്പണിഞ്ഞ് ഉറങ്ങുകയും ഉദയസൂര്യന്റെ ചെങ്കിരണങ്ങളോട് കുളിർ വിട്ടുണരുകയും ചെയ്യുന്ന മനോഹരമായ ഈ കൊച്ചു ഗ്രാമത്തിന് തെക്ക് ഭാഗത്ത് മലയടിവാരങ്ങളെ തഴുകിയൊഴുകുന്ന പെരിയാറും, വടക്ക് ഭാഗത്ത് അംബരചുംബികളായ കൊരങ്ങാട്ടി മലകളും, കിഴക്ക് ഭാഗത്ത് കൂമ്പൻപാറ മലകളുടെ അടിവാരവും പടിഞ്ഞാറ് ഭാഗത്ത് സുപ്രസിദ്ധമായ നേര്യമംഗലം ആർച്ച് പാലവും അതിരിടുന്നു. എറണാകുളം ജില്ലയിൽ നിന്ന് അടിമാലി പഞ്ചായത്തിന് അതിരിട്ട് പ്രവേശിക്കുന്ന റാണി ലക്ഷ്മി ഭായി നിർമ്മിച്ച രാജകീയ പൊതുവഴി നാഷണൽ ഹൈവേ 49 ആയി ഈ പഞ്ചായത്തിന്റെ ഹൃദയധമനിയെന്നോണം സഞ്ചാരികളുടെ പറുദീസയായ മൂന്നാറിലേക്ക് കടന്നുപോകുന്നു. കൊടുംവനങ്ങളും നീർച്ചാലുകളും നിറഞ്ഞ ഈ പ്രദേശം കാട്ടുമൃഗങ്ങളുടെ താവളമായിരുന്നു. മലയുടെ അടിവാരങ്ങളിൽ പ്രധാനമായി കേന്ദ്രീകരിച്ചു കിടക്കുന്നതുകൊണ്ട് അടിമാലിയെന്ന ഓമനപ്പേരിലറിയപ്പെടുന്ന ഈ ഗ്രാമസുന്ദരി ഹൈറേഞ്ചിനെ തേടിയെത്തുന്ന ഏവരേയും താലപ്പൊലിയേന്തി വരവേൽക്കുന്നു. പ്രകൃതി മനോഹരമായ ഹരിത വനങ്ങളിലെ കരിമ്പാറക്കൂട്ടങ്ങളിലൂടെ കുതിച്ചാടുന്ന



ചീയപ്പാറ വെള്ളച്ചാട്ടവും വാളറ വെള്ളച്ചാട്ടവും നാഷണൽ ഹൈവേ 49 ലൂടെയുള്ള യാത്രയിൽ നയനാനന്ദകരമായ കാഴ്ചയാണ്. സമുദ്ര നിരപ്പിൽ നിന്ന് ഉദ്ദേശം 4000 അടി ഉയരത്തിൽ സ്ഥിതി ചെയ്യുന്ന കുതിരകുത്തി മലയുടെ നിറുകയിൽ നിന്നാൽ, എറണാകുളം ടൗണിന്റെ മനോഹരമായ ദൂരവീക്ഷണം ലഭിക്കും. താഴ്വാരത്തിൽ ലോവർ പെരിയാർ പദ്ധതി സ്ഥിതി ചെയ്യുന്നു. ഈ പഞ്ചായത്തിലെ 75 ശതമാനം കറുത്ത പശിമരാശി മണ്ണും 25 ശതമാനം ചെമ്മണ്ണും ആണ്. ആദിവാസികൾക്കും കുടിയേറ്റ കർഷകർക്കും കനകം സമ്മാനിക്കുന്ന ഈ സഹ്യന്റെ പുത്രി ഹൈറേഞ്ചിനഭിമാനമാണ്.

## ജനപ്രകൃതി

**1991**-ലെ സെൻസസ് കണക്കുകൾ പ്രകാരം അടിമാലി പഞ്ചായത്തിലെ ജനസംഖ്യ 30041 ആണ്. ഇതിൽ 15197 പുരുഷന്മാരും. 14844 സ്ത്രീകളുമാണ്. സ്ത്രീകളെ അപേക്ഷിച്ച് 353 പുരുഷന്മാർ കൂടുതലുണ്ട്. ആകെ വീടുകൾ 6671 ആണ്. അതായത് ശരാശരി വീടൊന്നിന് 4.50 ആളുകൾ വിതമുണ്ട്. ജനസാന്ദ്രത ചതുരശ്ര കിലോമീറ്ററിന് 110.6[illegible] ആണ്. ആറ് വയസ്സിൽ താഴെയുള്ള കുട്ടികളുടെ എണ്ണം 3121 ആണ്. പട്ടികജാതി ജനസംഖ്യ 3404 ഉം പട്ടികവർഗ്ഗ ജനസംഖ്യ 5635 ഉം ആണ്. ആകെ ജനങ്ങളിൽ 27948 പേർ സാക്ഷരരാണ്.

1996 ലെ സാമൂഹ്യ സാമ്പത്തിക സർവെ പ്രകാരം അടിമാലിയിലെ ജനസംഖ്യ 32687 ആണ്. സ്ത്രീകൾ 16[illegible] ഉം പുരുഷന്മാർ 166[illegible]6 ഉം ആണ്.

അഭ്യസ്ത വിദ്യരുടെ തൊഴിലില്ലായ്മ പ്രധാന പ്രശ്നമാണ്. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് ഊന്നൽ നൽകുകയും, സ്വയംതൊഴിൽ പ്രോത്സാഹിപ്പിക്കുകയും വേണം.

ജനങ്ങളുടെ പ്രധാന വരുമാന മാർഗ്ഗമായിരുന്ന കാർഷിക രംഗം ആദായകരമല്ലാതായതോടെ മറ്റു തൊഴിൽ മേഖലകൾ ഇല്ലാതെ തൊഴിലവസരം കുറഞ്ഞുവരികയാണ്. തൊഴിലില്ലായ്മാ രൂക്ഷത അനുഭവിക്കുന്നത് കൂടുതലും സ്ത്രീകളാണ്. തൊഴിലെടുക്കുവാൻ ശേഷിയുള്ളവരിൽ മൂന്നിൽ ഒരു ഭാഗത്തിന് യാതൊരു തൊഴിലുമില്ല.

## ജലപ്രകൃതി

**കേരളത്തിൽ** നല്ല മഴ ലഭിക്കുന്ന പ്രദേശങ്ങളിൽ ഒന്നാ

ണ് അടിമാലി. ജൂൺ, ജൂലൈ മാസങ്ങളിൽ ആണ് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത്. പഞ്ചായത്തിന്റെ തെക്കും ഭാഗം പെരിയാർ പുഴയാണ്. മദ്ധ്യഭാഗത്ത് കൂടി ഒഴുകുന്ന ദേവിയാർ പുഴ പെരിയാറ്റിൽ ചെന്ന് ചേരുന്നു. പട്ടിക്കപ്പ് തോട് 2 കി. മീറ്റർ ഒഴുകി ദേവിയാർ പുഴയിൽ ചേരുന്നു. ആകെ തോടുകൾ 20 കിലോമീറ്റർ നീളം വരും. ചെറിയ അരുവികളും കുളങ്ങളും പല ഭാഗങ്ങളിലുമുണ്ടെങ്കിലും ഇവയിലെ ജലം വെറുതെ നഷ്ടപ്പെടുകയാണ്. കഴിഞ്ഞകാലങ്ങളെ അപേക്ഷിച്ച് ജലസ്രോതസ്സുകൾ കുറഞ്ഞു വരികയാണ്. മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിലാണ് ഏറ്റവും കൂടുതൽ ജലക്ഷാമം അനുഭവപ്പെടുന്നത്. പഞ്ചായത്തിന്റെ കൂടുതൽ ഭാഗങ്ങളും കുന്നിൻപ്രദേശങ്ങളും ചരിവുകളും ഉൾപ്പെടുന്നതിനാൽ ജലക്ഷാമം രൂക്ഷമാണ്.



ടൂറിസ്റ്റുകളെ ആകർഷിക്കുന്ന ചീയപ്പാറവെള്ളച്ചാട്ടം

# 5-1



# കൃഷിയും ജലസേചനവും

ഏകദേശം 1933-35 കാലഘട്ടത്തിൽ സർ സി. പി. രാമസ്വാമി അയ്യരുടെ കാലത്ത് അന്നത്തെ എം. എൽ. സി. ആയിരുന്ന തരിയത് കുഞ്ഞി തൊമ്മൻ അവർകളുടെ നിർദ്ദേശപ്രകാരം ഇന്നത്തെ മന്നാംകണ്ടം പഞ്ചായത്ത് അതിർത്തിക്കുള്ളിൽ 3000 ഏക്കർ ഭൂമി ലേലം ചെയ്ത് വിൽക്കുകയുണ്ടായി. പാലാ സെൻട്രൽ ബാങ്കും അതിനോടനുബന്ധിച്ചുള്ള കുറെ സാമ്പത്തികശേഷിയുള്ള ആളുകളും പല ഭാഗങ്ങളായി ലേലത്തിൽ കൊണ്ടു. 1934 മാർച്ച് മാസത്തിൽ ആദ്യമായി കൃഷിയിറക്കി. ആ കാലഘട്ടത്തിൽ വിരുപ്പു നെല്ല് (കരനെല്ല്) മാത്രമാണ് കൃഷി ചെയ്തിരുന്നത്. ഈ പഞ്ചായത്ത് അതിർത്തിക്കുള്ളിൽ ആ കാലഘട്ടത്തിൽ തന്നെ 200 ഏക്കർ ഭൂമി ഇന്നത്തെ 200 ഏക്കർ എന്നറിയപ്പെടുന്ന സ്ഥലത്തും 100 ഏക്കർ ഭൂമി അന്ന് ഇടക്കാനം എന്ന് അറിയപ്പെട്ടിരുന്ന ഇന്നത്തെ ചാറ്റുപാറയിലും ഹരിജനങ്ങൾക്കായി നൽകുകയുണ്ടായി. അടിമാലി പട്ടണം ഇന്ന് സ്ഥിതി ചെയ്യുന്ന പ്രദേശത്ത് 14 ഏക്കർ ഭൂമി പൊതു ആവശ്യങ്ങൾക്കായി നീക്കിവച്ചു. അതിനുശേഷം ലേലം കൊണ്ട സ്ഥാപനങ്ങളും വ്യക്തികളും മറ്റ് കർഷകർക്ക് പാട്ട വ്യവസ്ഥയിൽ ഓരോ ഭാഗങ്ങൾ തിരിച്ചുനൽകുകയും കപ്പ, ഇഞ്ചിപ്പുല്ല് തുടങ്ങിയ കൃഷികൾ പ്രാബല്യത്തിൽ വരുകയും ചെയ്തു. പി. എസ്. റാവുവിൻെറ കാലത്ത് 1948-ൽ കൊടിയ ഭക്ഷ്യക്ഷാമം നേരിട്ടപ്പോൾ ഗ്രോമോർ ഫുഡ് പ്രോഗ്രാം അനുസരിച്ച് കുത്തകപ്പാട്ട വ്യവസ്ഥയിൽ ആദ്യം ലേലം ചെയ്ത ഭൂമിയോട് അടുത്ത് കിടന്ന കുറെ ഭൂമി കൃഷിക്കാർക്ക് ഭക്ഷ്യ വസ്തുക്കൾ മാത്രം കൃഷി ചെയ്യുന്നതിന് (നെല്ല്, ചാമ, തിന മുതലായവ) മാത്രമായി കൊടുത്തു. കർഷകർ നെൽക്കൃഷി ചെയ്യുന്നതോടൊപ്പം കുറേശ്ശേ കപ്പക്കൃഷി ചെയ്യാനാരംഭിച്ചു. പക്ഷേ, ഫോറസ്റ്റ് അധികാരികൾ അതെല്ലാം പിഴുതുകളഞ്ഞുകൊണ്ടിരുന്നു. 1954-55 കാലഘട്ടങ്ങളിൽ ഇവിടെ കൃഷിക്കാർ സംഘടിച്ച് കർഷക സംഘടനയ്ക്ക് രൂപം നൽകി. 1957 ന് ശേഷം ഈ കുത്തകപ്പാട്ട ഭൂമിയിലും ഇഞ്ചിപ്പുല്ല് കൃഷി ചെയ്യുന്നതിന് അനുവാദം നൽകുകയുണ്ടായി. ആ കാലഘട്ടത്തിൽ ഒരേക്കർ ഇഞ്ചിപ്പുൽ കൃഷിക്ക് ഭൂവുടമകൾ കർഷകരിൽ നിന്ന് ഏക്കർ ഒന്നിന് ഒരു വർഷത്തിൽ രണ്ടര കുപ്പി തൈലം പാട്ടമായി വാങ്ങിയിരുന്നു. തുടർന്ന് മറ്റ് കൃഷികളും അവിടവിടെ ചെയ്തുതുടങ്ങി. ആ കാലഘട്ടത്തിൽ മന്നാന്മാർ അധിവസിച്ചിരുന്ന പ്രദേശമായിരുന്നതിനാൽ ഈ പ്രദേശത്തിന് 'മന്നാംകണ്ടം' എന്ന് പേര് വന്നു. 1955-ൽ ഗ്രാമ പഞ്ചായത്ത് നിലവിൽ വന്നപ്പോൾ കവളങ്ങാട് പഞ്ചായത്തിൻെറ ആറാം വാർഡായിരുന്നു. കുട്ടമ്പുഴ, മന്നാംകണ്ടം എന്നീ പഞ്ചായത്തുകൾ ഉൾപ്പെട്ട പ്രദേശം 1960-ൽ ഇന്നത്തെ അടിമാലി പഞ്ചായത്ത് മന്നാംകണ്ടം പഞ്ചായത്ത് എന്ന പേരിൽ രൂപം കൊണ്ടു.

ഇഞ്ചിപ്പുൽ കൃഷി ഭീമമായ നഷ്ടത്തിൽ കലാശിച്ചു. തുടർന്ന് 1960 കാലഘട്ടങ്ങളിൽ പട്ടയ ഭൂമിയിലും അതിനു മുകളിൽ വരുന്ന റവന്യൂ കുത്തകപ്പാട്ട ഭൂമികളിലും കമുക് വ്യാപകമായി കൃഷി ചെയ്യുവാനാരംഭിച്ചു. കൂട്ടത്തിൽ തെങ്ങ്, കുരുമുളക്, കാപ്പി, ഏലം, പ്ലാവ്, മാവ് തുടങ്ങിയവയും. ക്രമേണ 1975 കാലഘട്ടം മുതൽ ഈ കൃഷികൾക്കെല്ലാം തന്നെ പ്രത്യേകിച്ച് കമുക്, തെങ്ങ് മുതലായവയ്ക്ക് മഞ്ഞളിപ്പ് രോഗം ബാധിക്കുകയും ഏതാണ്ട് 1985 കളോടുകൂടി ഈ കൃഷികളിൽ നല്ലൊരു ഭാഗം നശിച്ചുപോയി. തെങ്ങ് കൃഷിക്ക് കൂമ്പ് ചീയൽ, കാറ്റുവീഴ്ച മുതലായ രോഗങ്ങൾ കൂടി ബാധിച്ചു. ഇതിനിടയിൽ കുരുമുളക് കൃഷിക്ക് ദ്രുതവാട്ടം, മഞ്ഞളിപ്പ് എന്നീ രോഗങ്ങൾ വ്യാപകമാവുകയും ക്രമേണ നശിച്ചുപോകുകയും ചെയ്തു. ഗിരിവർഗ്ഗ മേഖലകളിലും മറ്റ് പ്രദേശങ്ങളിലുമുണ്ടായിരുന്ന ഏലം കൃഷിയും നശിച്ചുകൊണ്ടിരുന്നു. ഈ കാലഘട്ടങ്ങളിൽ പഞ്ചായത്തിൽ 500 ഹെക്ടറിന് മേൽ നെൽപ്പാടങ്ങളാക്കി നെൽക്കൃഷി ചെയ്തുകൊണ്ടിരുന്നു. ആദ്യകാലത്തെ പ്രധാന നാണ്യവിളകൾ നശിച്ചു തുടങ്ങിയപ്പോൾ റബ്ബർ, കൊക്കോ മുതലായ കൃഷികളിലേക്ക് കർഷകർ ശ്രദ്ധ തിരിച്ചുതുടങ്ങി. ഇതര വരുമാന മാർഗ്ഗങ്ങൾ കുറയുകയും നെൽക്കൃഷി ലാഭകരമല്ലാതാവുകയും ചെയ്ത സാഹചര്യത്തിൽ കർഷകർ കുറേക്കാലം നിരാശബാധിതരായി കഴിഞ്ഞു. തുടർന്ന് ജീവസന്ധാരണത്തിനുവേണ്ടി പാടങ്ങളിലും കരപ്രദേശങ്ങളിലുമായി ഏത്തവാഴക്കൃഷിയിലേക്ക് കർഷകർ ശ്രദ്ധതിരിച്ചു.

ഇപ്പോൾ അടിമാലി പഞ്ചായത്തിൽ ഏത്തവാഴ കൃഷി ചെയ്യാവുന്ന മുഴുവൻ ഭൂമിയിലും ഏകദേശം 500 ഹെക്ടറിന് മുകളിൽ ഏത്തവാഴ കൃഷി ചെയ്തുവരുന്നു. ഈ കൃഷി കീടബാധയിൽ നശിച്ചുകൊണ്ടിരിക്കുകയാണ്. പാവൽ, പയർ തുടങ്ങിയ പച്ചക്കറി കൃഷിയിലേക്കും കർഷകർ ശ്രദ്ധ തിരിച്ചുവിടുന്നു. ഇന്നത്തെ നിലയിൽ നെൽക്കൃഷി 100 ഹെക്ടറിൽ താഴെ മാത്രമേ ഈ പഞ്ചായത്തിൽ നടക്കുന്നുള്ളൂ.

ഇന്നത്തെ ഈ പ്രദേശത്തെ മുഖ്യവിളകളുടെ ഏകദേശ കണക്ക് ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1. ഏത്തവാഴ | - | 500 ഹെക്ടർ |
| 2. കൊക്കൊ | - | 300 ഹെക്ടർ |
| 3. റബ്ബർ | - | 400 ഹെക്ടർ |

| | | |
|---|---|---|
| 4. കുരുമുളക് | - | 300 ഹെക്ടർ |
| 5. തെങ്ങ് | - | 300 ഹെക്ടർ |
| 6. കമുക് | - | 250 ഹെക്ടർ |
| 7. കാപ്പി | - | 200 ഹെക്ടർ |
| 8. നെല്ല് | - | 100 ഹെക്ടർ |
| 9. കപ്പ | - | 50 ഹെക്ടർ |
| 10. ഇഞ്ചി | - | 125 ഹെക്ടർ |
| 11. മഞ്ഞൾ | - | 10 ഹെക്ടർ |
| 12. ഏലം | - | 50 ഹെക്ടർ |
| 13. പ്ലാവ്, മാവ്, കശുമാവ് | - | 200 ഹെക്ടർ |
| 14. ജാതി | - | 25 ഹെക്ടർ |
| 15. ഗ്രാമ്പൂ | - | 15 ഹെക്ടർ |
| 16. പച്ചക്കറികൾ (പാവൽ, പയർ etc.) | | 50 ഹെക്ടർ |

ഇതിന് പുറമേ ഗിരിവർഗ്ഗ മേഖലയിൽ ഇഞ്ചിപ്പുൽ കൃഷി ചുരുങ്ങിയ അളവിൽ നിലവിൽ ഉണ്ട്. അങ്ങ് ഇങ്ങായി പൈനാപ്പിൾ കൃഷിയും ആരംഭിച്ചിട്ടുണ്ട്. 150 ഹെക്ടർ കൃഷി യോഗ്യമായ ഭൂമി ഗിരിവർഗ്ഗ സെറ്റിൽമെൻറുകളിലും മറ്റുമായി തരിശായി കിടക്കുന്നു. ഉൽപാദന ക്ഷമത സംസ്ഥാന ശരാശരി ഈ പ്രദേശത്ത് ലഭിക്കുന്നുണ്ട്. മുൻകാലങ്ങളെ അപേക്ഷിച്ച് ഇത് വളരെ കുറവാണ്. അതിന് ചില പ്രധാന കാരണങ്ങൾ ഉണ്ട്. അവ ചുവടെ ചേർക്കുന്നു.

1. മണ്ണ് ഒലിപ്പ് മൂലം പുഷ്ടി നഷ്ടപ്പെടുന്നു.
2. ജല ലഭ്യത കുറഞ്ഞുവരുന്നു.
3. രോഗ ബാധ
4. കീടബാധ
5. വ്യാപകമായി എല്ലാ കൃഷികളെയും ബാധിക്കുന്നു മഞ്ഞളിപ്പ് രോഗം.
6. ജീവിത നിലവാരം ഉയർത്തുന്നതിന് കടും കൃഷി ചെയ്യുന്ന സംപ്രദായം നിലനിൽക്കുന്നു.
7. അത്യുൽപാദന ശേഷിയുള്ള വിത്തുകളുടെയും നടീൽ വക്തുക്കളുടെയും ലഭ്യത കുറവ്.
8. കർഷകർക്ക് കാലാലകാലങ്ങളിലുള്ള നവീന കൃഷി രീതികളെക്കുറിച്ച് അറിവു നൽകുന്നതിൽ കൃഷി വകുപ്പ് പരാജയപ്പെടുന്നു.

മുഖ്യ വിളകളുടെ ഏകദേശ ഉല്പന്ന ക്ഷമതചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1. ഏത്തവാഴ | - | ഹെക്ടർ ഒന്നിന് 16 ടൺ. |
| 2. കൊക്കൊ | - | ഹെക്ടർ ഒന്നിന് 4 ടൺ. |
| 3. കുരുമുളക് | - | ഹെക്ടർ ഒന്നിന് 1 ടൺ. |
| 4. കപ്പ | - | ഹെക്ടർ ഒന്നിന് 5 ടൺ. |
| 5. ഇഞ്ചി | - | ഹെക്ടർ ഒന്നിന് 7 ടൺ. |
| 6. തെങ്ങ് | - | ഹെക്ടർ ഒന്നിന് 800 എണ്ണം. |
| 7. നെല്ല് | | ഹെക്ടർ ഒന്നിന് 30 ക്വിൻറൽ |
| 8. കാപ്പി | - | ഹെക്ടർ ഒന്നിന് 8 ക്വിൻറൽ |

ഉൽപാദന ക്ഷമത വർദ്ധിപ്പിക്കുന്നതിന് വേണ്ടി ഒരു നിർദ്ദേശ വകുപ്പാണുള്ളത് കാർഷിക മേഖലയിൽ നടപ്പാക്കുന്ന പദ്ധതികൾ യഥാർത്ഥ കർഷകരുടെ ഉന്നമനത്തെ ലക്ഷ്യമാക്കിയുള്ളതായിരിക്കണം എന്നതാണ്. ഇന്നത്തെ നമ്മുടെ വിവിധ വകുപ്പുകളിൽ നിന്നും ലഭിക്കുന്ന കണക്കുകളിൽ നിന്നും തുലോം വ്യത്യാസമായ കണക്കുകളാണ് യഥാർത്ഥത്തിലുള്ളത്. ഇതിന് കാരണം മുകളിൽ പറഞ്ഞ പദ്ധതികൾ നടപ്പാക്കുമ്പോൾ യഥാർത്ഥ കർഷകരെ അകറ്റി നിർത്തുന്നതാണ്.

അടിമാലി പഞ്ചായത്തിൽ ഒരു പൊതു സസ്യമാർക്കറ്റ് നിലവിൽ ഇല്ല. എന്നാൽ മലഞ്ചരക്ക് വിപണി അടിമാലിയിലുണ്ട്. പത്ര വിലയെ അടിസ്ഥാനപ്പെടുത്തി മിക്ക മലഞ്ചരക്കുകൾക്കും വില ലഭിക്കുന്നുണ്ട്. കൊക്കൊ വാങ്ങുന്നതിന് കാംപ്കോ, കാർഡ്ബറിസ് എന്നീ സ്ഥാപനങ്ങൾ നിലവിൽ ഉണ്ട്. എന്നിരുന്നാലും കൊക്കൊയുടെ ശരിയായ വില നിലവാരം അറിയുന്നതിനുള്ള മാർഗ്ഗങ്ങൾ ഇല്ല. തൻമൂലം



കൃഷിയും ജലസേചനവും

വിളവിൻെറ ഏറ്റക്കുറച്ചിൽ മനസിലാക്കി പ്രസ്തുത കമ്പനിക്കാർ കർഷകരെ ചൂഷണം ചെയ്യുന്നു. കാപ്പി വില നിലവാരം അറിയുന്നതിന് മാർഗ്ഗമില്ല. അതിനാൽ ഇടത്തട്ടുകാരുടെ ചൂഷണം വ്യാപകമാണ്. പഴം, പച്ചക്കറി തുടങ്ങിയ കാർഷിക ഉൽപ്പന്നങ്ങൾ മറ്റു മാർക്കറ്റുകളിൽ നിന്നും വരുന്ന കച്ചവടക്കാർ അപ്പോഴപ്പോൾ തോന്നുന്ന വിലയ്ക്ക് വാങ്ങുന്നു. അതുകൊണ്ട് കൃഷിക്കാർക്ക് കൃത്യമായ വില അറിയുവാനൊ ലഭിക്കുവാനൊ സാധിക്കുന്നില്ല. മാർക്കറ്റിംഗ് സൊസൈറ്റികൾ ഈ പഞ്ചായത്തിൽ ധാരാളം ഉണ്ട്. കർഷകരുടെ സ്ഥാപനമാണെന്ന് പറഞ്ഞ് ആരംഭിച്ചിട്ടുള്ള ഈ സൊസൈറ്റികൾ കൃഷിക്കാർക്ക് ഗുണകരമായ രീതിയിൽ പ്രവർത്തിച്ചു തുടങ്ങിയിട്ടില്ല. കാർഷിക ഉല്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പുവരുത്തുന്നതിന് വേണ്ടി വായ്പ സൗകര്യങ്ങളോടുകൂടിയ വെയർ ഹൗസിംഗ് സംവിധാനം അത്യന്താപേക്ഷിതമാണ്. അതുപോലെ തന്നെ പഴം, പച്ചക്കറി മേഖലയിൽ കർഷകർ ന്യായമായ വില ലഭ്യമാക്കുന്നതിന് സ്ഥിരമായ ശീതികരണ സൗകര്യമുള്ള സസ്യമാർക്കറ്റ് അടിയന്തരാവശ്യമാണ്.

ഈ റിപ്പോർട്ടിൻെറ ഒന്നാം ഖണ്ഡികയിൽ സൂചിപ്പിച്ചതുപോലെ 3000 ഹെക്ടർ ഭൂമി കൃഷിക്കായി നൽകുകയും അതിന് പട്ടയം നൽകുകയും ചെയ്തു. അതിനുശേഷം ഇതിൽ കൂടുതൽ ഭൂമി കുത്തകപ്പാട്ട വ്യവസ്ഥയിൽ ധാന്യവിള കൃഷികൾക്ക് വേണ്ടി മാത്രം നൽകുകയും ചെയ്തു. ആ കാലഘട്ടത്തിൽ പാലാ സെൻട്രൽ ബാങ്ക് പോലത്തെ സ്ഥാപനങ്ങളും വ്യക്തികളും ലേലത്തിൽ കൊള്ളുകയും അവരിൽ നിന്നും പിൽക്കാലത്ത് ഇടത്തരം കൃഷിക്കാർ പാട്ടത്തിന് / പങ്കിന് കൂടി കൃഷി ചെയ്യുകയും ചെയ്തു. കൃഷിഭൂമിയുടെ ഉടമസ്ഥാവകാശം അപ്പോഴും വൻകിടക്കാരിൽ നിക്ഷിപ്തമായിരുന്നു. കേരള സംസ്ഥാനത്ത് നടപ്പാക്കിയ ഭൂപരിഷ്ക്കരണ നിയമത്തോടുകൂടി കുറച്ചു കൃഷിക്കാർക്കും, കുടികിടപ്പുകാരായ കർഷക തൊഴിലാളികൾക്കും സ്വന്തമായി ഭൂമി ലഭിച്ചു. ബാക്കി വന്ന ഭൂമി വൻകിടക്കാർ തുണ്ടുതുണ്ടായി വിറ്റതിൻെറ ഫലമായി ചെറുകിട കർഷകരിൽ ഭൂരിഭാഗവും ഭൂ ഉടമകളായി തീർന്നു.

ഈ പഞ്ചായത്ത് പ്രദേശത്തു കുടിയേറി കൃഷി തുടങ്ങിയ കാലഘട്ടത്തിൽ അധികവും ധാന്യമായിരുന്ന കൂലിയായി നൽകിയിരുന്നത്. പുരുഷ തൊഴിലാളിക്ക് അഴുവിന് മൂന്ന് ഇടങ്ങഴി (സാധാരണ ഇടങ്ങഴിക്ക് 2 1/4) സ്ത്രീ തൊഴിലാളിക്ക് അഴുവിന് രണ്ട് ഇടങ്ങഴിയും നെല്ല് ആയിരുന്നു കൂലി. (അഴുവൻ ഇടങ്ങഴിയെന്നാൽ ഇന്നത്തെ ഒരു ലിറ്ററിന് തുല്യമാണ്.) ആ കാലഘട്ടത്തിൽ പുരുഷനും 2 1/2 ചക്രവും, സ്ത്രീയ്ക്ക് രണ്ട് ചക്രവും കൂലി നൽകിയിരുന്നു. ഇന്നത്തെ കർഷകത്തൊഴിലാളികളുടെ കൂലി നിരക്ക് പുരുഷന് 60 രൂപയും സ്ത്രീയ്ക്ക് 50 രൂപയുമാണ്. ആദ്യകാലഘട്ടത്തിൽ 8 മണിക്കൂർ തൊഴിൽ ചെയ്തിരുന്ന സ്ഥാനത്ത് ഇന്ന് 5 മണിക്കൂർ മാത്രമേ ജോലി ചെയ്യുന്നുള്ളൂ. കന്നുപൂട്ടുന്നതിന് ഒരു ഏർ (4 മണിക്കൂർ) 150 രൂപ കൂലിയാണ്. നടിയിൽ, ഞാറുപറിക്കാർ എന്നിവ സ്ത്രീ തൊഴിലാളികൾ മാത്രമാണ് ചെയ്യുന്നത്. ഇതിന് 60 രൂപ കൂലി നിലവിൽ ഉണ്ട്. കൊയ്ത്തിന് പൊതുവിൽ ഏഴിൽ ഒന്ന് പതം എന്ന പഴയ കണക്ക് തന്നെ നിലവിൽ നിൽക്കുന്നു. തെങ്ങയിടിവിന് തെങ്ങ് ഒന്നിന് മൂന്ന് മുതൽ 9 രൂപ വരെയും ഇന്ന് നിലവിൽ ഉണ്ട്. റബ്ബർ വെട്ടുന്നതിന് മരം ഒന്നിന് 15 പൈസ മുതൽ 20 പൈസ വരെയും കൂലി ഉണ്ട്. മുകളിൽ പറഞ്ഞിരിക്കുന്ന കൂലികൾ ഈ പഞ്ചായത്തിനുള്ളിൽ തന്നെ ചില മേഖലകളിൽ വ്യത്യസ്തമാണ്.

ഈ പഞ്ചായത്തിൽ രാസവളപ്രയോഗം ഗണ്യമായ രീതിയിൽ വർദ്ധിച്ചിട്ടുണ്ട്. പക്ഷേ രാസവളം ഓരോ കൃഷിയ്ക്കും അളവുകളും രീതിയും സാധാരണ കർഷകർക്ക് അറിഞ്ഞുകൂടാ. അതിനാൽ രാസവളം മണ്ണിൻെറ ഘടന അനുസരിച്ച് ഉപയോഗിക്കുവാൻ സാധിക്കുന്നില്ല. തന്മൂലം മണ്ണിൻെറ ഘടനയിൽ തന്നെ മാറ്റം സംഭവിച്ചുകൊണ്ടിരിക്കുകയാണ്. നേർവള ഉപയോഗക്രമവും തന്മൂലമുള്ള ലാഭവും വളരെ കുറച്ച് കൃഷിക്കാർക്ക് മാത്രമേ അറിവുള്ളു. ഭൂരിപക്ഷം കർഷകരും വിവിധ കമ്പനികളുടെ കോംപ്ലക്സ് വളങ്ങളും മിശ്രിതങ്ങളുമാണ് ഉപയോഗിക്കുന്നത്. നേർവളങ്ങൾ കർഷകർക്ക് സുലഭമായി ലഭ്യമാക്കുകയും അവയുടെ ഉപയോഗത്തെക്കുറിച്ച് കർഷകരെ ബോധവാന്മാരാക്കുകയും ചെയ്താൽ ഇന്നത്തെ വളപ്രയോഗത്തിന് വരുന്ന ചെലവിൻെറ 1/3 ലാഭിക്കുന്നതാണ് ജൈവവള പ്രയോഗം ചെറിയ രീതിയിൽ മാത്രമേ നടത്തുന്നുള്ളൂ. ചാണകം, പച്ചില എന്നിവയുടെ ലഭ്യത അനുസരിച്ച് ഉപയോഗിക്കുന്നു. ഈ പഞ്ചായത്തിൽ മൊത്തമായി ഉപയോഗിക്കുന്ന രാസവളത്തെക്കുറിച്ച് വ്യക്തമായ കണക്ക് ലഭ്യമല്ല.

പഞ്ചായത്തിലെ കൃഷി ഭൂമികൾ പൊതുവേ മൂന്ന് തരത്തിൽ ആണ്. 1. കുന്നിൽ മുകളിലുള്ള അല്പം ചരിവോടെ കൂടിയ പ്രദേശങ്ങൾ. 2. കുത്തനെ ചരിഞ്ഞ പ്രദേശം. 3. താഴ്ന്ന പ്രദേശത്തെ നിരന്ന പ്രദേശങ്ങൾ. ഇതിൽ വിസ്ത്രീർണ്ണത്തിൽ ചരിവ് പ്രദേശമാണ് കൂടുതൽ, തന്മൂലം മണ്ണ് ഒലിപ്പ് വളരെ കൂടുതലാണ്. സൂക്ഷ്മ മൂലകങ്ങളുടെ അഭാവവും ഉല്പാദന ക്ഷമതതെ കാര്യമായി ബാധിക്കുന്നുണ്ട്. ഈ പഞ്ചായത്തിൽ പൊതുവെ കടുംകൃഷി മൂലം മണ്ണിൻെറ ഫലപുഷ്ടി നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ഗിരിവർഗ്ഗ കോളനികളിൽ തരിശുഭൂമി ധാരാളം ഉണ്ട്. ജലസേചന സൗകര്യം വളരെ കുറവും ആണ്. സകല വിളകൾക്കും കീടബാധയും രോഗബാധയും നിലവിൽ ഉണ്ട്. ഉല്പാദനക്ഷമത കുറയുവാനുള്ള പ്രധാന കാരണങ്ങളിൽ ഒന്നാണ് ഇത്. ഉദാഹരണമായി ഏത്തവാഴ കൃഷിയിൽ നിമവിരമൂലമുള്ള വേര് ചീയൽ, തടതുരന്നു നശിപ്പിക്കുന്ന ചുണ്ടൻ മൂലവും ഉല്പാദനം നേർപകുതിയാകുന്നു. പ്രമുഖ കർഷകരുടെ അഭിപ്രായം കണക്കിലെടുത്താൽ അടിമാലി പഞ്ചായത്തിൽ മാത്രം കഴിഞ്ഞ സാമ്പത്തിക വർഷം (1995) 50 ലക്ഷം കി: ഗ്രാം ഏത്തക്കായുടെ കുറവുണ്ടായിട്ടുണ്ട്. നിലവിലുള്ള വില അനുസരിച്ച് പ്രതിവർഷം 4 കോടി രൂപ വരെയും നഷ്ടം ഉണ്ടാകുന്നു. കാർഷിക പരിക്ഷണശാലകൾ പലതും ഉണ്ടായിട്ടും യഥാസമയങ്ങളിൽ അത്യുല്പാദന ശേഷിയുള്ള വിത്ത് ഇനങ്ങൾ ലഭ്യമല്ലാത്തതിനാൽ കർഷകർക്ക് അമർഷമുണ്ട്. ജൈവവളങ്ങൾ കിട്ടുവാനില്ല. ഇത് കൃഷിയെയും, മണ്ണിൻെറ ഘടനയെയും കൂടുതൽ ബാധിക്കുന്നുണ്ട്. കാലിവളത്തിൻെറ ലഭ്യത വളരെ കുറവുമാണ്. ഉള്ളതിന് പൊന്നുവിലയാണ്. വേപ്പിൻ പിണ്ണാക്ക് കിട്ടുന്നുണ്ടെങ്കിൽ പോലും തീർത്തും ഗുണമേന്മ കുറഞ്ഞതാണ്. പച്ചില വളവിത്തുകൾ യഥാസമയങ്ങളിൽ കർഷകർക്ക് ലഭ്യമല്ലാത്തതിനാൽ പച്ചില വളം വളരെ കുറവാണ്. കൃഷി വകുപ്പിൻെറ കുറ്റകരമായ അനാസ്ഥയാണ് ഇതിന് കാരണം.

കാർഷിക മേഖലയിൽ തൊഴിലാളി ക്ഷാമം മൂലം കൃഷി പണികൾ അവതാളത്തിൽ ആയിരിക്കുകയാണ്. കാർഷിക യിതര മേഖലകളിൽ കൂലി വർദ്ധനവുള്ളതിനാൽ ആ മേഖ ലയിലേയ്ക്ക് കർഷക തൊഴിലാളികൾ മാറിക്കൊണ്ടിരിക്കു ന്നു. കാർഷിക വൃദ്ധിക്ക് ഓരോ ഇനം കൃഷിയും അനുയോ ജ്യമായ യന്ത്രങ്ങൾ ആവിഷ്ക്കരിച്ച് കർഷകന് സൗജന്യമാ യി എത്തിച്ചുകൊടുക്കുന്ന സംവിധാനം ഉണ്ടായില്ലെങ്കിൽ കൃഷി പണികൾ അവതാളത്തിൽ ആകുവാൻ സാധ്യതയു ണ്ട്.

കാർഷിക ഉല്പന്നങ്ങൾക്ക് ഉല്പാദന ചെലവിന് അനു സൃതമായി വില ലഭിക്കുന്നില്ല. ഉല്പാദന ചെലവ് ഇന്ന് സംസ്ഥാന ഗവൺമെൻറ് മറ്റു ഏജൻസികളും കണക്കാ ക്കുന്നതു തെറ്റായ രീതിയിലാണ്. യഥാർത്ഥ ഉല്പാദന ചെലവ് കണക്കാക്കുമ്പോൾ കൃഷി ഭൂമിയുടെ വില വളക്കൂർ നഷ്ടപ്പെടുന്നതുകൊണ്ടുള്ള ഫലപുഷ്ടി കുറവി ൻെറ പ്രതിഫലം, വസ്തുവിൻെറ പാട്ടം അഥവാ പങ്ക്, കൃഷി ക്കാരൻെറ കുടുംബാംഗങ്ങളുടെ മേൽനോട്ടത്തിൻെറ അദ്ധ്വാനത്തിനുള്ള കൂലി, വിത്ത്, വളം, കീടനാശിനി മുത ലായവയുടെ കാലാകാലങ്ങളിലുള്ള വില കാർഷിക ഉപകര ണങ്ങളുടെയും, യന്ത്രങ്ങളുടെയും തേയ്മാനം ചിലവ്, ഉപകരണങ്ങൾ പണിക്ക് ഉപയുക്തമായിരുന്നതിനുള്ള ചെലവ്, എന്നിവ കണക്കിലെടുത്ത് ഉല്പാദന ചെലവ് കണക്കാക്കുകയും അതിന് അനുസൃതമായി കാർഷിക ഉല് പന്നങ്ങൾക്ക് വില ലഭിക്കുകയും ചെയ്യണം. ഇപ്രകാരം വില ലഭിക്കാത്തതാണ് കാർഷിക വൃത്തിയിൽ നിന്നും ആളുകൾ പിൻതിരിയുവാനുള്ള പ്രധാന കാരണം.

## സംസ്ക്കരണം

ഉല്പന്ന സംസ്ക്കരണത്തിന് ഈ പഞ്ചായത്തിൽ സൗക ര്യങ്ങളില്ല. കൊക്കൊ, കുരുമുളക്, പഴവർഗ്ഗങ്ങൾ പച്ചക്ക റി തുടങ്ങിയവയുടെ നൂതന സംസ്ക്കരണ സൗകര്യങ്ങളേർ പ്പെടുത്തിയാൽ കർഷകന് വളരെയേറെ ഗുണമുണ്ടാകും. ഉദാഹരണത്തിന് നൂതന രീതിയിൽ ഉണക്കിയെടുക്കുന്ന കാപ്പിക്കുരുവിന് അടിമാലിയിൽ സാധാരണ നിലവിലുള്ള വിലയേക്കാൾ 25 ശതമാനം വില കൂടുതൽ കിട്ടും.

## മണ്ണ് സംരക്ഷണം

മണ്ണ് സംരക്ഷണ പദ്ധതികൾ വ്യാപകമായി പഞ്ചായ ത്തിൽ നടപ്പാക്കണം പഞ്ചായത്തിൻെറ പന്ത്രണ്ട് വാർഡുക ളിലും മണ്ണ് സംരക്ഷണ പദ്ധതികൾക്ക് പ്രാധാന്യം കൊടു ത്തും വാട്ടർ ഷെഡ് പ്രോഗ്രാം നടപ്പാക്കുകയും അതിനു വേ ണ്ടുന്ന സാങ്കേതികവും സാമ്പത്തികവുമായ സഹായം കർഷകർക്ക് നൽകുകയും ചെയ്യണം. കർഷകരുടെ പങ്കാ ളിത്തം ഈ കാര്യത്തിൽ ഉറപ്പുവരുത്തണം.

## നടീൽ വസ്തുക്കൾ

പഞ്ചായത്ത് തലത്തിൽ അത്യുല്പാദന ശേഷിയുള്ളതും രോഗപ്രതിരോധ ശേഷിയുള്ളതുമായ വിത്തുകളും നടീൽ വസ്തുക്കളും ലഭിക്കുന്നതിനുള്ള നേഴ്സറി അത്യന്താപേ ക്ഷിതമാണ്.

## രോഗനിവാരണം

ഈ പഞ്ചായത്തിലുള്ള കർഷകർക്ക് സ്പ്രെയറുകൾ ഉൾപ്പെടെയുള്ള യന്ത്രോപകരണങ്ങൾ ലഭ്യമാക്കുകയും നന്നാക്കുന്നതിൽ അഗ്രോ ക്ലിനിക്കുകൾ ഉണ്ടാവുകയും ചെയ്യണം എത്രയും പെട്ടെന്ന് ഈ സംവിധാനങ്ങൾ പഞ്ചായ ത്തിൽ നടപ്പാക്കണം.

ഈ പഞ്ചായത്തിൽ നിലവിലുള്ള കാർഷിക രോഗ - കീട ബാധകൾ താഴെ പറയുന്നവയാണ്:

1. ഏത്തവാഴ - ഇലപ്പുഴ, മഞ്ഞളിപ്പ്, തണ്ടുതുരപ്പൻ (ചു ണ്ടൻ) കുറുനാമ്പ്, ഇലപ്പുള്ളി, കോക്കാൽ, പോള ചീയൽ, മാണപ്പുഴു, എലി ശല്യം എന്നിവ.
2. കൊക്കൊ: - മഞ്ഞളിപ്പ്, കായ് ചീയിൽ, കൊമ്പുണ ങ്ങൽ, എലി, അണ്ണാൻ, മരപ്പട്ടി ശല്യങ്ങൾ, കായ്പൊ ഴിച്ചിൽ, തണ്ടുതുരപ്പൻ എന്നിവ.
3. റബ്ബർ - മഞ്ഞളിപ്പ്, കൊമ്പുണങ്ങൽ, ചീക്കുപൊട്ടൽ, പട്ട മരപ്പ് എന്നിവ.
4. കുരുമുളക്: മഞ്ഞളിപ്പ്, ദ്രുതവാട്ടം, സാവധാന വാട്ടം, ഇലചുരുട്ടിപ്പുഴു, തിരിപൊഴിച്ചിൽ, പൊള്ളു രോഗം എന്നിവയും.
5. തെങ്ങ്: മഞ്ഞളിപ്പ്, വേരുചീയൽ, കാറ്റുവീഴ്ച, കൂമ്പു ചീയൽ, മച്ചിങ്ങ പൊഴിച്ചിൽ, ചെന്നീരൊലിപ്പ്, ചെള്ള്, കൊമ്പൻ ചെല്ലി, ചുണ്ടൻ, എലി ശല്യം എന്നിവ.
6. കാപ്പി: കൊമ്പുണക്ക്, ബ്ലാക്ക് റോട്ട്, കായ്പൊഴി ച്ചിൽ, മരപ്പട്ടി ശല്യം.
7. നെല്ല്: മഞ്ഞളിപ്പ്, ഓലചുരുട്ടിപ്പുഴു, ഓലപ്പുഴു, ഇലതീനിപ്പുഴു, ബ്ലാസ്റ്റ്, കുലൈ എന്നിവ.
8. കമുക്: മഞ്ഞളിപ്പ്, മഹാളി, കൂമ്പു ചീയൽ, വേരു ചീയൽ.
9. പച്ചക്കറികൾ (പാവൽ, പയർ): മഞ്ഞളിപ്പ്, ഇലചുരുട്ടി പ്പ്, വേരു ചീയൽ, ഇലകരിച്ചിൽ, തണ്ടുതുരപ്പൻ, കായ് തുരപ്പൻ, മീലിബക്സ്, എലി എന്നിവയും.
10. കപ്പ: എലിശല്യം, കാട്ടു മൃഗങ്ങൾ (പന്നി, മുള്ളൻ)
11. ഇഞ്ചി: വേരു ചീയൽ, കടചീയൽ, ഇലതീനിപ്പുഴു, തണ്ടുതുരപ്പൻപ്പുഴു.
12. മഞ്ഞൾ: കരിക്ക് എന്ന രോഗം.
13. ജാതി-ഗ്രാമ്പു: മഞ്ഞളിപ്പ്, കൊമ്പുണക്ക്, പുഴു ശല്യം, കായ്പൊഴിച്ചിൽ.
14. ഏലം: ചീക്ക്, മഞ്ഞളിപ്പ്, കായ് അഴുക്കൽ, കായിച്ച, എലി എന്നിവയുമാണ്. ഓരേ സ്വഭാവമുള്ള മഞ്ഞളി പ്പ്, കായ്പൊഴിച്ചിൽ മുതലായ രോഗങ്ങൾ എല്ലാ വിള കളിലും വ്യാപകമായിട്ടുണ്ട്. എന്നുള്ളത് പ്രത്യേകം പ്രസ്താവ്യമാണ്.

## സാമ്പത്തിക സഹായം

ഈ പഞ്ചായത്തിൽ വായ്പാ സൗകര്യങ്ങൾക്കായി യൂണി യൻ ബാങ്ക് ഓഫ് ഇന്ത്യ, എസ്. ബി. ടി., എസ്. ബി. ഐ. എന്നീ പൊതുമേഖലാ സ്ഥാപനങ്ങളും ഫെഡറൽ ബാങ്ക്, കാർഷിക വികസന ബാങ്ക്, അടിമാലി സർവ്വീസ് സഹക രണ ബാങ്ക്, സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ എന്നിവ യുമുണ്ട്. യഥാർത്ഥ കർഷകർക്ക് ഹ്രസ്വകാല വിളകൾക്ക് ആവശ്യത്തിന് യഥാസമയങ്ങളിൽ സാമ്പത്തിക സഹായം ലഭ്യമല്ല. പഞ്ചായത്തിൻെറ ചില മേഖലകളിൽ കൈവശ ഭൂമിക്ക് പട്ടയമില്ലാത്തതിനാൽ യാതൊരുവിധ സാമ്പ ത്തിക സഹായവും ലഭിക്കുന്നില്ല അത്തരം കേസുകളിൽ

കൈവശ രേഖകളുടെ അടിസ്ഥാനത്തിലെങ്കിലും സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഉണ്ടാകണം.

### കൃഷി ഭവൻ

അടിമാലി പഞ്ചായത്തിൽ അടിമാലി കൃഷിഭവൻ നിലവിലുണ്ട്. സ്ഥിരമായി കൃഷി ആഫീസറില്ല എന്നുള്ളത് വലിയ ഒരു കുറവാണ്. നിരവധി വർഷങ്ങളായി ഈ സ്ഥിതി തുടരുകയാണ്. ഇതിനു പുറമെ ഓഫീസ് സ്റ്റാഫുകളുടെ കുറവും ഗൗരവതരമാണ്. നടീൽ വസ്തുക്കളും കർഷകർക്ക് ലഭ്യമാക്കുവാൻ കൃഷി ഭവന് സാധിക്കുന്നില്ല. പ്രകൃതി ക്ഷോഭം പോലെയുള്ള കെടുതികൾ ഉണ്ടാകുമ്പോൾ ഗവൺമെൻറിൽ നിന്നുള്ള സഹായധനത്തിനായി കർഷകരും കർഷകരല്ലാത്തവരും അപേക്ഷ സമർപ്പിക്കുന്ന പതിവുണ്ട്. കൃത്യസമയത്തു പരിശോധന നടത്താൻ ആളില്ലാതെ പോകുന്നതിനാൽ കൃഷിനാശം സംഭവിച്ച യഥാർത്ഥ കർഷകർക്ക് കിട്ടേണ്ട നഷ്ടപരിഹാരം അനർഹർക്കുകൂടി പങ്കുവയ്ക്കപ്പെടുന്നു. ഇതൊരു വീഴ്ചയായി കരുതേണ്ടതാണ്.

### കാർഷിക സമിതികൾ

പാടശേഖര സമിതികൾ ആറ് എണ്ണം രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്നുണ്ട്. എന്നിരുന്നാലും പഞ്ചായത്തിലെ നെൽകൃഷിയുടെ വിസ്തീർണ്ണം വളരെ കുറഞ്ഞു വരുകയാണ്. റിക്കാർഡുകളുടെ അടിസ്ഥാനത്തിൽ 500 ഹെക്ടർ നിലം എന്നാണ് ഫലത്തിൽ ഇപ്പോൾ നിലത്തിന്റെ വിസ്തീർണ്ണം 100 ഹെക്ടറിൽ താഴെ മാത്രമാണ്. നെല്ല് ഉല്പാദനം ഇത്രകണ്ട് കുറഞ്ഞെങ്കിലും നെല്ലുല്പാദന സമിതികളുടെ പ്രവർത്തനം മൂലമുണ്ടാകുന്ന ലാഭം അനർഹരിൽ ചെന്നെത്തുന്നു എന്നത് വ്യക്തമാണ്.

### കേര സമിതി

പഞ്ചായത്തിൽ ഒരു കേര സമിതി പ്രവർത്തിക്കുന്നുണ്ട്. ഡിപ്പാർട്ടുമെൻറിന്റെ കണക്കനുസരിച്ച് 650 ഹെക്ടർ തെങ്ങു കൃഷി ഉണ്ടെന്നാണ്. എന്നാൽ ഫലത്തിൽ 300 ഹെക്ടർ തെങ്ങു കൃഷിയെ നിലവിലുള്ളു. യാഥാർത്ഥ്യമല്ലാത്ത കണക്കുകളുടെ അടിസ്ഥാനത്തിൽ സഹായവും മറ്റും നൽകിവരുന്നു എന്നത് പ്രധാനപ്പെട്ട വസ്തുതയാണ്. പഴകിയതും കേടുവന്നതുമായ തെങ്ങുകൾ വെട്ടിമാറ്റി പുതുകൃഷി ചെയ്യുന്നതിനുള്ള യാതൊരുവിധ സംവിധാനവും ഇപ്പോൾ പഞ്ചായത്തിൽ നിലവിൽ ഇല്ല.

കുരുമുളക് സമിതികൾ 7 എണ്ണം പ്രവർത്തിക്കുന്നുണ്ട്. പൊതുവെ കുരുമുളക് കർഷകരെക്കുറിച്ചുള്ള സർവ്വേയുടെ അടിസ്ഥാനത്തിലല്ല ധനസഹായങ്ങൾ നൽകുന്നത്. ചെടികളുടെ എണ്ണം പലപ്പോഴും പെരുപ്പിച്ചുകാട്ടുന്നുണ്ട്. റബ്ബറുൽപാദക സമിതികൾ രണ്ടെണ്ണം (2) നിലവിലുണ്ട്. പൊതുവെ പറഞ്ഞാൽ പ്രവർത്തനം ഊർജ്ജസ്വലമല്ല. മേൽപറഞ്ഞ കർഷക സമിതികളുടെ പ്രവർത്തനം മൊത്തത്തിൽ വിലയിരുത്തുമ്പോൾ തൃപ്തികരമല്ല. അവയുടെ പ്രവർത്തനം സുതാര്യമാക്കിയാൽ മാത്രമേ ഉദ്ദേശിക്കുന്ന പ്രയോജനം ലഭിക്കുകയുള്ളു.

### പച്ചിലവള കൃഷി

പഞ്ചായത്ത് അതിർത്തിക്കുള്ളിൽ സ്ഥിതി ചെയ്യുന്ന ഗവൺമെൻറ് വക തരിശു ഭൂമികളിലും റോഡുപുറമ്പോക്കുകളിലും, സ്കൂൾ കോമ്പൗണ്ടുകളിലും വനത്തോടനുബന്ധിച്ച് കിടക്കുന്ന വെറും ഭൂമികളിലും പച്ചില വളചെടികൾ കൃഷി ചെയ്യാൻ ഉപയോഗിക്കാവുന്നതാണ്. ഗിരിവർഗ്ഗ സെറ്റിൽമെൻറുകളിലും മറ്റും തരിശ് ഭൂമിയായി കിടക്കുന്ന കൃഷിക്ക് ഉപയുക്തമാക്കാവുന്ന ഭൂമികളിൽ കൃഷി ചെയ്യുന്നതിന് സമീപവാസികളായ കർഷകരുടെ സഹകരണം പ്രയോജനപ്പെടുത്തിയാൽ ഉല്പാദനം വർദ്ധിപ്പിക്കുവാൻ കഴിയും. കരഭൂമിയിൽ വിള സാന്ദ്രത കൂടി നില്ക്കുന്ന ഭാഗമാണ് അടിമാലി പഞ്ചായത്ത്. വിളസാന്ദ്രതയും കടുംകൃഷിയും മൂലം ഫലപുഷ്ടി തീരെ കുറഞ്ഞുപോയിരിക്കുന്നു. പച്ചില വളം, ചാണകം മുതലായവ മറ്റു പ്രദേശങ്ങളിൽ നിന്നും വാങ്ങി കൃഷിയിടങ്ങളിലെത്തിക്കുന്നതിന് ഗതാഗത യോഗ്യമായ റോഡുകളുടെ അഭാവം വളരെ ഗൗരവമേറിയ വിഷയമാണ്.

## ജലസേചനം

### ജല സ്രോതസ്സുകൾ

| | | |
|---|---|---|
| കിണർ | എണ്ണം | 88 |
| കുളം | ,, | 7 |
| തടയണ | ,, | 15 |
| ചെറുകിട അണ | ,, | 1 |
| തോടുകൾ | ,, | 7 |

കാഞ്ഞിരവേലിയിൽ നിലവിലുള്ള കനാൽ മെയിൻറൻസ് നടത്തുകയും പുതിയ കനാലുകളും തോടുകളും നിർമ്മിക്കുക, പമ്പിംഗിനുള്ള വൈദ്യുതി ക്ഷാമം പരിഹരിക്കുക, മുടിപ്പാറ, തോണിപ്പാറ നെടുംപാറ, ഒഴുകത്തടം, ചില്ലിത്തോട് കോളനി മുതലായ സ്ഥലങ്ങളിൽ ജലസേചന സൗകര്യം ഉണ്ടാക്കുക സി. എസ്. ഐ. ചർച്ചിനു സമീപവും നെടുംപാറയിലും ഓരോ കുളം കുഴിക്കുക. നാലാം വാർഡ്, അഞ്ചാം വാർഡ് ഇവിടങ്ങളിൽ തടയണകൾ കെട്ടുക, ലിഫ്റ്റ് ഇറിഗേഷൻ നടപ്പാക്കുക, VI-ാം വാർഡിലെ ദേവിയാർ തോടിനു കുറുകെ മണൽ പടി, മങ്ങാട്ടുകുളിക്കടവ് എന്നിവിടങ്ങളിൽ ചെക്ക് ഡാം പണിയുക, പോസ്റ്റോഫീസ് ജംഗ്ഷനിലെ അണ നന്നാക്കുക, തലയെരപ്പൻ സെറ്റിൽമെൻറിൽ ചെക്ക് ഡാം ബലപ്പെടുത്തി കനാൽ നിർമ്മിക്കുക, ചാറ്റുപാറ ആഫീസാൻപടിക്കൽ തകർന്ന ചെക്ക് ഡാം പുതുക്കി പണിയുക, തടിക്കൂടൻ പടിയിൽ നിന്നും തെക്കോട്ടുള്ള ജലസേചനത്തോട് കോൺക്രീറ്റ് ചെയ്യുക. 7-ാം വാർഡിലെ കട്ടമുടി, തട്ടേക്കണ്ണൻ, കൊരങ്ങാട്ടി, ചാറ്റുപാറക്കുടി കുതിരയള എന്നിവിടങ്ങളിൽ തടയണകൾ നിർമ്മിക്കുക, കട്ടമുടി, തട്ടേക്കണ്ണൻ, ചാറ്റുപാറ മച്ചിപ്ലാവ് പി. ഒ. ജംഗ്ഷൻ എന്നിവിടങ്ങളിൽ ജലസേചനത്തിന് കുളങ്ങൾ നിർമ്മിക്കുക, VIII -ാം വാർഡിൽ മണ്ടോത്തിക്കടവ് ഭാഗത്ത് നിലവിലുള്ള ചീപ്പ് നന്നാക്കുക, കൊറ്റാംഞ്ചേരി, കണ്ണിക്കാട്ട് കുഞ്ഞൻ, കോയാക്കുഞ്ഞ് ഹാജിയാർ എന്നിവരുടെ സ്ഥലത്തിനടുത്തുള്ള പൊതുകുളങ്ങൾ പുനരുദ്ധരിച്ച് ഉപയോഗപ്രദമാക്കുക. ജലലഭ്യത അനുസരിച്ച് ചെക്കുഡാമുകളും കുളങ്ങളും നിർമ്മിക്കുക തുടങ്ങിയവ അത്യാവശ്യമായി നടപ്പാക്കണം. അടിമാലി പഞ്ചായത്തിൽ കൂടി ഒഴുകുന്ന കൂടകല്ല് തോടൊഴിച്ച് ബാക്കി എല്ലാ തോടുകളും വേനൽ കാലത്ത് വറ്റിപോവുകയും രൂക്ഷമായ കുടിവെള്ള ക്ഷാമ

വും ജലസേചന ക്ഷാമവും ഫെബ്രുവരി മാർച്ച് മാസങ്ങളിൽ ഉണ്ടാകുന്നു. ആ കാലഘട്ടത്തിൽ അടിമാലി ടൗണും പരിസരങ്ങളും വൃത്തി ഹീനമാവുകയും ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാവുകയും ചെയ്യുന്നു. അടിമാലി ടൗൺ മുതൽ ഇരുമ്പു പാലം വരെയുള്ള പ്രദേശങ്ങളിലുണ്ടാകുന്ന ജലസേചന ക്ഷാമവും കുടിവെള്ള പ്രശ്നവും പരിഹരിക്കുന്നതിന് 12-ാം വാർഡിലെ കുരങ്ങാട്ടിക്ക് സമീപത്തുകൂടി ഒഴുകുന്ന കുടകല്ല് തോട്ടിൽ നിന്നും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പ്രകാരം വെള്ളം പമ്പു ചെയ്തു അടിമാലി ടൗണിൽ മുകൾവശം ദേവിയാർ തോട്ടിലേക്ക് ചാടിക്കുവാൻ സാധിക്കും.

ഈ പഞ്ചായത്തിലുള്ള ഗിരിവർഗ്ഗ സെറ്റിൽമെൻറുകളിലെ പാടശേഖരങ്ങളുടെ സംരക്ഷണ ഭിത്തികൾ നിർമ്മിക്കാനും ശുപാർശ ചെയ്യുന്നു.

ഗിരിവർഗ്ഗ സെറ്റിൽമെൻറുകളിലും മറ്റു കാർഷിക മേഖലകളിലും ഔഷധ സസ്യങ്ങളുടെ കൃഷിയും സംസ്ക്കരണവും നടത്തുന്നതിന് സാധ്യതയുണ്ട്. എല്ലാ വീടുകളിലും സ്ത്രീകളുടെ പങ്കാളിത്തത്തോടുകൂടി അടുക്കളത്തോട്ടങ്ങളും, പുഷ്പ കൃഷികളും, കൂൺ കൃഷിയും നടത്തുന്നതിന് വേണ്ടതായ സാങ്കേതികവും ശാസ്ത്രീയവുമായ അറിവ് നൽകുകയും, വിത്ത്. വളം മുതലായവ നൽകുകയും ചെയ്യണം.

•

## പ്രധാന പ്രശ്നങ്ങൾ

1. കാർഷിക ഉല്പന്നങ്ങളുടെ ഫലതിൻെറയും യഥാർത്ഥ വില അറിയുന്നതിനോ, ശരിയായ വില ലഭിക്കുന്നതിനോ സംവിധാനമില്ല.
2. മാർക്കറ്റിംഗ് സൊസൈറ്റികൾ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല.
3. വെയർ ഹൗസിംഗ് സംവിധാനം ഇല്ല.
4. സസ്യ മാർക്കറ്റ് ഇല്ല.
5. ശാസ്ത്രീയമായ വളപ്രയോഗ രീതികളെക്കുറിച്ച് കൃഷിക്കാർ ബോധവാന്മാരല്ല.
6. മണ്ണിൻെറ ഫലഭൂയിഷ്ടത കുറഞ്ഞുവരുന്നു.
7. ജൈവവളം - പച്ചിലവളം എന്നിവ ആവശ്യത്തിന് ലഭ്യമല്ല.
8. കാർഷിക മേഖലയിൽ തൊഴിലാളി ക്ഷാമം അനുഭവപ്പെടുന്നു.
9. കാർഷിക ഉല്പന്നങ്ങൾക്ക് ഉല്പാദന ചെലവിനനുസരിച്ച് വില ലഭിക്കുന്നില്ല.
10. കൃഷിഭവൻെറ സേവനം കൃഷിക്കാർക്കുപയോഗപ്പെടുന്നില്ല.
11. കാർഷിക ഉല്പന്നങ്ങളുടെ സംസ്ക്കരണത്തിന് ഇപ്പോൾ സൗകര്യമില്ല.
12. മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ ആവശ്യത്തിനില്ല.
13. എല്ലാ വിളകളും കടുത്ത രോഗങ്ങൾ നേരിടുന്നു.
14. ആവശ്യമായ സാമ്പത്തിക സഹായം ലഭിക്കുന്നില്ല.
15. വിവിധ കാർഷിക സമിതികൾ ഫലപ്രദമായല്ല പ്രവർത്തിക്കുന്നത്.
16. പൊളിഞ്ഞ പാലം മന്നാംകാല തോടിൻെറ ഇരുവശവും ഇടിഞ്ഞുകൊണ്ടിരിക്കുന്നു.

## സാദ്ധ്യതകൾ

1. ശാസ്ത്രീയ കൃഷി രീതികളെക്കുറിച്ചും വളപ്രയോഗത്തെക്കുറിച്ചും കൃഷിക്കാരെ ബോധവാന്മാരാക്കുക.
2. ജൈവ വളം ഉല്പാദനവും ഉപയോഗവും പ്രോൽസാഹിപ്പിക്കുക.
3. തരിശു സ്ഥലങ്ങളും പുറമ്പോക്കുകളും ഉപയോഗപ്പെടുത്തി പച്ചില വള കൃഷി വ്യാപിപ്പിക്കുക.
4. സസ്യ മാർക്കറ്റുകൾ ആരംഭിക്കുക.
5. കാർഷിക സമിതികളുടെ പ്രവർത്തനം ഫലപ്രദമാക്കുക.
6. മണ്ണു സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുക.
7. ചെറുകിട ജലസേചന സാദ്ധ്യതകൾ കണ്ടെത്തി ജലസേചന പദ്ധതികൾ ആരംഭിക്കുക.
8. രോഗ നിവാരണ പ്രവർത്തനങ്ങളും രോഗപ്രതിരോധ പ്രവർത്തനങ്ങളും നടത്തുക.
9. അടുക്കള തോട്ടങ്ങളേയും സ്കൂൾ വഴിയുള്ള പച്ചക്കറി വികസനവും പ്രോൽസാഹിപ്പിക്കുക.
10. ആധുനിക കൃഷികളായ പുഷ്പകൃഷി, കൂൺ കൃഷി എന്നിവ ആരംഭിക്കുക.
11. കണിക ജലസേചന രീതി നടപ്പിൽ വരുത്തുക.



അടിമാലിയുടെ പ്രത്യേകത: കിൻറൽ വാഴ



5-2

# മൃഗസംരക്ഷണവും മത്സ്യബന്ധനവും

## മൃഗസംരക്ഷണം

പശു, എരുമ, ആട് എന്നിവയാണ് പഞ്ചായത്തിലെ പ്രധാന വളർത്തു മൃഗങ്ങൾ. നാമമാത്രമായ ഉഴവുകാളകളും, പോത്തുകളും ഉണ്ട്. വളർത്തു പക്ഷികളിൽ പ്രധാനമായത് കോഴിയാണ്. 80 ശതമാനം വീടുകളിലും കോഴിയെ വളർത്തുന്നുണ്ട്. ചില വീടുകളിൽ കൗതുകത്തിനു വേണ്ടിയും ഇറച്ചിയ്ക്കു വേണ്ടിയും മുയലിനെ വളർത്തുന്നുണ്ട്. ചുരുക്കം ചില വീടുകളിൽ പന്നി വളർത്തലുമുണ്ട്.

നെൽക്കൃഷി കുറഞ്ഞതും കാർഷിക രംഗത്ത് യന്ത്രവൽക്കരണം വന്നതും ഉഴവു കാളകളുടേയും, പോത്തിൻേറയും എണ്ണം കുറയുവാൻ കാരണമായി. നിരന്തരമായി ഉണ്ടാകുന്ന കോഴി വസന്ത കോഴികളുടെ എണ്ണത്തിലും കുറവ് വരുത്തിയിട്ടുണ്ട്. റോഡുകളും, വാഹനസൗകര്യങ്ങളും വർദ്ധിച്ചതോടു കൂടി കാളവണ്ടികൾ അടിമാലി പഞ്ചായത്തിൽ നിന്നും അപ്രത്യക്ഷമായി.

അടിമാലി ഗ്രാമ പഞ്ചായത്തിൽ പ്രതിദിനം 2723-ലിറ്റർ പാൽ ഉൽപാദിപ്പിക്കുന്നുണ്ട്. അതിൽ 310 ലിറ്റർ പാൽ മാത്രമേ പഞ്ചായത്തിനുള്ളിൽ വിൽക്കുന്നുള്ളൂ. ബാക്കി വരുന്ന പാൽ പഞ്ചായത്തിനു പുറത്ത് വില്ക്കപ്പെടുന്നു. പഞ്ചായത്തിൽ 12 സൊസൈറ്റികൾ നിലവിൽ ഉണ്ട്. അതിൽ 1761 അംഗങ്ങൾ ഉണ്ട്. മറ്റു പഞ്ചായത്തുകളിൽ ശേഖരിക്കപ്പെടുന്ന പാൽ അടിമാലി പഞ്ചായത്തിൻെറ പ്രധാന സ്ഥലങ്ങളിൽ വിറ്റഴിക്കപ്പെടുന്നു. കാലിത്തീറ്റയുടെ വില വർദ്ധനവ്, ഉത്പാദിപ്പിയ്ക്കപ്പെടുന്ന പാലിൻെറ വിലകുറവ്, ചികിത്സാസൗകര്യങ്ങളുടെ കുറവ്, തുടങ്ങിയവ മൃഗസംരക്ഷണത്തെ പൊതുവിൽ നിരുത്സാഹപ്പെടുത്തുന്ന ഘടകങ്ങളാണ്.

അടിമാലി പഞ്ചായത്തിൽ ഒരു മൃഗാശുപത്രിയാണുള്ളത്. അടിമാലിയിലാണ് അത് സ്ഥിതി ചെയ്യുന്നത്. അതിവിസ്തൃതിയുള്ള പഞ്ചായത്തിൽ അധിക സ്ഥലത്തും ഈ ആശുപത്രിയുടെ സേവനം ലഭിക്കുന്നില്ല. ഉദാഹരണത്തിന് 1, 2, 3, 4 വാർഡുകളിൽ തീർത്തും സേവനം ലഭ്യമല്ല. മൊബൈൽ യൂണിററ് ഒരെണ്ണമാണുള്ളത് കർഷകർക്ക് ഉപകാരപ്രദമല്ല. രോഗം വന്നാൽ വളരെ ദൂരെയുള്ള ആശുപത്രിയിൽ മൃഗങ്ങളെ എത്തിയ്ക്കുവാൻ സാധിയ്ക്കാത്തതു കാരണം ചികിത്സ ലഭിയ്ക്കാതെ മൃഗങ്ങൾ ചാകുന്ന സാഹചര്യവും പഞ്ചായത്തിലുണ്ട്.

കാലികളിൽ പൊതുവെ കണ്ടുവരുന്ന രോഗങ്ങൾ: ഉദരരോഗം, ശ്വാസകോശ സംബന്ധമായത്, ത്വക്ക് രോഗം, വാതരോഗം, പ്രത്യുൽപാദനവുമായി ബന്ധപ്പെട്ട രോഗം, അകിടു വീക്കം, കുളമ്പു രോഗം, പനി (കാലാവസ്ഥ മാറുന്നത് അനുസരിച്ച്) എന്നീ രോഗങ്ങളാണ് കണ്ടുവരുന്നത്. (പട്ടിക 1 കാണുക) രോഗ പ്രതിരോധ കുത്തിവെയ്പുകളെ കുറിച്ചും സംരക്ഷണത്തെക്കുറിച്ചും കർഷകർ അജ്ഞരാണ്.

പട്ടിക - 1

| അസുഖങ്ങൾ, | ചികിത്സ ലഭിച്ച മൃഗങ്ങളുടെ ഇനവും, എണ്ണവും | | | | |
|---|---|---|---|---|---|
| | പശു | എരുമ | ആട് | പന്നി | മറ്റുള്ളവ |
| ദഹനസംബന്ധമായരോഗം | 34 | 2 | 10 | 1 | - |
| ശ്വാസകോശ സംബന്ധമായത് | 23 | 1 | 5 | 1 | 106 |
| ഉപാപചയസംബന്ധമായത് | 91 | 1 | 17 | - | - |
| ത്വക്ക് രോഗം | 75 | 1 | 2 | 2 | - |
| വാതരോഗം | 418 | 1 | 42 | 1 | - |
| പ്രത്യുൽപാദനവുമായി ബന്ധപ്പെട്ടത് | 27 | 1 | 6 | - | - |
| അകിടുവീക്കം | 73 | 2 | 2 | - | - |
| പനി | 181 | - | 32 | - | - |
| മറ്റുരോഗങ്ങൾ | 750 | 16 | 68 | 28 | :73 |

പഞ്ചായത്തിൽ മൃഗങ്ങളിൽ കൃത്രിമ ബീജസംങ്കലനം നടത്തിവരുന്നുണ്ട്. ചില മൃഗങ്ങളിൽ 2 ലധികം തവണ ബീജസംങ്കലനം നടത്തേണ്ടിവരുന്നു. (പട്ടിക 2 കാണുക)

പട്ടിക - 2

| ബീജസംങ്കലനം നടത്തിയതും 2ൽ കൂടുതൽ നടത്തിയതും | | |
|---|---|---|
| മൃഗങ്ങളുടെ ഇനം | 1-ാം തവണ | 2ൽ കൂടുതൽ |
| പശു | 393 | 19 |
| കിടാരി | 40 | 10 |
| എരുമ | 15 | - |

മണ്ണൊലിപ്പ് തടയുവാൻ ഏറ്റവും സഹായകരമായ ഒന്നാണ് പുൽകൃഷി. 10 ശതമാനം ആളുകൾ മാത്രമെ ഇപ്പോൾ പുൽകൃഷി നടത്തുന്നുള്ളൂ. പഞ്ചായത്തിൽ വ്യാപകമായി കൃഷി ചെയ്യുവാനുള്ള സാഹചര്യം ഉണ്ടായിരുന്നിട്ടും

കൃഷി ചെയ്യുന്നില്ല. ആരും കൃഷിക്കാരെ പ്രോത്സാഹിപ്പിക്കുന്നുമില്ല.

പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും ഗോബർ ഗ്യാസ് പ്ലാന്റുകൾ നിലവിലുണ്ട്. കൂടുതൽ പ്ലാന്റുകൾ നിർമ്മിയ് [illegible]തിസന്ധി നിലനില്ക്കുന്ന ഈ അവസരത്തിൽ വീട്ടിലെ പാചകത്തിനും, വെളിച്ചത്തിനും വേണ്ടി വരുന്ന ഇന്ധനത്തിൽ വലിയൊരു ഭാഗം ഗോബർ ഗ്യാസ് പ്ലാന്റു കൊണ്ട് കണ്ടെത്തുവാൻ കഴിയും. മൃഗസംരക്ഷണ വകുപ്പ് മുഖേന ഗോബർ ഗ്യാസ് പ്ലാന്റ് നിർമ്മിയ്ക്കുന്നതിന് സബ്സിഡി ഉണ്ടെങ്കിലും ജനങ്ങളിൽ ഇതിന്റെ പ്രചരണം എത്തിയിട്ടില്ല. കൃഷിക്കാവശ്യമായ ജൈവ വളത്തിന്റെ വലിയൊരു പങ്ക് കാലി വളർത്തലിലൂടെ നിറവേറ്റാൻ കഴിയുന്നുണ്ട്.

അടിമാലി പഞ്ചായത്തിൽ പഞ്ചായത്ത് വക ഒരു അറവുശാലയും പഞ്ചായത്ത് ലൈസൻസ് കൊടുത്ത് നടത്തിയ്ക്കുന്ന 3 അറവുശാലകളും ഉണ്ട്. കൂടാതെ പഞ്ചായത്തിന്റെ പല ഭാഗത്തും രഹസ്യമായി അറവുശാലകൾ നടത്തുന്നുണ്ട്. ഇവ സൃഷ്ടിക്കുന്ന പരിസരമലിനികരണം വളരെ അധികമാണ്. ഭക്ഷണത്തിന് അനുയോജ്യമായ മാംസം ലഭ്യവുമല്ല. ചില അവസരങ്ങളിൽ രോഗം വന്ന മൃഗങ്ങളുടേയും ചത്ത മൃഗങ്ങളുടേയും മാംസം ജനങ്ങൾക്ക് നല്കുന്നുണ്ട്.

അടിമാലി പഞ്ചായത്തിൽ 80 ശതമാനം വീടുകളിലും കോഴിയെ വളർത്തുന്നുണ്ട്. എന്നിരുന്നാലും ഇറച്ചിയ്ക്കു വേണ്ടി വൻതോതിൽ കോഴികളെ മറ്റു സ്ഥലങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യേണ്ട സ്ഥിതിയാണുള്ളത്. കോഴി വളർത്തുന്നതിന് രണ്ട്, മൂന്ന് ഫാം ഉണ്ടെങ്കിലും ഇനിയും ഫാമുകൾ ഉണ്ടാകേണ്ടിയിരിക്കുന്നു.

ചുരുക്കം ചില വീടുകളിൽ മുയലിനെ വളർത്തുന്നുണ്ട്. കൗതുകത്തിന് വേണ്ടിയാണ് കൂടുതലും വളർത്തുന്നത്. ഇറച്ചിയ്ക്കുവേണ്ടി മുയലിനെ വളർത്താൻ അനുയോജ്യമായ സ്ഥലമാണ് അടിമാലി പഞ്ചായത്തിന് ഉള്ളത്. കുറഞ്ഞ കാലയളവിൽ പ്രത്യുൽപാദനം നടക്കുന്നതുകൊണ്ട്, ഇറച്ചി ആവശ്യത്തിന് മുയലിനെ വളർത്താവുന്നതാണ്. ലാഭകരമായ ഈ കൃഷിയെ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

പേ വിഷബാധ നിർമ്മാർജ്ജന പരിപാടിയുടെ ഭാഗമായി നായ നശീകരണം ഇപ്പോൾ നടത്തുന്നുണ്ട്. അതുകൊണ്ട് പൊതുവഴികളിലും ടൗണുകളിലും ഒരു പരിധിവരെ നായ്ക്കളുടെ ശല്യം കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും നായ്ക്കളെ തിരിച്ചറിയാൻ പ്രത്യേക കളറുകളിൽ കോളറും, സർട്ടിഫിക്കറ്റും വിതരണം നടത്തുന്നില്ല. പ്രതിരോധ കുത്തിവെപ്പ് നാമമാത്രമായി മാത്രമെ നടത്തുവാൻ കഴിയുന്നുള്ളു. നായ്ക്കൾ അലഞ്ഞുതിരിഞ്ഞു നടക്കുവാനും രോഗം പകർത്തുവാനുമുള്ള അവസരം ഒഴിവാക്കേണ്ടതാണ്.

### പ്രധാനപ്രശ്നങ്ങൾ:

1. കാലിത്തീറ്റയുടെ വില വർദ്ധനവ്.
2. മറ്റുള്ള പഞ്ചായത്തുകളിൽ നിന്നും പാൽകൊണ്ടുവന്ന് വിപണനം നടത്തുന്നതുകാരണം ഇവിടെ ഉത്പാദിപ്പിയ്ക്കുന്ന പാലിന് വില കുറവും, ചെലവു കുറവുമാണ്.
3. മൃഗ ചികിത്സാ സൗകര്യങ്ങൾ കുറവാണ്.
4. അത്യുൽപാദന ശേഷിയുള്ള മൃഗങ്ങളെ കിട്ടാനില്ല.
5. കന്നുകാലികളെ വാങ്ങുവാനുള്ള ധനസഹായം വളരെ കുറവാണ്.
6. കോഴിവസന്ത രോഗം ഫലപ്രദമായി തടയുവാൻ കഴിയുന്നില്ല.
7. അറവുശാലകളിൽ ശുചിത്വം ഇല്ല. ആധുനിക രീതിയിൽ മാംസം എടുക്കുവാൻ കഴിയുന്നില്ല.
8. നായ്ക്കളെ തിരിച്ചറിയുവാൻ കോളറുകളോ, സർട്ടിഫിക്കറ്റോ നല്കുന്നില്ല.
9. നല്ലിനം മുയൽ കുഞ്ഞുങ്ങളെ ലഭ്യമല്ല.

### സാദ്ധ്യതകൾ:

1. കാലിത്തീറ്റയ്ക്ക് സബ്സിഡി അനുവദിക്കുക. പുൽകൃഷി വ്യാപകമാക്കുവാൻ വിത്തും വളവും സൗജന്യമായി വിതരണം നടത്തുക. പുൽകൃഷിയെക്കുറിച്ച് കർഷകരെ ബോധവാന്മാരാക്കുക.
2. മൃഗചികിത്സാസൗകര്യം വർദ്ധിപ്പിയ്ക്കുന്നതിന് ഇരുമ്പുപാലത്ത് നിലവിലുള്ള ആശുപത്രിയുടെ ഒരു സബ്ബ് സെൻറർ ആരംഭിക്കുക.
3. മുയൽ വളർത്തുന്നതിന് പ്രോത്സാഹനം നല്കണം.
4. അത്യുൽപാദന ശേഷിയുള്ള മൃഗങ്ങളെ വളർത്തുന്നവർക്ക് സാമ്പത്തിക സഹായവും, ബോധവൽക്കരണ ക്ലാസും നല്കണം.
5. മൃഗങ്ങളെ വാങ്ങുന്നതിന് നിലവിലുള്ള വായ്പാപരിധി ഉയർത്തണം. സബ്സിഡി വർദ്ധിപ്പിക്കണം.
6. തെരുവുനായ്ക്കളെ തീർത്തും നശിപ്പിക്കണം.
7. പഞ്ചായത്തിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു സ്ലോട്ടർ ഹൗസ് നിർമ്മിക്കണം. നിലവിലുള്ള ലൈസൻസുകൾ പുനഃപരിശോധിക്കണം. ലൈസൻസില്ലാതെ അറവുശാലകൾ നടത്താൻ അനുവദിക്കരുത്. മാംസത്തിന്റെ വില നിശ്ചയം പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ വരണം.

### മത്സ്യബന്ധനം:

വളരെ വിസ്തൃതിയുള്ള അടിമാലി പഞ്ചായത്തിൽ ശുദ്ധജല മത്സ്യകൃഷി നടത്തുവാൻ അനുയോജ്യമായ കാലാവസ്ഥയും സ്ഥലസൗകര്യവും ഉണ്ട്. എന്നിട്ടും വളരെ കുറച്ചു മാത്രമെ മത്സ്യകൃഷി നടത്തുന്നുള്ളൂ. കൃഷിക്ക് വേണ്ടുന്നതായ പ്രോത്സാഹനം കൊടുക്കുവാൻ ആരും രംഗത്തേയ്ക്ക് കടന്നുവരാത്തതാണ്, കൃഷിക്കാരുടെ ശ്രദ്ധ മത്സ്യകൃഷിയിലേക്ക് തിരിയാതിരിക്കുന്നത്. പഞ്ചായത്തിലെ കാഞ്ഞിരവേലി, കൊടകല്ല്, പെട്ടിമുടി, തലമാലി 12-ാം വാർഡിലെ കൊരങ്ങാട്ടി, 7-ാം വാർഡിലെ കുതിരയിള, 8-ാം വാർഡിലെ ചിന്നപ്പാറകുടി, 11-ാം വാർഡിലെ കരിംകുളം കൂടാതെ കട്ടമുടി, തട്ടക്കണ്ണൻകുടി, മച്ചിപ്ലാവ്കുടി, തുമ്പിപ്പാറ, കുറത്തികുടി എന്നിവിടങ്ങളിലും മത്സ്യകൃഷി നടത്തുവാൻ സൗകര്യമുണ്ട്.

കൊരങ്ങാട്ടി, ചിന്നപ്പാറകുടി എന്നിവടങ്ങളിലെ വയലുകളിൽ മത്സ്യകൃഷി നടത്തുവാൻ അനുയോജ്യമാണ്.

അടിമാലി പഞ്ചായത്തിൽ 100ൽപരം ആളുകൾ ചെറുകിട മത്സ്യ വിപണന രംഗത്തുണ്ട്. 4 ടൺ മുതൽ 6 ടൺ വരെ മത്സ്യം മറ്റു സ്ഥലങ്ങളിൽ നിന്ന് പഞ്ചായത്ത് മാർക്കറ്റിൽ എത്തുന്നുണ്ട്. ഇതിൽ 2 ടൺ മത്സ്യം പഞ്ചായത്തിൽ വില്ക്കുന്നു. ബാക്കി അയൽ പഞ്ചായത്തുകളിൽ വില്ക്കപ്പെടുന്നു.

പല വിധത്തിലുള്ള പ്രതിസന്ധികളാണ് ചെറുകിട കച്ചവടക്കാർക്ക് ഇന്നുള്ളത്. ഇടനിലക്കാരുടെ കയ്യിൽ നിന്നും കിട്ടുന്ന മത്സ്യത്തിന് അമിത വില നല്കേണ്ടിവരുന്നു. വിപുലമായ രീതിയിൽ മത്സ്യവിപണനം നടത്തുവാൻ പഞ്ചായത്തിൽ നിന്നും ധനസഹായം ആവശ്യമാണ്.

## പ്രധാനപ്രശ്നങ്ങൾ:

1. ശുദ്ധജല മത്സ്യകൃഷി നടത്തുവാൻ പഞ്ചായത്തിൽ നിന്നും സഹായം ഇല്ല.
2. കുളങ്ങൾ നിർമ്മിക്കുവാൻ സബ്സിഡി ഇനത്തിൽ ലോൺ അനുവദിക്കണം.
3. മത്സ്യവിപണനം നടത്തുവാനുള്ള അസൗകര്യം.
4. ചെറുകിട കച്ചവടക്കാർക്ക് വിപണനത്തിന് വേണ്ടുന്നതായ സാമ്പത്തികസഹായം ലഭ്യമല്ല.

## സാദ്ധ്യതകൾ:

ശുദ്ധജല മത്സ്യകൃഷി നടത്തുവാൻ പഞ്ചായത്ത് അടിസ്ഥാനത്തിൽ മത്സ്യകുഞ്ഞുങ്ങളെയും, തീറ്റയും സൗജന്യനിരക്കിൽ വിതരണം ചെയ്യണം.

2. നീർച്ചാലുകളുള്ള സ്ഥലങ്ങളിൽ കുളങ്ങൾ നിർമ്മിക്കണം.
3. വയലുകളിൽ മത്സ്യം വളർത്തുവാൻ സബ്സിഡി ഇനത്തിൽ വായ്പാ സൗകര്യം ഉണ്ടാകണം.
4. പഞ്ചായത്തിന്റെ ചുമതലകളിൽ മത്സ്യഭവനുകൾ നിർമ്മിക്കണം. ഈ ഭവനിലൂടെ മത്സ്യവില്പന നടത്തണം.
5. ചെറുകിട കച്ചവടക്കാർക്ക് വാഹനങ്ങൾ വാങ്ങുന്നതിനും മറ്റും വായ്പാസൗകര്യം ലഭ്യമാക്കണം.
6. സ്വകാര്യവ്യക്തികളുടെ അധീനതയിലിരിക്കുന്ന പൊതു കുളങ്ങൾ പൊതുഉപയോഗത്തിന് ലഭ്യമാക്കുക.



1995ലെ കർഷകോത്തമ അവാർഡ് നേടിയ സി.എം.ഗോപിയും സംസ്ഥാന ടി.എച്ച്.എസ്. മീറ്റ്സിൽ സ്വർണം നേടിയ സിന്ദു പാപ്പച്ചനും സ്വീകരണം നൽകിയപ്പോൾ.



5-3

# വ്യവസായം

അടിമാലി ഗ്രാമപഞ്ചായത്തിൽ വ്യവസായ മേഖലയ്ക്ക് തുടക്കമിടുവാൻ വർഷങ്ങൾക്ക് മുമ്പുതന്നെ കഴിഞ്ഞിരുന്നുവെങ്കിലും കാര്യമായ നേട്ടം ഇനിയും കൈവരിക്കാനായിട്ടില്ല. പൊതുമേഖലയിലോ സഹകരണ മേഖലയിലോ വ്യവസായ യൂണിറ്റുകൾ ഒന്നും തന്നെയില്ല. സ്വകാര്യമേഖലയിലുള്ള വിവിധങ്ങളായ 85 വ്യവസായ യൂണിറ്റുകളിലായി 1487 പേർ ജോലിചെയ്യുന്നതിൽ 614 പേർ പുരുഷന്മാരും 873 പേർ സ്ത്രീകളുമാണ്.

പരമ്പരാഗത വ്യവസായ മേഖലയിൽ ഈറ്റയും മുളയും ഉപയോഗിച്ചുള്ള കുടിൽ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നവർ ധാരാളമുണ്ട്. എന്നാൽ ഫലപ്രദമായ പരിരക്ഷയില്ലായ്മ, മാർക്കറ്റിംഗ് സൗകര്യക്കുറവ്, സാമ്പത്തിക സഹായത്തിന്റെ ദൗർലഭ്യം എന്നിവ മൂലം ഈ മേഖല തകർച്ചയിലാണ്. പഞ്ചായത്തു പ്രദേശത്ത് സുലഭമായി ലഭിക്കുന്ന ഈറ്റ, മുള എന്നിവ ഉപയോഗിച്ച് കുട്ട, പനമ്പ്, കൗതുകവസ്തുക്കൾ എന്നിവ നിർമ്മിക്കുവാൻ സാദ്ധ്യത കാണുന്നുണ്ട്.

വളരെ നല്ല നിലയിൽ പ്രവർത്തിക്കുന്ന മൂന്ന് ബീഡി കമ്പനികൾ പഞ്ചായത്തിലുണ്ടായിരുന്നെങ്കിലും ഇപ്പോൾ പ്രവർത്തനം നിലച്ചിരിക്കുന്നു. (ഇവയിൽ രണ്ടെണ്ണം സ്വകാര്യമേഖലയിലും ഒരെണ്ണം സഹകരണ മേഖലയിലുമായിരുന്നു.) അയൽസംസ്ഥാനത്തു നിന്നും കുറഞ്ഞ ചെലവിൽ ഉല്പാദിക്കപ്പെടുന്ന ബീഡികൾ വൻതോതിൽ ലഭ്യമായതാണ് ഇവയുടെ തകർച്ചക്ക് കാരണം.

ഒരു മെറ്റൽ ക്രഷർ യൂണിറ്റ് നിലവിൽ പ്രവർത്തിച്ചു വരുന്നുണ്ട്. അനുയോജ്യമായ പാറ ധാരാളം ലഭ്യമായ ഈ പ്രദേശത്ത് കെട്ടിട, നിർമ്മാണപ്രവർത്തനങ്ങൾക്കാവശ്യമായ മെറ്റൽ, ഗ്രാവൽ തുടങ്ങിയവ ഇപ്പോഴും മറ്റ് സ്ഥലങ്ങളിൽ നിന്നും കൊണ്ടുവരുന്ന സാഹചര്യമാണുള്ളത്. കൂടുതൽ മെറ്റൽ ക്രെഷർ യൂണിറ്റുകൾ ആരംഭിക്കുവാൻ കഴിഞ്ഞാൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യത്തിന് ഉല്പന്നം ലഭ്യമാക്കുവാനും അതുവഴി നൂറുകണക്കിന് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും കഴിയും.

റെഡിമെയ്ഡ് വസ്ത്രനിർമ്മാണ രംഗത്തും, കറിപൗഡർ നിർമ്മാണരംഗത്തും കഴിഞ്ഞ 10 വർഷക്കാലമായി സ്ത്രീ തൊഴിലാളികളുടെ എണ്ണം വർദ്ധിച്ചുവരുന്നതായി കാണുന്നു. എന്നാൽ അവർക്ക് മിനിമം വേജസ് ലഭിക്കുന്നതായി സൂചനയില്ല. റെഡിമെയ്ഡ് വസ്ത്രനിർമ്മാണ രംഗത്ത് 138 യൂണിറ്റുകൾ രജിസ്റ്റർ ചെയ്തു പ്രവർത്തിച്ചിരുന്നുവെങ്കിലും അവയിൽ 9 എണ്ണം മാത്രമെ ഇപ്പോൾ ഉല്പാദനരംഗത്തുള്ളു. അയൽസംസ്ഥാനങ്ങളിൽ കുറഞ്ഞ ചെലവിൽ ഉല്പാദിപ്പിക്കപ്പെടുന്ന വസ്ത്രങ്ങൾ നമ്മുടെ കമ്പോളത്തിലും ലഭ്യമായതോടെ ഈ രംഗവും പ്രതിസന്ധിയിലാണ്.

ഈ പഞ്ചായത്തിലെ വിവിധ ചെറുകിട വ്യവസായങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | വ്യവസായത്തിന്റെ പേര് | ആകെ യൂണിറ്റ് | തൊഴിലാളികളുടെ എണ്ണം | | ആകെ |
|---|---|---|---|---|---|
| | | | പുരുഷൻ | സ്ത്രീ | |
| 1 | നാളികേരം | 4 | 15 | - | 15 |
| 2 | തടി | 2 | 22 | - | 22 |
| 3 | എൻജിനീയറിംഗ് | 10 | 70 | - | 70 |
| 4 | ആയുർവ്വേദ മരുന്ന് | 3 | 8 | 6 | 14 |
| 5 | ഐസ് ഫാക്ടറി | 1 | 4 | - | 4 |
| 6 | അച്ചടി | 8 | 24 | 40 | 64 |
| 7 | ഭക്ഷ്യ സംസ്ക്കരണം | 22 | 70 | 32 | 102 |
| 8 | റെഡിമെയ്ഡ് വസ്ത്രം | 9 | 42 | 98 | 140 |
| 9 | പരമ്പരാഗത വ്യവസായം | 8 | 155 | 175 | 330 |
| 10 | മറ്റിനങ്ങൾ | 18 | 204 | 522 | 726 |
| | ആകെ | 85 | 614 | 873 | 1487 |

ചെറുകിട മേഖല നാളികേരം, മരം, ഭക്ഷ്യഉല്പന്നങ്ങൾ എന്നിവയെ ആശ്രയിച്ചാണ് പ്രവർത്തിക്കുന്നത്, ഭൂരിപക്ഷം യൂണിറ്റുകളും കാർഷിക മേഖലയുമായി ബന്ധപ്പെട്ടതാണ്.

വിവിധ മേഖലകളിലെ കൂലിനിരക്ക് താഴെകൊടുക്കുന്നു.

| ക്രമ നമ്പർ | ഇനം | കൂലിനിരക്ക് | |
|---|---|---|---|
| | | പുരുഷൻ | സ്ത്രീ |
| 1. | കൊപ്രാ സംഭരണം | 60-00 | - |
| 2. | തടി വ്യവസായം | 70-00 | - |
| 3. | അച്ചടി | 40-00 | 28-00 |
| 4. | ഐസ് ഫാക്ടറി | 60-00 | - |
| 5. | അച്ചാർ | 50-00 | 20-00 |
| 6. | ബേക്കറി | 70-00 | 35-00 |
| 7. | ആയുർവ്വേദം | 50-00 | 40-00 |
| 8. | ഭക്ഷ്യധാന്യം പൊടിക്കൽ | 50-00 | - |
| 9. | കറി പൗഡർ | 65-00 | 20-00 |
| 10. | എൻജിനിയറിംഗ് | 70-00 | - |

## പ്രശ്നങ്ങൾ:

ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം വ്യവസായ വളർച്ചയ്ക്ക് ആവശ്യമായ ഉയർന്ന തോതിലുള്ള സാക്ഷരത, ഉയർന്ന ആരോഗ്യ പരിരക്ഷ, വാർത്താവിനിമയ സൗകര്യങ്ങൾ, ഗതാഗത സൗകര്യം, ജനക്ഷേമ പ്രവർത്തനങ്ങൾ, ഉയർന്ന ഉപഭോഗനിലവാരം, സുഖസൗകര്യങ്ങളോടെ ജീവിക്കാനുള്ള തല്പരത എന്നിങ്ങനെയുള്ള അനുകൂല ഘടകങ്ങൾ ലഭ്യമാണ്. എന്നിട്ടും വേണ്ടത്ര വ്യവസായ വളർച്ച കൈവരിക്കാൻ കഴിയാത്തതിന് കാരണമായി ചൂണ്ടിക്കാണിക്കുവാനുള്ളത് താഴെപ്പറയുന്ന കാര്യങ്ങളാണ്.

1. സാങ്കേതിക പരിജ്ഞാനക്കുറവ്.
2. വിപണന സാദ്ധ്യതക്കുറവ്.
3. ധനസഹായം കിട്ടുന്നതിനുള്ള സാങ്കേതിക ബുദ്ധിമുട്ട്.
4. പരമ്പരാഗത വ്യവസായ മേഖലകളിലെ തൊഴിലാളികൾക്കും കൈത്തൊഴിലാളികൾക്കും പരിശീലനം നൽകുന്നതിനുള്ള സംവിധാനമില്ലായ്മ.
5. ഫലപ്രദമായ സംസ്കരണസംവിധാനത്തിന്റെയും, മാർക്കറ്റിംഗ് ശൃംഖലകളുടെയും അഭാവം.
6. പല മേഖലകളിലെയും കുറഞ്ഞകൂലി നിരക്ക്.

## സാദ്ധ്യതകൾ:

താലൂക്കിൽത്തന്നെ വിദ്യാസമ്പന്നതയിൽ മുന്നിൽ നില്ക്കുന്ന നമ്മുടെ പഞ്ചായത്തിൽ വ്യവസായ വികസനത്തിന് വളരെയേറെ സാദ്ധ്യതകളുണ്ട്. പ്രത്യേകിച്ചും സ്ത്രീകൾക്ക്, വിദഗ്ദമായ പരിശീലനം നൽകി, ആവശ്യമായ സാഹചര്യങ്ങൾ ഒരുക്കിക്കൊടുത്ത് വ്യവസായ മേഖല വികസിപ്പിച്ചാൽ ഉല്പാദനരംഗത്ത് ഗണ്യമായ വർദ്ധനവുണ്ടാക്കുവാനും തൊഴിൽ അവസരങ്ങൾ വൻതോതിൽ ഉയർത്തുവാനും കഴിയും.

ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന ഇതുസംബന്ധിച്ച നിർദ്ദേശങ്ങൾ താഴെകൊടുക്കുന്നു:

1. പഞ്ചായത്തിൽ സുലഭമായി ലഭിക്കുന്ന ഏത്തക്കായ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ചിപ്സ് യൂണിറ്റുകൾ ആരംഭിക്കുക.
2. ക്ഷീരവ്യവസായവും, ക്ഷീരോല്പന്ന നിർമ്മാണ വ്യവസായ യൂണിറ്റുകളും ആരംഭിക്കുക.
3. കൂടുതൽ മെറ്റൽക്രഷർ യൂണിറ്റുകൾ ആരംഭിക്കുക.
4. കുരുമുളക് പൊടി, അച്ചാർ എന്നിവ നിർമ്മിക്കുന്നതിനുള്ള കുരുമുളക് സംസ്കരണ യൂണിറ്റും, മറ്റ് കാർഷികോല്പന്നങ്ങൾ സംസ്കരിക്കുന്നതിനുള്ള വ്യവസായ യൂണിറ്റുകളും ആരംഭിക്കുക.
5. റെഡിമെയ്ഡ് വസ്ത്രനിർമ്മാണ യൂണിറ്റുകൾ കൂടുതൽ ആരംഭിക്കുക.
6. സിമന്റ്, ഇഷ്ടിക നിർമ്മാണശാലകൾ ആരംഭിക്കുക.
7. കാലിത്തീറ്റ ഫാക്ടറി ആരംഭിക്കുക.
8. ജൈവ വള നിർമ്മാണശാല ആരംഭിക്കുക.
9. എല്ലുപൊടി നിർമ്മാണ ഫാക്ടറി ആരംഭിക്കുക.
10. അടയ്ക്കാ സംസ്കരണം തുടങ്ങുക.
11. കാർഡ്ബോർഡ് പെട്ടികൾ തുടങ്ങിയവ നിർമ്മിക്കുന്നതിനുള്ള യൂണിറ്റ് തുടങ്ങുക.
12. ഇലക്ട്രോണിക് ഉല്പന്നങ്ങൾ നിർമ്മിക്കുവാനുള്ള നടപടികളുണ്ടാവുക.
13. മരക്കുറ്റികൾ, തുടങ്ങിയവ കൊണ്ടുള്ള കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിനുള്ള യൂണിറ്റുകൾ ആരംഭിക്കുക.

14. ചകിരി, ചകിരി, വാഴനാര്, കൈതനാര് എന്നിവകൊണ്ടു ള്ള കരകൗശല വസ്തു നിർമ്മാണശാല ആരംഭിക്കാവുന്നതാണ്.

### നിർദ്ദേശങ്ങൾ:

1. വ്യവസായം തുടങ്ങുന്നതിന് താല്പര്യമുള്ളവരുടെ ഒരു പട്ടിക തയ്യാറാക്കുന്നതിന് പഞ്ചായത്തിൽ ആവശ്യമായ പരസ്യം നൽകി വിവരങ്ങൾ ശേഖരിച്ച്, അതിൽ നിന്നും വ്യവസായ സംരംഭകരെ തിരഞ്ഞെടുക്കുന്നതിന് വിദഗ്ധ പരിശീലനം നൽകുക.

2. ഇങ്ങനെ കണ്ടെത്തുന്ന വ്യവസായ സംരഭകർക്ക് ആവശ്യമായ പ്രോത്സാഹനം നിരന്തരം നൽകുവാനും, വ്യവസായങ്ങൾ ആരംഭിക്കുന്നതിനും പ്രായോഗികമായി അവ മുന്നോട്ടുകൊണ്ടുപോകുവാനുമുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കപ്പെടണം. ഇതിലേക്കായി ഒരു സ്ഥിരം മോണിറ്ററിംഗ് സംവിധാനത്തിന് രൂപം നൽകുക.

3. വിദ്യുച്ഛക്തി യഥാവസരം ലഭ്യമാക്കുന്നതിനുള്ള നടപടി ഉണ്ടാവണം.

4. ജനപങ്കാളിത്തം ഉറപ്പാക്കുവാൻ സഹകരണ മേഖലയിലെ വ്യവസായ സംരഭങ്ങൾക്ക് കൂടുതൽ പ്രധാന്യം നൽകണം. ഇതിനാവശ്യമായ സമ്പത്ത് വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് കണ്ടെത്തണം. ഗ്രാമ പഞ്ചായത്ത് മുൻകയ്യെടുത്ത് വിഭവസമാഹരണം നടത്തണം. ജനങ്ങളുടെ സഹകരണത്തോടെ സ്ഥലവും മറ്റ് പശ്ചാത്തല സൗകര്യങ്ങളും സംഘടിപ്പിക്കണം. തെരഞ്ഞെടുക്കപ്പെടുന്ന, തല്പരരായവർക്ക് വിദഗ്ധ പരിശീലനം ലഭ്യമാക്കണം.

5. താല്പര്യമുള്ള സ്വകാര്യ വ്യവസായ സംരംഭകർക്ക് ആവശ്യമായ സഹായവും പിന്തുണയും നൽകണം.

6. സ്ത്രീകൾക്ക് കൂടുതൽ തൊഴിലവസരം പ്രദാനം ചെയ്യുന്നതിനായി വനിതാ വ്യവസായ സഹകരണ സംഘങ്ങൾക്ക് രൂപം നൽകണം.

7. ഇലക്ട്രോണിക് ഉപകരണങ്ങളായ ചോക്ക്, സ്റ്റെബിലൈസർ, വിവിധയിനം മോട്ടോറുകൾ തുടങ്ങിയവയുടെ വൻതോതിലുള്ള നിർമ്മാണം സാദ്ധ്യമാകത്തക്കവിധം പഞ്ചായത്തിൽ സൗകര്യപ്രദമായ സ്ഥലത്ത് ഒരു 'ഇലക്ട്രോണിക് പാർക്ക്' എന്ന സംരഭം ആരംഭിക്കുക. ഇതിന്റെ കീഴിൽ അഞ്ച് കി.മീറ്റർ ചുറ്റളവിനുള്ളിൽ പ്രവർത്തിക്കുന്ന വിധത്തിൽ 50 യൂണിറ്റുകളെങ്കിലും തുടങ്ങുവാനും തെരഞ്ഞെടുക്കുന്ന ഇവയ്ക്ക് ധനസഹായം നൽകി ഗുണമേന്മയുള്ള ഉല്പന്നങ്ങൾ നിർമ്മിക്കുവാനും കഴിയും.

8. ഇഞ്ചി, കുരുമുളക്, ഏലം, ഈ അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നത് അഭികാമ്യമാണ്. റബ്ബർ, കൊപ്ര, എന്നീ അസംസ്കൃത വസ്തുക്കൾകൊണ്ട് ഉപയോഗിക്കുന്ന വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നതും അഭികാമ്യമാണ്.

മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ ചർച്ചയുടെ അടിസ്ഥാനത്തിൽ മുൻഗണനാക്രമം നിശ്ചയിച്ച് നടപ്പിലാക്കിയാൽ നമ്മുടെ പഞ്ചായത്തിൽ അടുത്ത ഏതാനും വർഷങ്ങൾക്കുള്ളിൽ ചെറുകിട വ്യവസായരംഗത്ത് ഒരു വൻമുന്നേറ്റം തന്നെ ഉണ്ടാക്കുവാൻ കഴിയും. നമുക്ക് അത്യാവശ്യമായ ട്ടേറെ നിത്യോപയോഗ സാധനങ്ങൾ പ്രാദേശികമായ ലഭ്യമാക്കുവാൻ കഴിയുന്നതിലൂടെ, അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്നതിന് അറുതിവരുത്താനാവും. മാത്രമല്ല സാമ്പത്തിക വളർച്ചക്ക് വലിയൊരളവോളം സഹായകരമാവുകയും ചെയ്യും. ആളോഹരി വരുമാനം വർദ്ധിക്കുന്നതോടെ ജനങ്ങളുടെ സാമൂഹ്യ,സാംസ്കാരിക, സാമ്പത്തിക പുരോഗതിക്ക് ആക്കംകൂടുകയും പുതിയ സാമൂഹ്യ ജീവിതാനുഭവങ്ങളും, വികസന സാക്ഷരതയും വളർന്നുവരാൻ കാരണമാകുകയും ചെയ്യും.

5-4



# വിദ്യാഭ്യാസം

**1950** കളിൽ കറുളങ്ങാട്-കുട്ടമംഗലം പഞ്ചായത്തിന്റെ ആറാം വാർഡായിരുന്നു ഇന്നത്തെ അടിമാലി ഗ്രാമ പഞ്ചായത്ത്. പഞ്ചായത്ത് പ്രസിഡന്റായിരുന്ന കെ.എം. ചെറിയാൻ അടിമാലയിൽ ആദ്യമായി ഒരു സ്കൂൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ആദിവാസികളായ മന്നാൻ സമുദായക്കാർ-മന്നൻ നാരായണന്റെ നേതൃത്വത്തിൽ ഇന്നത്തെ അടിമാലി ടൗണിൽ-താലൂക്ക് ആശുപത്രിയുടെ പടിഞ്ഞാറുവശമായി സ്കൂളിനുവേണ്ടി ഒരു ഷെഡ്, ഈറ്റയും മുളയും ഈറ്റയിലയും ഉപയോഗിച്ച് സൗജന്യമായി നിർമ്മിച്ചു കൊടുത്തു. 1950ൽ തിരു-കൊച്ചി ഗവൺമെന്റ് മന്നാങ്കണ്ടം എൽ.പി. സ്കൂളായി അംഗീകരിച്ചു. ആ സ്കൂളാണ് 1980ൽ അടിമാലി ഗവൺമെന്റ് ഹൈസ്കൂളായി ഉയർന്ന അടിമാലിയിലെ ആദ്യത്തെ വിദ്യാലയം. തുടർന്ന് മച്ചിപ്ലാവിൽ ഒരു ഗവ. എൽ. പി. സ്കൂൾ ആരംഭിച്ചു. 1962ൽ കൂമ്പൻപാറയിൽ പ്രൈവറ്റ് മേഖലയിൽ ഫാത്തിമ മാതാ എൽ. പി. സ്കൂൾ ആരംഭിച്ചു. 1964ൽ പഞ്ചായത്തിൽ ശ്രീ. സി. കെ. നാരായണൻ, ഉൾപ്പെടെ നാട്ടുകാരുടെയും, എസ്. എൻ. ഡി. പി. പ്രവർത്തകരുടെയും ശ്രമഫലമായി ആദ്യത്തെ ഹൈസ്കൂൾ ഉണ്ടായി. അതാണ് എസ്. എൻ. ഡി. പി. ഹൈസ്കൂൾ. 271.53 ച: കി: മീ. വിസ്തൃതിയുള്ള അടിമാലി ഗ്രാമ പഞ്ചായത്തിലെ ഭൂരിഭാഗം പ്രദേശങ്ങളും റിസർവ് വനവും ഗിരിവർഗ സെറ്റിൽമെന്റുകളുമാണ്. 1991ലെ സെൻസസ് കണക്ക് അനുസരിച്ച് ഈ പഞ്ചായത്തിലെ ജനസംഖ്യ 30041ഉം കുടുംബങ്ങൾ 6711ഉം ആണ്. ആരോഗ്യ-വ്യവസായ മേഖലകളിലെന്നപോലെ, വിദ്യാഭ്യാസ മേഖലയിലും അടിമാലി ഗ്രാമ പഞ്ചായത്ത് തുലോം പിന്നിലാണ്. ജനസംഖ്യയിൽ 30% ആളുകൾ-പ്രത്യേകിച്ചും പട്ടികവർഗക്കാർ-നിരക്ഷരരാണ്. സാക്ഷരതാ പ്രവർത്തനത്തിന്റെ സദ്ഫലങ്ങൾ അപ്രത്യക്ഷമായിരിക്കുന്നു. പഞ്ചായത്തിലെ രണ്ടുമൂന്നു വാർഡുകളിൽ ഒഴികെ ഗിരിവർഗക്കാരുടെ സംഖ്യ നിർണ്ണായകമാണ്. വനമധ്യത്തിൽ റോഡും യാത്രാസൗകര്യങ്ങളുമില്ലാതെ ഒറ്റപ്പെട്ട ദാരിദ്ര്യ തുരുത്തുകളിൽ ജീവിക്കുന്ന ഗിരിവർഗക്കാർക്ക് പ്രാഥമിക വിദ്യാഭ്യാസത്തിനുള്ള സൗകര്യംപോലും വിദൂര സ്വപ്നമാണ്.

ജനസംഖ്യയിലും ഭൂവിസ്തൃതിയിലും മുന്നിട്ടുനിൽക്കുന്ന സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്തായ അടിമാലി ഗ്രാമ പഞ്ചായത്തിൽ ഗവൺമെന്റ് മേഖലയിലും സ്വകാര്യ മേഖലയിലും ആയി (ഒരു അൺ എയിഡഡ് പുറമേ) ആകെ ഒൻപത് സ്കൂളുകൾ മാത്രമാണുള്ളത്. ശരാശരി 745 കുടുംബങ്ങൾക്ക് ഒരു സ്കൂൾ-3333 ജനങ്ങൾക്ക് ഒരു സ്കൂൾ-പതിനായിരത്തോളം വരുന്ന ഗിരിജനങ്ങൾക്കുവേണ്ടി ഒരു യു. പി. സ്കൂളും ഒരു എൽ.പി. സ്കൂളും. ഈ പഞ്ചായത്തിലെ പൊതു വിദ്യാഭ്യാസ രംഗം ഏതു നിലവാരത്തിൽ എത്തിനിൽക്കുന്നു എന്നതിന്റെ സൂചനകളാണ് മേൽപറഞ്ഞിരിക്കുന്നത്. അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന ആറു വിദ്യാലയങ്ങളിൽ ഏഴാം സ്റ്റാൻഡേർഡ് വരെയുള്ള കുട്ടികളെ പഠിപ്പിക്കുന്നുണ്ട്. ദേവിയാർ-ജി.എച്ച്.എസ്., അടിമാലി-എസ്.എൻ.ഡി.പി.എച്ച്.എസ്. ഇവയോടു ചേർന്ന് തൊഴിലധിഷ്ഠിത ഹയർ സെക്കൻഡറി സ്കൂളുകളും പ്രവർത്തിക്കുന്നു. പഞ്ചായത്തിലെ ആകെ ഒൻപതു വിദ്യാലയങ്ങളിൽ അടിമാലി ഗവൺമെന്റ് ടെക്നിക്കൽ ഹൈസ്കൂളും ഉൾപെടുന്നു.

അടിമാലി ഗ്രാമ പഞ്ചായത്തിൽ എസ്.എസ്.എൽ.സി. മുതൽ എം.എ., എം.കോം. വരെ ക്ലാസ്സു നടത്തുന്ന നാലു പാരലൽ കോളജുകളുണ്ട്. അവയിൽ ഒന്ന് ദേവികുളം താലൂക്ക് കോ-ഓപ്പറേറ്റീവ് കോളജ് സൊസൈറ്റിയാണ് നടത്തുന്നത്. ഒരെണ്ണം കോൺവെന്റ് വകയായി, പെൺകുട്ടികൾക്കുവേണ്ടി മാത്രമുള്ളതാണ്. രണ്ടെണ്ണം സ്വകാര്യ വ്യക്തികൾ നടത്തുന്നു. കാൽ നൂറ്റാണ്ടായി വിജയകരമായി പ്രവർത്തിക്കുന്ന വിക്ടറി കോളജിന് സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ട്. കോ-ഓപ്പറേറ്റീവ് കോളജിനും സ്വന്തം സ്ഥലവും കെട്ടിടവും ഉണ്ട്.

അടിമാലി പഞ്ചായത്തിലും സമീപത്തുള്ള പഞ്ചായത്തുകളിലുമായി പ്രവർത്തിക്കുന്ന 22 ഹൈസ്കൂളുകളിൽനിന്ന് എസ്.എസ്.എൽ.സി. പാസ്സാകുന്ന വിദ്യാർഥികളിൽ കോളജു വിദ്യാഭ്യാസം ആഗ്രഹിക്കുന്നവരിൽ ഭൂരിഭാഗവും, ആഗ്രഹം അമർത്തി, ഉപരി വിദ്യാഭ്യാസത്തിനു ചരമക്കുറിപ്പെഴുതുന്നു. കാരണം, 65 കി.മീറ്റർ, 50 കി.മീ. അകലെയാണ് രണ്ടു സ്വകാര്യ കോളജുകളുള്ളത്. അടിമാലിയിൽനിന്ന് മുപ്പതു കിലോമീറ്റർ അകലെ മൂന്നാറിൽ ഒരു ഗവൺമെന്റ് കോളജ് പ്രവർത്തിക്കുന്നുണ്ടെന്നത് വിസ്മരിക്കുന്നില്ല. അടിമാലി ഗ്രാമ പഞ്ചായത്ത് കേന്ദ്രമാക്കി നാലു സ്ഥലങ്ങളിൽ കോളജിനുവേണ്ടി കോടിക്കണക്കിനു രൂപ വിലയുള്ള സ്ഥലവും ഒരുക്കി അപേക്ഷയും സമർപിച്ച്-നാലു വിവിധ വിദ്യാഭ്യാസ ഏജൻസികൾ കാത്തിരിപ്പു തുടങ്ങിയിട്ട് വർഷങ്ങൾ ഏറെയായി. ഒൻപതാം പദ്ധതിക്കാലത്തെങ്കിലും ഈ സ്വപ്നം സാക്ഷാൽകരിക്കുമെന്ന് ഈ പ്രദേശത്തെ ജനങ്ങൾ പ്രതീക്ഷയിലാണ്.

കോളജിനുവേണ്ടി കാത്തിരുന്നവർക്ക് പേരിനൊരു കോളജ് കിട്ടി-ഒരു സ്വാശ്രയ ബി.എഡ് കോളജ്. സാധാരണക്കാരായ തദ്ദേശവാസികൾക്ക് ഇത് പ്രത്യേക പ്രയോജനം ഒന്നും ചെയ്യുന്നില്ല.

ഇരുന്നൂറേക്കർ കേന്ദ്രമായി രണ്ടു ഐ.ടി.സി.കളുണ്ട്. മൂന്നു കംപ്യൂട്ടർ ട്രെയിനിങ് സെൻററുകളും രണ്ടുമൂന്നു തയ്യൽ പരിശീലന കേന്ദ്രങ്ങളും അംഗീകൃതവും അല്ലാത്തതും ആയ ചില നേഴ്സറി സ്കൂളുകൾ, അംഗൻവാടികൾ എന്നിവയുംകൂടി ചേർത്താൽ അടിമാലി ഗ്രാമ പഞ്ചായത്തിലെ വിദ്യാഭ്യാസ മേഖലയുടെ ചിത്രം പൂർത്തിയാകുന്നു.

271.53 ച.കി.മീറ്റർ വിസ്തൃതിയുള്ള അടിമാലി ഗ്രാമ പഞ്ചായത്തിലെ ഒരു വാർഡിൽതന്നെ നാലു ഹൈസ്കൂളുകളും സ്ഥാപിക്കപ്പെട്ടിരിക്കുന്നു. ഒരു കി.മീ. അകലെ മറ്റൊരു ഹൈസ്കൂളും. രണ്ടു ച.കി.മീറ്ററിനുള്ളിൽ അഞ്ചു ഹൈസ്കൂളുകൾ. ബാക്കി 255 ച.കി.മീറ്ററിന് ഒരു ഹൈസ്കൂളും രണ്ടു യു.പി. സ്കൂളുകളും രണ്ടു എൽ.പി. സ്കൂളുകളും. വിദ്യാഭ്യാസ മേഖലയിലെ അസമമായ സ്ഥാപന വിതരണവും ആസൂത്രണത്തിലെ വൈകല്യങ്ങളും പ്രദേശങ്ങളും സ്ഥാപനങ്ങളും അസന്തുലിതമായി നിലനിൽക്കുന്നതിന് ഒരു കാരണമായിത്തീർന്നിട്ടുണ്ട്.

വിദ്യാഭ്യാസത്തെക്കുറിച്ചുള്ള ഭരണഘടനാ വാഗ്ദാനങ്ങളും ദേശീയ ലക്ഷ്യങ്ങളും സോഷ്യലിസ്റ്റ് സങ്കൽപങ്ങളും ഈ ഗ്രാമ പഞ്ചായത്തിൽ വിദ്യാലയങ്ങൾ ആരംഭിച്ചതിലും അംഗീകരിച്ചതിലും പ്രതിഫലിച്ചുകാണുന്നില്ല. വിദ്യാഭ്യാസം നേടേണ്ടവർക്കുവേണ്ടിയല്ല, അവ നടത്തുന്നവർക്കുവേണ്ടിയാണ് അനുവദിച്ചിരിക്കുന്നത് എന്ന് ഒറ്റനോട്ടത്തിൽ തോന്നാം.

അടിമാലി ഗവൺമെൻറ് ഹൈസ്കൂളിലും അതിനും മുൻപുതന്നെ എസ്.എൻ.ഡി.പി. ഹൈസ്കൂളിലും വിദ്യാർഥികളുടെ എണ്ണം ക്രമമായി കുറഞ്ഞുകൊണ്ടിരിക്കുകയാണ്. എന്നാൽ, ദേവിയാർ ഹൈസ്കൂളിൽ കുട്ടികളുടെ എണ്ണം കുറയുന്നില്ല. ആദ്യത്തെ രണ്ടു വിദ്യാലയങ്ങളിൽ എസ്.എസ്.എൽ.സി. വിജയ ശതമാനം കുറവായിക്കൊണ്ടിരുന്നപ്പോൾ, പെൺകുട്ടികളിൽ ഭൂരിഭാഗവും കൂമ്പൻപാറ എഫ്.എം.ജി.എച്ച്.എസ്സിലും ആൺകുട്ടികൾ മാങ്കടവ്, കല്ലാർകുട്ടി തുടങ്ങി മറ്റു പഞ്ചായത്തുകളിലുള്ള ഹൈസ്കൂളുകളിലേക്കും പഠനത്തിനായി പോകുന്ന പ്രവണത തുടങ്ങി. ആരംഭകാലത്ത് അസൂയാവഹമായ വിജയ ശതമാനം പുലർത്തിയ എസ്.എൻ.ഡി.പി. ഹൈസ്കൂളിന്റെ അപചയത്തിൽ, മാനേജ്മെൻറിനും അദ്ധ്യാപകർക്കും തുല്യ പങ്കാളിത്തമുണ്ട്.

എല്ലാ പ്രതികൂല സാഹചര്യങ്ങളിലും സാമാന്യം നല്ല നിലവാരം പുലർത്തിയിരുന്ന അടിമാലി ഗവൺമെൻറ് ഹൈസ്കൂൾ, ഇന്ന് എല്ലാ നിലയിലും അധോഗതിയിലാണ്. വിജയ ശതമാനം ക്രമമായി കുറഞ്ഞ് ഇന്ന് 20 ശതമാനത്തിൽ എത്തിനിൽക്കുന്നു. ദേവിയാർ ഗവൺമെൻറ് ഹൈസ്കൂളിലും എസ്.എസ്.എൽ.സി. വിജയ ശതമാനം 20 ശതമാനത്തിൽ ചുറ്റിത്തിരിയുന്നു.

അക്കാദമിക് തലത്തിലും കായിക-കലാ രംഗത്തും സംസ്ഥാനതലത്തിൽ ശ്രദ്ധ പിടിച്ചുപറ്റിയ അടിമാലി ഗവൺമെൻറ് ടെക്നിക്കൽ ഹൈസ്കൂൾ, വർഷങ്ങളായി മൽസ്യമാർക്കറ്റിലും പിന്നീട് ചില പീടികമുറികളിലുമായി കുരുങ്ങിക്കിടക്കുകയാണ്. മാറിമാറിവന്ന സർക്കാരുകളോ പഞ്ചായത്ത് ഭരണസമിതികളോ ഈ സ്ഥാപനത്തിന്റെ പ്രാധാന്യവും പ്രാഗൽഭ്യവും പരിഗണിച്ചതേയില്ല.

അടിമാലി ടൗണിൽനിന്ന് നാലു കിലോമീറ്റർ അകലത്തിലും 2500' ഉയരത്തിലും സ്ഥിതിചെയ്യുന്ന മന്നാങ്കണ്ടം ഗവൺമെൻറ് ട്രൈബൽ യു.പി. സ്കൂളും അവഗണനയുടെ ബലിമൃഗമാണ്. 1982ൽ യു.പി. സ്കൂളായി ഉയർത്തിയ ഈ സ്ഥാപനത്തിന് യു.പി. വിഭാഗം ക്ലാസ്സുകൾ നടത്തുന്നതിന് '82ൽ ഗിരിവർഗ രക്ഷിതാക്കൾ താൽകാലികമായുണ്ടാക്കിയ ഷെഡ് തന്നെയാണ് ആശ്രയം.

പെട്ടിമുടി ട്രൈബൽ സ്കൂൾ, വിദ്യാർഥികളുടെ അഭാവം മൂലം നാശത്തിന്റെ വക്കിലാണ്. കുട്ടികളെ സ്കൂളിൽ അയക്കുന്നതിൽ ഗിരിവർഗ രക്ഷിതാക്കൾ അലംഭാവം കാണിക്കുന്നു. അജ്ഞതയും നിരക്ഷരതയും രക്ഷകർത്താക്കളെ കുട്ടികളുടെ വിദ്യാഭ്യാസ കാര്യത്തിൽ പ്രോൽസാഹിപ്പിക്കുന്നതിൽനിന്നു തടയുന്നു.

അൺ എയിഡഡ് സ്കൂളായ എസ്.വി.വി. ഇംഗ്ലീഷ് മീഡിയം സ്കൂളിൽ സമൂഹത്തിലെ താരതമ്യേന ഉയർന്ന സാമ്പത്തിക സ്ഥിതിയും വിദ്യാഭ്യാസവും ഉള്ള രക്ഷിതാക്കൾ കുട്ടികളെ അയക്കുന്ന ജില്ലാതലത്തിൽ കലാ സാഹിത്യ മൽസരങ്ങളിൽ ശ്രദ്ധേയമായ നേട്ടങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്.

എയിഡഡ് സ്കൂളായ ഫാത്തിമ മാതാ ഗേൾസ് ഹൈസ്കൂൾ അക്കാദമിക് രംഗത്തും കലാ സാഹിത്യ മൽസരങ്ങളിലും മികച്ചുനിൽക്കുന്നു. എസ്.എസ്.എൽ.സി. വിജയ ശതമാനം നൂറോ അതിനു അടുത്തോ ആണ്.

വിദ്യാലയങ്ങളിലെ വിദ്യാഭ്യാസ നിലവാരം വിലയിരുത്തുമ്പോൾ, ആ വിദ്യാലയങ്ങളിലെ സാമൂഹ്യ നിലവാരം പലരും ശ്രദ്ധിക്കാറില്ല. 1768 കുട്ടികൾ പഠിക്കുന്ന കൂമ്പൻപാറ സ്കൂളിൽ എസ്.സി./എസ്.ടി. വിഭാഗത്തിൽ 63 വിദ്യാർഥികൾ ഉണ്ട്. എന്നാൽ, 1319 കുട്ടികൾ ഉള്ള അടിമാലി ജി.എച്ച്.എസ്സിൽ എസ്.സി./എസ്.ടി. വിഭാഗത്തിൽ 134 വിദ്യാർഥികളുണ്ട്. 1089 കുട്ടികളുള്ള ദേവിയാർ എച്ച്.എസ്സിൽ 163 എസ്./എസ്.ടി. കുട്ടികൾ പഠിക്കുന്നുണ്ട്. 224 കുട്ടികൾ പഠിക്കുന്ന എസ്. എൻ. ഡി. പി. എച്ച്. എസിൽ 52 എസ്. സി./ എസ്. ടി. കുട്ടികളുണ്ട്. ഇത്തരം ചില താരതമ്യ പഠനങ്ങൾ വിദ്യാഭ്യാസ-വിജയ നിലവാരത്തിലേക്ക് വിരൽ ചൂണ്ടുന്നു.

വിദ്യാലയങ്ങളുടെ മെച്ചമായ ഭൗതിക സാഹചര്യം, പഠന നിലവാരവും വിജയ ശതമാനവും ഉയർത്താൻ സഹായിക്കും. അടിമാലി, ദേവിയാർ ഗവൺമെൻറ് സ്കൂളുകളിൽ ക്ലാസ് മുറികൾ ആവശ്യത്തിന് ഇല്ലാത്തതുമൂലം സെഷണൽ സിസ്റ്റവും ഷിഫ്റ്റും നിലനിൽക്കുന്നു. ടെക്നിക്കൽ ഹൈസ്കൂൾ പീടിക മുറികളിൽ-വാടകയ്ക്ക് ഞെരുങ്ങിയിരിക്കുന്നു. മന്നാങ്കണ്ടം ട്രൈബൽ യു.പി. സ്കൂളിൽ 5, 6, 7 സ്റ്റാൻഡേർഡുകൾ നടത്താൻ സ്ഥലമില്ല. അടിമാലി ഗവൺമെൻറ് ഹൈസ്കൂളിന് കളിസ്ഥലം ഉണ്ട്. ഒരു സ്കൂളിനും ചുറ്റുമതിൽ ഇല്ല. അദ്ധ്യാപകർക്കും വിദ്യാർഥികൾക്കും പ്രാഥമികാവശ്യങ്ങൾ നിർവഹിക്കുന്നതിന് സൗകര്യങ്ങൾ പല സ്കൂളുകളിലും ഇല്ല. ആവശ്യത്തിന് ഉപകരണങ്ങളും ഇല്ല. ഇല്ലായ്മകൾക്കിടയിലും ശരാശരി നിലവാരത്തിൽ ഈ വിദ്യാലയങ്ങളെ കൊണ്ടുപോകാൻ പി.ടി.എ.കൾക്കു കഴിയും. എല്ലാ വിദ്യാലയങ്ങളിലും പി.ടി.എ. രൂപീകരിച്ചിട്ടുണ്ട് എങ്കിലും നല്ല രീതിയിലുള്ള പി.ടി.എ. ഇടപെട

ലും നേതൃത്വവും സഹായവും ഒന്നുരണ്ടു സ്കൂളുകളിൽ മാത്രമേ ഉണ്ടാകുന്നുള്ളൂ.

ഹൈസ്കൂളുകളിൽ ലൈബ്രറികൾ പേരിനുണ്ട്. അവയ്ക്ക് പ്രത്യേക വായനാമുറികളില്ല. പുസ്തക വിതരണമോ വായനാശീലം കുട്ടികളിൽ വളർത്തുന്നതിനുള്ള ശ്രമമോ ഭാഗികമായേ നടക്കുന്നുള്ളൂ. ഉള്ള ലാബറട്ടറികളും അവയിലെ ഉപകരണങ്ങളും വേണ്ടവിധം പ്രയോജനപ്പെടുത്തുന്നുമില്ല. സ്കൂളുകളിലെ അനുകൂലമല്ലാത്ത ഭൗതിക സാഹചര്യങ്ങളും അദ്ധ്യാപകരിൽ കുറെ പേരുടെയെങ്കിലും അലംഭാവവും രക്ഷകർത്താക്കളുടെ സാമൂഹ്യ-സാമ്പത്തിക പിന്നോക്കാവസ്ഥയും വിദ്യാർഥി സമൂഹത്തിന്റെ അച്ചടക്കരാഹിത്യവും എല്ലാം ചേർന്ന് അടിമാലി ഗ്രാമ പഞ്ചായത്തിലെ വിദ്യാഭ്യാസ രംഗം അത്രയൊന്നും ആശാസ്യമല്ലാത്തതാക്കിയിരിക്കുന്നു. വിദ്യാഭ്യാസ രംഗത്തിന്റെ മൊത്തം സ്ഥിതി ചില കണക്കുകളിലൂടെ പരിശോധിക്കാം.

## സ്കൂളുകളുടെ പൊതുവിവരം-96-97

| ക്രമ നമ്പർ | പേര് | Govt./aided | L.P/U.P. H.S. | വിദ്യാർഥികളുടെ എണ്ണം | | | SC/ST കുട്ടികൾ | | | അദ്ധ്യാപകർ | | | SC/ST ശതമാനം |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | B. | G. | T. | B. | G. | T. | [illegible] | ഉള്ളത് | [illegible] | |
| 1. | ഗവ: എൽ.പി. സ്കൂൾ പെരുമ്പുപാലം | ഗവ. | എൽ.പി. | 200 | 153 | 353 | 85 | 45 | 130 | 10 | 8 | 2 | 36.8 |
| 2. | ഗവ: യു.പി. സ്കൂൾ മച്ചിപ്ലാവ് | ഗവ. | യു.പി. | 200 | 207 | 407 | 57 | 68 | 125 | 13 | 12 | 1 | 30.[illegible] |
| 3. | എസ്.എൻ.ഡി.പി.എച്ച്.എസ്. അടിമാലി | എയിഡഡ് | ഹൈസ്കൂൾ | 154 | 70 | 224 | 31 | 21 | 52 | 12 | 12 | 0 | 23.2 |
| 4. | എഫ്.എം.ജി.എച്ച്.എസ്. കൂമ്പൻപാറ | എയിഡഡ് | ഹൈസ്കൂൾ | 518 | 1220 | 1768 | 15 | 48 | 63 | 48 | 48 | 0 | 3.5 |
| 5. | ജി.എച്ച്.എസ് അടിമാലി | ഗവ: | ഹൈസ്കൂൾ | 797 | 522 | 1319 | 80 | 98 | 178 | 40 | 38 | 2 | 13.5 |
| 6. | ജി.വി.എച്ച്.എസ്. ദേവികൾ കോളനി | ഗവ: | ഹൈസ്കൂൾ | 558 | 531 | 1089 | 71 | 92 | 163 | 9 | 36 | 3 | 15.0 |
| 7. | ടി.എച്ച്.എസ്. അടിമാലി | ഗവ: | ഹൈസ്കൂൾ | 105 | 21 | 126 | 8 | 1 | 9 | 34 | 17 | 17 | 8.5 |
| 8. | ജി.ടി.യു.പി.എസ്. മന്നാങ്കണ്ടം | ഗവ. | യു.പി. | 101 | 93 | 194 | 101 | 93 | 194 | 10 | 8 | 2 | 100 |
| 9. | ജി.ടി.എൽ.പി.എസ്. പട്ടിമുടി | ഗവ: | എൽ.പി. | 22 | 18 | 40 | 22 | 18 | 40 | 4 | 3 | 1 | 100 |

## സാമ്പത്തികാനുകൂല്യങ്ങളുടെ വിവരം 96-97

| ക്രമ നമ്പർ | പേര് | ലംപ്സം ഗ്രാന്റ് | മെറിറ്റ് സ്കോളർ ഷിപ്പ് | മുസ്ലീം ഗേൾസ് സ്കോളർ ഷിപ്പ് | വികലാംഗ സ്കോളർ ഷിപ്പ് | ഗ്രാന്റ് ശതമാനം |
|---|---|---|---|---|---|---|
| 1. | ജി.എൽ.പി.എസ്. ഇരുമ്പുപാലം | 130 | | | 2 | 37.4 |
| 2. | ജി.യു.പി.എസ്. മച്ചിപ്ലാവ് | 125 | 6 | 4 | 3 | 34 |
| 3. | എസ്.എൻ.ഡി.പി. എച്ച്.എസ്. അടിമാലി | 52 | 3 | 2 | 2 | 26.3 |
| 4. | എഫ്.എം.ജി.എച്ച്.എസ്. കൂമ്പൻപാറ | 63 | 28 | 60 | 6 | 8.8 |
| 5. | ജി.എച്ച്.എസ്. അടിമാലി | 178 | 108 | 29 | 9 | 24.56 |
| 6. | ജി.വി.എച്ച്.എസ്. ദേവിയാർ | 163 | 17 | 71 | 18 | 24.7 |
| 7. | ടി.എച്ച്.എസ്. അടിമാലി | 9 | 13 | - | - | 17.46 |
| 8. | ജി.ടി.യു.പി.എസ്. മന്നാങ്കണ്ടം | 194 | - | - | - | 100.0 |
| 9. | ജി.ടി.എൽ.പി.എസ്. പെട്ടിമുടി | 40 | - | - | - | 100.0 |

## എസ്.എസ്.എൽ.സി. വിജയ ശതമാനം-വിജയം-95-96

| | | എഴുതിയവർ | വിജയിച്ചവർ | ശതമാനം |
|---|---|---|---|---|
| 1. | എസ്.എൻ.ഡി.പി.എച്ച്.എസ്. അടിമാലി | 71 | 28 | 46% |
| 2. | എഫ്.എം.ജി.എച്ച്.എസ്. കൂമ്പൻപാറ | 122 | 119 | 98% |
| 3. | ജി.എച്ച്.എസ്. അടിമാലി | 151 | 35 | 25% |
| 4. | ജി.വി.എച്ച്.എസ്. ദേവിയാർ | 124 | 21 | 20% |
| 5. | ടി.എച്ച്.എസ്. അടിമാലി | 33 | 28 | 85% |

## സ്കൂൾ ഭൗതിക സാഹചര്യങ്ങൾ

| ക്രമ നമ്പർ | പേര് | സ്ഥലം വിസ്തൃതി | കളി സ്ഥലം | ക്ലാസ്സുമുറി ഉള്ളത് | ക്ലാസ്സുമുറി കൂടുതൽ വേണ്ടത് | ബെഞ്ച് ഇനി വേണ്ടത് | ഡസ്ക് ഇനി വേണ്ടത് | മറ്റു ഉപകരണങ്ങൾ ഇനി വേണ്ടത് |
|---|---|---|---|---|---|---|---|---|
| 1. | G.L.P.S. ഇരുമ്പുപാലം | 1 ഏ: | ഇല്ല | 7 | 3 | 15 | 15 | അലമാര-3, കസേര-5, റാക്ക്-3, മേശ-5. |
| 2. | G.U.P.S. മച്ചിപ്ലാവ് | 2 ഏക്കർ | 1 ഏക്കർ | 11 | 6 | - | - | ചുറ്റുമതിൽ ഇല്ല |
| 3. | S.N.D.P. H.S. അടിമാലി | 4.5 ഏക്കർ | 1/2 ഏക്കർ | - | - | - | - | ചുറ്റുമതിൽ ഇല്ല |
| 4. | F.M.G.H.S. കൂമ്പൻപാറ | 3.5 ഏക്കർ | 1/2 ഏക്കർ | 40 | 4 | 40 | 40 | 4 മേശ, 4 കസേര. |
| 5. | G.H.S. അടിമാലി | 3.5 ഏക്കർ | 40 സെന്റ് | 31 | 5 | 100 | 100 | കസേര-10, മേശ-2, ഡസ്ക്-5. |
| 6. | G.V.H.S.S. ദേവിയാർ | 5.5. ഏക്കർ | ഇല്ല | 14 | 20 | 150 | 150 | ചുറ്റുമതിൽ ഇല്ല. എല്ലാ ഉപകരണങ്ങളും |
| 7. | T.H.S. അടിമാലി | സ്വന്തമായി ഒരിഞ്ചു സ്ഥലമില്ല | | | | 15 | 15 | 10 കസേര, 10 മേശ, ഷെൽഫ് 10, റാക്ക് 7 |
| 8. | G.T.U.P.S. മന്നാങ്കണ്ടം | 3 ഏക്കർ | 1 ഏക്കർ | 4 | 3 | 20 | 20 | 4 മേശ, 4 കസേര, 3 അലമാര |
| 9. | G.T.L.P.S. ചെട്ടിമുടി | 1 ഏക്കർ | 10 സെന്റ് | 4 | - | - | - | ചുറ്റുമതിൽ ഇല്ല |

## പ്രശ്നങ്ങൾ

അടിമാലി ഗ്രാമ പഞ്ചായത്തിന്റെ 10, 9, 8, 6, 4, 2, 3 ഈ ഏഴ് വാർഡുകളിൽ ഒരൊറ്റ വിദ്യാലയം പോലും ഇല്ല. 1-ാം വാർഡിൽ ഒരു സ്കൂൾ ഉണ്ടെങ്കിലും വാർഡിലെ ജനസംഖ്യയിൽ പകുതിയോളം 8 മുതൽ 35 കി. മീറ്റർ വരെ അകലത്തിൽ താമസിക്കുന്നു. അനേകം ഗിരിവർഗ്ഗ കോളനികളും, ലക്ഷംവീട് കോളനികളും, പട്ടികജാതി കോളനികളും ഉള്ള പഞ്ചായത്തിൽ ഗതാഗത യോഗ്യമായ റോഡുകൾ ആവശ്യത്തിനില്ലാത്തതിനാൽ മുഴുവൻ കുട്ടികൾക്കും പഠിക്കാനുള്ള സൗകര്യം നിഷേധിക്കുന്നു.

രണ്ട് ഹൈസ്കൂളുകളിൽ 8 മുതൽ ക്ലാസുകളാണുള്ളത്. പഞ്ചായത്തിലെ 6711 കുടുംബങ്ങളിലെ കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസത്തിന് 7 സ്കൂളുകൾ മാത്രമാണുള്ളത്. ശരാശരി 36 ച. കി. മീറ്ററിന് ഒരു സ്കൂൾ മാത്രം.

അടിമാലി ഗവൺമെന്റ് ഹൈസ്കൂളിൽ തോറ്റുപഠിക്കുന്നവരുടെ എണ്ണം ഈ വർഷം 178 ആണ്. ദേവിയാർ കോളനി-ഇരുമ്പുപാലം, മന്നാങ്കണ്ടം സ്കൂളുകളിൽ പഠനം നിർത്തി പോകുന്നവരുടെ എണ്ണവും കൂടുതലാണ്.

ദേവിയാർ, അടിമാലി ഹൈസ്കൂളുകളിലെ ഷിഫ്റ്റ് സമ്പ്രദായവും സെഷണൽ സിസ്റ്റവും ഈ സ്കൂളുകളിൽ കുട്ടികളെ അയക്കുന്നതിൽ നിന്ന് രക്ഷകർത്താക്കളെ പിന്തിരിപ്പിക്കുന്നു.

പി. ടി. എ.യുടെ ഫലപ്രദമായ പ്രവർത്തനം നടക്കുന്ന ചില സ്കൂളുകളിലെങ്കിലും അദ്ധ്യാപകർക്ക് ഇഷ്ടപ്പെടുന്നില്ല.

ഒരു വലിയ ഭൂപ്രദേശത്തുള്ള മുഴുവൻ വിദ്യാർത്ഥികളുടേയും ഉപരിപഠനത്തിന് സഹായകമാകാവുന്ന വിധത്തിൽ അടിമാലി കേന്ദ്രീകരിച്ച് ഒരു കോളജ് സ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ല.

അടിമാലി ഗ്രാമ പഞ്ചായത്തിലെ പ്രധാന വിദ്യാലയങ്ങളും, പാരലൽ കോളജുകളും എല്ലാം അടിമാലി ടൗണിലും പരിസരത്തുമായി കേന്ദ്രീകരിച്ചിരിക്കുന്നതുമൂലം ഗതാഗത പ്രശ്നങ്ങളും ഉണ്ടാകുന്നുണ്ട്.

പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ചില അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്. എങ്കിലും ഭൂവിസ്തൃതി കണക്കാക്കുമ്പോൾ ഇന്നുള്ളതിന്റെ ഏതാണ്ട് 4 മടങ്ങ് അംഗൻവാടികൾ കൂടി ആവശ്യമായി വരും.

അടിമാലി പഞ്ചായത്തിലെ ഏറ്റവും വലിയ സാംസ്കാരിക സ്ഥാപനമായ 'നാഷണൽ ലൈബ്രറി' ഉൾപ്പെടെയുള്ള ചുരുക്കം ലൈബ്രറികൾക്ക് പഞ്ചായത്തിൽ നിന്ന് 0.2 ശതമാനം ചെലവാണ് ചെയ്തിട്ടുള്ളത്. നാഷണൽ ലൈബ്രറിയുടെ ഇന്നുള്ള കെട്ടിടം ജീർണാവസ്ഥയിലാണ്. അത് പുതുക്കി പണിയേണ്ടതുണ്ട്.

## സാദ്ധ്യതകൾ – നിർദ്ദേശങ്ങൾ

12 ഗ്രാമസഭകളിൽ ഉയർന്നുവന്ന നിർദ്ദേശങ്ങളും സ്ഥിതിവിവര കണക്കുകളും ചേർത്ത് 9-ാം പദ്ധതിക്കാലത്ത് അടിമാലി ഗ്രാമപഞ്ചായത്തിൽ വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കേണ്ട പ്രവർത്തനങ്ങളെക്കുറിച്ചുള്ള രൂപരേഖ.

★ അടിമാലി ബ്ലോക്ക് പഞ്ചായത്ത് അതിർത്തിയിൽപ്പെട്ട 20-ൽപ്പരം ഹൈസ്കൂളുകളിൽ നിന്ന് പാസ്സാകുന്ന വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിന് ഇന്നുള്ള അപേക്ഷകരിൽ നിന്ന് ഏറ്റവും അർഹനായ അപേക്ഷകന് കേളജ് അനുവദിച്ച് പ്രവർത്തനം ആരംഭിക്കണം.

★ ഇങ്ങനെ ആരംഭിക്കുന്ന കോളജിൽ, കമ്പ്യൂട്ടർ സയൻസ്, ഇലക്ട്രോണിക്സ് തുടങ്ങിയ ആധുനിക വിഷയങ്ങളായിരിക്കണം പഠിപ്പിക്കേണ്ടത്.

★ അടിമാലി ഗവൺമെന്റ് ഹൈസ്കൂൾ- ഫാത്തിമ മാതാ ഹൈസ്കൂൾ എന്നിവിടങ്ങളിൽ തൊഴിലധിഷ്ഠിത ഹയർ സെക്കൻഡറി കോഴ്സുകൾ ആരംഭിക്കണം. പ്രീഡിഗ്രി വിദ്യാഭ്യാസത്തിന് ഉള്ള തിരക്ക് ഒഴിവാക്കി പഠനം കഴിഞ്ഞ് സ്വയം ഒരു തൊഴിൽ കണ്ടെത്താൻ ഇത് യുവാക്കളെ

സഹായിക്കും.

* അടിമാലി ഗവൺമെൻറ് ഹൈസ്കൂളിന് ഉള്ള സ്ഥലത്ത് നിരത്തി കെട്ടിടം പണിയാതെ ഇരുനിലയോ മൂന്നു നിലയോ ഉള്ള കെട്ടിടം നിർമ്മിച്ച് ഷിഫ്റ്റും സെഷണൽ സിസ്റ്റവും അവസാനിപ്പിക്കണം. വൊക്കേഷണൽ ഹയർ സെക്കൻഡറി പുതിയ കെട്ടിടത്തിൽ ആരംഭിക്കാം.

☆ അടിമാലി ഗവൺമെൻറ് ഹൈസ്കൂളിന് ചുറ്റുമതിൽ ഇല്ലാത്തതുകൊണ്ടും, കെട്ടിടങ്ങൾ അടച്ചുകെട്ടില്ലാത്തതുകൊണ്ടും സ്കൂൾ ഗ്രൗണ്ടും, കെട്ടിടങ്ങളും സാമൂഹ്യവിരുദ്ധർ ദുരുപയോഗം ചെയ്യുകയും സ്കൂൾ വക സ്ഥലം നിരന്തരം കയ്യേറ്റം നടത്തുകയും ചെയ്യുന്നു. ചുറ്റുമതിൽ കെട്ടി സ്കൂളും സ്ഥലവും സംരക്ഷിക്കണം. പഞ്ചായത്തിലെ റോഡ് സൈഡിലുള്ള എല്ലാ സ്കൂളുകൾക്കും അടിയന്തരമായും ചുറ്റുമതിൽ നിർമ്മിക്കേണ്ടതാണ്.

☆ പീടികമുറികളിൽ നടക്കുന്ന ടെക്നിക്കൽ ഹൈസ്കൂളിന് സ്ഥലം കണ്ടെത്തി കെട്ടിടം നിർമ്മിക്കണം. ടൗണിൽ നിന്ന് അൽപ്പം അകലെ സ്ഥലം കണ്ടെത്തുന്നത് സാമ്പത്തിക ലാഭം ഉണ്ടാക്കും. അടിമാലി പഞ്ചായത്തിൽ നിന്ന് ടെക്നിക്കൽ ഹൈസ്കൂൾ മാറ്റി സ്ഥാപിക്കാനുള്ള നീക്കം തടയണം.

☆ പഞ്ചായത്തിലെ ഭൂരിഭാഗം വിദ്യാലയങ്ങളിലും അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും പ്രാഥമികാവശ്യങ്ങൾ നിർവഹിക്കുന്നതിന് കക്കൂസുകളോ മൂത്രപ്പുരകളോ ഇല്ല. അദ്ധ്യാപികമാരും പെൺകുട്ടികളും ഏറെ ബുദ്ധിമുട്ടനുഭവിക്കുന്നു. ബ്ലോക്ക് പഞ്ചായത്ത് മുഖേന ആവശ്യത്തിന് കക്കൂസുകളും മൂത്രപ്പുരകളും നിർമ്മിക്കണം.

☆ കുടിവെള്ളം ലഭ്യമാക്കാനുള്ള നടപടികൾ സ്കൂളുകളിൽ അടിയന്തരമായി പൂർത്തിയാക്കണം.

☆ അടിമാലി ഗ്രാമപഞ്ചായത്ത് 8, 9, 10 വാർഡുകളിൽ ഒരു എൽ. പി. സ്കൂൾ പോലുമില്ല. ചിന്നപ്പാക്കുടിയിൽ ഒരു എൽ. പി. സ്കൂളും (ട്രൈബൽ സ്കൂൾ), മന്നാങ്കാലയിൽ ഒരു എൽ. പി. സ്കൂളും ആരംഭിക്കണം.

☆ അടിമാലി പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു പോളിടെക്നിക്ക്, ഒരു ഐ. ടി. ഐ. എന്നിവ ആരംഭിച്ച് ആധുനിക വിഷയങ്ങളിലുള്ള കോഴ്സുകൾ തുടങ്ങണം.

☆ മന്നാങ്കണ്ടം ഗവൺമെൻറ് ട്രൈബൽ യു. പി. സ്കൂൾ ഹൈസ്കൂളാക്കി ഉയർത്തണം. യു. പി. സ്കൂളിനാവശ്യമായ കെട്ടിടം പണിയുമ്പോൾ മൂന്നു നാലു മുറികൾ കൂടി പണിതാൽ ഹൈസ്കൂളിനും ക്ലാസ് മുറികൾ ആകും. യു. പി. സ്കൂൾ കെട്ടിടം അടിയന്തരമായി പണിയേണ്ടതാണ്. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുംവേണ്ടി ഹോസ്റ്റൽ നിർമ്മിക്കണം. കുതിരയള-തലമാലി- ചെട്ടിമുടി- കൊടകല്ല്- ഞാവൽപാറ- വേലിയാംപാറ തുടങ്ങിയ സെറ്റിൽമെൻറിലെ പട്ടികവർഗ്ഗക്കാരുടെ വിദ്യാഭ്യാസ നിലവാരം താനേ ഉയരും.

☆ അടിമാലി കേന്ദ്രീകരിച്ച് എം. ജി. യൂണിവേഴ്സിറ്റിയുടെ ഒരു ഇൻഫർമേഷൻ സെൻറർ ആരംഭിക്കണം.

☆ അടിമാലി കേന്ദ്രമാക്കി പുതിയ വിദ്യാഭ്യാസ ജില്ല രൂപീകരിക്കുകയും ഡി. ഇ. ഒ. ഓഫീസ് അനുവദിക്കുകയും വേണം.

☆ ദേവിയാർ കോളനി, അടിമാലി, ഗവൺമെൻറ് ഹൈസ്കൂളുകളോട് ചേർന്നുള്ള എൽ. പി. വിഭാഗം വേർപെടുത്തി പ്രത്യേക ഹെഡ്മാസ്റ്ററുടെ കീഴിൽ പ്രവർത്തിക്കണം.

☆ ഗ്രാമപഞ്ചായത്ത് കേന്ദ്രത്തിൽ ഏറ്റവും അകലത്തിലുള്ള കാഞ്ഞിരവേലിയിലും 5-ാം മൈലിലും ഓരോ എൽ. പി. സ്കൂൾ സ്ഥാപിക്കണം.

☆ സ്കൂളോ അംഗൻവാടിയോ ഇല്ലാത്ത 3-ാം വാർഡിൽ ഒരു എസ്. ടി. നഴ്സറി സ്കൂൾ മാത്രമാണുള്ളത്. ഗിരിവർഗ്ഗ മേഖലയിൽ 1 മുതൽ 7 വരെ ക്ലാസുള്ള ഒരു യു. പി. സ്കൂൾ ആരംഭിക്കണം.

☆ ഒരു വിദ്യാലയവും ഇല്ലാത്ത രണ്ടാം വാർഡിൽ 4 മുതൽ 30 വരെ കി. മീ. നടന്നുവേണം സ്കൂളിലെത്താൻ. ഈ വാർഡിൽ ഒരു റസിഡൻഷ്യൽ എൽ. പി. സ്കൂൾ ആരംഭിക്കണം.

☆ ഇരുമ്പുപാലം എൽ. പി. സ്കൂൾ അപ്ഗ്രേഡ് ചെയ്ത് യു. പി. സ്കൂളാക്കണം.

☆ ദേവിയാർ ഹൈസ്കൂളിൻെറ കളിസ്ഥലത്തിനുവേണ്ടി അക്വയർ ചെയ്ത സ്ഥലം നിരപ്പാക്കി കളിസ്ഥലം നിർമ്മിക്കണം. പഞ്ചായത്തിൻേറയും കോളേജ് എൻ. എസ്. എസ്. യൂണിറ്റുകളുടേയും സംയുക്ത ശ്രമദാനം നടത്താവുന്നതാണ്.

☆ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന ചില മലയാളം മീഡിയം സ്കൂളുകൾക്ക് അംഗീകാരം നൽകാൻ കഴിയുമോ എന്ന് പരിശോധിക്കണം.

☆ സ്കൂൾ മെയിൻറനൻസ്, നിർമ്മാണ പ്രവർത്തനങ്ങൾ, ഫർണിച്ചർ നിർമ്മാണം ഇവ പി. ടി. എ. മുഖേന നടപ്പിലാക്കുകയും പി. ടി. എ.യെ ചുവപ്പുനാടയുടെ കുരുക്കിൽപ്പെടാതെ രക്ഷിക്കുകയും ചെയ്യുക.

☆ അടിമാലി ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിലായി താഴെ ചേർത്തിരിക്കുന്ന സ്ഥലങ്ങളിൽ അംഗൻവാടികൾ സ്ഥാപിക്കണമെന്ന ഗ്രാമസഭയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ പരമാവധി നടപ്പാക്കേണ്ടതാണ്. നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്വന്തമായി കെട്ടിടമില്ലാത്ത അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിച്ച് നൽകേണ്ടതാണ്.

വാർഡ്-1: കാഞ്ഞിരവേലി അംഗൻവാടിയിൽ സ്ഥിരമായി ടീച്ചർ, ആയ നിയമനം നടത്തണം.

വാർഡ്-2: 6 അംഗൻവാടികളുണ്ട്. പ്രവർത്തനം മന്ദഗതിയിലാണ്.

വാർഡ്-3: അംഗൻവാടികളില്ല. അവികസിതവും, അവഗണിക്കപ്പെട്ടതുമായ ഈ വാർഡിൽ ഒരു സർവേ നടത്തി അംഗൻവാടികൾ ആവശ്യമുള്ള സ്ഥലം കണ്ടെത്തി അനുവദിക്കേണ്ടതാണ്.

വാർഡ്-4: അഞ്ച് അംഗൻവാടികൾ ഉള്ളതിൽ മൂന്നെണ്ണത്തിന് കെട്ടിടങ്ങളില്ല. അവ നിർമ്മിക്കണം.

വാർഡ്-5: തുമ്പിപ്പാറക്കുടിയിൽ അംഗൻവാടിയും, നഴ്സറി സ്കൂളും ആരംഭിക്കണം.

വാർഡ്-6: അംഗൻവാടിയെക്കുറിച്ച് നിർദ്ദേശങ്ങളില്ല.

വാർഡ്-7: തട്ടക്കണ്ണൻ, കട്ടമുടി, കുതിരയള, ചാറ്റുവാസി. എസ്. ഐ. ജംഗ്ഷൻ ഇവിടങ്ങളിൽ അംഗൻവാടികൾ ആരംഭിക്കണം.

വാർഡ്-8: കാർഷിക മേഖലയിൽ ഒന്നും, ഗിരിവർഗ്ഗ കോളനിയിൽ രണ്ടും മൊത്തം മൂന്ന് അംഗൻവാടികൾ കൂടി അനുവദിക്കണം.

വാർഡ്-9: അംഗൻവാടികൾ ആവശ്യത്തിനുണ്ട്.

വാർഡ്-10: പാവുംതണ്ട്, പടിഞ്ഞാറെ പാവുംതണ്ട് ഈ സ്ഥലങ്ങളിലും മന്നാങ്കാലായിലും ഓരോ അംഗൻവാടി

വേണം.

വാർഡ്-11: മുനിത്തണ്ട്, മാംപടി, കൂമ്പൻപാറകമല ഇവിടങ്ങളിൽ അംഗൻവാടി വേണം.

വാർഡ്-12: പ്ലാമലക്കുടി, നൂറോങ്കര, കൊടകല്ല് അംഗൻ വാടികൾക്ക് സ്വന്തം കെട്ടിടം ഇല്ല. തലമാലി, എസ്. എൻ. ഡി. പി. ജംഗ്ഷൻ, ലക്ഷംവീടിന് മുകൾ ഭാഗം ഇവിടെ അംഗൻവാടികൾ വേണം.

മുകളിൽ പറഞ്ഞ എല്ലാ കാര്യങ്ങൾക്കും പുറമേ, അടിമാലിയുടെ സാംസ്കാരിക ചരിത്രത്തിൽ നിർണ്ണായക പങ്ക് വഹിക്കുന്ന 'അടിമാലി നാഷണൽ ലൈബ്രറി'യുടെ തകർന്നുവീഴാറായ കെട്ടിടം പുതുക്കിപ്പണിയണമെന്ന ശക്തമായ ആവശ്യം ഉയർന്നിട്ടുണ്ട്. അടിമാലി ഗ്രാമപഞ്ചായത്തും, ബ്ലോക്ക് പഞ്ചായത്തും, ജില്ലാ പഞ്ചായത്തും ഈ ആവശ്യം സജീവമായി പരിഗണിക്കുമെന്ന വിശ്വാസത്തോടെ വിദ്യാഭ്യാസ രംഗത്തെക്കുറിച്ചുള്ള റിപ്പോർട്ട് അവസാനിപ്പിക്കുന്നു.

സമ്പൂർണ സാക്ഷരതാ പദ്ധതി പ്രവർത്തനം ഈ പഞ്ചായത്തിലെ ഗിരിവർഗ്ഗക്കാരിൽ ജീവിതത്തെക്കുറിച്ച് ഒരു പുതിയ അവബോധവും പ്രതീക്ഷയും ഉണർത്തിയിരുന്നു. നാട്ടിൻപുറത്തുള്ള നിരക്ഷരരും അത്യുൽസാഹത്തോടെ സ്ത്രീപുരുഷ വ്യത്യാസമില്ലാതെ ഒന്നാംഘട്ട സാക്ഷരതാ യജ്ഞത്തിൽ പങ്കെടുക്കുകയും അക്ഷരാഭ്യാസം നേടുകയുമുണ്ടായി. എന്നാൽ, അക്ഷരം പഠിച്ച നവസാക്ഷരരെ തുടർ വിദ്യാഭ്യാസം നൽകി കൂടുതൽ പ്രകാശത്തിലേയ്ക്ക് നയിക്കാൻ കഴിഞ്ഞില്ല. അവർ വീണ്ടും നിരക്ഷരതയിലേക്ക് മടങ്ങി നിരാശരായിത്തീർന്നിരിക്കുന്നു.

ഗിരിവർഗ്ഗ മേഖലയിൽ ഇതു വലിയ അപകടം ചെയ്യുന്നു. 'കുട്ടികൾ പഠിച്ചിട്ട് എന്ത് ജോലി കിട്ടാനാണ്?' എന്ന ചോദ്യം രക്ഷകർത്താക്കൾ ഉയർത്തുന്നു. അവർ കുട്ടികളെ സ്കൂളിൽ അയക്കാൻ മടികാണിക്കുന്നു. ഇതിന് പരിഹാരമായി പഞ്ചായത്തിന്റെ നേതൃത്വത്തിലോ, നാഷണൽ ലൈബ്രറിയുടെ ആഭിമുഖ്യത്തിലോ, ഗവൺമെന്റ് തലത്തിലോ സാക്ഷരതാ പ്രവർത്തനം പുനരാരംഭിക്കണം. നിർബ്ബന്ധമായും ഗിരിവർഗ്ഗ മേഖലകളിൽ ഇത് അനിവാര്യമാണ് എന്ന് എല്ലാ ഗ്രാമസഭകളും അഭിപ്രായപ്പെട്ടിട്ടുണ്ട്. സാക്ഷരതാ പ്രവർത്തനത്തിന് മുന്തിയ പരിഗണന നൽകണം.

**5-5**

# കുടിവെള്ളവും പൊതുജന ആരോഗ്യവും

ആരോഗ്യമുള്ള സമൂഹത്തിന്റെ ജീവനാഡികളാണ് ശുദ്ധവായുവും വെള്ളവും. കുടിവെള്ളത്തിനായി പഞ്ചായത്തിലെ 75 ശതമാനം ജനങ്ങൾ കിണറുകളേയും, 25 ശതമാനം ജനങ്ങൾ മറ്റ് സ്രോതസ്സുകളായ അരുവികൾ, കുളം എന്നിവയേയും ആശ്രയിക്കുന്നു. 3801 കിണറുകൾ ഉള്ളതിൽ 400 ഓളം വെള്ളം ഇല്ലാത്തവയും 200 ഓളം 2 മാസം മുതൽ 4 മാസം വരെ വെള്ളം വറ്റുന്നതുമാണ്. പഞ്ചായത്തിന്റെ പല പ്രദേശങ്ങളിലും രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്നുണ്ട്. വാട്ടർ അതോറിറ്റിയുടെ മൂന്ന് ജലവിതരണ പദ്ധതികൾ പഞ്ചായത്തതിർത്തിക്കുള്ളിൽ പ്രവർത്തിക്കുന്നു. അത് അതാത് പ്രദേശത്തുനിന്നും വെള്ളം ശേഖരിച്ചാണ് വിതരണം നടത്തുന്നത്. വിവിധ വാർഡുകളിലായി 4 കുഴിൽ കിണറുകൾ ഉണ്ട്. പഞ്ചായത്തിലെ ജനസംഖ്യയിൽ 20 ശതമാനത്തിന് ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നുണ്ട്. വേനൽക്കാലങ്ങളിൽ 60 ശതമാനം പേർക്കും ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നു. നിലവിലുള്ള വാട്ടർ സപ്ലൈ സ്കീമുകളൊന്നും പ്രയോജനപ്രദമല്ല.



പഞ്ചായത്തിൽ നടത്തിയ കൊതുകു നിർമ്മാർജന പരിപാടി പ്രസിഡൻറ് കുമാരി പി. വൈ. അന്നക്കുട്ടി ഉദ്ഘാടനം ചെയ്യുന്നു.

| ശുദ്ധജല സ്രോതസ്സുകൾ പട്ടിക-1 | | | | | |
|---|---|---|---|---|---|
| പൊതു കിണറുകൾ | | സ്വകാര്യ കിണറുകൾ | | കുഴൽ കിണറുകൾ | ആകെ |
| വെള്ളം ഉള്ളത് | വെള്ളം ഇല്ലാത്തത് | വെള്ളം ഉള്ളത് | വെള്ളം ഇല്ലാത്തത് | | |
| 14 | 6 | 3383 | 394 | 4 | 3801 |

1995-96 വർഷത്തിൽ 4850 പേർക്ക് ജലജന്യ രോഗങ്ങൾ ബാധിച്ചു. കുടിവെള്ളം ശേഖരിക്കുന്നതിന് ഒരു കിലോമീറ്റർ വരെ സഞ്ചരിക്കേണ്ടിവരുന്നുണ്ട്. വിശേഷാൽ ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്നതായ പ്രശ്നങ്ങളും പരിഹാര മാർഗ്ഗങ്ങളും പഞ്ചായത്തുതലത്തിൽ മൊത്തത്തിൽ ബാധകമാക്കാവുന്നവ ചർച്ചകളിലൂടെ രൂപപ്പെട്ടുവന്നിട്ടുണ്ട്. ആ നിർദ്ദേശങ്ങൾ സൂഷ്മവിശകലനത്തിനായി ഇതിൽ ചേർത്തിരിക്കുന്നു.

# കുടിവെള്ള പ്രശ്ന പ്രദേശങ്ങളും പരിഹാര നിർദ്ദേശങ്ങളും

| വാർഡ് | | പ്രശ്ന മേഖല | നിർദ്ദേശിക്കുന്ന പരിഹാര മാർഗം |
|---|---|---|---|
| I | a) | 10-ാം മൈൽ, ദേവിയാർ കോളനി വാളറ | മുനിയറച്ചാൽ പ്രദേശത്ത് ഒരിക്കലും വറ്റാത്ത വെള്ളമുണ്ട്. ഇത് പമ്പ് ചെയ്ത് പൈപ്പുവഴി വിതരണം നടത്തുക. |
| | b) | പാട്ടയിടമ്പ്, കുളമാംകുഴി, 5-ാംമൈൽ എന്നീ ട്രൈബൽ സെറ്റിൽമെൻറുകളിൽ. | കുളങ്ങൾ നിർമ്മിച്ച് വെള്ളം എത്തിക്കാം. |
| | c) | കാഞ്ഞിരവേലി | കുളങ്ങൾ നിർമ്മിച്ച് വെള്ളം എത്തിക്കാം. |
| II | a) | കുറത്തിക്കുടി, ഇളംപ്ലാശ്ശേരി, പഴമ്പള്ളിച്ചാൽ. | നിലവിലുള്ള വാട്ടർ സപ്ലൈ സ്കീമുകൾ പ്രവർത്തിപ്പിച്ചാൽമതി. |
| | b) | ഒഴുവത്തടം, വാളറ വടക്കേച്ചാൽ, ചീയപ്പാറ, പരിശക്കല്ല്. | പഞ്ചായത്തിൻെറ കിണറ്റിൽ ഒരു മോട്ടോർ സ്ഥാപിച്ച് ടാങ്കിൽ വെള്ളം ശേഖരിച്ച് വിതരണം നടത്തണം. |
| III | a) | ചില്ലിത്തോട്, മൂടിപ്പാറ, മുത്തിക്കാട്, നെടുമ്പാറ, വാളറ. | ചില്ലിത്തോട്, മൂടിപ്പാറ, പടിഞ്ഞാറ് ഭാഗങ്ങളിൽ ടാങ്കുകൾ നിർമ്മിച്ച് നിലവിലുള്ള പൈപ്പുകൾ നന്നാക്കി വെള്ളം എത്തിക്കാൻ കഴിയും. |
| | b) | മുസ്ലീം പള്ളിക്ക് താഴെയുള്ള 60 വീടുകൾക്ക് വെള്ളം എത്തിക്കുവാൻ. | ഇരുമ്പുപാലം മുസ്ലീം പള്ളിക്ക് സമീപത്തായി വന്ന് അവസാനിച്ചിട്ടുള്ള പൈപ്പുലൈൻ മെയിൻ റോഡ് വരെ നീട്ടിയാൽ 60-ഓളം കുടുംബങ്ങൾക്ക് പ്രയോജനം ചെയ്യും. |
| IV | a) | 14-ാം മൈൽ, മച്ചിപ്ലാവ്, നാല് സെൻറ് കോളനി എന്നീ പ്രദേശങ്ങളിൽ വെള്ളമില്ല. | ചൂരക്കട്ടൻ മുടിയിൽ ടാങ്കുകെട്ടി പൈപ്പ് ലൈൻ സ്ഥാപിച്ചാൽ പരിഹാരം ആയി. |
| | b) | മെഴുംചാൽ, ദേവിയാർ കോളനി, 14-ാം മൈൽ എന്നീ പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം ഉണ്ടാകുന്നു. | മെഴുകുംചാലിൽ നടുക്കുടി മൈതീൻ വക സ്ഥലത്ത് ടാങ്ക് നിർമ്മിച്ച്, തോടിന് സമീപം മോട്ടോർ സ്ഥാപിച്ച് വെള്ളമെത്തിക്കാൻ കഴിയും. |
| | c) | വാർഡിലെ കുടിവെള്ളക്ഷാമത്തിന് പൊതുവായ പരിഹാരം. | ദേവിയാർ ലക്ഷംവീട്, മിനി കോളനിയുടെ മുകളിൽ ടാങ്ക് നിർമ്മിച്ച് മുനിയറച്ചാലിൽ നിന്നും വെള്ളം പമ്പ് ചെയ്താൽ വാർഡിലെ കുടിവെള്ളക്ഷാമം തീരും. |

| വാർഡ് | | പ്രശ്ന മേഖല | നിർദ്ദേശിക്കുന്ന പരിഹാര മാർഗം |
|---|---|---|---|
| V | a) | പടിക്കപ്പ് പ്രദേശത്തെ കുടിവെള്ളക്ഷാമം. | പടിക്കപ്പ് റേഷൻകടയുടെ ഭാഗത്ത് പണിനടക്കുന്ന വാട്ടർ അതോറിറ്റിയുടെ പമ്പ് ഹൗസും വാട്ടർ ടാങ്കും പണി പൂർത്തീകരിച്ചാൽ പ്രശ്നപരിഹാരമായി. |
| | b) | പെരുങ്ങച്ചാൽ, വായ്ക്കലാംകണ്ടം, 12-ാം മൈൽ, ചില്ലിത്തോടിന്റെ കുറെ ഭാഗങ്ങൾ, വെട്ടുക്കല്ലുമുടി, തട്ടേക്കണ്ണൻകുടി. | ഈ പ്രദേശങ്ങളിൽ ടാങ്കുകൾ നിർമ്മിച്ച് വെള്ളമെത്തിക്കാൻ കഴിയും. |
| | c) | അടയ്ക്കാകുളം എന്ന പ്രദേശത്തെ കുടിവെള്ള ക്ഷാമം. | കിണർ നിർമ്മിച്ചാൽ 60-ഓളം കുടുംബങ്ങൾക്ക് പ്രയോജനം ചെയ്യും. |
| | d) | കുഴിക്കാട്ടുകുടി തോമാകുഞ്ഞിന്റെ വീടിന്റെ പരിസരത്തും 14-ാം മൈൽ സാംസ്കാരിക നിലയത്തിനടുത്തും കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. | ഓരോ കുഴൽ കിണർ സ്ഥാപിക്കണം. |
| VI | a) | വാർഡിലെ പൊതുവായ ജലക്ഷാമത്തിന്. | മച്ചിപ്ലാവിൽ ഒരു വലിയ ടാങ്ക് നിർമ്മിച്ച് വെള്ളം ശേഖരിച്ചാൽ പരിഹാരമായി. |
| | b) | പറക്കുടി സിറ്റിയിൽ നിന്നും ചുണ്ടനോട് പടി വരെ. | പറക്കുടി സിറ്റിയിലെ പൈപ്പുലൈൻ ചുണ്ടനോട്പടി വരെ നീട്ടിയാൽ മതി. |
| | c) | പറക്കുടി സിറ്റിയിൽ നിന്നും മെഴുകുംചാൽ റോഡ് വരെ. | പറക്കുടി സിറ്റിയിലുള്ള പൈപ്പ് ലൈൻ മെഴുകുംചാൽ വരെ നീട്ടുക. |
| VII | a) | മച്ചിപ്ലാവ് കുടിയിലും പരിസരത്തും. | നിലവിലുള്ള പൈപ്പുലൈൻ 200 മീറ്റർ നീട്ടിയാൽ മതി. |
| | b) | ചാറ്റുപാറ ലക്ഷംവീട്, ചാറ്റുപാറ സി. എസ്. ഐ. പള്ളിക്ക് സമീപം. | സ്ഥലത്ത് പ്രകൃതിദത്ത വെള്ളം ശേഖരിച്ച് പൈപ്പ് വഴി എത്തിക്കാം. |
| | c) | അമ്പലപ്പടി, അക്കാമ്മ കോളനി. | കുതിരയിള ഭാഗത്തുനിന്നും പൈപ്പുവഴി വെള്ളം എത്തിക്കാം. |
| | d) | ചാറ്റുപാറ ഭാഗം | ഒരു കുളം നിർമ്മിച്ചാൽ പരിഹാരമാകും. |
| VIII | | ഈ വാർഡിലെ കുടിവെള്ളക്ഷാമം തീർക്കാൻ. | ചിത്തപ്പാറക്കുടിയിൽ ഉള്ള ടാങ്കിന്റെ ചോർച്ച മാറ്റി പൈപ്പ് ലൈൻ വഴി വാർഡിന്റെ കുടിവെള്ളക്ഷാമം പരിഹരിക്കാം. |
| IX | a) | നാലുസെൻറ് ലക്ഷം വീട് കോളനി. | ഇവിടെയുള്ള കിണർ അൽപ്പം കൂടി താഴ്ച കൂട്ടിയാൽ മതിയാകും. |
| | b) | മറ്റ് സ്ഥലങ്ങളിലെ ജലക്ഷാമത്തിന്. | ഇല്ലത്ത് ചാക്കോ വക സ്ഥലം, കാവിശ്ശേരിക്കുടി നീലകണ്ഠൻ വക സ്ഥലം, വാലേത്ത് മത്തായി വക സ്ഥലം എന്നിവിടങ്ങളിൽ വാട്ടർ ടാങ്കുകൾ നിർമ്മിക്കണം. മന്നാംകാല ജംഗ്ഷൻ വരെയുള്ള പൈപ്പുലൈൻ നീട്ടണം. |
| X | | മുക്കാൽ ഏക്കർ, പാവുംതണ്ട്, കൂമ്പൻപാറ. | പാവുംതണ്ടിൽ പണിതീർത്ത ടാങ്ക് ഉപയോഗപ്രദമാക്കിയാൽ മതി. |
| XI | | പൂഞ്ഞാർകണ്ടം, മുനിത്തണ്ട്, മഠംപടി. | പൈപ്പ് ലൈൻ നീട്ടിയാൽ മതി. കല്ലാറിൽ നിന്നും വരുന്ന പൈപ്പുകളിൽ നിന്നുമുള്ള അനധികൃത ചോർച്ച തടയണം. |
| XII | | ഈ വാർഡിലെ കുടിവെള്ള ക്ഷാമത്തിന്. | തലമാലിയിൽ ഒരു കുളം നിർമ്മിച്ച് പൈപ്പിടുകയും കൂമ്പൻപാറയുടെ പടിഞ്ഞാറ് കരടി മലയിൽ ചെക്ക് ഡാം നിർമ്മിക്കുകയും ചെയ്താൽ പ്രശ്നം പരിഹരിക്കാം. |

## ചെറുകിട ശുദ്ധജല പദ്ധതികൾ

ചെറുകിട പദ്ധതികൾ പലതും പ്രാവർത്തികമാക്കാവുന്നതാണ്. അവ താഴെ കൊടുക്കുന്നു.

ഒന്നാം വാർഡിൽ മുനിയറച്ചാൽ പ്രദേശത്ത് ഒരു ചെറുകിട പദ്ധതി നടപ്പാക്കാവുന്നതാണ്. അതുവഴി വിസ്തൃതമായ ഒരു പ്രദേശത്തിന്റെ കുടിവെള്ള ആവശ്യം പൂർത്തിയാകും.

രണ്ടാം വാർഡിലെ ഒഴുവത്തടം സെറ്റിൽമെൻറിൽ പഞ്ചായത്ത് തീർത്തിരിക്കുന്ന കുളത്തിൽ നിന്ന് മോട്ടോർ വച്ച് വെള്ളമെത്തിച്ചാൽ 1, 2, 3 വാർഡുകളിൽ പല ഭാഗത്തേയും കുടിവെള്ളക്ഷാമം പരിഹരിക്കാൻ കഴിയും.

നാലാം വാർഡിൽ ചൂരക്കട്ടൻമുടി വളരെ ഉയർന്ന പ്രദേശമായതിനാൽ ഒരു ചെറുകിട ജലസേചന പദ്ധതി നടപ്പാക്കാവുന്നതാണ്.

ഏഴാം വാർഡിൽ ചാറ്റുപാറ രംഗസ്വാമി പൂലാൻ വക സ്ഥലത്ത് പ്രകൃതിദത്തമായി ഒഴുകിവരുന്ന ജലം തടഞ്ഞു നിർത്തി പൈപ്പുവഴി എത്തിച്ചാൽ ഒരു നല്ല പദ്ധതിയാകും.

ഒമ്പതാം വാർഡ്: ഈ വാർഡിൽ നിന്നും വന്ന നിർദ്ദേശങ്ങൾ വളരെ ശ്രദ്ധേയവും, മൂന്ന് പഞ്ചായത്തുകൾക്ക് വെള്ളം ആവശ്യത്തിന് കിട്ടുന്നതുമാണ്. ഒരിക്കലും വറ്റാത്ത കല്ലാർ തോട്ടിൽ അണകെട്ടി പൈപ്പുവഴി നമ്മുടെ പഞ്ചായത്തിലും മറ്റ് സമീപ പഞ്ചായത്തുകളിലും വെള്ളം എത്തിക്കാവുന്നതാണ്.

ഈ പഞ്ചായത്തിന്റെ പല പ്രദേശങ്ങളിലും നീരുറവയും അരുവികളും ശുദ്ധീകരിച്ച് ജലവിതരണം നടത്തിയാൽ കുടിവെള്ളക്ഷാമം തീർക്കുവാൻ കഴിയും. ഇത് പഞ്ചായത്തിന് ചെയ്യാവുന്നതാണ്. വെറുതെ ഒഴികി നഷ്ടപ്പെടുന്ന മഴവെള്ളം ഭൂമിയിൽ സംഭരിക്കുന്നതിനുള്ള ബോധവൽക്കരണം നടത്തുന്നതിനും ശ്രമം നടത്തണം.

## ആരോഗ്യം

1942-ൽ ആണ് ഈ പഞ്ചായത്തിൽ ആദ്യമായി ഒരു ആശുപത്രി തുടങ്ങുന്നത്. അതുവരെ ഈ പ്രദേശത്ത് നാട്ടു ഡോക്ടർ കാണി കുര്യൻ ആയിരുന്നു എല്ലാ ചികിൽസാരീതികളും നടത്തിയിരുന്നത്. ഈ പ്രദേശത്തെ മന്നാൻ, മുതുവാൻ സമുദായങ്ങളുടെ ഇടയിൽ അസുഖങ്ങൾക്ക് സ്വാമി കുമ്പിടുക എന്ന വഴിപാട് നിലനിന്നിരുന്നു. ആധുനിക ചികിൽസാ സ്ഥാപനങ്ങളും ശാസ്ത്രവും ഇത്രയും പുരോഗമിച്ചിട്ടും ഇന്നും ചരട് ജപിച്ചുകൊടുക്കുക, മന്ത്രം ചെയ്ത് ഊതുക, കാവുകളിലേക്ക് വഴിപാടുകൾ നേരുക തുടങ്ങിയവ ചികിൽസാ സമ്പ്രദായങ്ങളുടെ ഭാഗമായി നിലനിൽക്കുന്നു. 1942-ൽ അടിമാലിയിൽ സ്ഥാപിതമായ ആരോഗ്യ കേന്ദ്രമാണ് ആദ്യത്തെ ആശുപത്രി. ഇന്ന് ആയുർവേദ, ഹോമിയോ ആശുപത്രിയടക്കം 4 സ്ഥാപനങ്ങളും കൂടാതെ ദേവിയാർ ഹെൽത്ത് സെൻററിന്റെ 13 സബ് സെൻററുകളും ഉണ്ട്. സ്വകാര്യ മേഖലയിൽ ആയുർവേദം, ഹോമിയോ, ദന്താശുപത്രികൾ ഉൾപ്പെടെ 14 സ്ഥാപനങ്ങളും പാരമ്പര്യ വൈദ്യ സ്ഥാപനങ്ങളും ഉണ്ട്.

ഇത്രയേറെ സ്ഥാപനങ്ങൾ ഈ രംഗത്ത് പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇതിനനുസൃതമായുള്ള ഗുണപരമായ വ്യതിയാനം ആരോഗ്യരംഗത്ത് കാണുന്നില്ല. വളരെയധികം എസ്.സി., എസ്.ടി. വിഭാഗങ്ങൾ ഉൾപ്പെടുന്ന മേഖലകളിൽ വൈദ്യസഹായം ഇന്നും കൈയെത്താദൂരത്താണ്.

1995-96 വർഷത്തിൽ 6150 ജലജന്യ രോഗങ്ങളും 2081 വായുജന്യ രോഗങ്ങളും 7 വാണിജ്യജന്യ രോഗങ്ങളും 22000 മറ്റ് രോഗങ്ങളും റിപ്പോർട്ട് ചെയ്യപ്പെട്ടു. കുഷ്ഠരോഗം ബാധിച്ച് ചികിൽസയിൽ ആരും കഴിയുന്നതായി വിവരമില്ല. മരണനിരക്ക് 5.8 ഉം ജനന നിരക്ക് 22 ഉം ആണ്.

കിടത്തി ചികിൽസിക്കുന്നതിന് സൗകര്യങ്ങളുള്ള ഒരു സർക്കാർ ആശുപത്രി മാത്രമേ പഞ്ചായത്തിലുള്ളൂ. അത് ഗവൺമെൻറ് കമ്മ്യൂണിറ്റി ഹെൽത്ത് സെൻറർ. അടിമാലിയാണ്. കൂടാതെ സ്വകാര്യ ആശുപത്രികൾ നാലെണ്ണം ഉണ്ട്. എന്നാൽ, വിദഗ്ദ്ധ ചികിൽസയ്ക്കായി 50 കി. മീ. ദൂരം വരെ സഞ്ചരിക്കേണ്ടതായിട്ടുണ്ട്. ഗ്രാമവാസികളിൽ നിന്ന് ഉയർന്നുവന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കാര്യക്ഷമമായ പ്രവർത്തനങ്ങൾ ഈ മേഖലയിൽ ഉണ്ടാകണം.

## സ്ഥാപനങ്ങളും സേവനങ്ങളും

അടിമാലി പഞ്ചായത്തിൽ ആരോഗ്യ രംഗത്തെ പൊതുസ്ഥാപനങ്ങൾ താഴെ പറയുന്നവയാണ്.

| | |
|---|---|
| ഗവൺമെൻറ് കമ്മ്യൂണിറ്റി ഹെൽത്ത് സെൻർ- | 1 |
| പ്രാഥമികാരോഗ്യ കേന്ദ്രം- | 1 |
| ആയുർവേദ ആശുപത്രി- | 1 |
| ഹോമിയോ ആശുപത്രി- | 1 |
| ഐ. പി. പി. ഉപകേന്ദ്രങ്ങൾ- | 13 |

ഇവയിൽ എല്ലാംകൂടി 103 ജീവനക്കാർ ഉണ്ട്.

| നമ്പർ | സ്ഥാപനങ്ങൾ | വാർഡ് | സ്ഥാപിച്ച വർഷം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1. | പ്രാഥമിക ആരോഗ്യ കേന്ദ്രം | 1 | | 34 |
| 2. | കമ്മ്യൂണിറ്റി ഹെൽത്ത് സെൻറർ | 8 | 1980 | 51 |
| 3. | ഹോമിയോ ആശുപത്രി | 3 | 1982 | 3 |
| 4. | ആയുർവേദ ആശുപത്രി | 12 | | 4 |
| 5. | ഫാമിലി വെൽഫെയർ സെൻറർ പമ്പള്ളിച്ചാൽ | | | 1 |

| നമ്പർ | സ്ഥാപനങ്ങൾ | വാർഡ് | സ്ഥാപിച്ച വർഷം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 6. | കുരങ്ങാട്ടി എഫ്. ഡബ്ലിയു. സി. | | | 1 |
| 7. | 200 ഏക്കർ എഫ്. ഡബ്ലിയു. സി. | | | 1 |
| 8. | മുനിത്തണ്ട് എഫ്. ഡബ്ലിയു. സി. | | | 1 |
| 9. | അടിമാലി എഫ്. ഡബ്ലിയു. സി. | | | 1 |
| 10. | ചാറ്റുപാറ എഫ്. ഡബ്ലിയു. സി. | | | 1 |
| 11. | മച്ചിപ്ലാവ് എഫ്. ഡബ്ലിയു. സി. | | | 1 |
| 12. | 14-ാം മൈൽ എഫ്. ഡബ്ലിയു. സി. | | | 1 |
| 13. | പടിക്കപ്പ് എഫ്. ഡബ്ലിയു. സി. | | | 1 |
| 14. | പെട്ടിമുടി എഫ്. ഡബ്ലിയു. സി. | | | 1 |
| 15. | ദേവിയാർ കോളനി എഫ്. ഡബ്ലിയു. സി. | | | 1 |

## നിർദ്ദേശങ്ങൾ

1. കമ്മ്യൂണിറ്റി ഹെൽത്ത് സെൻററിൽ സേവന തൽപ്പരർ ആയ ഡോക്ടർമാരെ നിയമിക്കണം. അത്യാഹിത വിഭാഗവും ജനറേറ്റർ സൗകര്യവും സൗജന്യ ചികിൽസയും ലഭ്യമാക്കണം.
2. ദേവിയാർ കോളനി പ്രാഥമികാരോഗ്യ കേന്ദ്രത്തിൻെറ പ്രവർത്തനം കാര്യക്ഷമമാക്കുക. 10 കിടക്കകൾ ഉള്ള ഒരു വാർഡ് നിർമ്മിക്കുക. ഫീൽഡ് ആരോഗ്യ പ്രവർത്തകരുടെ പ്രവർത്തനം ഒരു മേഖലയിലും ഇല്ലായെന്നാണ് ഗ്രാമസഭാ റിപ്പോർട്ട്. ഈ സ്ഥാപനത്തിൽ നിന്നും കുട്ടികൾക്കുള്ള പ്രതിരോധ കുത്തിവയ്പ് തീയതിയും മറ്റ് കാര്യങ്ങളും സാധാരണക്കാരായ ജനങ്ങൾ അറിയുന്നില്ല. അറിഞ്ഞുകേട്ട് ചെല്ലുന്നവർക്കാണ് ഇതിൻെറ പ്രയോജനം കിട്ടുന്നത്. ഇതിന് പരിഹാരം ഉണ്ടാക്കണം. ലബോറട്ടറി സൗകര്യം ഉണ്ടാക്കണം. കാഞ്ഞിരവേലി, 5-ാം മൈൽ എന്നിവിടങ്ങളിൽ ഓരോ സബ് സെൻറർ ആരംഭിക്കണം. ഒരു ആയുർവേദ ആശുപത്രി ദേവിയാർ കേന്ദ്രമായി തുടങ്ങണം.
3. ഇരുമ്പുപാലം ഹോമിയോ ആശുപത്രിക്ക് സ്വന്തമായി കെട്ടിടം ഉണ്ടാക്കുകയും സൗകര്യം വർദ്ധിപ്പിക്കുകയും വേണം. പഴമ്പള്ളിച്ചാൽ, വാളറ എന്നിവിടങ്ങളിൽ സബ് സെൻറർ പ്രവർത്തിപ്പിക്കണം. പടിക്കപ്പിൽ തറക്കല്ലിട്ടിരിക്കുന്ന പൊതുജനാരോഗ്യ കേന്ദ്രത്തിൻെറ പണി പൂർത്തിയാക്കണം. ഇരുമ്പുപാലം 14-ാം മൈൽ എന്നിവിടങ്ങളിൽ സബ് സെൻറർ തുടങ്ങണം. കുരങ്ങാട്ടി ട്രൈബൽ കോളനിയിൽ പ്രവർത്തിക്കുന്ന ആയുർവേദ ആശുപത്രിയിൽ മരുന്നും ആവശ്യത്തിന് സ്റ്റാഫും മറ്റ് സൗകര്യങ്ങളും വർദ്ധിപ്പിക്കണം. ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുകയും സ്റ്റാഫിന് ക്വാർട്ടേഴ്സ് പണിതുകൊടുക്കുകയും വേണം.
4. ഏഴാം വാർഡിൽപ്പെട്ട കട്ടമുടി, തട്ടേക്കണ്ണൻ, ചാറ്റുപാറ, മച്ചിപ്ലാവ്, കുതിരയിള എന്നീ ട്രൈബൽ കോളനികളിൽ മഞ്ഞപ്പിത്തം, അഞ്ചാംപനി, ചെങ്കണ്ണ്, വയറിളക്കം തുടങ്ങിയ പകർച്ചവ്യാധികൾ ഉണ്ടാകാറുണ്ട്. എന്നാൽ, ആരോഗ്യ പ്രവർത്തകർ യഥാസമയങ്ങളിൽ എത്താറില്ലായെന്നാണ് ഗ്രാമവാസികളുടെ റിപ്പോർട്ട്.

ചാറ്റുപാറയിൽ ഒരു ആയുർവേദ ആശുപത്രി സ്ഥാപിക്കണം. ഹെൽത്ത് ഡിപ്പാർട്ടുമെൻറിലെ ഫീൽഡ് സ്റ്റാഫിൻെറ സേവനം പട്ടികവർഗ്ഗ കോളനികളിൽ എത്തിക്കാനുള്ള നടപടി സ്വീകരിക്കണം. ഈ പഞ്ചായത്തിലെ കോയിക്കാക്കുടി സിറ്റിയിൽ ഉള്ള സബ് സെൻറർ പ്രവർത്തിപ്പിക്കണം. ഈ പഞ്ചായത്തിലെ 12-ാം വാർഡ് ഉൾപ്പെടുന്ന പ്രദേശങ്ങളിൽ പ്രതിരോധ കുത്തിവയ്പ്പുപോലും നടത്താറില്ല. ആദിവാസി മേഖലകളിൽ ആരോഗ്യ പ്രവർത്തകർ പോകാറില്ല. തലമാലിയിൽ ഒരു സബ് സെൻറർ തുടങ്ങണം. അടിമാലി കേന്ദ്രമായി ഒരു വിഷ ചികിൽസാലയം സ്ഥാപിക്കണം.

## കക്കൂസ്

പൊതുജനാരോഗത്തെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ കുടിവെള്ളം കഴിഞ്ഞാൽ പ്രാധാന്യമർഹിക്കുന്ന കാര്യമാണ് ശുചിത്വം. ഇതിൽ പരിസര ശുചിത്വം പാലിക്കുവാൻ പ്രാഥമികമായി വേണ്ട ഒന്നാണ് കക്കൂസ്. പഞ്ചായത്തിലെ 60 ശതമാനത്തോളം വീടുകളിൽ നിലവിൽ കക്കൂസ് ഇല്ല. ഇതുമൂലം പഞ്ചായത്തിൽ പകർച്ചവ്യാധികൾ, പ്രത്യേകിച്ച് വയറിളക്കം തുടങ്ങിയ രോഗങ്ങൾ വ്യാപകമാകുന്നു. ഗ്രാമസഭയിൽ നിന്നും ഉയർന്നുവന്ന പ്രശ്നങ്ങളും അവയ്ക്കുള്ള പരിഹാര മാർഗ്ഗങ്ങളും ചുവടെ ചേർക്കുന്നു:

| | പ്രശ്നങ്ങൾ | പരിഹാര മാർഗ്ഗങ്ങൾ |
|---|---|---|
| 1. | സാമ്പത്തിക പരാധീനത | സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ തുടങ്ങിയവയുടെ സഹായത്താൽ സാമ്പത്തിക സമാഹരണം നടത്താവുന്നതാണ്. |
| 2. | സ്ഥലപരിമിതി കോളനികളിലും ജനങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിലും. | പൊതുവായി ഒരു സെപ്റ്റിക് ടാങ്ക് നിർമ്മിച്ച് ഇത് പരിഹരിക്കാവുന്നതാണ്. |
| 3. | ആവശ്യകത വേണ്ടവിധത്തിൽ ബോധ്യപ്പെടാത്തതിനാൽ. | ആരോഗ്യ ബോധവൽക്കരണം നടത്തണം. ചർച്ചാ ക്ലാസുകൾ മുതലായവ. |

## പരിസരശുചിത്വം

വ്യവസായവൽക്കരണം വളരെ കുറഞ്ഞ പ്രദേശമായതിനാൽ പരിസര മലിനീകരണം ഗുരുതരമല്ല. എങ്കിലും പഞ്ചായത്തിന്റെ മിക്ക ഭാഗങ്ങളിൽ നിന്നും ശുചീകരണത്തിന്റെ അഭാവത്തെക്കുറിച്ച് ഉള്ള പരാതികൾ ഉയർന്നുവന്നിട്ടുണ്ട്. പഞ്ചായത്ത് പ്രദേശത്തെ നഗരവൽക്കരണ പ്രവണതയും ജനസംഖ്യാ വർദ്ധനവും മൂലം പ്രശ്നം കൂടുതൽ രൂക്ഷമാകാനിടയുണ്ട്. പൊതുവായ ശുചീകരണ പ്രവർത്തനത്തിന് ക്ലീൻ പഞ്ചായത്ത് എന്നൊരു പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കുകയാണ് വേണ്ടത്. അതോടൊപ്പം ശാസ്ത്രീയമായിട്ടുള്ള ഡ്രൈനേജ് സൗകര്യം ടൗൺ പ്രദേശത്ത് ഉണ്ടാവണം.

പഞ്ചായത്തിന്റെ പല പ്രദേശങ്ങളിലും മലിന ജലം കെട്ടി നിൽക്കുകയും അത് കുടിവെള്ളത്തിൽ കലരുകയും ചെയ്യുന്നതായി ഗ്രാമസഭ റിപ്പോർട്ടിൽ കാണുന്നുണ്ട്. അടിമാലി ടൗണിലും മലിനജലം ഒഴുക്കിക്കളയുന്നതിന് പ്രത്യേകം സംവിധാനം ഉണ്ടാക്കണം. അത് പൊതു ആവശ്യത്തിന് ഉപയോഗിക്കുന്ന തോടുകളിലേക്ക് ഒഴുകുന്നത് തടയണം.

## പൊതു നിർദ്ദേശങ്ങൾ

1. വയോജന ആരോഗ്യ കേന്ദ്രങ്ങൾ പഞ്ചായത്തിൽ സ്ഥാപിക്കണം.
2. ഹെൽത്ത് കാർഡ് സംവിധാനം-ചികിത്സയ്ക്കായി എത്തുന്ന വ്യക്തിയുടെ മുൻ ആരോഗ്യനിലയെക്കുറിച്ചുള്ള വിവരങ്ങൾ അറിയാൻ സഹായിക്കും.
3. പൊതുജനാരോഗ്യ പ്രവർത്തനം പൂർണമായും പഞ്ചായത്തിനെ ഏൽപ്പിക്കണം. ഇത് കൂടുതൽ ഫലപ്രദമാകുന്നതാണ്.
4. ജനകീയ സെല്ലുകൾ രൂപീകരിച്ച് ഈ മേഖലയിൽ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കണം.

## പാരമ്പര്യ വൈദ്യമേഖല

ഈ പഞ്ചായത്തിലെ പാരമ്പര്യ വൈദ്യന്മാരെ സംഘടിപ്പിക്കുകയും കൂട്ടായ ചർച്ചയിലൂടെ പലവിധത്തിലുള്ള ചികിത്സാ രീതികൾ ഏകോപിപ്പിച്ച് പ്രവർത്തിപ്പിക്കുകയും ചെയ്യണം. അത് ജനങ്ങൾക്ക് കൂടുതൽ പ്രയോജനപ്പെടും. പുകവലി, മുറുക്ക്, മദ്യപാനം എന്നിവയ്ക്കെതിരെ ബോധവൽക്കരണം നടത്തുന്നതിന് കഴിയണം. നേത്രദാനത്തിന് ജനങ്ങളെ ബോധവൽക്കരിക്കുകയും അടിമാലിയിൽ നേത്രബാങ്ക് തുടങ്ങുകയും വേണം. നിലവിലുള്ള സാഹചര്യങ്ങൾ പൂർണമായി പ്രയോജനപ്പെടുത്തിയാൽ 'ശുചിത്വഗ്രാമം ആരോഗ്യഗ്രാമം' എന്ന സ്വപ്നം യാഥാർത്ഥ്യമാക്കി മാറ്റുവാൻ നമുക്ക് കഴിയും. അതിനാകട്ടെ ജനകീയാസൂത്രണം.

5-6



# ഗതാഗതം, ഊർജ്ജം, മാർക്കറ്റ്



**271.53** ച.കി.മി വിസ്തീർണ്ണമുള്ള ഈ പഞ്ചായത്തിൽ 33 കി.മി. എൻ.എച്ച് 49ഉം 6 കി.മി. പി.ഡബ്ള്യൂ.ഡി റോഡും ഉണ്ട്. 137 പഞ്ചായത്ത് റോഡുകളുണ്ട്. ആകെ നീളം 229.405 കി.മി. ആണ്. എൻ.എച്ച്. 49ഉം പി.ഡബ്ള്യൂ.ഡി റോഡും ഒഴിച്ചാൽ ബസ്സ് ഗതാഗതമുള്ള റോഡുകൾ ഇല്ല.

പഞ്ചായത്തിന് സ്വന്തമായി രണ്ടു ബസ്സ്റ്റാൻറുകൾ ഉണ്ടെങ്കിലും ഒന്നുമാത്രമേ പ്രവർത്തനക്ഷമമായിട്ടുള്ളൂ. മറ്റേ ബസ്സ്റ്റാൻറ കൂടി പ്രവർത്തനക്ഷമമാക്കിയാൽ അടിമാലി ടൗണിലെ ട്രാഫിക്ക് കുരുക്കിന് പരിഹാരം ഉണ്ടാക്കാൻ കഴിയും.



പഞ്ചായത്തിലെ 137 റോഡുകളിൽ താഴെപ്പറയുന്ന പതിനൊന്ന് റോഡുകളേ ടാർ ചെയ്യാൻ കഴിഞ്ഞിട്ടുള്ളൂ.

| | റോഡ് | ദൂരം |
|---|---|---|
| 1. | അടിമാലി - മന്നാം കാല | 1km |
| 2. | അടിമാലി - വിക്ടറി ജംഗ്ഷൻ | 750 |
| 3. | അടിമാലി - തേവര റോഡ് | 750 |
| 4. | കുഞ്ഞിത്തെ[illegible]ൻ - കൂമ്പൻപാറ | 1.500 |
| 5. | 200 ഏക്കർ - മെഴുകും ചാൽ | 500 |
| 6. | അടിമാലി - വിവേകാനന്ദ റോഡ് | 750 |
| 7. | കൂമ്പൻപാറ - 200 ഏക്കർ | 1.500 |
| 8. | അടിമാലി - മുനിത്തണ്ട് | 800 |
| 9. | അടിമാലി - പാൽക്കുളം | 900 |
| 10. | കൂമ്പൻപാറ - പ്രിയദർശിനി കോളനി | 750 |
| 11. | ഇരുമ്പുപാലം - പടികപ്പ് റോഡ് | 1.000 |

127 റോഡുകളും ചെമ്മൺപാതകളാണ്. സമയാസമയങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്താതുകൊണ്ടും ഓടകൾ ഇല്ലാത്തതുകൊണ്ടും ഈ റോഡുകൾ ഗതാഗതയോഗ്യമല്ലാതിരിക്കയാണ്.

ഈ പഞ്ചായത്തിൻെറ മുഖച്ഛായ മാറ്റുവാനും ഗതാഗത സൗകര്യങ്ങൾ ഗണ്യമായി വർദ്ധിപ്പിക്കാൻ പര്യാപ്തമായതും എൻ.എച്ച് 49ന് പാരലായതുമായ മൂന്നുറോഡുകൾ താഴെ സൂചിപ്പിക്കുന്നു. ഈ മൂന്ന് റോഡുകൾ പൂർത്തീകരിച്ചാൽ പഞ്ചായത്തിൻെറ പടിഞ്ഞാറേ അറ്റം മുതൽ കിഴക്കേ അതിരുവരെയുള്ള ഗതാഗതം സുഗമമാക്കുവാൻ കഴിയും. വെള്ളത്തൂവൽ, പള്ളിവാസൽ എന്നീ പഞ്ചായത്തുകളുമായി ഗതാഗത ബന്ധം സ്ഥാപിക്കുവാൻ ഏറ്റവും അനുയോജ്യമായ റോഡുകളാണിവ.

1. ആനവിരട്ടി - ഇരുന്നൂറേക്കർ - മെഴുകുംചാൽ ദേവിയാർ റോഡ്.
2. പട്ടിക്കപ്പ് - പ്ലാക്കയം - കൊരങ്ങാട്ടി - കുരിശുപാറ റോഡ്.
3. മച്ചിപ്ലാവ് അസ്സിസ്സി ജംഗ്ഷൻ - ചാറ്റുപാറ കുതിരയള - എട്ടേക്കർ - റോഡ്.

പഞ്ചായത്തിൻെറ ആസ്ഥാനമായ അടിമാലി ടൗണിൽ പോലും ടാക്സി - ഓട്ടോറിക്ഷാ സ്റ്റാൻറുകൾ ഇല്ലായെന്നത് ട്രാഫിക് പ്രശ്നം ഗുരുതരമാക്കുന്നു. ടാക്സി - ഓട്ടോറിക്ഷാ സ്റ്റാൻറുകൾ നിർമ്മിച്ച് ഈ ഗുരുതരമായ അവസ്ഥയ്ക്ക് പരിഹാരം ഉണ്ടാക്കുവാൻ കഴിയും.

## റോഡുകൾ: പ്രശ്നങ്ങളും-പരിഹാരമാർഗ്ഗങ്ങളും

### വാർഡ് - 1. പ്രശ്നങ്ങൾ

ഈ വാർഡ് രണ്ട് മേഖലകളിലായി കിടക്കുന്നു. 1. ദേവിയാർ. 2. കാഞ്ഞിരവേലി. - ഗതാഗതസൗകര്യം വളരെകുറവാണ് റോഡുകളും പാലങ്ങളും, ചപ്പാത്തുകളും നിർമ്മിക്കേണ്ടതുണ്ട്.

### പരിഹാരനിർദ്ദേശങ്ങൾ

1. കാഞ്ഞിരവേലി - ഇഞ്ചപ്പതാൽ റോഡ്.
2. 10ാംമൈൽ - ദേവിയാർ കോളനി റോഡ്
3. കാഞ്ഞിരവേലി ഭഗവതി ക്ഷേത്രത്തിൻെറ അടുത്തുകൂടിയുള്ള റോഡും കാഞ്ഞിരവേലി റോഡും തമ്മിൽ ബന്ധിപ്പിക്കുന്ന റോഡ്.
4. സെൻറ് പോൾസ് ചർച്ചിന് സമീപം എൻ.എച്ച്.49 - ഉം 10-ാംമൈൽ കോളനി റോഡും തമ്മിൽ ബന്ധിപ്പിക്കുന്ന

തിന് ദേവിയാർ തോടിനു കുറകെ ചപ്പാത്ത്.
5. പാട്ടയടമ്പ് പ്രദേശവും എൻ.എച്ച്. 49 ഉം തമ്മിൽ ബന്ധിപ്പിക്കുന്നതിന് വാളറ കുത്തിന് സമീപം ചപ്പാത്ത്.
6. വാളറ - വടക്കേച്ചാലിന് സമീപം ദേവിയാർ പുഴക്കു കുറുകെ പാലം.

### വാർഡു - II പ്രശ്നങ്ങൾ.

പട്ടികജാതി - പട്ടികവർഗ്ഗവിഭാഗങ്ങൾ ഭൂരിപക്ഷമുള്ള വാർഡാണിത്. ഉള്ള റോഡുകൾ പോലും ഗതാഗതയോഗ്യമല്ല.

### പരിഹാരനിർദ്ദേശങ്ങൾ

1. 6 - ാം മൈൽ - പഴംപള്ളിച്ചാൽ - കുറത്തിക്കുടിറോഡ്
2. കമ്പിലൈൻ - ഒഴുവത്തടം റോഡ്
3. പടിക്കപ്പ്കുടി - പരിശക്കല്ല് - പഴംപള്ളിച്ചാൽ റോഡ്.
4. ചില്ലിത്തോട് - ഒഴവത്തടം റോഡ്.
5. പടിക്കപ്പ് - ഞണ്ടാലവഴി - ഒഴുവത്തടം റോഡ്.
6. വാളറ - വടക്കേച്ചാൽ റോഡ്.
7. വാളറ - കമ്പിലൈൻ റോഡ്.
8. 10 - ാംമൈൽ - ഒഴുവത്തടം റോഡ്.
9. ഇരുമ്പുപാലം - മേക്കുന്നേൽപടി - ഒഴുവത്തടം റോഡ് എന്നിവയുടെ പുനർനിർമ്മാണവും ടാറിങ്ങും നടത്തുക.

### വാർഡ് - III പ്രശ്നങ്ങൾ

ഗതാഗതസൗകര്യം വളരെക്കുറവുള്ള വാർഡാണിത്.

### പരിഹാരനിർദ്ദേശങ്ങൾ:

താഴെപ്പറയുന്ന റോഡുകളുടെ പുനർനിർമ്മാണവും അറ്റകുറ്റപണികളും, ടാറിങ്ങും നടത്തുക.
1.തൈക്കാവുംപടി - മുത്തിക്കാട് - മുടിപാറ - 10-ാം മൈൽ റോഡ്.
2. ചില്ലിത്തോട് - ഒഴുവത്തടം - കമ്പിലൈൻ - പഴംപള്ളിച്ചാൽ റോഡ്.

### വാർഡ്- IV പ്രശ്നങ്ങൾ

നിലവിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്താത്തതിനാൽ ഗതാഗതയോഗ്യമല്ല.

### പരിഹാരനിർദ്ദേശങ്ങൾ

1. മെഴുകുംചാൽ - ലക്ഷംവീട് റോഡ്
2. ചൂരക്കട്ടൻ റോഡ്.
3. 14-ാംമൈൽ ലിങ്ക്റോഡ്
4. കല്ലുങ്കൽപ്പടി - മെഴുകുംചാൽ റോഡിനെ ബന്ധിപ്പിക്കുന്ന റോഡ്.
5. മെഴുകുംചാൽ - കമ്മട്ടിച്ചാൽ റോഡ്.

ഈ റോഡുകളുടെ പുനർനിർമ്മാണം നടത്തി ഗതാഗതയോഗ്യമാക്കണം.

### വാർഡ്- V പ്രശ്നങ്ങൾ

ഇരുമ്പുപാലം പടിക്കപ്പ് റോഡ് ടാർചെയ്തതാണെങ്കിലും ബസ്സ് ഗതാഗതം ഇല്ല. മറ്റു റോഡുകൾ ഗതാഗത യോഗ്യമല്ല.

### പരിഹാരനിർദ്ദേശങ്ങൾ

1. ഇരുമ്പുപാലം - പടിക്കപ്പ്റൂട്ടിൽ ബസ്സ് ഗതാഗതം ആരംഭിക്കണം.
2. പടിക്കപ്പ് - പഴംപള്ളിച്ചാൽ റോഡ്.
3. പടിക്കപ്പ് - കട്ടമുടി - പ്ലാക്കയം - കൊരങ്ങാട്ടി - കുരിശുപാറ റോഡ് പുനർനിർമിച്ച് ടാറിംഗ് നടത്തണം.
4. പടിക്കപ്പ് - ഒഴുവത്തടം റോഡ്, വെട്ടുകല്ലുംമുടി പോക്കറ്റുറോഡ്, മുത്താരംകുന്ന് - പടിക്കപ്പ് റോഡ്.
5. 14-ാം മൈൽ - തുമ്പിപ്പാറ റോഡ്.
6. പെരുങ്ങച്ചാൽ - വായ്ക്കലാംകണ്ടം റോഡ്.
7. 12-ാം മൈൽ - തൈക്കാവുംപടി റോഡ്.
8. തുമ്പിപ്പാറ - കട്ടമുടി റോഡ് ഇവ അറ്റകുറ്റപ്പണികൾ നടത്തി ഗതാഗതയോഗ്യമാക്കണം.
9. 14-ാം മൈൽ - വായ്ക്കലാംകണ്ടം - തൈക്കാവുംപടി റോഡിൽ പാലം നിർമ്മിക്കണം.
10. മച്ചിപ്ലാവ് - അടയ്ക്കക്കളം റോഡ്.
11. ഇരുമ്പുപാലം ഹോമിയോപ്പടി പാലം നിർമ്മിക്കണം.

### വാർഡ്- VI പ്രശ്നങ്ങൾ

വാർഡിൽ 4 പാലങ്ങളുടെയും 10 റോഡുകളുടെയും നിർമ്മാണ - പുനരുദ്ധാരണ പണി നടക്കണം.

### പരിഹാരനിർദ്ദേശങ്ങൾ

1. മണൽപ്പടി - ആപ്പീസാൻപടി, മന്ദിരംകണിയാംചാൽ റോഡ്, ആശ്രമപ്പടി - സൗത്ത് ഹിൽവാലി റോഡ് എന്നിവടങ്ങളിൽ പാലം പണിയണം.
2. ചിറ്റായം - മുരിങ്ങോത്തിറോഡ്, മന്ദിരം കണിയാംചാൽ റോഡ്, മുതുവാൻപാറ - ഇല്ലത്തുപടി റോഡ്, മച്ചിപ്ലാവ് - സൂര്യൻ പടിറോഡ്, ആശ്രമംപടി - സൗത്ത് ഹിൽവാലി റോഡ്, തലനിരപ്പൻ - ചിന്നപ്പാറക്കുടി റോഡ്, ചാറ്റുപാറ - പീച്ചിക്കര ഈസ്റ്റേൺ റോഡ് എന്നീ റോഡുകളുടെ നിർമ്മാണ പുനർനിർമ്മാണ പ്രവർത്തനം നടത്തണം.

### വാർഡ്- VII പ്രശ്നങ്ങൾ

കാര്യമായ സാമ്പത്തിക ബാദ്ധ്യതകൾ വരുന്ന എട്ടോളം റോഡുകളുടെ നിർമ്മാണം നടക്കണം.

### പരിഹാരനിർദ്ദേശങ്ങൾ

1. മച്ചിപ്ലാവ് അസീസ്സി ജംഗ്ഷൻ - ചാറ്റുവാറ - കുതിരയിള - എട്ടേക്കർ റോഡ്.
2. മച്ചിപ്ലാവ് - തട്ടേക്കണ്ണൻ റോഡ്.
3. മച്ചിപ്ലാവ് - മച്ചിപ്ലാവുകുടി റോഡ്.
4. അമ്പലപ്പടി - അക്കാമ്മ റോഡ്.
5. പടിക്കപ്പ് - കട്ടമുടി റോഡ്.
6. ചാറ്റുപാറ - ലക്ഷം വീടു കോളനി റോഡ്.
7. ചാറ്റുപാറ സി. എസ്. ഐ. പള്ളിക്കു സമീപം നടപ്പാത ഇവ പുനർനിർമ്മിക്കണം.

### വാർഡ് - VIII പ്രശ്നങ്ങൾ

ചിന്നപ്പാറക്കുടി കോളനിയിലേക്കുള്ള റോഡ് തീർത്തും ഗതാഗത യോഗ്യമല്ല.

### പരിഹാര നിർദ്ദേശങ്ങൾ

1. കോയിക്കക്കുടി സിറ്റി - ചിന്നപ്പാറക്കുടി റോഡ്.
2. വി. ടി. ലോഡ്ജ് - രാജീവ് ഗാന്ധി റോഡ്.
3. 200 ഏക്കർ - മെഴുകുംചാൽ റോഡിൻെറ ഒരു ഭാഗം ഇവ പുനർനിർമ്മിച്ച് ടാറിംഗ് നടത്തണം.

### വാർഡ് – IX പ്രശ്നങ്ങൾ

ഗതാഗത യോഗ്യമായ റോഡുകൾ പരിമിതമാണ്.

### പരിഹാരനിർദ്ദേശങ്ങൾ

1. 200 ഏക്കർ. മെഴകുംചാൽ റോഡിൻെറ ഒരു ഭാഗം.
2. കാടായപ്പടി - പൊളിഞ്ഞ പാലം റോഡ്.
3. കാടപ്പറമ്പിൽപടി - കോയിക്കക്കുടി സിറ്റി റോഡ്.
4. 200 ഏക്കർ മെഴുകുംചാൽ റോഡിൽ നിന്നും പ്ലോട്ടുകളിലേക്കുള്ള 5 ലിങ്കുറോഡുകൾ.
5. വിക്ടറി ജംഗ്ഷൻ റോഡ് എന്നിവ ഗതാഗത യോഗ്യമാക്കണം.

### വാർഡ് X പ്രശ്നങ്ങൾ

ചെമ്മൺ റോഡുകൾ ആണ് പലതും അറ്റകുറ്റപ്പണികൾ നടത്തിയിട്ടില്ല. ഗതാഗതയോഗ്യമല്ല.

### പരിഹാര നിർദ്ദേശങ്ങൾ

1. 200 ഏക്കർ സ്നേഹദീപിനു സമീപം കലുങ്ക് നിർമ്മിക്കുക.
2. 200 ഏക്കർ – ആനവിരട്ടി റോഡ്.
3. 1000 ഏക്കർ അമ്പലപ്പടി – 200 ഏക്കർ അംഗൻവാടി കവല റോഡ്.
4. അമ്പലപ്പടി - മൈലാടും - കൂമ്പൻപാറക്കവല റോഡ്.
5. മില്ലുംപടി – 4 സെൻറ് കോളനി റോഡ്.
6. കാവുംമോളേൽപ്പടി – അമ്പലപ്പടി റോഡ്.
7. 200 ഏക്കർ – മെഴുകുംചാൽ റോഡിൽ നിന്ന് പൊട്ടക്കൽമല റോഡ്. ഇവ നിർമ്മിച്ച് ഓടകൾ തീർക്കുക.

### വാർഡ് XI പ്രശ്നങ്ങൾ

13 റോഡുകളുള്ള ഈ വാർഡിൽ 7 റോഡുകൾ ഭാഗിഗമായി ടാർ ചെയ്തിട്ടുണ്ട്. മറ്റു റോഡുകൾ ഗതാഗത യോഗ്യമല്ല.

### പരിഹാര നിർദ്ദേശങ്ങൾ

1. 200 ഏക്കർ മില്ലുംപടി – 4 സെൻറ് കോളനി റോഡ്.
2. പൊളിഞ്ഞപാലം 200 ഏക്കർ – കൂമ്പൻപാറ റോഡ്.
3. പ്രിയദർശിനി – കൂമ്പൻപാറ റോഡ്.
4. മുനിത്തണ്ട് - എസ്. വി. വി. ഇ. എം. സ്കൂൾ റോഡ്.
5. ടി. എച്ച്. എസ്. - കൂമ്പൻപാറ റോഡ്.
6. മുനിത്തണ്ട് – തേവര റോഡ്.
7. കുഞ്ഞിത്തൊമ്മൻ റോഡിൽ നിന്നും താഴേക്കുള്ള റോഡ്.
8. കൂമ്പൻപാറ – കൂറ്റപ്പാലക്കുന്ന് റോഡ്. എന്നിവ അടിയന്തരമായി പുനർനിർമ്മിക്കുകയും ടാറിംഗ് നടത്തുകയും ചെയ്യുക.

### വാർഡ് XII പ്രശ്നങ്ങൾ

കുറെയേറെ പട്ടിക വർഗ്ഗ കോളനികളുള്ള വാർഡാണിത്. മലമുകളിലേക്കുള്ള റോഡ് നിർമ്മാണം ചെലവേറുന്നതാണെങ്കിലും പരിഹരിക്കണം.

### പരിഹാര നിർദ്ദേശങ്ങൾ

1. വില്ലേജ് സർക്കിൾ റോഡ്.
2. അടിമാലി – അരിക്കാടൻ റോഡ്.
3. അടിമാലി – തലമാലി റോഡ്.
4. പെട്ടിമുടി – കൂമ്പൻപാററോഡ്.
5. അടിമാലി – ഐക്കര റോഡ്.
6. പ്ലാമല – പീച്ചാട് റോഡ്.
7. കൊടകല്ല് – പീച്ചാട് റോഡ്.
8. നൂറാങ്കര - കോട്ടപ്പാറ റോഡ് ഇവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി പൂർത്തീകരിക്കുക.

വാർഡ് 9 ൻെറയും 10 ൻെറയും അതിർത്തിയായ പീച്ചാടുപടി – പൊളിഞ്ഞപാലം റോഡ് നിർമ്മിക്കുക.

### ഊർജ്ജം

വൈദ്യുതി ഉല്പാദന കേന്ദ്രമായ നേര്യമംഗലം പവ്വർ ഹൗസ് ഈ പഞ്ചായത്തിലാണ്. മറ്റ് വൈദ്യുതി ഉല്പാദന മേഖലകളായ പള്ളിവാസൽ, പന്നിയാർകുട്ടി പവ്വർ ഹൗസുകൾ ഈ പഞ്ചായത്തിന് സമീപത്താണ്. എന്നാലും ഈ പഞ്ചായത്തിലെ പകുതി പ്രദേശത്തുപോലും വൈദ്യുതി എത്തിക്കാൻ കഴിഞ്ഞിട്ടില്ല. 24 ഓളം ഗിരിവർഗ്ഗ സെറ്റിൽമെൻറുകളും 15 ഓളം ലക്ഷംവീടു ഹരിജൻ കോളനികളും ഉള്ള ഈ പഞ്ചായത്തിൽ എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുന്നതിന് ഭഗീരഥ പ്രയത്നം തന്നെ വേണ്ടിവരുന്നു. ഭൂരിഭാഗം പ്രദേശങ്ങളിലും സ്ട്രീറ്റ് ലൈറ്റുകൾ ഇല്ല. വൈദ്യുതി ലഭ്യമായ സ്ഥലങ്ങളിൽപോലും വോൾട്ടേജ് ക്ഷാമം രൂക്ഷമാണ്. പുതിയ ട്രാൻസ്ഫോമറുകൾ സ്ഥാപിച്ചാൽ മാത്രമേ വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ കഴിയൂ.

### പരിഹാര നിർദ്ദേശങ്ങൾ

പഞ്ചായത്തിൽത്തന്നെ 5 സ്ഥലങ്ങളിൽ വൈദ്യുതി ഉല്പാദനം നടത്താൻ കഴിയുന്ന സാഹചര്യമുണ്ട്.

1. ഈ പഞ്ചായത്തിലെ ഏറ്റവും ഉയരം കൂടിയ മല ഉള്ളത് 1-ാം വാർഡിലാണ്. ഉയരം കൂടിയ കുതിരകുത്തി മലയിൽ കാറ്റാടിയന്ത്രം ഉപയോഗിച്ച് വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയും.
2. ഒന്നാം വാർഡിൽ വാളറ കുത്തിനോടനുബന്ധിച്ച് ഒരു മിനി ജലവൈദ്യുതി പദ്ധതി പൂർത്തിയാക്കിയാൽ ഈ പഞ്ചായത്തിലെ വൈദ്യുതി ക്ഷാമം ഒരു പരിധിവരെ പരിഹരിക്കാൻ കഴിയും. വൈദ്യുതി ബോർഡിൻെറ ചില സർവ്വേകൾ നടന്നിട്ടുണ്ടെങ്കിലും പദ്ധതി ആരംഭിക്കുന്നതിന് ശ്രമം ആരംഭിച്ചിട്ടില്ല. പുതിയ സംവിധാനത്തിൽ ജില്ലാ പഞ്ചായത്തിന് ഏറ്റെടുക്കാവുന്ന ഒരു പദ്ധതിയാണിത്.
3. 1-ാം വാർഡിൽ തന്നെ കാഞ്ഞിരവേലി ഉദയാ ക്ലബ്ബിന് തെക്കുഭാഗത്ത് പെരിയാറ്റിലെ വെള്ളച്ചാട്ടത്തിന് താഴെയുള്ള ചെക്കുഡാം കെട്ടി വൈദ്യുതി ഉല്പാദ

നം നടത്താവുന്നതാണ്. പഞ്ചായത്തിനാവശ്യമായ 75 ശതമാനം വൈദ്യുതി ഇവിടെ നിന്നും ഉല്പാദിപ്പിക്കാവുന്നതാണ്.

4. 7-ാം വാർഡിൽ ചാറ്റുപാറ - കുതിരയള റോഡിന് സമീപമുള്ള നീരൊഴുക്ക് തടഞ്ഞുനിർത്തി ഒരു ഹൈഡൽ പ്രോജക്ടിന് രൂപം നൽകാവുന്നതാണ്. ഏതെങ്കിലും ഏജൻസികളെ ഏല്പിച്ചാൽ സാമ്പത്തിക ചെലവും ലഘൂകരിക്കാം.



5. കല്ലാറിലെ ജലം ചെറിയ അണകെട്ടി അടിമാലിത്തോട്ടിലേക്ക് തിരിച്ചു വിട്ട് കൊരങ്ങാട്ടി ഭാഗത്ത് സംഭരിച്ച് 12-ാം വാർഡിൽ അടിമാലി തോടിനോട് അനുബന്ധിച്ച് ഒരു മിനി ജലവൈദ്യുത പദ്ധതിക്ക് രൂപം നൽകാവുന്നതാണ്. 7 മാസത്തിലധികം അടിമാലിയിലെ വൈദ്യുതി ക്ഷാമത്തിന് പരിഹാരമാകും. ഈ 5 പദ്ധതികളും നടപ്പിലാക്കാൻ കഴിഞ്ഞാൽ പഞ്ചായത്തിനാവശ്യമായ വൈദ്യുതി ഇവിടെത്തന്നെ ലഭിക്കും.

വീട്ടാവശ്യത്തിന് വിറകാണ് മുഖ്യമായും ഉപയോഗിക്കുന്നത്. 1/3 വീടുകളിൽ പാചകവാതകവും ഉപയോഗിക്കുന്നുണ്ട്. മണ്ണെണ്ണയും, ചുരുക്കം ചില വീടുകളിൽ ഉപയോഗിക്കുന്നു.

## പരിഹാര നിർദ്ദേശങ്ങൾ

1. ദൂക്ഷതയേറിയ അടുപ്പുകളുടെ ഉപയോഗം പ്രചരിപ്പിക്കുക.
2. പശുക്കളുള്ള വീടുകളിൽ ഗോബർ ഗ്യാസ് പ്ലാൻറ് സ്ഥാപിക്കുന്നതിനാവശ്യമായ പ്രചരണവും ധനസഹായവും നൽകുക.
3. കുക്കിംഗ് ഗ്യാസ് കുറഞ്ഞ ചെലവിൽ ലഭിക്കുന്നതിനുള്ള സംവിധാനമൊരുക്കുക.
4. 200 ഏക്കർ കൂമ്പൻപാറകവല, 200 ഏക്കർ അമ്പലപ്പടിക്കവല, മില്ലുംപടി - മന്നാംകാല കവല എന്നിവിടങ്ങളിൽ സോഡിയം വേപ്പർ ലാമ്പ് സ്ഥാപിക്കുക.
5. മന്നാംകാല 4 സെൻറ് കോളനിയിൽ തെരുവുവിളക്ക് സ്ഥാപിക്കുക.
6. അനർട്ട് - ജലസേചനാവശ്യത്തിനു നൽകുന്ന സോളാർ പമ്പുസെറ്റ് ഉപയോഗം വ്യാപകമാക്കിയാൽ വൈദ്യുതി ക്ഷാമം ഒരളവുവരെ പരിഹരിക്കാം.

## മാർക്കറ്റ്

പഞ്ചായത്തിൽ ഭാഗികമായി പ്രവർത്തിക്കുന്ന ഒരു മാർക്കറ്റ് മാത്രമേ ഉള്ളു. അതും മൽസ്യവ്യാപാരത്തിന് മാത്രമായി ഉപയോഗിക്കുന്നു.

ഏത്തവാഴ, പൈനാപ്പിൾ, പയർ, പാവലം, കപ്പ തുടങ്ങിയവ നന്നായി കൃഷി ചെയ്യപ്പെടുന്ന പ്രദേശമാണിത്. എന്നാൽ ഈ ഉല്പന്നങ്ങൾ വിറ്റഴിക്കാൻ പറ്റിയ ഒരു പൊതു വിപണി ഇല്ലെന്നുള്ളത് മുഖ്യപ്രശ്നമാണ്.

## പരിഹാര നിർദ്ദേശങ്ങൾ

1. നിലവിലുള്ള മാർക്കറ്റു പ്രവർത്തനം സുസജ്ജമാക്കുക
2. പച്ചക്കറി - പഴവർഗ്ഗങ്ങൾ തുടങ്ങിയവ വിപണനം നടത്തുന്നതിന് സൗകര്യമുണ്ടാക്കുക.
3. അടിമാലി, മച്ചിപ്ലാവ്, ഇരുമ്പുപാലം എന്നിവിടങ്ങളിൽ ആഴ്ച ചന്തകളും, സായാഹ്ന ചന്തകളും നിർമ്മിക്കുക.



5-7

# പാർപ്പിടം

വിദ്യാഭ്യാസപരമായും സാംസ്കാരികമായും ഏറെ മുൻപന്തിയിൽ നിൽക്കുന്ന ഒരു പഞ്ചായത്താണിത്. മന്നാംകണ്ടം വില്ലേജ് ഇതിൽ ഒതുങ്ങുന്നതാണ്. ഗൾഫ് പണത്തിൻെറ സ്വാധീനം ഇല്ലാത്ത പഞ്ചായത്താണ് അടിമാലി. അതുകൊണ്ട് കുടിലുകളും ഇടത്തരം വീടുകളുമാണ് പഞ്ചായത്തിൽ ഭൂരിപക്ഷവും. പഞ്ചായത്തിലെ 6711 വീടുകളിൽ 2687 വീടുകൾ ഭേദപ്പെട്ടതും ബാക്കി 3024 വീടുകൾ കുടിലുകളോ ഓലമേഞ്ഞവയോ ആണ്. 30 വീടുകളുടെ തറ മൊസൈക്ക്, കടപ്പ എന്നിവകൊണ്ടും ബാക്കിയുള്ളതിൽ 2000 വീടുകളുടെ തറ സിമൻറുകൊണ്ടും 4681 വീടുകളുടെ തറ ചാണകം മെഴുകിയും തീർത്തതാണ്. പി.ഡബ്ല്യു.ഡി. റോഡിന് സമീപമായിട്ടാണ് വലിയ വീടുകൾ നിർമ്മിച്ചിട്ടുള്ളത്. അടിമാലി ടൗണിൽപ്പോലും വയലുകൾ നികത്തിയാണ് കെട്ടിടം പണിയുന്നത്.

ഭവന നിർമ്മാണരംഗത്ത് ഈ പഞ്ചായത്തിൽ ഏറ്റവും കൂടുതൽ വായ്പ നൽകിയിട്ടുള്ളത് ദേവികുളം താലൂക്ക് കാർഷിക വികസന ബാങ്കാണ്. ദേവികുളം താലൂക്ക് ഹൗസിങ് സഹകരണ സംഘവും ഈ മേഖലയിൽ ഉണ്ട്. മറ്റു സംഘങ്ങൾ ഈ രംഗത്ത് എത്തിയിട്ടില്ല. എന്നാൽ നിലവിലുള്ള സംഘങ്ങളിൽ അമിത പലിശയും സങ്കീർണമായ ജാമ്യ വ്യവസ്ഥയും നിലവിലുണ്ട്. ദേവികുളം താലൂക്ക് കാർഷിക വികസന സഹകരണ സംഘത്തിൽ പട്ടയം പണയമായി സ്വീകരിച്ചാണ് വായ്പ കൊടുക്കുന്നത്. ഈ പഞ്ചായത്തിൽ പട്ടയം ഇല്ലാത്തവർ അനവധിയാണ്. അവർക്ക് സ്വന്തമായി ഒരു വീട് സാക്ഷാത്ക്കരിക്കാൻ കഴിയുന്നില്ല.

ഈ ഭവന വായ്പകൾ സാധാരണക്കാരനും ലഭിക്കത്തക്കരീതിയിൽ ഭവന വായ്പാ വ്യവസ്ഥകൾ ഉദാരമാക്കേണ്ടതാണ്. അതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കേണ്ടതാണ്.

1. നിർമ്മിക്കുന്ന വീട് ഈടായി സ്വീകരിച്ച് വായ്പ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുക.

2. പലിശ നിരക്ക് 12 ശതമാനമായി നിജപ്പെടുത്തുക.

3. പ്ലോട്ട് വാങ്ങി വീട് നിർമ്മിച്ച് തവണ വ്യവസ്ഥയോടുകൂടി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുക.

ഈ പഞ്ചായത്തിൽ 1800 കുടുംബങ്ങളും സ്വന്തമായി വീട് ഇല്ലാത്തവരാണ്. എന്നിട്ടും സർക്കാർ ഏജൻസികൾ മുഖേന വീട് ലഭിച്ചവരുടെ എണ്ണം വളരെ കുറവാണ്. ദുർബല വിഭാഗക്കാർക്കും ഇടത്തരക്കാർക്കും വീട് നിർമ്മിക്കുന്നതിനും പുതുക്കിപ്പണിയുന്നതിനും വായ്പയും സാങ്കേതിക സഹായവും ലഭ്യമാക്കണം. ജനകീയാവശ്യങ്ങളിൽ അടിയന്തര പ്രാധാന്യമുള്ള ഒന്നാണ് പാർപ്പിട പ്രശ്നം. ഈ പ്രശ്നം ഉടൻ പരിഹരിക്കപ്പെടണം.

ഭവന നിർമ്മാണ ബോർഡ് വഴി ദുർബല വിഭാഗങ്ങൾക്ക് നൽകുന്ന സഹായങ്ങളും വായ്പകളും വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. ഭവന നിർമ്മാണ സാമഗ്രികളുടെ അമിതമായ വിലക്കയറ്റവും കൂലി നിരക്കിലെ വർദ്ധനവും സ്വന്തമായി ഒരു വീട് എന്ന സ്വപ്നം വെറും സ്വപ്നമായിത്തന്നെ അവശേഷിക്കുന്നു. കിട്ടുന്ന ആനുകൂല്യങ്ങൾകൊണ്ട് വീട് നിർമിക്കാനും, പണി പൂർത്തിയാക്കാനും കഴിയാത്ത അവസ്ഥയാണ് ഉള്ളത്. 1974-75 വർഷങ്ങളിൽ വിദഗ്ദ്ധ തൊഴിലാളിക്ക് 10 രൂപയും മറ്റു തൊഴിലാളിക്ക് 5 രൂപയും ആയിരുന്നു കൂലി. 1995-96 കാലയളവിൽ വിദഗ്ദ്ധ തൊഴിലാളിക്ക് 150 രൂപയും അവിദഗ്ദ്ധ തൊഴിലാളിക്ക് 100 രൂപയും കൂലിയുണ്ട്. എന്നാൽ സ്ത്രീ തൊഴിലാളികൾക്ക് കൂലി വളരെ കുറവായിട്ടാണ് കാണുന്നത്. കെട്ടിട നിർമ്മാണ സാമഗ്രികളായ സിമൻറ്, ഇഷ്ടിക, മണൽ, കമ്പി, തടി, ഓട് തുടങ്ങിയ സാധനങ്ങളുടെ അമിതമായ വിലക്കയറ്റം ഈ മേഖലയെ വല്ലാത്ത പ്രതിസന്ധിയിൽ ആക്കിയിട്ടുണ്ട്.

പ്രകൃതിക്ഷോഭം തടയാനും അതുവഴി വീടിൻെറ സംരക്ഷണം ഉറപ്പുവരുത്താനും ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. നഷ്ടപ്പെട്ട വീടുകൾ പുനർനിർമ്മിക്കാനുള്ള വായ്പയും സാങ്കേതിക സഹായവും യഥാസമയത്ത് ലഭ്യമാക്കണം. പഞ്ചായത്തിൽ ആകെ 7 പട്ടികജാതി കോളനികളും 24 പട്ടികവർഗ്ഗ കോളനികളും ഉണ്ട്. ഇതിൽ താമസിക്കുന്ന 95% ജനങ്ങൾക്കും സ്വന്തമായി വീടില്ല. റോഡ് പുറമ്പോക്കിൽ താമസിക്കുന്ന അനവധി ആളുകൾക്ക് റോഡിൻെറ വികസനം വരുമ്പോൾ വീടില്ലാതാകുന്ന സ്ഥിതിയാണുള്ളത്. പഞ്ചായത്തിലെ കുടിലുകൾ മാറ്റലും, ഭവന രഹിതർക്ക് വീട് നിർമ്മിച്ച് നൽകലും സർക്കാർ ഏജൻസികളുടെമാത്രം വായ്പകൾകൊണ്ടുംസഹായങ്ങൾകൊണ്ടും കാര്യമായി കഴിയില്ലെന്ന് മുൻ അനുഭവം നമ്മെ പഠിപ്പിക്കുന്നു.

വാർഡ് തലത്തിൽ നടപ്പാക്കുന്ന ഒരു പദ്ധതിക്കേ ഇത് മാറ്റിയെടുക്കാൻ കഴിയൂ. ഇതിനായി വാർഡ് തലത്തിൽ ഗുണഭോക്താക്കളുടെ യോഗം വിളിച്ചുചേർത്ത് എത്ര രൂപ അവർക്ക് സമാഹരിക്കാൻ കഴിയുമെന്ന് മനസ്സിലാക്കി, സർക്കാർ ഫണ്ടിനുപുറമെ സാധനങ്ങളും അദ്ധ്വാനവും സ്വരൂപിച്ച് ഇതിന് പരിഹാരം കാണാവുന്നതാണ്.

## നിർദ്ദേശങ്ങൾ

1. പഞ്ചായത്ത് തലത്തിൽ ഭവന നിർമാണ സഹകരണ സംഘങ്ങൾ രൂപീകരിക്കുക.

2. കെട്ടിട നിർമ്മാണ സാമഗ്രികൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുക.

3. നിർമ്മാണ ചെലവ് 2 ലക്ഷം രൂപയിൽ അധികരിക്കാൻ പാടില്ലെന്ന് നിയമം ഉണ്ടാക്കുക.

4. സർക്കാർ നൽകുന്ന വായ്പയുടെ സാങ്കേതിക ബുദ്ധി

മുട്ടുകൾ ഇല്ലാതാക്കുകയും കാലതാമസം ഒഴിവാക്കുകയും ചെയ്യുക.

5. സ്റ്റേജ് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള അധികാരം ഉൾപ്പെടെ എല്ലാ അധികാരവും പഞ്ചായത്തിന് നൽകുക.

6. സർക്കാർ ഏജൻസികൾ വിതരണം ചെയ്യുന്ന വീടുകളുടെ രേഖകൾ പഞ്ചായത്തിൽ സൂക്ഷിക്കുക.

7. ചെലവ് കുറഞ്ഞ വീടുകൾക്ക് പ്രചാരണം നൽകുക.

8. സർക്കാർ ലഭ്യമാക്കുന്ന ഭവന നിർമ്മാണ വായ്പകളുടെ സംഖ്യ വർദ്ധിപ്പിക്കുക, 22,000 രൂപയിൽനിന്നും 50,000 രൂപയായി വർദ്ധിപ്പിക്കുക.

9. പ്രകൃതിക്ഷോഭ പുനരധിവാസ പദ്ധതി 25,000 രൂപയാക്കി ഉയർത്തുക.

ഭവന നിർമ്മാണ പ്രശ്നം പരിഹരിക്കണമെങ്കിൽ അവർക്ക് പ്രാഥമികമായി ഭൂമി ലഭ്യമാക്കേണ്ടതുണ്ട് പഞ്ചായത്തിന്റെ ഉത്തരവാദിത്വത്തിൽ ഭൂമി ഏറ്റെടുത്ത് അർഹരായ ഭൂരഹിതർക്ക് വിതരണം ചെയ്യണം. അതിനുശേഷം എൽ.ഐ.സി, ഹഡ്കോ തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഏറ്റവും ചുരുങ്ങിയ പലിശയുള്ള വായ്പ ലഭ്യമാക്കണം, സന്നദ്ധ-യുവജന സംഘടനകളുടെയും വ്യക്തികളുടെയും മനുഷ്യാദ്ധ്വാനം ഉപയോഗപ്പെടുത്തണം. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാൻ ഗ്രാമപഞ്ചായത്തിനുകീഴിൽ കുറ്റമറ്റ സംവിധാനം ഉണ്ടാകണം. കോളനികളിലെ വലിയ പ്രശ്നമാണ് വീടുകൾ തൊട്ട് തൊട്ട് കിടക്കുന്നത്. അതുകൊണ്ട് ഫ്ളാറ്റ് സിസ്റ്റം നടപ്പാക്കുന്നതിനെക്കുറിച്ച് പരിശോധിക്കണം.

ആദിവാസി മേഖലകളിൽ അവർക്ക് അനുയോജ്യമായ രീതിയിൽ, പഞ്ചായത്ത് മുൻകൈയെടുത്ത് വീടുകൾ നിർമ്മിച്ചുനൽകണം. നമുക്ക് 5 വർഷംകൊണ്ട് മുഴുവൻ ആളുകൾക്കും വീടുകൾ നിർമ്മിച്ചു നൽകാനുള്ള തീവ്രയത്നങ്ങൾ ഏർപ്പെടാം.

## സാമൂഹ്യക്ഷേമം

ഈ രംഗത്ത് ദാരിദ്രരേഖയ്ക്ക് താഴെയുള്ളവരെ ഉദ്ധരിക്കാനുള്ള ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയും സംഘടിത-അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള ക്ഷേമപദ്ധതികളുമാണ് നിലവിലുള്ളത്.

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളും തൊഴിലാളി-തൊഴിലുടമാ സഹകരണത്തോടെയുള്ള ക്ഷേമനിധി ബോർഡുകളും ഈ രംഗത്തുണ്ട്.

സംസ്ഥാന തലത്തിൽ ഇതുകൂടാതെ പട്ടികജാതി-പട്ടികവർഗ്ഗ വികസനത്തിനായി പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷനും, വനിതകളുടെ പുരോഗതിക്കായി വനിതാ വികസന കോർപ്പറേഷനും പ്രവർത്തിക്കുന്നുണ്ട്.

ഈ പദ്ധതികൾ എല്ലാം ഉണ്ടെങ്കിലും നാമമാത്രമായ സഹായങ്ങൾ മാത്രമാണ് ദരിദ്ര ജനവിഭാഗങ്ങൾക്ക് കിട്ടുന്നത്.

ഇതിന്റെ പ്രധാന കാരണങ്ങൾ ഇവയാണ്.

1. നിലവിലുള്ള പദ്ധതികളുടെ അപര്യാപ്തത.
2. പദ്ധതിയെക്കുറിച്ചുള്ള അറിവില്ലായ്മ.
3. അർഹതപ്പെട്ടവർക്ക് കിട്ടായ്ക.
4. ഉദ്യോഗസ്ഥതലത്തിലുള്ള ബോധവൽക്കരണക്കുറവ്.

I.R.D.P സർവേ പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ വിവരം
(അനുബന്ധം II)

| വാർഡ് നമ്പർ | സർവ്വേ പ്രകാരം കണ്ടെത്തിയ കുടുംബങ്ങൾ | ഇതിൽ SC/ST കുടുംബങ്ങൾ | നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ | ഇതിൽ SC/ST | സഹായം ലഭിച്ചതുവഴി ദാരിദ്ര്യരേഖക്ക് മുകളിലെത്തിയ കുടുംബങ്ങൾ | ദാരിദ്ര്യരേഖക്ക് താഴെയുള്ള സഹായം ലഭിച്ച കുടുംബങ്ങൾ |
|---|---|---|---|---|---|---|
| I | 192 | 19 | 7 | 4 | 5 | 110 |
| II | 320 | 115 | 16 | 8 | 12 | 368 |
| III | 398 | 90 | 26 | 13 | 24 | 426 |
| IV | 215 | 85 | 32 | 17 | 20 | 195 |
| V | 327 | 65 | 28 | 14 | 10 | 349 |
| VI | 295 | 70 | 20 | 10 | 18 | 275 |
| VII | 271 | 73 | 22 | 12 | 16 | 244 |
| VIII | 217 | 100 | 30 | 16 | 20 | 240 |
| IX | 282 | 39 | 22 | 10 | 16 | 310 |
| X | 353 | 18 | 26 | 12 | 20 | 375 |
| XI | 235 | 8 | 35 | 18 | 30 | 265 |
| XII | 123 | 78 | 46 | 25 | 26 | 145 |

D.W.C.R.A. സഹായ ലഭ്യത

| വാർഡ് | തൊഴിൽ സംരംഭത്തിന്റെ ഇനം | ആരംഭിച്ച വർഷം | പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം | പ്രവർത്തനക്ഷമത |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 8 | ഡയറി യൂണിറ്റ് | 1993-94 | 10 | കാര്യമായി പ്രവർത്തിക്കുന്നു |
| ,, | ,, | 1995-96 | 5 | ,, |

5. ആവശ്യത്തിനും സമയത്തിനും കിട്ടായ്ക.
6. ഉപയോഗപ്പെടുത്തുമ്പോഴുള്ള സാങ്കേതിക നൂലാമാലകൾ.

ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനംതന്നെ കാര്യക്ഷമമായിട്ടില്ല. പഞ്ചായത്തിൽ കെട്ടിട നിർമ്മാണ തൊഴിലാളികൾ, കർഷക തൊഴിലാളികൾ, മണൽ, പാറ തൊഴിലാളികൾ തുടങ്ങി എല്ലാവിധത്തിലുമുള്ള തൊഴിലാളികളും ഉണ്ടെങ്കിലും മുഴുവൻ പേരും ക്ഷേമനിധിയിൽ അംഗങ്ങളായിട്ടില്ല.

പട്ടികജാതി വികസന കോർപ്പറേഷൻ വഴിയുള്ള ആനുകൂല്യം നാമമാത്രമായി ലഭിക്കുന്നുണ്ടെങ്കിലും ഇതും ഫലപ്രദമായി ഉപയോഗപ്പെടുന്നില്ല.

വനിതാ വികസന കോർപ്പറേഷൻ ആസ്ഥാനം തിരുവനന്തപുരത്ത് ആയതിനാൽ പഞ്ചായത്തിലെ സാധാരണക്കാരായ സ്ത്രീകൾക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കുന്നില്ല. പൊതുരംഗത്തുള്ള പല സ്ത്രീകൾക്കും ഇതിനെക്കുറിച്ച് അറിവില്ലെന്നതാണ് സത്യം.

സാമൂഹ്യക്ഷേമരംഗത്ത് ഏറ്റവും പ്രധാനപ്പെട്ട ഓഫീസ് ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസും അതിന് കീഴിലുള്ള വി.ഇ.ഒ. ഓഫീസും ആണ്. എന്നാൽ ഈ ഓഫീസുകൾ വഴി നടപ്പാക്കിയ പദ്ധതികളെ സംബന്ധിച്ച് ഗുണഭോക്താക്കളിൽനിന്നുമുള്ള വിലയിരുത്തൽ (ഗ്രാമസഭാ റിപ്പോർട്ടുകൾ) ഈ പദ്ധതികൾ പാളിപ്പോകുന്നുവെന്നാണ്.

ദാരിദ്ര്യരേഖയുടെ പരിധി 25,000 രൂപയെങ്കിലും ആക്കി ഉയർത്തണം. ഈ പഞ്ചായത്തിൽ ശരിയായ രൂപത്തിൽ സർവേ നടത്തിയാൽ ആകെയുള്ള ജനസംഖ്യയുടെ 25% എങ്കിലും ദാരിദ്ര്യരേഖയുടെ താഴെ വരും.

ദേശസാൽകൃത ബാങ്കുകൾ ഈ സ്കീം അനുസരിച്ച് വായ്പ ലഭ്യമാക്കുന്നതിൽ ഗുരുതരമായ ഉദാസീനതയാണ് കാണിക്കുന്നത്. സഹകരണ മേഖലയ്ക്ക് പരമാവധി ഫണ്ട് അനുവദിച്ചുകൊണ്ട് ദേശസാൽകൃത ബാങ്കുകളുടെ മേൽ സർക്കാർ തലത്തിൽ സമ്മർദ്ദം ചെലുത്തിയും ഈ പദ്ധതി വിജയിപ്പിക്കാൻ കഴിയും. ഗുണഭോക്താക്കളെ കണ്ടെത്താൻ വർഷംതോറും സർവേ നടത്തണം.

സ്ത്രീകളുടേയും കുട്ടികളുടേയും ഉന്നമനത്തിനുവേണ്ടി പത്തോ അതിലധികമോ സ്ത്രീകൾ കൂട്ടായി പ്രവർത്തിക്കുന്ന തൊഴിൽ സംരംഭമാണ് D.W.C.R.A. വളരെയധികം സാദ്ധ്യതയുണ്ടായിട്ടും ബോധവൽക്കരണ കുറവുമൂലം ഈ പദ്ധതി വിജയിച്ചിട്ടില്ല.

താൽപ്പര്യമുള്ളവരെ കണ്ടെത്തി ഓരോ പ്രദേശത്തിനും അനുയോജ്യമായ യൂണിറ്റുകൾ ആരംഭിക്കാൻ ശ്രദ്ധിക്കണം.

## ട്രൈസം

18 മുതൽ 35 വയസ് വരെയുള്ള യുവതി യുവാക്കൾക്ക് സ്വയംതൊഴിൽ പരിശീലനം നൽകുന്നതാണ് ട്രൈസം.

ട്രൈസം-തൊഴിൽ പരിശീലനം നേടിയവരുടെ വിവരം

| വാർഡ് | പരിശീലന വിഷയം | പരിശീലനം ലഭിച്ചവർ | സ്വയംതൊഴിൽ കണ്ടെത്തിയവർ | ഇതര തൊഴിലുകളിൽ ഏർപ്പെട്ടവർ | അവശേഷിക്കുന്നവർ |
|---|---|---|---|---|---|
| I | പ്ലാസ്റ്റിക് വർക്സ് | 3 | 2 | 1 | 0 |
| II | ടൈപ്പ്റൈറ്റിങ്ങ് & ലാബ് ടെക്നീഷ്യൻ | 4 | 2 | 1 | 1 |
| III | റേഡിയോ, ടി.വി. മെക്കാനിസം | 5 | 3 | 1 | 1 |
| IV | എംബ്രോയിഡറി കൈത്തറി നെയ്ത്ത് | 5 | 1 | 4 | 0 |
| V | ഫോട്ടോഗ്രാഫി & കമ്പോസിംഗ് | 2 | 0 | 2 | 0 |
| VI | റേഡിയോ മെക്കാനിക്ക് & ടർണിംഗ് | 3 | 0 | 3 | 0 |
| VII | ടി.വി. റേഡിയോ മെക്കാനിക്ക് | 2 | 0 | 2 | 0 |
| VIII | കമ്പോസിംഗ് & ബുക്ക് ബൈൻറിംഗ്, ഹാൻറ്ലൂം, ബുക്ക് ബൈൻറിംഗ്, സൈക്കിൾ റിപ്പയറിംഗ് | 27 | 10 | 0 | 10 |
| | ആകെ | 51 | 18 | 14 | 12 |

ഈ പഞ്ചായത്തിൽ 95-96 വരെ ആകെ 51 പേർക്ക് മാത്രമാണ് പരിശീലനം കൊടുക്കാൻ കഴിഞ്ഞിട്ടുള്ളത് എന്ന് ശ്രദ്ധിക്കേണ്ടതാണ്. ഓരോ ഗ്രാമത്തിനും അനുയോജ്യമായ പരിശീലനം നൽകാനും പരിശീലനം ലഭിച്ചവർക്ക് വായ്പ ലഭ്യമാക്കി സ്വയംതൊഴിൽ സംരംഭം തുടങ്ങാനും ശ്രദ്ധിക്കണം.

ഇതുവഴി പരിശീലനം ലഭിക്കുന്നവർക്ക് യോഗ്യതാ അടിസ്ഥാനത്തിൽ തൊഴിൽ ലഭിക്കുന്നില്ലെന്നത് ഒരു പോരായ്മയാണ്. പരിശീലനം കിട്ടുന്നവരുടെ എണ്ണം പരമാവധി കൂട്ടുകയും ഇവർക്ക് ഇപ്പോൾ കിട്ടുന്ന സ്റ്റൈപ്പൻറ് തുക കൂട്ടുകയും വേണം.

## C.R.S.P.

ദാരിദ്രരേഖയ്ക്ക് താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കാൻ ധനസഹായം നൽകുന്ന പദ്ധതിയാണ് C.R.S.P. 95-96 വർഷം വരെ ഈ പദ്ധതിപ്രകാരം കക്കൂസുകൾ അനുവദിച്ചതിൻെറ എണ്ണം 145 ആണെന്ന് കണക്കുകൾ കാണിക്കുന്നു. പൂർത്തികരിച്ചത് 137 എണ്ണവുമാണ്. ആവശ്യമുള്ളവർ 2881 കുടുംബങ്ങൾ ഉണ്ടെന്നതും കണക്കുകൾ കാണിക്കുന്നു. വിശദമായ പട്ടിക താഴെ.

അതലിൽ കാണുന്നു.

നിത്യവൃത്തിക്ക് ബുദ്ധിമുട്ടുന്ന അവശർക്ക് നൽകുന്ന ഈ പദ്ധതികൾ കൃത്യമായി കിട്ടുന്നില്ലെന്നത് ഗുരുതരമായ പ്രശ്നമാണ്. ഈ പദ്ധതികളുടെ ചുമതല ഗ്രാമപഞ്ചായത്തിന് കൈമാറേണ്ടതും എത്രയും പെട്ടെന്ന് ഫണ്ട് ലഭ്യമാക്കേണ്ടതുമാണ്.

## പെൻഷനുകൾ

### വിധവാ പെൻഷൻ

പ്രായപൂർത്തിയായ ആൺകുട്ടികളുണ്ടെങ്കിൽ ഈ പെൻഷൻ ലഭിക്കില്ല. ഇതിൽ മാറ്റം വരുത്തി വരുമാനത്തിൻെറ അടിസ്ഥാനത്തിൽ ലഭ്യമാക്കണം. അത് പഞ്ചായത്തിൽക്കൂടിയായാൽ കൂടുതൽ ഗുണകരമാണ്.

### വികലാംഗ പെൻഷൻ

വികലാംഗത്വം തെളിയിക്കാനുള്ള സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള അധികാരം താലൂക്ക് ആശുപത്രിയിലെ പ്രധാന മെഡിക്കൽ ഓഫീസർക്ക് നൽകണം. സമൂഹത്തിൽ ഏറ്റവും അവശത അനുഭവിക്കുന്ന വിഭാഗമാണ് വികലാംഗർ.

| വാർഡ് | കക്കൂസ് ഇല്ലാത്ത വീടുകൾ | ഇതുവരെ അനുവദിച്ചത് | പൂർത്തീകരിച്ചത് | ഇനി കക്കൂസുകൾ വേണ്ട കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|---|
| 1. | 112 | 12 | 10 | 93 |
| 2. | 380 | 10 | 8 | 370 |
| 3. | 410 | 14 | 14 | 396 |
| 4. | 215 | 8 | 6 | 207 |
| 5. | 218 | 12 | 10 | 206 |
| 6. | 243 | 10 | 8 | 233 |
| 7. | 230 | 7 | 6 | 226 |
| 8. | 200 | 25 | 20 | 175 |
| 9. | 300 | 5 | 5 | 295 |
| 10. | 360 | 20 | 20 | 340 |
| 11. | 222 | 10 | 10 | 212 |
| 12. | 143 | 12 | 12 | 131 |

ചെലവ് കുറഞ്ഞ കക്കൂസുകളുടെ നിർമ്മാണത്തെക്കുറിച്ച് ബോധവൽക്കരിക്കുകയും സാമ്പത്തിക സഹായം ചെയ്യുകയും ചെയ്താൽ ഈ പ്രശ്നങ്ങൾക്ക് പരിഹാരമായി. പഞ്ചായത്തിലെ കോളനികളിൽ വളരെ അടിയന്തരമായും കക്കൂസുകൾ നിർമ്മിച്ച് നൽകേണ്ടതാണ്.

സാമൂഹ്യക്ഷേമരംഗത്ത് റവന്യൂ വകുപ്പ്, പെൻഷനുകളും, നിർദ്ധനരായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായങ്ങളും, പ്രകൃതിക്ഷോഭത്തിൽ വീട് നഷ്ടപ്പെട്ടവർക്കുള്ള ധനസഹായവും ആണ് ലഭ്യമാക്കുന്നത്.

അർഹരായ മുഴുവൻ പേർക്കും ഈ സഹായം കിട്ടുന്നില്ലെന്നും അനർഹരായ കുറേപേർ ഈ ആനുകൂല്യം കൈപ്പറ്റുന്നു എന്നുള്ളതും ഈ പദ്ധതികളെക്കുറിച്ചുള്ള വിലയിരുത്തലിൽ കാണുന്നു. അവരുടെ ലിസ്റ്റ് പോലും ഈ പഞ്ചായത്തിലെ ഒരു സാമൂഹ്യക്ഷേമ ഓഫീസിലും ഇല്ലെന്നതാണ് സത്യം.

### കർഷക തൊഴിലാളി പെൻഷൻ

അർഹരായ മുഴുവൻ പേർക്കും പെൻഷൻ ലഭിക്കുന്നില്ല. ഇതിൻെറ ഗുണഭോക്താക്കളെ കണ്ടെത്താനുള്ള അധികാരം ഗ്രാമപഞ്ചായത്തിന് കൊടുക്കണം.

### തൊഴിലില്ലായ്മ വേതനം

അർഹരായ മുഴുവൻ പേർക്കും തൊഴിലില്ലായ്മ വേതനം നൽകണം.

## ക്ഷേമനിധികളെ സംബന്ധിച്ച്

### കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി

പഞ്ചായത്തിൽ അനവധി ആളുകൾ കെട്ടി നിർമ്മാണ രംഗത്ത് തൊഴിലെടുക്കുന്നുണ്ട്. മുഴുവൻ ആളുകളേയും ക്ഷേമനിധിയിൽ അംഗങ്ങളാക്കിയിട്ടില്ല. ഉടമാ വിഹിതം മുഴുവൻ പേരിൽനിന്നും പിരിക്കുന്നില്ല. ഈ മേഖലയിലെ തൊഴിലാളികൾ കഠിനാദ്ധ്വാനം ചെയ്യുന്നവരാണ്. അതുകൊണ്ട് ഇവരുടെ പെൻഷൻ പ്രായം 55 വയസാക്കി ചുരുക്കണം. ഇവർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ കിട്ടുന്നതിനുള്ള കാലതാമസം ഒഴിവാക്കുകയും ഉടമാ വിഹിതം പിരിച്ച് ക്ഷേമനിധി ബോർഡിൽ അടയ്ക്കാനുള്ള ചുമതല പഞ്ചായത്തിനെ ഏൽപ്പിക്കുകയും വേണം.

### ആഭരണ തൊഴിലാളി ക്ഷേമനിധി

ഈ മേഖലയിൽ പണിയെടുക്കുന്നവർ കുറച്ചുപേർ ഉണ്ടെങ്കിലും ഇവർ ക്ഷേമനിധിയിൽ അംഗങ്ങൾ അല്ല. ഇവരെ ഉൾപ്പെടുത്തണം.

### ചുമട്ടു തൊഴിലാളി ക്ഷേമനിധി

ഈ പഞ്ചായത്തിൽ മുന്നൂറോളം ചുമട്ടു തൊഴിലാളികളുണ്ട്. എന്നാൽ ഇവർക്ക് ക്ഷേമനിധിയുടെ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല.

### കൈത്തൊഴിലാളി-വിദഗ്ദ്ധ തൊഴിലാളി ക്ഷേമനിധി

തയ്യൽ, ബാർബർ, ഇരുമ്പ് പണിക്കാർ, മരം കയറ്റക്കാർ, ബീഡി തൊഴിലാളികൾ, വാച്ച്, സൈക്കിൾ റിപ്പയർമാർ, ഫോട്ടോഗ്രാഫർമാർ എന്നീ വിഭാഗങ്ങളിലുള്ള തൊഴിലാളികൾക്ക് ക്ഷേമനിധി ഉണ്ടെങ്കിലും നമ്മുടെ പഞ്ചായത്തിലെ ഈ മേഖലയിലുള്ള തൊഴിലാളികളെ ഈ പദ്ധതിയിൽ അംഗങ്ങളാക്കിയിട്ടില്ല.

സാമൂഹ്യക്ഷേമവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ജനങ്ങളിലേയ്ക്കെത്തിക്കാനും അർഹരായവർക്ക് ലഭ്യമാക്കാനാനും പഞ്ചായത്ത് തലത്തിൽ ഒരു സെൽ രൂപീകരിക്കണം. പദ്ധതിയെക്കുറിച്ച് ബോധവൽക്കരിക്കുകയും ചെയ്യണം.

## പൊതുവിതരണം

പൊതുവിതരണ രംഗത്ത് റേഷൻ ഷോപ്പുകളാണ് മുഖ്യമായുള്ളത്. ഒരു മാവേലി സ്റ്റോർ ആണ് പഞ്ചായത്തിലുള്ളത്. അത് 9-ാം വാർഡിൽ പ്രവർത്തിക്കുന്നു. പ്രവർത്തനം മോശമായിരുന്ന മാവേലി സ്റ്റോർ ഇപ്പോൾ ശ്രദ്ധേയമായ പ്രവർത്തനം കാഴ്ചവയ്ക്കുന്നു. കഴിഞ്ഞ ഓണം കാലയളവിൽ അവശ്യസാധനങ്ങളുടെ വിലക്കയറ്റം പിടിച്ചുനിർത്താനും സാധാരണക്കാരന് കുറഞ്ഞ വിലയ്ക്ക് സാധനങ്ങൾ നൽകാനും കഴിഞ്ഞിട്ടുണ്ടെന്ന് പ്രവർത്തനത്തെ വിലയിരുത്തുമ്പോൾ ബോദ്ധ്യമാവുന്നു. സഹകരണ ബാങ്കുകളുടെ സ്പെഷ്യൽ ഓണച്ചന്തകളും എടുത്തപറയത്തക്കതാണ്. സഞ്ചരിക്കുന്ന മാവേലി സ്റ്റോർ ഉണ്ടായിരുന്നെങ്കിലും ഇപ്പോൾ പ്രവർത്തിക്കുന്നില്ല.

റേഷൻ കാർഡുമായി ബന്ധപ്പെട്ട, അപേക്ഷകൾ പഞ്ചായത്ത് തലത്തിൽ സ്വീകരിച്ച് പരിഹാരം കാണാൻ കഴിയണം.

പഞ്ചായത്തിൽ ഇരുമ്പ് പാലം കേന്ദ്രമായി പുതിയ മാവേലി സ്റ്റോർ ആരംഭിക്കണം.

ഉപഭോക്തൃ മേഖലയെ കാര്യക്ഷമമാക്കാനും കുറ്റമറ്റതാക്കാനും ജനങ്ങളെ ബോധവൽക്കരിക്കാനും പഞ്ചായത്തിൽ ഉപഭോക്തൃ സംരക്ഷണ സമിതി രൂപീകരിക്കണം.

## അംഗൻവാടികൾ

35 അംഗൻവാടികൾ സാമൂഹ്യക്ഷേമരംഗത്ത് പ്രവർത്തിക്കുന്നു. ആയിരം ജനങ്ങൾക്ക് ഒരു അംഗൻവാടിയെന്നതാണ് ഐ.സി.ഡി.എസിന്റെ ലക്ഷ്യമെങ്കിലും ഇത് പഞ്ചായത്തിൽ നിറവേറ്റപ്പെട്ടിട്ടില്ലെന്ന് കണക്കുകൾ കാണിക്കുന്നു. പുത്തൻ വിദ്യാഭ്യാസ സംസ്കാരത്തിന്റെ കടന്നുകയറ്റം പഞ്ചായത്തിലും പ്രകടമാണ്.

നിലവിലുള്ള അങ്കൻവാടികളിൽ പ്രാഥമിക സൗകര്യത്തിന്റെ അഭാവം ജീവനക്കാർക്കും കുട്ടികൾക്കും പ്രയാസവും രക്ഷിതാക്കളിൽ അസന്തുഷ്ടിയും ഉണ്ടാക്കുന്നു. സ്വന്തമായി കെട്ടിടമില്ലാത്തതും സ്ഥലമില്ലാത്തതും കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി നടത്താത്തതും കളിപ്പാട്ടങ്ങളില്ലാത്തതും വലിയ പ്രശ്നമായി അവശേഷിക്കുന്നു.

ഭാവിതലമുറയെ വാർത്തെടുക്കാനുള്ള കളരിയായ അംഗൻവാടികളിലെ ജീവനക്കാരുടെ സ്ഥിതിയും ദയനീയമാണ്. നാടിന്റെ ഉന്നമനത്തിനുവേണ്ടി പ്രവർത്തിക്കുന്ന പ്രസ്തുത ജീവനക്കാരുടെ വേതനം വളരെ തുച്ഛമാണ്. ഈ അവസ്ഥയ്ക്ക് പരിഹാരം കാണേണ്ടിയിരിക്കുന്നു.

### നിർദ്ദേശങ്ങൾ

1. സ്വന്തമായി കെട്ടിടം ഇല്ലാത്ത അംഗൻവാടികൾക്ക് കെട്ടിടം പണതുകൊടുക്കുകയും ഉള്ളവയുടെ അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്യണം.
2. സ്വന്തമായി സ്ഥലമില്ലാത്ത അംഗൻവാടികൾക്ക് ജനപങ്കാളിത്തത്തോടെ സ്ഥലം കണ്ടെത്തി കെട്ടിടം നിർമ്മിച്ചുകൊടുക്കണം.
3. D.W.C.R.A. യൂണിറ്റുകൾക്ക് നൽകുന്ന ഫണ്ടിന്റെ നിശ്ചിത ശതമാനം കളിപ്പാട്ടങ്ങൾ വാങ്ങാൻ നൽകുക.
4. അംഗൻവാടികളിലൂടെ കുട്ടികൾക്ക് പോഷകാഹാരത്തിന് നൽകുന്ന സംഖ്യയുടെ പരിധി വർദ്ധിപ്പിക്കണം.
5. അനെർട്ട് അടുപ്പുകൾ അംഗൻവാടികളിൽ വ്യാപകമാക്കണം.
6. കക്കൂസുകൾ സ്ഥാപിക്കണം, കുടിവെള്ള സൗകര്യം ഉണ്ടാക്കണം.
7. അംഗൻവാടി വർക്കർമാരേയും ഹെൽപ്പർമാരേയും സർക്കാർ ജീവനക്കാരായി അംഗീകരിക്കുകയും സേവന-വേതന വ്യവസ്ഥകൾ ഉയർത്തുകയും ചെയ്യണം.

ആകെയുള്ള 35 അംഗൻവാടികളിൽ 22 എണ്ണത്തിനേ സ്വന്തമായി കെട്ടിടങ്ങളുള്ളൂ. 13 എണ്ണം വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഇതിന്റെ വാടക ഇനത്തിൽ 25 രൂപയാണ് കൊടുക്കുന്നത്. ഇത് വർദ്ധിപ്പിക്കണം.



5-8

# സംസ്കാരം

1995 ലാണ് പഴയ മന്നാംകണ്ടം പഞ്ചായത്ത് അടിമാലി പഞ്ചായത്ത് എന്ന പേരിൽ അറിയപ്പെടാൻ തുടങ്ങിയത്.

1946 ന് മുമ്പ് ഈ പഞ്ചായത്തിലെ താമസക്കാർ മന്നാൻ, മുതുവാൻ സമുദായത്തിൽപ്പെട്ട ആദിവാസികളായിരുന്നു അടിമാലി, ഇരുന്നൂറേക്കർ, മച്ചിപ്ലാവ് തുടങ്ങിയ ചതുപ്പ് പ്രദേശത്ത് ഇവർ വർഷാവർഷം മാറിമാറി കൃഷിയിറക്കുകയും കരഭൂമിയിൽ സുരക്ഷിത സ്ഥാനങ്ങളിൽ കൂട്ടമായി താമസിക്കുകയും ചെയ്തിരുന്നു. മന്നാംകണ്ടം പഞ്ചായത്തെന്ന പേരു വരുവാൻ തന്നെ കാരണം മന്നാൻ സമുദായത്തിൽപ്പെട്ട ആദിവാസികൾ ആദിമകാലത്ത് താമസിച്ചിരുന്നതുകൊണ്ടാണ്.

ആദിവാസികൾക്ക് അവരുടേതായ തനത് സംസ്കാരവും കലയും ഉണ്ടായിരുന്നു. കൂട്ടുകുടുംബ വ്യവസ്ഥയിൽ മരുമക്കത്തായ സമ്പ്രദായമാണ് നിലനിന്നിരുന്നത്. അന്നും ഇന്നും കൂട്ടം കൂടി താമസിക്കുന്ന സ്വഭാവക്കാരുമാണ്.

ഇവരുടെ പവിത്രമായ കുടുംബ ജീവിതവും അതിനു വേണ്ടിയുണ്ടാക്കിയ ചട്ടക്കൂടും അലിഖിതമെങ്കിലും കീഴ്വഴക്കമായി ഇന്നും നിലനിൽക്കുന്നു.

എന്നാൽ നാട്ടുകാരുമായുള്ള ഇടപഴകലിൽ അവരുടെ കൂട്ടുകുടുംബ വ്യവസ്ഥിതിയും സാമൂഹ്യ ജീവിത ക്രമവും താളം തെറ്റിയിട്ടുണ്ട്. ഇപ്പോൾ അവരുടെയിടയിൽ പഴമക്കാരുടേയും പുതുമക്കാരുടേയും ജീവിതക്രമത്തിലും ആചാരാനുഷ്ഠാനത്തിലും വന്ന മാറ്റങ്ങളിൽ വ്യത്യസ്ഥ സമീപനത്തിന്റേതായ പ്രശ്നങ്ങളുയർന്നിട്ടുണ്ട്.

ഇവരുടെ കലകളിൽ പ്രധാനം ആദിവാസിക്കൂത്താണ്. ഈ കല നാടൻ കലകളുമായി ചേർന്ന് രൂപമാറ്റം വന്നു തുടങ്ങിയിട്ടുണ്ട്. മറ്റു കലകളുടേയും സ്ഥിതിയിതുതന്നെ. ആദിവാസി തനിമ നിലനിറുത്താനുള്ള പരിശ്രമം ആവശ്യമാണ്.

1946 കാലഘട്ടത്തിലാണ് ഈ പഞ്ചായത്തിൽ കുടിയേറ്റം ആരംഭിക്കുന്നത്. അന്ന് ഗ്രോമോർഫുഡ് പ്രോഗ്രാമിൽ കോതമംഗലം, മൂവാറ്റുപുഴ പ്രദേശങ്ങളിലെ ജന്മിമാർക്ക് കൃഷിക്കായി ചതുപ്പുകൾ ലേലം ചെയ്തും കുത്തക പാട്ടവ്യവസ്ഥയിലും സർക്കാർ നൽകി. ഇവിടെ കൃഷിയിറക്കാൻ വന്നവരും അവരുടെ പണിക്കുവന്നവരുമാണ് ആദ്യത്തെ താമസക്കാർ. പിന്നീട് പങ്ക്, പാട്ടം, വാരം അടിസ്ഥാനത്തിൽ കൃഷിയാരംഭിക്കുകയും ചെയ്തതോടെ ജനവാസം വർദ്ധിച്ചു.

ജനവാസം തുടങ്ങിയ കാലം മുതൽ പഞ്ചായത്തിലുടനീളം ജനകീയ പ്രസ്ഥാനങ്ങൾ രൂപംകൊണ്ടു. കൂട്ടായ്മയുള്ള സംഘടനകളായി ഇവ വളർന്നുവരികയും ചെയ്തു. അങ്ങനെ രൂപം കൊണ്ട ക്ലബ്ബുകളും വായനശാലകളും കലാകായിക മൽസരങ്ങളും മറ്റ് സാംസ്കാരിക പ്രവർത്തനങ്ങളും സംഘടിപ്പിച്ചിരുന്നു.

ഓണം, ക്രിസ്തുമസ്, ആഘോഷങ്ങളോടനുബന്ധിച്ച് കലാമൽസരങ്ങളും ഘോഷയാത്രകളും ഉണ്ടായിരുന്നു. കലാകായിക മൽസരങ്ങളോടൊപ്പം ചില ക്ലബ്ബുകൾ സ്വന്തമായി രചനയും സംവിധാനവും നടത്തി കലാമൂല്യമുള്ള നാടകങ്ങൾ അരങ്ങേറുകയും ചെയ്തിരുന്നെങ്കിലും പ്രൊഫഷണൽ നാടകങ്ങളുടെ തള്ളിക്കയറ്റത്തിൽ അത്തരം പ്രവർത്തനങ്ങൾ നിലച്ചു. മാത്രമല്ല ക്ലബ്ബുകളിലും വായനശാലകളിലും പോകുന്നവരുടെ എണ്ണം ആധുനികതയുടെ കടന്നു കയറ്റത്തിൽ കുറഞ്ഞുവരികയും ചെയ്തു.

നമ്മുടെ ഇന്നത്തെ അവസ്ഥയിൽനിന്നും പിന്നിലേയ്ക്ക് തിരിഞ്ഞു നോക്കുമ്പോൾ ജനജാഗരണത്തിന് അനൗദ്യോഗിക, ഔദ്യോഗിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉയർന്നുവന്നിട്ടുണ്ട്.

1971-ൽ സ്ഥാപിച്ച അടിമാലി നാഷണൽ ലൈബ്രറിയാണ് ഗ്രന്ഥാലയങ്ങളിൽ ഏറ്റവും പഴക്കമേറിയ പ്രമുഖ സ്ഥാപനം. 10000 ലധികം പുസ്തകങ്ങൾ ഈ ഗ്രന്ഥശാലയിലുണ്ട്. ഇതിന് സ്വന്തമായി കെട്ടിടമുണ്ടെങ്കിലും പഴക്കം കൊണ്ട് വീഴാറായ നിലയിലാണ്.

വാളറ 12-ാം മൈലിൽ പ്രവർത്തിക്കുന്ന ദേശീയ വായനശാല, ദേവിയാർ ശിൽപി ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബ്, യുവദർശൻ ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബ്, മാംപടി വായനശാല, കാഞ്ഞിരവേലി ഉദയ ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബ്, വായനശാല, പഴംപള്ളിച്ചാൽ ബ്രദേഴ്സ് ലൈബ്രറി, പടിക്കപ്പ് ടാഗോർ മെമ്മോറിയൽ വായനശാല, മുനിത്തണ്ട് ഉപാസനാ ആർട്സ് ആന്റ് സ്പോർട്സ് ക്ലബ് ലൈബ്രറി, മച്ചിപ്ലാവിൽ ദേശസേവിനി വായനശാല, 14-ാം മൈൽ സാംസ്ക്കാരിക നിലയം എന്നിവയാണ് ഇപ്പോൾ

പ്രവർത്തിക്കുന്ന ഗ്രന്ഥാലയങ്ങളും വായനശാലകളും. മുമ്പ് ഇരുന്നൂറേക്കറിലും, മച്ചിപ്ലാവിലും, ചില്ലിത്തോട്ടിലും പ്രവർത്തിച്ചിരുന്ന വായനശാലകൾ ഇപ്പോൾ പ്രവർത്തനത്തിലില്ല. എന്നാൽ ഈ വായനശാലകളിലെ പുസ്തകങ്ങൾ ഭാരവാഹികൾ സൂക്ഷിച്ചിട്ടുണ്ട്. ഇവ പുനരുദ്ധരിക്കാവുന്നവയാണ്.

ഇതുപോലെ സാംസ്കാരിക പ്രവർത്തനങ്ങൾ നടത്തുന്ന രജിസ്ട്രേഷനുള്ളവയും ഇല്ലാത്തവയുമായ അമച്വർ കലാസമിതികളും കായിക സമിതികളും മുമ്പ് രൂപം കൊള്ളുകയും മിക്കവയുടേയും പ്രവർത്തനം അകാലത്തിൽ നിന്നുപോവുകയും ചെയ്തിട്ടുണ്ട്.

ഇപ്പോൾ സജീവമായി പ്രവർത്തിക്കുന്ന ഇരുപതോളം കലാകായിക സമിതികൾ പഞ്ചായത്ത് പ്രദേശത്തുണ്ട്. എന്നാൽ ഈ കലാ-കായിക സമിതികളെ കോർത്തിണക്കി പഞ്ചായത്തടിസ്ഥാനത്തിൽ നിരത്താൻ പലപ്പോഴും പരിശ്രമിച്ചിട്ടുണ്ടെങ്കിലും ഇന്നും വിഘടിച്ചുതന്നെ നിൽക്കുന്നു. ഇവയെ ഒന്നിപ്പിച്ച് തനത് വ്യക്തിത്വം നിലനിറുത്തിക്കൊണ്ടുതന്നെ അണിനിരത്തേണ്ടതാണ്.

കായികരംഗത്ത് ചില ക്ലബ്ബുകളുടെ നേതൃത്വത്തിലും സ്കൂളുകളുടെ നേതൃത്വത്തിലും ചടങ്ങുപോലെ നടക്കുന്ന മൽസരങ്ങളല്ലാതെ കാര്യമായ പ്രോൽസാഹനങ്ങളൊന്നും തന്നെയില്ല. കേരളോൽസവവും ഓണാഘോഷങ്ങളും അടിമാലി ഫെസ്റ്റിനോടനുബന്ധിച്ചുള്ള മൽസരങ്ങളും നടക്കാറുണ്ട്.

എന്നാൽ കായിക പരിശീലനം നൽകുവാനുള്ള പരിശ്രമങ്ങളൊന്നുമില്ല. മികച്ച കഴിവുകളുള്ള കായിക താരങ്ങൾ മുളയിലെ കരിയുന്ന അനുഭവമാണുള്ളത്.

പൊതു കളിസ്ഥലങ്ങൾ എങ്ങുമില്ല. പല സ്കൂളുകൾക്കും കളിസ്ഥലങ്ങളില്ല. കളിസ്ഥലങ്ങൾ ഉണ്ടാക്കുന്നതിനു വേണ്ടി മുമ്പ് പല പരിശ്രമങ്ങളും നടന്നിട്ടുള്ളതായി കാണാം. ഒന്നും ഫലപ്രാപ്തിയിലെത്തിയിട്ടില്ല. ദേവിയാർ കോളനിയിൽ ഒരുമിനി സ്റ്റേഡിയത്തിന് പഞ്ചായത്ത് സ്ഥലമെടുത്തിട്ടുണ്ടെങ്കിലും സ്റ്റേഡിയത്തിന്റെ പണി പൂർത്തിയായിട്ടില്ല.

ഒരു ദശാബ്ദം മുമ്പുവരെ ആണ്ടിലൊരു പ്രൊഫഷണൽ നാടകം നൂറുരൂപ മുതൽ ഇരുന്നൂറ്റമ്പതു രൂപവരെ മുടക്കി കാണേണ്ട അവസ്ഥയായിരുന്നു അടിമാലിയിലെ കലാസ്വാദകരുടേത്. എന്നാൽ ചാരിറ്റബിൾ രജിസ്ട്രേഷനോടുകൂടി കലാരംഗത്തുവന്ന് "സാസ്" എന്ന സാംസ്കാരിക സംഘടനയും നാഷണൽ ലൈബ്രറിയുടെ ആഭിമുഖ്യത്തിലാരംഭിച്ച 'നമസ്' എന്ന സാംസ്ക്കാരിക സംഘടനയും സാംസ്കാരികരംഗത്ത് വിപ്ലവകരമായ പരിവർത്തനത്തിന് നേതൃത്വം നൽകിയത് വിസ്മരിക്കാവുന്നതല്ല. രണ്ടു സംഘടനകളും മൽസരിച്ച് കേരളത്തിലെ മികച്ച കലാസമിതികളുടെ നാടകങ്ങൾ മാസംതോറും അവതരിപ്പിച്ചു വരുന്നു. നാടകത്തിനുപരി പ്രശസ്ത ഗായകസംഘങ്ങളുടെ ഗാനമേളകളും രണ്ടു സംഘടനകളും ആസ്വാദക സമക്ഷം കാഴ്ചവച്ചുകൊണ്ടിരിക്കുന്നു. കൂടാതെ, മിമിക്സ് പരേഡ്, മാജിക് ഷോ, നൃത്തപരിപാടി തുടങ്ങിയ വൈവിദ്ധ്യമാർന്ന കലാപരിപാടികളുമാവിഷ്ക്കരിക്കുന്നു. ടി. സംഘടനകളുടെ ഈ പ്രവർത്തനങ്ങൾകൊണ്ട് കലാസ്വാദനത്തിനുള്ള പ്രതിശീർഷ മുതൽ മുടക്ക് ഗണ്യമായി കുറയുകയും ചെയ്തു. മാത്രമല്ല അടിമാലി പഞ്ചായത്തിലെ സഹൃദയ ലോകത്തിന്റെ ആസ്വാദനക്ഷമത ഉയർന്ന നിലവാരത്തിലെത്തിക്കാനിവയ്ക്ക് കഴിഞ്ഞു എന്നത് സാംസ്കാരികരംഗത്തെ അവരുടെ വിലപ്പെട്ട സംഭാവനയാണ്.

### പ്രശ്നങ്ങൾ:

1. വായനശാലകൾക്കും ഗ്രന്ഥശാലകൾക്കും ആവശ്യത്തിനുതകുന്ന കെട്ടിടങ്ങൾ ഇല്ല.
2. പുസ്തകങ്ങളുടെ അമിത വിലകാരണം ലഭ്യമായ വിഭവങ്ങൾകൊണ്ട്, കമ്പോളത്തിലിറങ്ങുന്ന പുതിയ നല്ല പുസ്തകങ്ങൾ വാങ്ങാൻ കഴിയുന്നില്ല.
3. ജനങ്ങളുടെ വായനാശീലവും സഹകരണക്കുറവും ഗ്രന്ഥശാലകളെ പ്രതികൂലമായി ബാധിക്കുന്നു.
4. കലാകായികരംഗത്ത് പ്രവർത്തനക്ഷമമായ ക്ലബ്ബുകൾക്ക് ധനസഹായവും കളിസ്ഥലവും ലഭ്യമല്ല. മികച്ച കഴിവുകൾ പ്രദർശിപ്പിക്കുന്ന കായിക താരങ്ങൾക്ക് പ്രോൽസാഹനം നൽകാൻ കഴിയുന്നില്ല.
5. പാരമ്പര്യ കലകൾ അസ്തമിച്ചു വരികയാണ്. ഇവയുടെ പുനരുദ്ധാരണം.
6. പതിനെട്ടോളം ഗിരിവർഗ കോളനികളുള്ള പഞ്ചായത്തിൽ ആദിവാസികലാരൂപങ്ങൾ തനിമയോടെ നിലനിറുത്തുന്നില്ല.
7. കായിക ക്ഷമത കൂടുതലുള്ള ആദിവാസികളുടെ ഇടയിൽ പ്രത്യേകമായി അന്വേഷണങ്ങൾ നടത്തി കായികശേഷി പ്രകടിപ്പിക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകാൻ സംവിധാനമില്ല.
8. ഇടുക്കി ജില്ലയിലെ പ്രധാന പട്ടണങ്ങളിലൊന്നായ അടിമാലിയിൽ സർക്കാർ തലത്തിലും സാമൂഹ്യ സംഘടനാ തലത്തിലും നടക്കുന്ന കലാകായിക മേളകളിൽ കൂടുതൽ പേരെ പങ്കെടുപ്പിക്കാനും പരിപാടികളെ ജനകീയവൽക്കരിക്കാനും പരിശ്രമമില്ല.
9. അടിമാലി പഞ്ചായത്തിൽ ഗവൺമെന്റ് സ്പോർട്സ് ക്ലബ്ബ് അനുവദിക്കുക.
10. പട്ടിക വിഭാഗത്തിന്റെ കലാസാംസ്കാരികത്തനിമ നിലനിർത്തുന്നതിന് പ്രോൽസാഹനം വേണം.
11. മച്ചിപ്ലാവ് വായനശാലയ്ക്കും ചില്ലിത്തോട് അംബദ്കർ വായനശാലക്കും സ്വന്തം കെട്ടിടം ഇല്ല.

# 5-9



# വനിതാ ക്ഷേമം

അടിമാലി ഗ്രാമപഞ്ചായത്തിൽ മറ്റു പഞ്ചായത്തുകളെ അപേക്ഷിച്ച് സ്ത്രീകൾ പുരുഷന്മാരെക്കാൾ കുറവാണ്. ലഭ്യമായ കണക്കനുസരിച്ച് 15197 പുരുഷന്മാരും 14844 സ്ത്രീകളുമാണുള്ളത്. 1024 പുരുഷന്മാർക്ക് 1000 സ്ത്രീകൾ എന്നതാണ് സ്ത്രീപുരുഷ അനുപാതം 1353 പേർ പട്ടികജാതി സ്ത്രീകളും 2308 പേർ പട്ടികവർഗ്ഗ സ്ത്രീകളുമാണ്. 10632 പേർ തൊഴിലില്ലാത്തവരായി കണക്കാക്കപ്പെടുന്നു. മറ്റുള്ളവർ വിവിധ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നു. നമ്മുടെ പഞ്ചായത്തിൽ ഇപ്പോൾ നടക്കുന്ന ആസൂത്രണ പ്രക്രിയയിലും വികസന പ്രവർത്തനങ്ങളിലും വേണ്ടത്ര സ്ത്രീകളെ പങ്കെടുപ്പിക്കാൻ കഴിഞ്ഞിട്ടില്ല എന്നുള്ളത് ഒരു പോരായ്മയാണ്. അതുപോലെ സ്ത്രീകൾ ഗണ്യമായി കുറയുന്നതിന്റെ കാരണവും പഠനവിധേയമാക്കേണ്ടതാണ്.

നമ്മുടെ പഞ്ചായത്തിലെ കാർഷിക വ്യവസായ ആരോഗ്യ വിദ്യാഭ്യാസ സാമൂഹിക മേഖലകളിലെ സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കേണ്ടതാണ്. നമ്മുടെ പഞ്ചായത്തിൽ 1281 സ്ത്രീകൾ കർഷകത്തൊഴിലാളികളാണ്. കാർഷിക മേഖലയിലെ മുരടിപ്പുമൂലവും വേതനക്കുറവുമൂലവും സ്ത്രീകൾ മറ്റു തൊഴിലുകളിലേക്ക് തിരിഞ്ഞുകൊണ്ടിരിക്കുന്നു. കാർഷികമേഖല വികസിപ്പിക്കുകയും സ്ത്രീ പുരുഷ വേതന വ്യത്യാസം ഇല്ലാതാക്കുകയും തുല്യജോലിക്കു തുല്യവേതനം എന്ന നയം നടപ്പാക്കുകയും വേണം. സ്ത്രീകൾക്ക് വീട്ടുജോലികൾ തീർത്തിട്ടുവേണം ജോലിക്കു പോകാൻ ജോലി കഴിഞ്ഞു വന്നു വീണ്ടും വീട്ടിലെ ഭാരിച്ച ഉത്തരവാദിത്വങ്ങൾ നോക്കേണ്ടതുണ്ട്. കുട്ടികളെ പരിപാലിക്കുക, മാതാപിതാക്കളെ സംരക്ഷിക്കുക, ആടുമാടുകളെ സംരക്ഷിക്കുക, വിറകുശേഖരിക്കുക, വെള്ളം സംഭരിക്കുക, അടുക്കളപ്പണി ചെയ്യുക ഇതെല്ലാം സ്ത്രീകളുടെ മാത്രം ജോലികളായിട്ടാണ് സമൂഹം കണക്കാക്കുന്നത്. എന്നാൽ ഒരു പരിധിവരെ സമൂഹത്തിന്റെ നിലനില്പിനും കുടുംബഭദ്രതയ്ക്കും സ്ത്രീകൾക്കും ഉത്തരവാദിത്വമുണ്ട്. എന്നാൽ വേതനമില്ലാത്ത ഇത്തരം കാണാപ്പണികൾ സ്ത്രീകളുടെ ആരോഗ്യത്തെ ഹാനികരമായി ബാധിക്കുന്നു. അതിനാൽ ഈ ജോലിഭാരം ലഘൂകരിക്കുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതുണ്ട്.

## സാമൂഹിക സാമ്പത്തിക പദവി

വിദ്യാഭ്യാസമുണ്ടായിട്ടും കുട്ടികളുടെ എണ്ണം കുറഞ്ഞിട്ടും വരുമാനമുണ്ടാക്കാവുന്ന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകളുടെ എണ്ണം വളരെ കുറവാണ്. രൂക്ഷമായ ഈ തൊഴിലില്ലായ്മക്ക് പരിഹാരം കണ്ടാൽ മാത്രമേ സ്ത്രീകളുടെ ജീവിതനിലവാരം ഉയർത്താൻ സാധിക്കുകയുള്ളു. ഗൃഹഭരണത്തോടൊപ്പം തന്നെ വീട്ടിലിരുന്ന് ചെയ്യാവുന്ന തൊഴിലുകൾ കണ്ടെത്തി നടപ്പാക്കണം. ആട്, കോഴി, പന്നി, മുയൽ, പശു എന്നിവയെ വളർത്തുന്ന യൂണിറ്റുകൾ, പുഷ്പക്കൃഷി, ഔഷധ സസ്യക്കൃഷി, പച്ചക്കറിത്തോട്ടം എന്നിവയും റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം എന്നിവയും വീട്ടിലിരുന്നു ചെയ്യാവുന്ന തൊഴിലുകളാണ്.

## മഹിളാ സമാജങ്ങൾ അംഗൻവാടികൾ

നമ്മുടെ പഞ്ചായത്തിൽ 22 മഹിളാ സമാജങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അടിമാലി ഉദയാമഹിളാ സമാജമാണ് ആദ്യത്തെ റജി, മഹിളാ സമാജം പല മഹിളാ സമാജങ്ങളും രജിസ്ട്രേഷൻ പുതുക്കാതെ പ്രവർത്തനം നിലച്ചിട്ടുണ്ട്. അവയെല്ലാം രജിസ്ട്രേഷൻ പുതുക്കി പുനരുദ്ധരിക്കാൻ വേണ്ട നടപടി സ്വീകരിക്കണം. വാർഡുതലത്തിൽ സമിതികൾ രൂപീകരിച്ച് വനിതകളുടെ ക്ഷേമപ്രവർത്തനങ്ങൾ മെച്ചപ്പെടുത്തണം. നമ്മുടെ പഞ്ചായത്തിൽ ഐ. സി. ഡി. എസ്. പ്രോജക്ടിന്റെ കീഴിൽ 35 അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്. 800 കുട്ടികൾ ഇവിടെ പഠിക്കുന്നുണ്ട്. 22 നേഴ്സറിക്ക് സ്വന്തമായി കെട്ടിടങ്ങളുണ്ട്. 13 എണ്ണം വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. 25 രൂപയാണ് വാടകയിനത്തിൽ, കൊടുക്കുന്നത്. അത് അപര്യാപ്തമാണ്. വേണ്ടത്ര കളിക്കോപ്പുകളോ, അടിസ്ഥാന സൗകര്യങ്ങളോ, അംഗൻവാടികൾക്കില്ല. 35 ഹെൽപ്പർമാരും 35 വർക്കർമാരും ഈ മേഖലയിൽ ജോലി ചെയ്യുന്നു. വർക്കർമാർക്ക് 500 രൂപയും ഹെൽപ്പർമാർക്ക് 300 രൂപയുമാണ് വേതനം. ഈ വേതനം വളരെ തുച്ഛമാണ്. കെട്ടിടമില്ലാത്ത അംഗൻവാടികൾക്ക് എത്രയും വേഗം കെട്ടിടമുണ്ടാക്കണം. ആവശ്യമായ ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്യണം. വേണ്ടത്ര കളിക്കോപ്പുകൾ ലഭ്യമാക്കണം. അമ്മമാരുടേയും കുട്ടികളുടേയും ആരോഗ്യം മെച്ചപ്പെടുത്താൻ വേണ്ട നടപടികൾ അംഗൻവാടികൾ വഴി നടപ്പാക്കണം.

## വിദ്യാഭ്യാസം വായനാശീലം-- ബോധവൽക്കരണം

സാക്ഷരതയിൽ മുന്നിട്ടു നിൽക്കുന്നവരാണെങ്കിലും നമ്മുടെ പഞ്ചായത്തിലെ കണക്കുകളനുസരിച്ച് നിരക്ഷരത കൂടുതലാണ്. അഭ്യസ്ത വിദ്യർതന്നെ വായനാശീലം വളരെ കുറഞ്ഞവരായിട്ടാണ് കാണുന്നത്. വായിക്കുന്നവർ തന്നെ പൈങ്കിളിവാരികകൾ വായിക്കുന്നതിനാണ് സമയം കണ്ടെത്തുന്നത്. സ്ത്രീകളിൽ വായനാശീലം വളർത്തുന്നതിന് വാർഡുകൾ തോറും ലൈബ്രറികൾ സ്ഥാപിക്കുകയും പുസ്തകങ്ങൾ വീടുകളിലെത്തിച്ചുകൊടുക്കുന്ന ഒരു മൊബൈൽ ലൈബ്രറി പ്രവർത്തനമാരംഭിക്കണം. ബോധവൽക്കരണ ക്ലാസുകളും കൗൺസിലിംഗ് ക്ലാസുകളും പഞ്ചായത്തുതലത്തിലും മഹിളാ സമാജങ്ങൾ വഴിയും

സംഘടിപ്പിക്കണം പഞ്ചായത്തുതലത്തിൽ വനിതകൾക്കായി കായിക കലാമൽസരങ്ങൾ സംഘടിപ്പിക്കണം.

### ആരോഗ്യം

അടിമാലി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിലെ ഒരു വർഷത്തെ കണക്കുകൾ പരിശോധിച്ചതിൽ നിന്നും മൊത്തം രോഗികളിൽ 66 ശതമാനം സ്ത്രീകളും 16 ശതമാനം കുട്ടികളുമാണെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. വയറിളക്കം, ന്യുമോണിയ, ശ്വാസകോശ സംബന്ധമായ അസുഖം, മഞ്ഞപ്പിത്തം എന്നിവയാണ് കൂടുതലായിട്ടുള്ള രോഗങ്ങൾ, കഠിനാദ്ധ്വാനം, പോഷകാഹാരക്കുറവ്, പരിസരമലിനീകരണം, ജലമലിനീകരണം, രോഗപ്രതിരോധ പ്രവർത്തനങ്ങളുടെ അപര്യാപ്തത, എന്നിവയാണ് സ്ത്രീകളിൽ കൂടുതൽ രോഗം വരാൻ കാരണം. സ്ത്രീകളുടെ ജോലി ഭാരം കുറക്കുക, പരിസര ശുചീകരണം നടത്തുക, ഈച്ച, കൊതുക് മുതലായവയെ നശിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പഞ്ചായത്തിൽ നിന്നും നടപ്പാക്കുക. നിലവിലുള്ള ആശുപത്രിയിൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ഹെൽത്തുവർക്കർമാരുടെ സേവനം എല്ലാ വാർഡിലും ലഭ്യമാക്കുകയും ചെയ്യണം.

### നിയമം

അടിമാലി പോലീസ് സ്റ്റേഷനിലെ കഴിഞ്ഞ 4 വർഷത്തെ കണക്കുകൾ പരിശോധിച്ചാൽ 47 സ്ത്രീപീഡന കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. 24 വയസിനും 40 വയസനും ഇടക്കുള്ളവർ 11 പേരും 48-50 വയസുള്ളവർ 2 പേരും 17-18 വയസുള്ളവർ 2 പേരും 14 വയസുള്ള ഒരു കുട്ടിയും പീഡനത്തിനിരയായിട്ടുണ്ട്. സ്ത്രീകളുടെ കേസുകൾ കൈകാര്യം ചെയ്യാൻ ഒരു വനിതാ സെൽ രൂപീകരിക്കണം.

### തൊഴിൽ മേഖല

അടിമാലി താലൂക്ക് എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ നിന്നും ലഭ്യമായ കണക്കനുസരിച്ച് 31-10-96 വരെ രജിസ്റ്റർ ചെയ്തവരുടെ എണ്ണം 10893. തൊഴിൽ ലഭിച്ചവർ 64 അതിൽ വനിതകൾ 37 പേരുമാണ്. രജിസ്റ്റർ ചെയ്യാത്തവരുടെ കൃത്യമായ കണക്ക് ലഭ്യമല്ല. നമ്മുടെ പഞ്ചായത്തിൽ 10632 സ്ത്രീകൾ തൊഴിലില്ലാത്തവരായി കണക്കാക്കപ്പെടുന്നു. ഏകദേശം 300 സ്ത്രീകൾ ഫാക്ടറി മേഖലയിൽ ജോലി ചെയ്യുന്നുണ്ട്. സ്വകാര്യ ആശുപത്രികളിൽ ഏകദേശം 100 പേർ ജോലി ചെയ്യുന്നു. 25-ഓളം പേർ സെയിൽസ് ഗേളായി ജോലി ചെയ്യുന്നു. എന്നാൽ ഇങ്ങനെ ജോലി ചെയ്യുന്നവരിൽ 75 ശതമാനവും നമ്മുടെ പഞ്ചായത്തിനു വെളിയിൽ നിന്നുള്ളവരാണ്. നമ്മുടെ പഞ്ചായത്തിലുണ്ടാകുന്ന തൊഴിലവസരങ്ങൾ നമ്മുടെ പഞ്ചായത്തിലുള്ളവർക്കു പ്രയോജനപ്പെടത്തക്ക രീതിയിലുള്ള സംവിധാനമുണ്ടാകണം. സ്വകാര്യ ആശുപത്രികളിലെ വേതന നിരക്ക് വ്യത്യസ്തമാണ്. ഇത് ഏകീകരിക്കേണ്ടത് ആവശ്യമാണ്. 70 വനിതകൾ അംഗൻവാടികളിൽ ഹെൽപ്പർമാരായും വർക്കർമാരായും ജോലി ചെയ്യുന്നു.

ഉദ്യോഗസ്ഥകളായ വീട്ടമ്മമാരുടെ കുട്ടികളെ പകൽ സംരക്ഷിക്കുന്നതിന് ഡേ കെയർ സെൻറർ ആരംഭിക്കേണ്ടതാണ്.

### വായ്പാ പദ്ധതി

ട്രൈസം പദ്ധതി പ്രകാരം 92 - 93 മുതൽ 95-96 വരെ അടിമാലി പഞ്ചായത്തിൽ 19 പേർക്ക് സ്റ്റൈപ്പൻഡുകൊടുത്തിട്ടുണ്ട്. വിവിധ വിഭാഗങ്ങളിലായ 500-350 - 200 രൂപ വീതമാണ് നൽകിയിട്ടുള്ളത്. എംബ്രോയ്ഡറി, ടി. വി. മെക്കാനിസം ഇലക്ട്രിക്കൽ റിപ്പയറിംഗ്, തയ്യൽ എന്നിവർക്കാണ് നൽകിയിട്ടുള്ളത്.

D. W. C. R. A: 20 പേർക്ക് ലോൺ കൊടുത്തിട്ടുണ്ട്. 5 പേർ പട്ടികജാതിക്കാരാണ്. General Subsidy 4000 S. C. 6000.

I. R. D. P. കഴിഞ്ഞ വർഷം അടിമാലി പഞ്ചായത്തിൽ 15 പേർക്ക് ലോൺ കൊടുത്തിട്ടുണ്ട്. ഡയറി, ഗാർമെൻറ്സ്, സ്റ്റേഷനറി, പെട്ടിക്കട എന്നിവക്കായി 30000 രൂപ വീതം ലോൺ കൊടുത്തിട്ടുണ്ട്. എസ്. സി. വിഭാഗത്തിൽ 5 പേർക്ക്.

## W. I. P. (Women's Industrial Programme)

അടിമാലി പഞ്ചായത്തിൽ 7 പേർക്ക് വായ്പ കൊടുത്തിട്ടുണ്ട്. തയ്യൽ, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം. ഫുഡ് എന്നീ വിഭാഗങ്ങളിലായി 50 ശതമാനം സബ്സിഡിയോടുകൂടിയ വായ്പ നൽകിയിട്ടുണ്ട്.

### പെൻഷൻ പദ്ധതി

57 പേർക്ക് വിധവാ പെൻഷനും 2 പേർക്ക് വികലാംഗ പെൻഷനും 17 പേർക്ക് വാർദ്ധക്യകാല പെൻഷനും നൽകുന്നുണ്ട്.

### പരിഹാരങ്ങൾ, നിർദ്ദേശങ്ങൾ

1. ജോലിക്കു പോകുന്ന അമ്മമാരുടെ കുഞ്ഞുങ്ങളെ സംരക്ഷിക്കുന്ന ക്രഷുകൾ സ്ഥാപിക്കുക.
2. ആടുമാടുകളെ തീറ്റുന്നതിനുള്ള പൊതുമേച്ചിൽ സ്ഥലം റിസർവ്വു ചെയ്യുക.
3. പാചകവാതകം കുറഞ്ഞ നിരക്കിൽ എല്ലാ വീടുകളിലും ലഭ്യമാക്കുക, ഇന്ധനം ലാഭിക്കാവുന്ന ചെലവു കുറുഞ്ഞ അടുപ്പുകൾ നിർമ്മിച്ചു കൊടുക്കുക.
4. വൃദ്ധ മന്ദിരം സ്ഥാപിക്കുക.
5. വനിതാ ഹോസ്റ്റൽ സ്ഥാപിക്കുക.
6. ശുദ്ധജലം എല്ലാ വീട്ടിലും ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുക.
7. അർഹരായ എല്ലാ വിധവകൾക്കും പെൻഷൻ അനുവദിക്കുക.
8. 60 വയസു കഴിഞ്ഞ എല്ലാ കർഷകതൊഴിലാളി സ്ത്രീകൾക്കും പെൻഷൻ കൊടുക്കുക.
9. തൊഴിലില്ലാത്ത മുഴുവൻ സ്ത്രീകൾക്കും സാമ്പത്തിക പരാധീനത കണക്കിലെടുത്ത് തൊഴിലില്ലായ്മ വേതനം നൽകുക.
10. നിർധന കുടുംബത്തിലെ പെൺകുട്ടികളെ വിവാസഹം ചെയ്തയക്കാൻ സാമ്പത്തിക സഹായം നൽകുക.
11. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ സമർത്ഥരായ പെൺകുട്ടികൾക്ക് വിദ്യാ

ഭ്യാസ സഹായം നൽകണം.

12. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള എല്ലാ സ്ത്രീകൾക്കും പ്രസവാനുകൂല്യം നൽകണം. രണ്ടു പ്രസവത്തിനു 1000 രൂപ വീതം സാമ്പത്തിക സഹായം നൽകണം.
13. വനിതാ സഹകരണ സംഘങ്ങൾ ആരംഭിക്കണം.
14. പൊതുസ്ഥലങ്ങളിൽ പ്രാഥമികാവശ്യത്തിനുള്ള സൗകര്യമേർപ്പെടുത്തണം.
15. സ്ത്രീകൾക്കുമാത്രം കൂട്ടായി ചെയ്യാവുന്ന തൊഴിൽ കണ്ടെത്തി തുടങ്ങുവാനാവശ്യമായ നടപടികൾ ചെയ്യണം.
16. തൊഴിൽ മേഖലയിൽ സ്ത്രീകൾക്കു സംവരണം ഏർപ്പെടുത്തണം.
17. മദ്യം, മയക്കുമരുന്ന്, എയ്ഡ്സ് പോലെയുള്ള രോഗങ്ങൾ തുടങ്ങിയവയ്ക്കെതിരെ ബോധവൽക്കരണ ക്ലാസുകൾ നടത്തണം.
18. പഞ്ചായത്തുതലത്തിൽ ഒരു വനിതാ ക്ഷേമസമിതി രൂപീകരിക്കണം.
19. കരകൗശല വസ്തുക്കൾ നിർമ്മിക്കുന്ന ഒരു സൊസൈറ്റി രൂപീകരിക്കണം.
20. തൊഴിൽ ചെയ്യാനാഗ്രഹിക്കുന്ന വനിതകൾക്ക് അതതു മേഖലയിൽ പരിശീലനം നൽകണം.

### അടിമാലി പഞ്ചായത്ത്

| | |
|---|---|
| ആകെ ജനസംഖ്യ | 30041 |
| പുരുഷന്മാർ | 15197 |
| സ്ത്രീകൾ | 14844 |
| വ്യത്യാസം | പുരു: 353 |
| | കൂടുതൽ അനുപാതം |
| | സ്ത്രീകൾ 1000 |
| | പുരുഷന്മാർ 1024 |
| പട്ടികവർഗ്ഗ സ്ത്രീകൾ | 2308 |
| പട്ടികജാതി സ്ത്രീകൾ | 1353 |
| 60-ൽ കൂടിയ സ്ത്രീകൾ | 1953 |

### തൊഴിൽ മേഖല സ്ത്രീകളുടെ കണക്ക്

| | |
|---|---|
| തൊഴിലാളി സ്ത്രീകൾ | 2984 |
| കർഷക സ്ത്രീകൾ | 820 |
| കർഷകത്തൊഴിലാളി സ്ത്രീകൾ | 1281 |
| കച്ചവടം, വ്യവസായം | 71 |
| കുടിൽ വ്യവസായം | 190 |
| നിർമ്മാണത്തൊഴിൽ | 9 |
| മൃഗസംരക്ഷണം | 78 |
| ഗതാഗതം, വാർത്താവിനിമയം | 14 |
| മറ്റുതൊഴിൽ | 439 |
| തൊഴിലില്ലാത്തവർ | 10632 |

### ഫാക്ടറി മേഖലയിൽ ജോലി ചെയ്യുന്ന സ്ത്രീകൾ

| | |
|---|---|
| ഈസ്റ്റേൺ | 275 സ്ത്രീകൾ |

### സ്വകാര്യ ആസ്പത്രികളിൽ ജോലി ചെയ്യുന്നവർ – വേതനം

| | സ്റ്റാഫ് | അല്ലാത്തവർ | ഹെഡ് നേഴ്സ് | മറ്റുള്ളവർ |
|---|---|---|---|---|
| കുര്യൻസ് ക്ലിനിക്ക് | 6 | 2 | 2000+ഫുഡ് | 750+ഫുഡ്-റെൻറ് |
| ലക്ഷ്മി ഹോസ്പിറ്റൽ | 6 | 1 | 1000+റെൻറ് | 500 മുതൽ 750 വരെ |
| വിജയരാജ് | 7 | 14 ട്രെയിനീസ് | 1000+റെൻറ് | 500 മുതൽ 750 വരെ+റെൻറ് |
| മോർണിംഗ് സ്റ്റാർ | 40 | 20 | 750+റെൻറ് | 500 മുതൽ 750 വരെ+റെൻറ് |
| നവജ്യോതി | 2 | | | |
| ആകെ | 61 | 37 | | |
| ആകെ | 98 പേർ | | | |

**മഹിളാ സമാജങ്ങൾ – അടിമാലി പഞ്ചായത്ത്**

1. മാതൃ ശിശുസംരക്ഷണ സമാജം, 200 ഏക്കർ, മന്നാംകണ്ടം.
2. ഉദയാമഹിളാ സമാജം, അടിമാലി പി. ഒ.
3. പൂലരി മഹിളാസമാജം, പഴമ്പിള്ളിച്ചാൽ വാളറ പി.ഒ.
4. പ്രിയദർശനി മഹിളാസമാജം 200 ഏക്കർ.
5. ദേശാഭിമാനി മഹിളാസമാജം 200 ഏക്കർ.
6. ദേശാഭിമാനി മഹിളാസമാജം പടിക്കപ്പ്
7. ദേവിയാർ മഹിളാ സമാജം ദേവിയാർ.
8. രശ്മി മഹിളാസമാജം മച്ചിപ്ലാവ്. വാളറ പി. ഒ.
9. ഉദയ രശ്മി മഹിളാ സമാജം. ചില്ലിത്തോട്.
10. ഗിരിവർഗ്ഗ പൂലരി മഹിളാ സമാജം, ഒഴുവത്തടം.
11. കൈരളി മഹിളാ സമാജം വാളറ പി. ഒ.
12. ഗിരിജാ മഹിളാ സമാജം കൊരങ്ങാട്ടി.
13. കസ്തൂർബാ മഹിളാ സമാജം 200 ഏക്കർ മന്നാംകണ്ടം.
14. റാണി മഹിളാ സമാജം വാളറ വടക്കേച്ചാൽ.
15. ദീപ്തി മഹിളാ സമാജം മന്നാൻകാല അടിമാലി പി. ഒ.
16. പഞ്ചമി മഹിളാ സമാജം പഴമ്പിള്ളിച്ചാൽ വാളറ.
17. കേരളാ ഗിരിവർഗ്ഗ മഹിളാ സമാജം തട്ടക്കണ്ണൻ.
18. പ്രിയദർശിനി മഹിളാ സമാജം പടിക്കപ്പ്
19. സ്നേഹ ദീപ്തി മഹിളാ സമാജം.
20. സത്യനിത്യാ മഹിളാ സമാജം പഴമ്പിള്ളിച്ചാൽ.
21. ബാപ്പുജി മഹിളാ സമാജം മച്ചിപ്ലാവ്, മച്ചിപ്ലവ് – പി. ഒ.
22. ശാന്തി മഹിളാ സമാജം ശാന്തഗിരി (സോപാനം) അടിമാലി പി. ഒ.



5-10

# സഹകരണം

1904 ൽ ആണ് ഭാരതത്തിൽ സഹകരണ സംഘമാരംഭിച്ചത്. ഋണബാദ്ധ്യതയിൽ നിന്നും കർഷകരെ രക്ഷിക്കുക എന്നതായിരുന്നു ലക്ഷ്യം. അന്നുമുതൽ വളർച്ചയുടേയും നേട്ടങ്ങളുടേയും പന്ഥാവിലാണ് സഹകരണ പ്രസ്ഥാനം.

അടിമാലിയിൽ അരനൂറ്റാണ്ടു മുമ്പു കർഷകരുടേയും മറ്റു സാധാരണക്കാരുടേയും വായ്പാ ഇടപാടുകൾ വൻകിട ഹുണ്ടികക്കാരുമായായിരുന്നു. നൂറു രൂപയ്ക്ക് 12 രൂപയും 10 രൂപയുമായിരുന്നു മാസപ്പലിശ നിരക്ക്. അതായത് ആണ്ടിൽ നൂറു രൂപയ്ക്ക് 144 രൂപയും 120 രൂപയും പലിശ നൽകണം. പലിശ കൊടുത്ത് നിലംപരിശായ നിരവധി പേരുടെ കഥ വിസ്തരിക്കാൻ സ്ഥലപരിമിതി അനുവദിക്കുന്നില്ല. ഈ ദുരവസ്ഥയ്ക്കറുതിവരുത്തുന്നതിന് ദേശസ്നേഹികളായ ശ്രീ. കെ. വി. വർഗീസ് പ്രസിഡൻറും ശ്രീ. വി. മാധവൻനായർ സെക്രട്ടറിയുമായി 1950-ൽ ഒരു കർഷക സംഘം പ്രവർത്തനമാരംഭിച്ചു. അടിമാലിയിലെ സഹകരണ പ്രസ്ഥാനത്തിൻെറ ആദ്യശ്രമം!



ഈ കർഷക സംഘത്തിന് സർക്കാരിൽ നിന്നും 48 ഏക്കർ ഭൂമി കൃഷിക്ക് നൽകി. ഏക്കറിന് 7 1/2 രൂപ പാട്ട വ്യവസ്ഥയിൽ സംഘത്തിലെ അംഗങ്ങൾക്കത് വിതരണം ചെയ്തു. ടി. സ്ഥലത്തിൻെറ ഈടിന്മേൽ വായ്പയും അനുവദിച്ചിരുന്നു. ഈ കർഷക സംഘം 30-3-1950 ൽ മന്നാംകണ്ടം കർഷക സഹകരണ സംഘം 3045 ആയി പ്രവർത്തനമാരംഭിച്ചു. ശ്രീ. എം. പി. വർഗീസ് മഞ്ഞുമ്മേക്കുടി അതിൻെറ പ്രസിഡൻറും ശ്രീ. റ്റി. എം. മാധവൻനായർ സെക്രട്ടറിയുമായി. സംഘത്തിന് ഒരു റേഷൻകട ലൈസൻസ് ലഭിച്ചു. എന്നാൽ അംഗങ്ങൾ വായ്പയും പലിശയുമടയ്ക്കാതെ വന്ന സാഹചര്യത്തിൽ സംഘം പ്രവർത്തനം മൃതാവസ്ഥയിലായി. തുടർന്ന് 20-12-64-ൽ ശ്രീമാന്മാർ പി. വി. ജോൺ (പൊട്ടയ്ക്കൽ), പി. കെ. ജോസഫ്, എം. പി. ജോസഫ്, കെ. രാമകൃഷ്ണൻ, പി. കെ. നാരായണൻ വൈദ്യർ, പി. വി. ജോസഫ്, ഒ.എസ്. ഹസ്സൻ, വി. റ്റി. എസ്തപ്പാൻ എന്നിവരുടെ ശ്രമഫലമായി ടി സംഘത്തിൻെറ പുനരുദ്ധാരണ പ്രക്രിയ ആരംഭിച്ചു. 22-6-66 ൽ 152 അംഗങ്ങളും 3825 രൂപ ഓഹരി മൂലധനവുമായി ഇന്നത്തെ അടിമാലി സർവീസ് സഹകരണ ബാങ്കിൻെറ പ്രാഗ്‌രൂപമുണ്ടായി. അന്നത്തെ പ്രസിഡൻറ് പി. വി. ജോസഫും സെക്രട്ടറി വി. റ്റി. എസ്തപ്പാനുമായിരുന്നു. തുടർന്ന് ശ്രീ. പി. വി. ജോൺ, എൻ. സി. ഉതുപ്പാച്ചൻ, എം. കെ. ഭാസ്ക്കരൻ, പി. ബാലൻപിള്ള, കെ. കെ. മാത്തുക്കുട്ടി, കെ. കെ. അബ്ദുൾ ഖാദർ എന്നിവർ പ്രസിഡൻറ് സ്ഥാനമലങ്കരിച്ചു. ശ്രീ. സി. എൻ. സോമരാജൻ പ്രസിഡൻറായുള്ള കമ്മിറ്റിയാണിപ്പോൾ ഭരണസാരഥ്യം വഹിക്കുന്നത്.

ഇപ്പോൾ അടിമാലി പഞ്ചായത്തിലെ കർഷകരുടെ മുഴുവൻ വായ്പാ സൗകര്യങ്ങളും നിർവ്വഹിക്കുന്നതിന് ഒരു പരിധിവരെ അടിമാലി സർവീസ് സഹകരണ ബാങ്ക് പ്രാപ്തമായിട്ടുണ്ട്. അരനൂറ്റാണ്ടു മുമ്പുണ്ടായിരുന്ന അമിതി പലിശ വ്യവസ്ഥക്ക് മാറ്റമുണ്ടാവുകയും കർഷകർ കടക്കെണികളിൽ നിന്ന് വിമോചിതരാവുകയും ചെയ്തതിന് ഈ സഹകരണ സ്ഥാപനത്തിൻെറ പ്രവർത്തനം വളരെ പ്രയോജനപ്പെട്ടിട്ടുണ്ട്.

### ഭവന നിർമ്മാണം

ഭവന വായ്പകൾ നൽകുന്നതിന് 1972-ൽ "ദേവികുളം താലൂക്ക് റൂറൽ ഹൗസിംഗ് സഹകരണ സംഘം" പ്രവർത്തനമാരംഭിച്ചു. പുതിയ ഭവന നിർമ്മാണം, പുതുക്കിപ്പണിയൽ പണയവീടും സ്ഥലവും വാങ്ങൽ എന്നിവയ്ക്ക് ഹൗസിങ്ങ് സഹകരണ സംഘം വായ്പ നൽകുന്നു. വായ്പപ്പട്ടിക അന്യത്ര ചേർത്തിട്ടുണ്ട്. ശ്രീ. ഇ. ജെ. ജോൺ, എൻ. സി. ഉതുപ്പാച്ചൻ, സി. ഇട്ടൂപ്പ്, ജോസഫ് പി. ജോൺ എന്നിവർ മുൻകാല പ്രസിഡൻറുമാരായിരുന്നു. ഇപ്പോൾ പി. വി. അഗസ്റ്റിൻെറനേതൃത്വത്തിലുള്ള ഭരണസമിതിയാണ് ഭരിക്കുന്നത്.

### ഹരിജന സംഘങ്ങൾ

പട്ടികജാതി ക്ഷേമം മുൻനിറുത്തി 1979ൽ "അടിമാലി പട്ടികജാതി സർവീസ് സഹകരണ സംഘം" സ്ഥാപിതമായി. ഇതിൻെറ ആസ്ഥാനം ചാറ്റുപാറയിലാണ്. പട്ടികജാതിയിൽപ്പെട്ടവർക്ക് വിവിധയിനം വായ്പകൾ നൽകാൻ സംഘം പ്രത്യേക താല്പര്യം കാണിച്ചിരുന്നു. ഹ്രസ്വകാല വായ്പ വ്യവസായ വായ്പ, ഐ. ആർ. ഡി. പി. വായ്പ എന്നിവ നൽകിയെങ്കിലും കുടിശ്ശികക്കാർ ധാരാളമാണ്. ശ്രീ. സി. കെ. ഗോവിന്ദൻ, കൃഷ്ണൻകുട്ടി, സി. കെ. കുഞ്ഞപ്പൻ എന്നിവർ മുൻകാല പ്രസിഡൻറുമാരായിരുന്നു. ഈ റിപ്പോർട്ടു തയ്യാറാക്കുന്ന സമയത്ത് ശ്രീ. എം. കെ. തങ്കപ്പൻ

പ്രസിഡൻറാണ്. "മന്നാംകണ്ടം ഹരിജൻ വനിതാ സഹകരണ സംഘ"ത്തിൻെറ ആഭിമുഖ്യത്തിൽ ഒരു അച്ചടിശാല പ്രവർത്തിച്ചുവരുന്നു. ശ്രീമതി ഷൈല കുഞ്ഞൻ പ്രസിഡൻറാണ്. "അടിമാലി ബ്ലോക്ക് ഹരിജൻ ലേബർ കോൺട്രാക്റ്റ് സൊസൈറ്റി" രജിസ്റ്റർ ചെയ്തു പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ശ്രീ. സി. കെ. ഗോവിന്ദനാണ് പ്രസിഡൻറ്. പരമ്പരാഗത കൈത്തൊഴിൽ രംഗത്ത് പ്രവർത്തിക്കുന്ന "ചില്ലിത്തോട് ഹാൻറിക്രാഫ്റ്റ് സഹകരണ സംഘം" ചില്ലിത്തോടാസ്ഥാനമായി ബാലാരിഷ്ഠതയോടെ കഴിഞ്ഞുവരുന്നു. സി. ജി. വേലായുധനാണ് പ്രസിഡൻറ്.

### ഗിരിവർഗ്ഗ സംഘങ്ങൾ

ആദിവാസികൾ ശേഖരിക്കുന്ന വനവിഭവങ്ങൾ സ്വകാര്യ വ്യവസായികൾ തുഛവിലക്ക് വാങ്ങിയിരുന്നതിനാൽ അവരുടെ അദ്ധ്വാനം ചൂഷണ വിധേയമായിരുന്നു. ഈ ചൂഷണത്തിൽ നിന്നും ആദിവാസികളെ രക്ഷിക്കുന്നതിനും അവരുടെ ശേഖര വസ്തുക്കൾക്ക് അർഹമായ പ്രതിഫലം ലഭ്യമാക്കുന്നതിനും ഉദ്ദേശിച്ച് രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ചിട്ടുള്ള "അടിമാലി ഗിരിജൻ സർവ്വീസ് സഹകരണ സംഘം" വലിയൊരാശ്വാസമാണ്. ആദിവാസി കേന്ദ്രങ്ങളിൽ റേഷൻകടകളും ഉപഭോക്തൃശാലകളും വനവിഭവ ശേഖരണശാലകളും നടത്തുന്നുണ്ട്. ആദിവാസി ക്ഷേമപ്രവർത്തനങ്ങൾക്ക് ഈ സംഘം സ്തുത്യർഹമായ സേവനമനുഷ്ഠിക്കുന്നു. ശ്രീ. പ്രകാശ് സൂര്യൻ ആണിപ്പോഴത്തെ പ്രസിഡൻറ്. കൊരങ്ങാട്ടി ട്രൈബൽ കോളനി കേന്ദ്രികരിച്ച് ശ്രീമതി സി. കെ. ഗൗരി പ്രസിഡൻറായിട്ടുള്ള "ഗിരിവർഗ്ഗ ഹാൻറി ക്രാഫ്റ്റ് സഹകരണ സംഘ"വുമുണ്ട്. ടി. സംഘത്തിൽ ഈറ്റ, ചൂരൽ മുതലായവ കൊണ്ടുള്ള പരമ്പരാഗത കൈത്തൊഴിലുകൾക്കാണ് പ്രാധാന്യം. പെൺകുട്ടികൾക്ക് തയ്യൽ പരിശീലനവും ഇവിടെ നൽകുന്നുണ്ട്. തൃപ്തികരമായ രീതിയിൽ പ്രവർത്തിച്ചുവരുന്നു. ഐ. ആർ. ഡി. പി. വായ്പകളും കാർഷിക വായ്പകളും നൽകുന്നു.

### കാർഷിക വികസന ബാങ്ക്

1980 ലാണ് "ദേവികുളം താലൂക്ക് സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്" അടിമാലി ആസ്ഥാനമായി പ്രവർത്തനമാരംഭിച്ചത്. ചുരുങ്ങിയ കാലപരിധിക്കുള്ളിൽ വായ്പാ രംഗത്ത് വിപ്ലവകരമായ കുതിച്ചുചാട്ടമാണ് ടി. സംഘം നടത്തിയത്. അടിമാലി പഞ്ചായത്തിലെ ഗ്രാമീണ കർഷകരുടെ സഹൃദയത്തുടിപ്പിനൊപ്പം ചലിക്കാൻ ഈ സ്ഥാപനത്തിനു കഴിയുന്നുണ്ട്. വ്യവസായികളുടേയും തൊഴിലാളികളുടേയും തൊഴിൽ രഹിതരുടേയും ആഗ്രഹസിദ്ധിയുടെ ശ്രീകോവിലാണീ സ്ഥാപനം. കഴിഞ്ഞ പതിനഞ്ചു വർഷത്തിനുള്ളിൽ ഈ പഞ്ചായത്തിൽ മാത്രം വിവിധയിനങ്ങൾക്കായി 1375.18 ലക്ഷം രൂപ വായ്പ നൽകിയിട്ടുണ്ട്. ബാങ്കിൻെറ സ്വന്തം കെട്ടിടത്തിൽ പോസ്റ്റോഫീസ്, ഇലക്ട്രിസിറ്റി സെക്ഷൻ ഓഫീസ്, എംപ്ലോയിസ് സഹകരണ സംഘം, മാവേലി സ്റ്റോർ, സെയിൽടാക്സ് ഓഫീസ്, കൃഷിഭവൻ എന്നീ സ്ഥാപനങ്ങൾ അടിനിലയിലും രണ്ടാംനിലയിൽ നന്നായി ഫർണിഷ് ചെയ്ത ബാങ്കാഫീസും പ്രവർത്തിക്കുന്നു. മൂന്നാം നിലയിൽ 750 പേർക്കിരിക്കാവുന്ന ഓഡിറ്റോറിയവും ഉണ്ട്. ശ്രീ. എൻ. കുട്ടപ്പനാരായണ സ്വാമി എക്സ്. എം. എൽ. എ., ശ്രീ. വി. എസ്. രവീന്ദ്രനാഥ്, ശ്രീ. റ്റി. ആർ. ശശിധരൻ, ശ്രീ. കെ. വി. സുബ്രഹ്മണ്യൻ എന്നിവർ മുൻകാല പ്രസിഡൻറുമാരും ശ്രീ. സി. എ. ഏലിയാസ് ഇപ്പോഴത്തെ പ്രസിഡൻറുമാണ്.

### ദേവികുളം താലൂക്ക് പ്രൈവറ്റ് സ്കൂൾ സ്റ്റാഫ് സഹകരണ സംഘം

"ദേവികുളം താലൂക്ക് പ്രൈവറ്റ് സ്കൂൾ സ്റ്റാഫ് 'സഹകരണ സംഘ'വും അടിമാലി എസ്. എൻ.ഡി. പി. സ്കൂളിനു സമീപം പ്രവർത്തിക്കുന്നുണ്ട്. സ്വകാര്യ മേഖലയിലുള്ള സ്കൂൾ ജീവനക്കാരുടെ വായ്പാവശ്യങ്ങൾ നിർവ്വഹിക്കുന്നതിന് ഒരളവുവരെ ഈ സംഘത്തിന് കഴിഞ്ഞിട്ടുണ്ട്. 1979 ലാണിത് പ്രവർത്തനമാരംഭിച്ചത്. അന്ന് അടിമാലി എസ്. എൻ. ഡി. പി. ഹൈസ്കൂളിലെ അദ്ധ്യാപകരും അദ്ധ്യാപകേതര ജീവനക്കാരും ചേർന്നാണ് സംഘമുണ്ടാക്കിയത്. കോട്ടയം ജില്ലയിലെ അവസാന രജിസ്ട്രേഷനാണ് ഈ സംഘത്തിനു കിട്ടിയിട്ടുള്ളത്. ആദ്യകാലത്ത് ശ്രീ. കെ. ജെ. ചെറിയാൻ പ്രസിഡൻറും ശ്രീ. വി. എസ്. രവീന്ദ്രനാഥ് ഓണററി സെക്രട്ടറിയുമായിരുന്നു. പിന്നീട് ശ്രീ. വി. എൻ. കുമാരൻ പ്രസിഡൻറായലിരിക്കുന്ന കമ്മിറ്റി ഇപ്പോൾ ഭരണം നടത്തുന്നു.

### ദേവികുളം താലൂക്ക് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി

സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ ഒരു വായ്പാ സഹകരണ സംഘവും അടിമാലിയിൽ പ്രവർത്തിക്കുന്നുണ്ട്. ദേവികുളം താലൂക്ക് കോ-ഓപ്പറേറ്റീവ് എംപ്ലോയിസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി" എന്നാണിതിൻെറ പേര്. സഹകരണ ജീവനക്കാർക്കുള്ള വായ്പാവശ്യങ്ങൾ നിറവേറ്റുന്നതിൽ സ്തുത്യഹമായ സേവനം നിർവ്വഹിക്കാൻ സംഘത്തിന് കഴിയുന്നുണ്ട്.

ഇടുക്കി ജില്ലാ സഹകരണ ബാങ്കിൻെറ ഒരു ശാഖയും അടിമാലയിലുണ്ട്. കർഷകർക്കും വ്യാപാരികൾക്കും ഇതൊരാശ്വാസമാണ്.

### മാർക്കറ്റിംഗ്

കാർഷിക പ്രമുഖമായ ഒരു ഗ്രാമമാണ് അടിമാലി. കർഷകരുടെ കാർഷികോല്പന്നങ്ങളായ റബ്ബർ, കുരുമുളക്, ഏലം, ഇഞ്ചി, മഞ്ഞൾ, കൊക്കോ, പുൽതൈലം എന്നിവയുടെ വിപണനത്തിന് സ്വകാര്യ മലഞ്ചരക്കു വ്യാപാരികളെയാണിവിടുത്തുകാർ ആശ്രയിച്ചിരുന്നത്. അളവിലും തൂക്കത്തിലും വിലയിലും നഷ്ടം സഹിക്കേണ്ടിവന്നിരുന്നു കർഷകർക്ക്. ഇതിനൊരറുതിയുണ്ടായത് മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ചതോടെയാണ്.

1982-ലാണ് അടിമാലി ആസ്ഥാനമായി "ദേവികുളം താലൂക്ക് ജനറൽ മാർക്കറ്റിംഗ് സഹകരണ സംഘം" പ്രവർത്തിച്ചു തുടങ്ങിയത്. അടിമാലിയിലെ റബ്ബർ വ്യാപാരത്തിൻെറ 60 ശതമാനം ഈ സംഘം വഴിയാണിന്ന് നടക്കുന്നത്. പുൽതൈല വ്യാപാരത്തിലും ഈ സംഘം തന്നെയാണ്

മുമ്പിൽ. മറ്റു നാണ്യവിളകളുടെ വിപണനവും വ്യാപക മായ തോതിൽ നടത്തുന്നുണ്ട്. ശ്രീ. പി. വി. സ്കറിയയാണ് പ്രസിഡൻറ്.

1990 ൽ പ്രവർത്തനമാരംഭിച്ച് "അടിമാലി ബ്ലോക്ക് അരക്കനെട്ട് ആൻറ് കൊക്കോ പെപ്പർ മാർക്കറ്റിംഗ് സഹക രണ സംഘ"മാണ് രണ്ടാമത്തെ പ്രമുഖ മാർക്കറ്റിംഗ് സഹകരണ പ്രസ്ഥാനം. സംസ്കരിച്ച അടയ്ക്കയും കൊ ക്കോയും ശേഖരിച്ച് മാർക്കറ്റിംഗ് രംഗത്തെത്തിയ ഈ സ്ഥാ പനം അടയ്ക്കാ കർഷകർക്കും കൊക്കോ കൃഷിക്കാർ ക്കും വലിയൊരാശ്വാസമായി. കുരുമുളക്, പുൽതൈലം, ചുക്ക് എന്നീ വ്യാപാര മേഖലയും കയ്യടക്കാൻ ഈ സംഘം തീവ്രയത്നത്തിലാണ്. ശ്രീ. കെ. എസ്. മുഹമ്മദ് ആദ്യകാല പ്രസിഡൻറായിരുന്നു. ഇപ്പോഴത്തെ പ്രസിഡൻറ് ശ്രീ. ജോ സ് മാത്യു നിറനാൽ ആണ്.

1995 ൽ പ്രവർത്തനമാരംഭിച്ച "അടിമാലി ബ്ലോക്ക് ജനറൽ മാർക്കറ്റിംഗ് സഹകരണ സംഘം" ഇരുമ്പുപാലം ആസ്ഥാനമായി പ്രവർത്തിക്കുന്നു. അടിമാലി ടൗണിൽ ഒരു കളക്ഷൻ ഡിപ്പോയും തുറന്നു പ്രവർത്തനമാരംഭിച്ചി ട്ടുണ്ട്. റബ്ബർ, കുരുമുളക്, മഞ്ഞൾ, കാപ്പിക്കുരു തുടങ്ങിയ വയുടെ വ്യാപാരത്തിൽ കഴിഞ്ഞ ഒരു വർഷം കൊണ്ട് ഒരു കോടിയിൽപ്പരം ടേണോവറുണ്ടാക്കാനും ലാഭത്തിൽ പ്രവർ ത്തിക്കാനും ഈ സംഘത്തിനു കഴിഞ്ഞിട്ടുണ്ട്. ശൈശവാവ സ്ഥയിലുള്ള ഈ സൊസൈറ്റിയും മാർക്കറ്റിംഗ് രംഗത്ത് പ്രതീക്ഷയ്ക്കു വക നൽകുന്നതാണ്. ശ്രീ. സി. എൻ. സോമ രാജനാണിതിൻെറ പ്രസിഡൻറ്.

### ക്ഷീരവ്യവസായം

നിർമ്മൽ ഗ്രാമിൻേറയും ആപ്കോസിൻേറയുമായി 13 ക്ഷീര വ്യവസായ സംഘങ്ങളുണ്ട് നമ്മുടെ ഗ്രാമത്തിൽ 200 ഏക്കർ, ചാറ്റുപാറ, അടിമാലി, മച്ചിപ്ലാവ്, ഇരുമ്പുപാലം, പടിക്കപ്പ്, 10-ാം മൈൽ, ഒഴുവത്തടം, പഴംപള്ളിച്ചാൽ എന്നിവിടങ്ങളിലാണിവ പ്രവർത്തിക്കുന്നത്. 500 ഓളം കുടുംബങ്ങൾ ക്ഷീരവ്യവസായത്തിലേർപ്പെട്ടിട്ടുണ്ട്. കൂടാ തെ 50 ഓളം പേർ ഈ മേഖലയിൽ ജോലി ചെയ്യുന്നു. ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള പാല് നിശ്ചിത വില യ്ക്ക് ലഭ്യമാകുന്നു എന്ന മെച്ചം കൂടിയുണ്ട്. മിൽമയുടെ ഒരു പാൽ ശീതീകരണ കേന്ദ്രവും അടിമാലയിൽ പ്രവർത്തി ക്കുന്നു. പാലുല്പന്നങ്ങളുണ്ടാക്കുക വിപണനം നടത്തുക എന്നീ തൊഴിൽമേഖലകളുടെ വാതയാനം തുറ ക്കാനും ഭാവിയിൽ സാധ്യതയുണ്ടെന്നത് സ്മരണീയമാണ്.

### സഹകരണം – വിദ്യാഭ്യാസ രംഗത്ത്

ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഒരു 'സഹകരണ പാര ലൽ കോളജ്" ഇവിടെ പ്രവർത്തിക്കുന്നുണ്ട്. കോളജ് വിദ്യാ ഭ്യാസത്തിന് മറ്റു അംഗീകൃത സ്ഥാപനങ്ങളില്ലാത്തതിൻെറ പോരായ്മ നികത്താൻ ഇതുപകരിക്കുന്നു. നിശ്ചിത യോ ഗ്യതയുള്ള അദ്ധ്യാപകരാണിതിൽ സേവനമനുഷ്ഠിക്കുന്ന ത്.

സ്കൂൾ സഹകരണ സംഘങ്ങൾ നമ്മുടെ 4 ഹൈസ്കൂ ളുകളിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നതുമൂലം വിദ്യാർ ത്ഥികൾക്ക് പാഠപുസ്തകം, നോട്ടുബുക്ക്, സ്റ്റേഷനറി സാധനം എന്നിവ ന്യായ വിലയ്ക്ക് ലഭ്യമാകുന്നു. വിദ്യാർ ത്ഥികൾക്ക് വലിയൊരനുഗ്രഹമാണിത് എന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ.

### മറ്റുള്ളവ

ഇനിയും കാര്യമായി പ്രവർത്തനമാരംഭിക്കാത്ത ഒട്ടേറെ സഹകരണ സംഘങ്ങൾ നമ്മുടെ ഗ്രാമത്തിലുണ്ട്. മദ്യവ്യവ സായ തൊഴിലാളി സഹകരണ സംഘം, ചുമട്ടുതൊഴിലാ ളി സഹകരണ സംഘം വനിതാ സഹകരണ സംഘം, ഓട്ടോ റിക്ഷാ തൊഴിലാളി സഹകരണ സംഘം, ആശുപത്രി സഹകരണ സംഘം, സിൽക്ക്യാൺ പ്രൊഡ്യൂസേഴ്സ് സഹകരണ സംഘം, പഴം പച്ചക്കറി സഹകരണ സംഘം, മോട്ടോർ സഹകരണ സംഘം തുടങ്ങിയവ അവയിൽ ചില തുമാത്രമാണ്. ഗവൺമെൻറ് ഗ്രാൻറ്, മാനേജീരിയൽ സബ് സിഡി, ഫർണിച്ചർ ഗ്രാൻറ് എന്നിവ ലഭിക്കാത്തതിനാലുള്ള സാമ്പത്തിക പരാധീനതയാണിത്തരം സംഘങ്ങളെ ശ്വാസം മുട്ടിക്കുന്നത്.

നമ്മുടെ പഞ്ചായത്തിലെ സംഘങ്ങളുടെ ഘടനയനുസ രിച്ച് താഴെപ്പറയുന്നവിധം തരംതിരിക്കാവുന്നതാണ്.

| | |
|---|---|
| 1. വായ്പാ സംഘങ്ങൾ | 6 |
| 2. ഹരിജൻ സംഘങ്ങൾ | 4 |
| 3. ഗിരിവർഗ്ഗ സംഘങ്ങൾ | 2 |
| 4. മാർക്കറ്റിംഗ് സംഘങ്ങൾ | 3 |
| 5. ക്ഷീരവ്യവസായ സംഘങ്ങൾ | 13 |
| 6. കോളജ് സംഘം | 1 |
| 7. സ്കൂൾ സഹകരണ സംഘങ്ങൾ | 4 |
| 8. പൂർണ്ണ പ്രവർത്തനമാരംഭിച്ചിട്ടില്ലാത്തവ | 7 |
| ആകെ | 40 |

മേല്പറഞ്ഞ വിധം 40 സഹകരണ സംഘം കൊണ്ട് സമ്പു ഷ്ടമാണ് നമ്മുടെ ഗ്രാമം.

## വിവിധ മേഖലകളിൽ നടപ്പാക്കേണ്ട പദ്ധതികൾ

### വായ്പാ മേഖല

വിവിധ വായ്പകൾക്ക് വിവിധ ഏജൻസികളേയോ സ്ഥാ പനങ്ങളേയോ സമീപിക്കേണ്ട ഗതികേടിലാണ് വായ്പക്കാ രൻ. ഈ സ്ഥിതി ഒഴിവാക്കണം. ഒരു വായ്പക്കാരൻ അംഗ മായിട്ടുള്ള സംഘത്തിൽ നിന്ന് അയൾക്കാവശ്യമുള്ള സകലവായ്പകളും (കൃഷി, വ്യവസായം, ഭവനനിർമ്മാ ണം, കാലിവളർത്തൽ, വിദ്യാഭ്യാസം, വിവാഹം തുടങ്ങിയ വ) ലഭിക്കാനുള്ള സമഗ്ര വായ്പാ പദ്ധതിക്ക് രൂപം നൽക ണം. ക്രഡിറ്റ് കാർഡ് സമ്പ്രദായം ആവിഷ്ക്കരിക്കണം. ജാമ്യ വ്യവസ്ഥ ഉദാരമാക്കണം.

### കാർഷിക മേഖല

കർഷകനാവശ്യമായ അത്യുല്പാദന ശേഷിയുള്ള

വിത്ത്, വളം, കീടനാശിനികൾ, കൃഷിയുപകരണങ്ങൾ (കലപ്പ, ട്രില്ലർ പമ്പുസെറ്റ്, മെതിയന്ത്രം തുടങ്ങിയവ) കാർഷിക സഹകരണ സംഘം വഴി വിതരണം ചെയ്യുക.

കാർഷികോല്പന്നങ്ങൾക്ക് ക്ലിപ്ത വില നിശ്ചയിച്ച് അവ സംഘം നേരിട്ടുവാങ്ങി വിപണനം ചെയ്യുക. കർഷകർക്ക് സംഘത്തിന്റെ ആഭിമുഖ്യത്തിൽ, കൃഷിബോധന ക്ലാസുകളോ സാങ്കേതികോപദേശങ്ങളോ അതാത് കൃഷിയിടങ്ങളിൽ ചെന്ന് നൽകാനുള്ള പദ്ധതി നടപ്പിലാക്കുക. ഉല്പന്നങ്ങൾക്ക് വിലയിടിവുണ്ടാകുമ്പോൾ അവയുടെ ഈടിൽ കിലോൺ നൽകണം.

## ഹരിജൻ ഗിരിജൻ മേഖല

ഹരിജൻ ഗിരിജൻ മേഖലകളിലെ സഹകരണ സംഘങ്ങൾ, അവരുടെ ആവശ്യങ്ങൾ കാലേക്കൂട്ടി കണ്ടറിഞ്ഞ് അവയഥാവസരം പ്രാവർത്തികമാക്കുന്ന പ്രവർത്തന പദ്ധതികളാവിഷ്ക്കരിക്കുക.

## ക്ഷീര വികസന മേഖല

1995-96 ലെ പാലിന്റെ ആളോഹരി ലഭ്യത നമ്മുടെ ജില്ലയിലെ 190 ഗ്രാമാണ്. ലോകാരോഗ്യ സംഘടനയുടെ കണക്ക് ഒരാൾ ഒരു ദിവസം 280 ഗ്രാം പാലുകഴിക്കണമെന്നാണ്. ഈ ലക്ഷ്യം കൈവരിക്കാൻ ക്ഷീരോല്പാദനം വർദ്ധിപ്പിക്കണം. അതിന് നമ്മുടെ പഞ്ചായത്തിന്റെ ഉൾപ്രദേശങ്ങളിലും എല്ലാ ഗിരിവർഗ്ഗ സെറ്റിൽമെൻറുകളിലും (22 എണ്ണം) ക്ഷീര വ്യവസായ സംഘങ്ങൾ രൂപികരിച്ച് പാൽ ശേഖരണവും വിപണനവുമാരംഭിക്കണം. ഓരോ ക്ഷീരസംഘവും അതിന്റെ പ്രവർത്തന പരിധിയിലുള്ള വീടുകളിൽ ഉപോല്പന്നമായ തൈര്, വെണ്ണ, നെയ്യ് ഇവ നിത്യാഹാരത്തോടൊപ്പം ഉപയോഗിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് ബോധവൽക്കരണം നടത്തണം. ശാസ്ത്രീയ പുൽകൃഷി നടപ്പാക്കണം. ക്ഷീരോല്പന്ന യൂണിറ്റുകൾ കാഞ്ഞിരവേലി, 10-ാം മൈൽ ഇരുമ്പുപാലം, മച്ചിപ്ലാവ്, ചാറ്റുപാറ, കൂമ്പൻപാറ, 200 ഏക്കർ എന്നിവിടങ്ങളിൽ ആരംഭിക്കണം (പാലിൽ നിന്നും ജാം, ചോക്കലേറ്റ്, ബർഫി പാൽപേട, ഐസ്ക്രീം മുതലായവ ഉണ്ടാക്കാം) തന്മൂലം 100 പേർക്ക് പ്രത്യക്ഷമായും 50 പേർക്ക് പരോക്ഷമായും തൊഴിൽ സാദ്ധ്യതയുണ്ടാകും.

## മറ്റുള്ളവ

പഞ്ചായത്തിൽ ഒരു കേരോല്പാദക സഹകരണ സംഘം സ്ഥാപിച്ചാൽ കേരള വിപണനവും സംസ്കരണവും നടത്താൻ സാദ്ധ്യതയുണ്ട്. 100 പേർക്ക് തൊഴിൽ നൽകാനും കഴിയും.

ഒരു ലേബർ കോൺട്രാക്റ്റ് സൊസൈറ്റി സ്ഥാപിക്കാവുന്നതാണ്. പഞ്ചായത്തിലും വാർഡിലുമുള്ള പൊതുപണികൾ ടെണ്ടർ ചെയ്യുമ്പോൾ ഈ സംഘത്തിന് മുന്തിയ പരിഗണന നൽകാനേർപ്പാടു ചെയ്യുക. 250 പേർക്ക് തൊഴിൽ സാദ്ധ്യതയുണ്ട്.

ഖാദി വ്യവസായ സഹകരണ സംഘങ്ങൾ നമ്മുടെ ഗ്രാമത്തിൽ കുറവാണ്. കുരങ്ങാട്ടി, ചിന്നപ്പാറക്കുടി, തലമാലി ഇരുമ്പുപാലം, പഴംപള്ളിച്ചാൽ എന്നീ ഭാഗങ്ങളിൽ വ്യാവസായിക സഹകരണ സംഘങ്ങൾ സ്ഥാപിച്ചാൽ ആദിവാസി - ഹരിജൻ വിഭാഗങ്ങളിൽ 50 പേർക്കെങ്കിലും സ്ഥിരം തൊഴിലുണ്ടാക്കാൻ കഴിയും.

സഹകരണ മേഖയിലെ വ്യക്തിഗത വായ്പാ പരിധി ഉയർത്തണം.

കൈത്തൊഴിലുകൾക്കുള്ള വായ്പ നവീകരിക്കണം., അവയുടെ പരിധി ഉയർത്തുകയും ജാമ്യനിബന്ധനകളിൽ അയവുവരുത്തുകയും വേണം.

വായ്പത്തുക കൃത്യസമയത്തടയ്ക്കുന്നവർക്ക് അപ്പോൾത്തന്നെ സർക്കാർ നൽകുന്ന പലിശ സബ്സിഡി ലഭ്യമാക്കേണ്ടതാണ്.

എല്ലാ വാർഡുകളിലും ഉപഭോക്തൃ സഹകരണ സംഘങ്ങളുണ്ടാക്കി അവയ്ക്ക് സർക്കാർ പ്രവർത്തന ഗ്രാൻറ് നൽകി നിത്യോപയോഗസാധന വിപണന ശാലകൾ തുറന്നാൽ വിലനിലവാരം പിടിച്ചുനിറുത്താൻ കഴിയുന്നതാണ്.

വൊക്കേഷണൽ ഹയർ സെക്കണ്ടറിയിൽ നിന്നും തൊഴിലധിഷ്ഠിത കോഴ്സുകൾ പാസ്സായി മോട്ടോർ മെക്കാനിക്കുകളായും, സ്കൂട്ടർ - ഓട്ടോറിക്ഷാ മെക്കാനിക്കുകളായും, ഗാർഹികോപകരണങ്ങൾ (മിക്സി, വാഷിംഗ് മെഷീൻ, ഫ്രിഡ്ജ്, ഫാൻ) അറ്റകുറ്റപ്പണി ചെയ്യുന്നതിൽ വൈദഗ്ദ്ധ്യം നേടിയവരായും നൂറോളം വിദ്യാർത്ഥികൾ ആണ്ടുതോറും പുറത്തുവരുന്നുണ്ട്. അവരുടെ തൊഴിൽ പ്രശ്നം പരിഹരിക്കാൻ കോ-ഓപ്പറേറ്റീവ് വർക്കുഷോപ്പുകൾ (ടൂവീലർ 3 വീലർ), ഹോം അപ്ലയൻസ് മെയിൻറനൻസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ 1, 2, 3, 4, 5 വാർഡുകൾ ചേർത്ത് ഒന്നും 6, 7, 8, 9, 10, 11, 12 വാർഡുകൾ ചേർത്ത് ഒന്നും (ആകെ 4 എണ്ണം) സ്ഥാപിച്ചാൽ 1997 മുതൽ 2002 വരെയുള്ള കാലഘട്ടത്തിൽ 400 ഓളം യുവതീയുവാക്കൾക്ക് തൊഴിൽ സാദ്ധ്യതയുണ്ടാകും.

ഏത്തവാഴക്കൃഷി നമ്മുടെ പഞ്ചായത്തിൽ വ്യാപകമായിരിക്കുകയാണല്ലോ. ഏത്താക്കായകൊണ്ട് ചിപ്സ് ഉണ്ടാക്കുന്ന വ്യവസായത്തിന് സാദ്ധ്യതയുണ്ട്. ശർക്കര പിരട്ടി തുടങ്ങിയ ഉപപോല്പന്നങ്ങൾക്ക് സാദ്ധ്യതയേറുന്നു. പഞ്ചായത്തിലെ 12 വാർഡുകളെ മുമ്മൂന്നു വാർഡുകളുള്ള ഓരോ യൂണിറ്റായി തിരിക്കുക. ഓരോ യൂണിറ്റിനും ഓരോ വനിതാ ഇൻഡസ്ട്രിയൽ സഹകരണ സംഘം രജിസ്റ്റർ ചെയ്താൽ 4 സംഘങ്ങളിലും കൂടി 100 വനിതകൾക്ക് ചിപ്സ് വ്യവസായത്തിൽ തൊഴിൽ നേടാവുന്നതാണ്.

നമ്മുടെ പഞ്ചായത്തിലെ യുവതികളിൽ കുറച്ചുപേർ ബ്യൂട്ടീഷ്യൻ കോഴ്സിന് പലയിടത്തായി പഠിക്കുന്നുണ്ട്. ഒരു ബ്യൂട്ടീഷ്യൻസ് വനിതാ സഹകരണ സംഘം രജിസ്റ്റർ ചെയ്താൽ ആ സംഘത്തിന്റെ ആഭിമുഖ്യത്തിൽ എല്ലാ വാർഡിലും ബ്യൂട്ടി പാർലറുകളാരംഭിക്കാം. ഒരു സെൻററിൽ 4 വനിതകൾക്ക് തൊഴിൽ സാദ്ധ്യതയുണ്ടാകും. 50 വനിതകൾക്ക് പഞ്ചായത്തിൽ തൊഴിൽ നൽകാൻ കഴിയും.

കോഴി വളർത്തൽ തൊഴിലാളി സ്വീകരിക്കുന്നവർക്ക് വ്യാവസായികമായി തൊഴിൽ അഭിവൃദ്ധിപ്പെടുത്തുന്നതിന് പഞ്ചായത്തിൽ ഓരോ 'ഇറച്ചിക്കോഴി വളർത്തൽ സഹകരണ സംഘ'ത്തിനും സാദ്ധ്യതയുണ്ട്.

സഹകരണ മേഖലയിൽ മേല്പറഞ്ഞ രീതിയിലുള്ള സംഘങ്ങൾക്ക് പ്രവർത്തനമാരംഭിക്കുന്നതിന് അവയ്ക്ക് ഗ്രാൻറ് മാനേജീരിയൽ സബ്സിഡി, ഭരണച്ചെലവ് തുടങ്ങിയവ നിർവ്വഹിക്കുന്നതിനും ഒമ്പതാം പദ്ധതിക്കാലത്ത് ഈ പഞ്ചായത്തിലേയ്ക്ക് 300 ലക്ഷം രൂപയുടെ ചെലവ് പ്രതീക്ഷിക്കാവുന്നതാണ്. ഇത്രയും തുക മുടക്കുമ്പോൾ 1000 പേർക്ക് പ്രത്യക്ഷമായും 100 പേർക്ക് പരോക്ഷമായും തൊഴിൽ സാദ്ധ്യതയുണ്ടാകുന്നു. ഇത് അടിമാലി പഞ്ചായത്തിലെ 6500 ഓളം കുടുംബങ്ങളുടെ സാമ്പത്തിക അഭിവൃദ്ധിക്കും കാരണമാകുന്നു.

അടിമാലി പഞ്ചായത്തിലെ 12 ഗ്രാമസഭകൾ ചർച്ച ചെയ്തംഗീകരിച്ചതും കോർഗ്രൂപ്പ് സഹകരണ വിദഗ്ദ്ധരുമായാലോചിച്ച് ചിട്ടപ്പെടുത്തിയതുമായ നിർദ്ദേശങ്ങളാണിവിടെ തയ്യാറാക്കിയിട്ടുള്ളത്.

സഹകരണ രംഗത്ത് ഈ റിപ്പോർട്ടിൽ പറഞ്ഞ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നപക്ഷം വരുന്ന അഞ്ചു വർഷം കൊണ്ട് അടിമാലി പഞ്ചായത്തിൽ കാർഷിക തൊഴിൽ, വ്യാവസായിക രംഗത്ത് സ്ഥായിയായ കുതിച്ചുചാട്ടമുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

ഗ്രാമങ്ങളുടെ സമഗ്രവികസനത്തിന് കാതലായ സംഭാവന നൽകാൻ കഴിയുന്ന പ്രസ്ഥാനം എന്ന നിലയിൽ അടിമാലി പഞ്ചായത്തിൽ സഹകരണ രംഗത്ത് നടപ്പിലാക്കേണ്ട പദ്ധതികളുടെ വികസന റിപ്പോർട്ട് ചർച്ചകൾക്കും മുൻഗണന നിശ്ചയിക്കുന്നതിനുമായി സമർപ്പിച്ചുകൊള്ളുന്നു.

## പട്ടിക 1
## വായ്പാ സംഘങ്ങൾ

| ക്രമ നമ്പർ | സംഘത്തിന്റെ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തന പരിധി | വ്യക്തി അംഗത്വം | ഓഹരി മൂലധനം | കടം | നിക്ഷേപം | വായ്പകൾ | | പ്രവർത്തന മൂലധനം | ലാഭമോ നഷ്ടമോ | | ജീവനക്കാർ | | മറ്റു വിവരങ്ങൾ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | കാർഷികം | കാർഷികേതരം | | ലാഭം തുക | നഷ്ടം തുക | സ്ഥിരം | മറ്റുള്ളവർ | |
| | | | | | ലക്ഷത്തിൽ | ലക്ഷത്തിൽ | ലക്ഷത്തിൽ | ലക്ഷത്തിൽ | | കോടി | ലക്ഷം | ലക്ഷം | | | |
| 1. | അടിമാലി സർവ്വീസ് സഹകരണ ബാങ്ക് ക്ലി. 3045 | 1950 | അടിമാലി പഞ്ചായത്ത് | 7010 | 15 | 62 | 2.86 | 81 | 134 | 4 | .95 | | 20 | - | സ്വന്തമായ രണ്ടുനില കെട്ടിടവും ഗോഡൗണുമുണ്ട് |
| 2. | അടിമാലി പട്ടികജാതി സർവ്വീസ് സഹകരണ സംഘം | 1979 | അടിമാലി പഞ്ചായത്ത് | 1078 | 1.55 | ലഭ്യമല്ല | ഇല്ല | 3.2 | .58 | - | - | - | 3 | - | സ്വന്തം കെട്ടിടമുണ്ട് |
| 3. | ദേവികുളം താലൂക്ക് സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് ഐ. 136 | 1980 | ദേവികുളം താലൂക്ക് | 14679 | 107 | 1343 | - | 755 | 614 | 1461 | 276 | - | 17 | - | സ്വന്തമായ മൂന്നുനിലകെട്ടിടവും ഗോഡൗണും ഓഡിറ്റോറിയവുമുണ്ട് |
| 4. | ദേ: താ: റൂറൽ ഹൗസിംഗ് സഹകരണ സംഘം കെ. 378 | 1972 | ദേവികുളം താലൂക്ക് | 666 | 6.94 | 51.6 | - | - | 254 | 100 | 2.1 | | 2 | - | വാടക റൂമിൽ പ്രവർത്തിക്കുന്നു. |
| 5. | ദേ: താ: പ്രൈവറ്റ് സ്കൂൾ സ്റ്റാഫ് സഹകരണ സംഘം കെ. 376 | 1979 | ദേവികുളം താലൂക്ക് | 159 | 1.6 | .36 | .32 | - | 6.76 | 1.55 | 3.3 | - | 2 | - | വാടക മുറിയിൽ പ്രവർത്തിക്കുന്നു |
| 6. | ദേ. താ. സഹകരണ എംപ്ലോയീസ് സഹകരണ സംഘം ഐ. 161 | 1983 | ദേവികുളം താലൂക്ക് | 265 | 5 | 13.4 | 2.08 | - | 14 | 1.6 | ലഭ്യമല്ല | | 2 | - | വാടക മുറിയിൽ പ്രവർത്തിക്കുന്നു |

## പട്ടിക 2
## മാർക്കറ്റിംഗ് സംഘങ്ങൾ

| ക്രമ നമ്പർ | സംഘത്തിന്റെ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തന പരിധി | വ്യക്തി അംഗത്വം | ഓഹരി മൂലധനം | കടം | നിക്ഷേപം | വായ്പകൾ | | പ്രവർത്തന മൂലധനം | ലാഭമോ നഷ്ടമോ | | ജീവനക്കാർ | | മറ്റു വിവരങ്ങൾ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | കാർഷികം | കാർഷികേതരം | | ലാഭം തുക | നഷ്ടം തുക | സ്ഥിരം | മറ്റുള്ളവർ | |
| | | | | | ലക്ഷത്തിൽ | ലക്ഷത്തിൽ | ലക്ഷത്തിൽ | ലക്ഷത്തിൽ | | ലക്ഷം | ലക്ഷം | ലക്ഷം | | | |
| 1. | ദേ. താ. ജനറൽ മാർക്കറ്റിംഗ് സഹകരണ സംഘം ഐ. 156 | 1982 | ദേവികുളം താലൂക്ക് | 1072 | 30.86 | 15 | ·5 | - | - | 50 | 18 | - | 11 | - | സ്വന്തമായ രണ്ടുനില കെട്ടിടമുണ്ട് |
| 2. | അടിമാലി ബ്ലോക്ക് അരക്കനട്ട് ആന്റ് കൊക്കോ പെപ്പർ മാർക്കറ്റിംഗ് സഹകരണ സംഘം | 1990 | അടിമാലി ബ്ലോക്ക് മുഴുവൻ | 305 | 2.29 | 3.3 | - | - | - | .75 | | .01 | 2 | - | വാടക മുറിയിൽ പ്രവർത്തിക്കുന്നു |
| 3. | അടിമാലി ബ്ലോക്ക് ജനറൽ മാർക്കറ്റിംഗ് സഹകരണ സംഘം | 1994 | അടിമാലി ബ്ലോക്ക് മുഴുവൻ | 71 | 10 | - | .4 | - | - | .5 | | നഷ്ടത്തിൽ | 1 | - | വാടക മുറിയിൽ പ്രവർത്തിക്കുന്നു. |



# 5-11

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

ഈ പഞ്ചായത്തിലെ ജനസംഖ്യയുടെ 30% പട്ടികജാതി-പട്ടികവർഗ്ഗ ജനവിഭാഗമാണ്. അടിമാലി പഞ്ചായത്തിലെ ആദിമ നിവാസികളും ഇവർ തന്നെയായിരുന്നു. കാലാന്തരത്തിൽ കുടിയേറ്റക്കാരുടെ പ്രവാഹത്തിൽ പട്ടികവർഗ്ഗക്കാർ കാടുകളിലേയ്ക്ക് ചേക്കേറുവാൻ നിർബന്ധിതരായി തീരുകയാണുണ്ടായത്. സാമൂഹ്യ-സാമ്പത്തിക-വിദ്യാഭ്യാസ രംഗങ്ങളിൽ ഇവരുടെ സ്ഥിതി വളരെ മോശമാണ്. സ്ഥിരമായ തൊഴിലോ, വരുമാന മാർഗ്ഗങ്ങളോ, പ്രാഥമിക സൗകര്യങ്ങൾ പോലുമോ ഇന്നും ഇവരിൽ ബഹുഭൂരിപക്ഷത്തിനും അന്യമാണ്. പഞ്ചായത്തിന്റെ സിരാകേന്ദ്രമായ അടിമാലിയിൽനിന്നും മൈലുകൾക്കപ്പുറത്ത്, ഒറ്റപ്പെട്ട കോളനികളിൽ വളരെ ദരിദ്രപരമായ ചുറ്റുപാടിലാണ് പട്ടികവർഗ്ഗക്കാർ കഴിഞ്ഞുകൂടുന്നത്. ഈ ജനവിഭാഗങ്ങളുടെകൂടി സമഗ്രമായ പുരോഗതിയിലൂടെയേ പഞ്ചായത്തിന്റെ വികസനം സാദ്ധ്യമാവൂ.

## വിദ്യാഭ്യാസം

വിദ്യാഭ്യാസ സൗകര്യങ്ങളുടെ അഭാവംമൂലം ദേശത്തിന്റെ പൊതുധാരയിൽനിന്നും ഈ പഞ്ചായത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ ഒറ്റപ്പെട്ടുപോയിരിക്കുന്നു. തൊഴിലില്ലായ്മ, സാമ്പത്തിക ഭദ്രതയില്ലായ്മ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ വേണ്ടത്രയില്ലായ്മ ഈ വക കാരണങ്ങളാണ് വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥയ്ക്ക് കാരണം. കഷ്ടിച്ച് എസ്.എസ്.എൽ.സി. വരെ പഠിച്ചതിനുശേഷം പഠനം തുടരുന്നതിൽ കുട്ടികളും രക്ഷാകർത്താക്കളും താൽപ്പര്യം കാണിക്കുന്നില്ല. എന്നാൽ ചില കോളനികളിൽ ഇതിൽനിന്ന് വ്യത്യസ്തമായ സ്ഥിതിയും ഉണ്ട്. വിദ്യാഭ്യാസത്തിന്റെ ആവശ്യകത ബോദ്ധ്യപ്പെടത്തക്കവിധത്തിൽ ബോധവൽക്കരണ പരിപാടികൾ ഈ മേഖലയിൽ സംഘടിപ്പിക്കേണ്ടത് ആവശ്യമാണ്. സാക്ഷരതാ പ്രവർത്തനത്തിലൂടെ ഈ മേഖലകളിൽ എല്ലാവരേയും എഴുത്തും വായനയും അറിയുന്നവരാക്കി മാറ്റാൻ കഴിഞ്ഞെങ്കിലും തുടർ സാക്ഷരതാ പരിപാടി നടക്കാതെപോയതുകൊണ്ട് ഇപ്പോൾ നിരക്ഷരരുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട്. കുട്ടികളുടെ പഠന നിലവാരം പരിശോധിച്ചപ്പോൾ (പട്ടികജാതിക്കാരിൽ 80% കുട്ടികളും വിദ്യാലയങ്ങളിൽ പോകുമ്പോൾ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 60% കുട്ടികൾ മാത്രമേ യഥാസമയം വിദ്യാലയങ്ങളിൽ ചേരുന്നുള്ളൂ. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾ സ്കൂളിൽ പോകാതിരിക്കുവാൻ കാരണം വിദ്യാഭ്യാസ സ്ഥാപനങ്ങൾ വേണ്ടത്ര ഇല്ലാത്തതാണ്. ഗ്രാമസഭകളിൽ ഉയർന്നുവന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന പ്രദേശങ്ങളിൽ L.P., U.P., H.S. വിഭാഗത്തിൽപ്പെട്ട സ്കൂളുകൾ അനുവദിക്കേണ്ടതാണ്.

| പട്ടിക I അംഗൻവാടികൾ അനുവദിക്കേണ്ട സ്ഥലം | |
|---|---|
| 1. | 5-ാം വാർഡിൽ തുമ്പിപ്പാറക്കുടിയിൽ അംഗൻവാടിയും നേഴ്സറി സ്കൂളും അനുവദിക്കുക. |
| 2. | തട്ടേക്കണ്ണൻ, കട്ടമുടി, കുതിരയള എന്നിവിടങ്ങളിൽ അംഗൻവാടി ആരംഭിക്കണം. |
| 3. | പ്ലാമലക്കുടി, നൂറാങ്കര, കൊടകല്ല് എന്നിവിടങ്ങളൽ അംഗൻവാടിക്ക് കെട്ടിടം അനുവദിക്കുക. |
| 4. | ഒഴുവത്തടത്ത് അംഗൻവാടി ആരംഭിക്കുക. |
| 5. | കുറത്തി അംഗൻവാടിക്ക് കെട്ടിടം ഇല്ല.<br>കൂമ്പൻപാറ അംഗൻവാടിക്ക് കെട്ടിടം ഇല്ല. |

| പട്ടിക II | L.P. സ്കൂളുകൾ അനുവദിക്കേണ്ട സ്ഥലങ്ങൾ |
|---|---|
| 1 | കുറത്തിക്കുടി. |
| 2. | കൊടകല്, ഞാവൽപ്പാറ കേന്ദ്രീകരിച്ച്. |
| 3. | ചിന്നപ്പാറക്കുടി. |
| 4. | പഴംപള്ളിച്ചാൽ (Residential L.P.S.) |
| 5. | പ്ലാമല. |
| 6. | ചാറ്റുപാറ. |

| പട്ടിക III അപ്ഗ്രേഡ് ചെയ്യേണ്ട സ്കൂളുകൾ | |
|---|---|
| 1. | G.L.P.S. ചില്ലിത്തോട് U.P. സ്കൂളാക്കി ഉയർത്തണം. |
| 2. | കൊരങ്ങാട്ടി G.T.U.P.S. ആവശ്യമായ കെട്ടിടം പണിത് H.S. ആയി ഉയർത്തണം. |

| പട്ടിക IV | Residential High School അനുവദിക്കേണ്ട സ്ഥലം |
|---|---|
| 1. | അടിമാലി ടൗൺ സമീപം (പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുവേണ്ടി റെസിഡൻഷ്യൽ ഹൈസ്കൂൾ അനുവദിക്കണം. |

| പട്ടിക V സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കേണ്ട സ്ഥലം | |
|---|---|
| 1. | പഴംപള്ളിച്ചാൽ കേന്ദ്രീകരിച്ച് സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം അനുവദിക്കുക. |

നിലവിലുള്ള കൊരങ്ങാട്ടി ഗവ. ട്രൈബൽ U.P.S., പെട്ടിമുടി G.T.L.P.S., ചില്ലിത്തോട് L.P.S. എന്നീ സ്കൂളുകൾക്ക് ആവശ്യമായ കെട്ടിടവും ഉപകരണങ്ങളും നൽകുന്നതോടൊപ്പം അദ്ധ്യാപകർക്കും ജീവനക്കാർക്കും താമസ സൗകര്യം ഉണ്ടാക്കേണ്ടതും ഈ മേഖലയുടെ വിദ്യാഭ്യാസ പുരോഗതിക്ക് അത്യന്താപേക്ഷിതമാണ്.

### തൊഴിൽരംഗം

പഞ്ചായത്തിലെ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് സ്ഥിരമായ തൊഴിലൊന്നുമില്ല. തൊഴിൽരംഗത്തെ ഈ പ്രതിസന്ധി ഇവരെ കടുത്ത സാമ്പത്തിക പ്രയാസത്തിലാക്കുന്നു. മുഖ്യമായും കൂലിപ്പണി, പരമ്പരാഗത കൈത്തൊഴിൽ (കുട്ട, വട്ടി നെയ്ത്ത്, വനവിഭവ ശേഖരണം) എന്നിവയാണ് തൊഴിൽ മേഖലകൾ. പരമ്പരാഗത തൊഴിൽ പ്രോൽസാഹിപ്പിക്കുന്നതിനോ, നവീകരിക്കുന്നതിനോ വിപണ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിനോ, ശേഖരിക്കുന്നതിനോ സ്ഥിരം സംവിധാനങ്ങൾ ഒന്നുംതന്നെയില്ല. നിലവലുള്ള തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിനോടൊപ്പം പുതിയ തൊഴിൽ മേഖലകൾ കണ്ടെത്തേണ്ടതുണ്ട്.

### ആരോഗ്യം

ആകെ 24 ഗിരിവർഗ്ഗ കോളനികളും, 7 പട്ടികജാതി കോളനികളും ഉള്ളതിൽ കൊരങ്ങാട്ടിയിൽ മാത്രമേ ഒരു ചികിൽസാ കേന്ദ്ര പ്രവർത്തിക്കുന്നുള്ളൂ. അതാകടെ ഒരായുർവേദ ആശുപത്രിയാണ്. ചില്ലിത്തോട്ടിൽ പ്രവർത്തിക്കേണ്ട ഹോമിയോ ആശുപത്രി ഇപ്പോൾ പ്രവർത്തിക്കുന്നത്. ഇരുമ്പുപാലത്താണ്. പാരമ്പര്യ ചികിൽസാ കേന്ദ്രങ്ങൾ ഈ മേഖലയിൽ കൂടുതൽ ആരംഭിക്കുന്നതിനോടൊപ്പം, പ്രൈമറി ഹെൽത്ത് സെൻററുകൾ ആരംഭിക്കുകയും രോഗികളെ കിടത്തി ചികിൽസിക്കുന്നതുൾപ്പെടെ ആധുനിക ചികിൽസാ സൗകര്യം ഏർപ്പെടുത്തുകയും വേണം.

### പാർപ്പിടം

മെച്ചപ്പെട്ട പാർപ്പിട സൗകര്യം ഇന്നും ഈ മേഖലകളിൽ ഒരു സ്വപ്നമാണ്. പട്ടികവർഗ്ഗക്കാരിൽ 90% വാസയോഗ്യമല്ലാത്ത പാർപ്പിടങ്ങളിലാണ് അധിവസിക്കുന്നത്. സർക്കാരിന്റെ ഭവന വായ്പകളും മറ്റും തികച്ചും അപര്യാപ്തമാണ്. നിലവിലുള്ള പാർപ്പിടങ്ങളിൽ വേണ്ടത്ര കക്കൂസ് സൗകര്യങ്ങളും മറ്റും ഇല്ലാത്തതുകൊണ്ട് പരിസര മലിനീകരണം ഉണ്ടാവുക്യും തൽഫലമായി മാരകരോഗങ്ങൾ പിടിപെടുകയും ചെയ്യുന്നു

### കുടിവെള്ളം

കോളനി നിവാസികൾ കുടിവെള്ളത്തിന് വളരെയേറെ ബുദ്ധിമുട്ടുന്നു. വർഷത്തിൽ ആറു മാസവും ഈ ബുദ്ധിമുട്ട് അവർക്ക് അനുഭവിക്കേണ്ടിവരുന്നു. ശുദ്ധജല വിതരണത്തിനുള്ള ചില സംവിധാനങ്ങൾ ഈ മേഖലയിൽ ഉണ്ടാക്കിയിട്ടുണ്ടെങ്കിലും കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്താത്തതുകൊണ്ട് അവ പലതും പ്രയോജനരഹിതമായിത്തീർന്നിരിക്കുന്നു.



### വൈദ്യുതി - ഗതാഗതം

ഗതാഗത സൗകര്യം ഇല്ലാത്തതാണ് കോളനി നിവാസികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകളിൽ ഒന്ന്. കോളനികളിലേയ്ക്കുള്ള റോഡുകളിൽ ബഹുഭൂരിപക്ഷവും ഗതാഗതയോഗ്യമല്ല. വൈദ്യുതി എല്ലാ കോളനികളിലും ഇന്നും എത്തിച്ചേർന്നിട്ടില്ല. കോളനികളിൽ സൗജന്യമായി വൈദ്യുത എത്തിക്കാനുള്ള പ്രവർത്തനം അടിയന്തരമായി നടത്തേണ്ടതാണ്.

### കൃഷി - ജലസേചനം

പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട ആളുകൾ താമസിക്കുന്ന കോളനികളിൽ ആധുനിക കൃഷി സമ്പ്രദായങ്ങൾ ഇന്നും എത്തിയിട്ടില്ല. കൃഷി വകുപ്പ് ഈ രംഗത്ത് ചിലതൊക്കെ ചെയ്യുന്നുണ്ടെങ്കിലും ഫലപ്രദമാകുന്നില്ല. കോളനി നിവാസികളെ ഏകോപിപ്പിച്ച് അതാത് സ്ഥലങ്ങളിലെ പ്രത്യേകതകൾക്കനുസരിച്ച് കൂട്ടുകൃഷി സമ്പ്രദായം ഏർപ്പെടുത്തുന്നത് പ്രയോജനകരമായിരിക്കും. കൃഷിക്ക് പ്രയോജനകരമായ രീതിയിൽ ഈ കോളനികളിൽ ജലസേചന സൗകര്യങ്ങൾ ഏർപ്പെടുത്തണം.

### വനിതാ രംഗം

വിദ്യാഭ്യാസപരമായും സാമൂഹ്യമായും വളരെ പിന്നോക്കം നിൽക്കുന്ന അവസ്ഥയാണ് ഈ വിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്കുള്ളത്. ബഹുഭൂരിപക്ഷത്തിനും പ്രാഥമിക വിദ്യാഭ്യാസംപോലും ലഭിച്ചിട്ടില്ല എന്ന ദു:സ്ഥിതി നിലനിൽക്കുന്നു. യുവതലമുറയിൽപ്പെട്ടവർക്ക് കഷ്ടിച്ച് എസ്.എസ്.എൽ.സി. വരെ വിദ്യാഭ്യാസം ലഭിച്ചവരുണ്ട്. കാർഷിക മേഖലയിലെ കൂലിവേലയും പരമ്പരാഗത കൈത്തൊഴിലുമാണ് ഉപജീവനമാർഗ്ഗം. വളരെ ശോചനീയമായ സാമ്പത്തിക സ്ഥിതിയാണ് ഈ മേഖലയിലെ സ്ത്രീകൾക്കുള്ളത്.

## സാംസ്കാരികം

ഈ വിഭാഗത്തിന്റെ തനിമ നഷ്ടപ്പെടാത്ത സാംസ്കാരിക വളർച്ച ഉണ്ടാക്കിയെടുക്കാൻ നാളിതുവരെ കഴിഞ്ഞിട്ടില. തനതായ കലാരൂപങ്ങൾ പലതും പഴയ തലമുറയോടൊപ്പം മണ്ണടിച്ചുപോയ്ക്കൊണ്ടിരിക്കുന്നു. സാമൂഹിക സാംസ്കാരിക സംഘടനകളുടെ പ്രവർത്തനം ഈ മേഖലയിൽ ചുരുക്കമാണ്. വായനശാലകൾ വളരെ അപൂർവമാണ്. ചില മഹിളാ സമാജങ്ങൾ അങ്ങിങ്ങാങ്ങി പ്രവർത്തിക്കുന്നുണ്ട്. എന്നാൽ അവയുടെ പ്രവർത്തനവും തൃപ്തികരമല്ല. ഈ മേഖലകളിൽ കലാ-കായിക രംഗങ്ങളിൽ സർഗ്ഗവാസനയുള്ളവരെ പ്രോൽസാഹിപ്പിക്കുവാൻ കഴിയുന്നതരത്തിൽ ആർട്സ് ക്ലബ്ബുകൾക്കും സ്പോർട്സ് ക്ലബ്ബുകൾക്കും രൂപം കൊടുക്കണം.

ഈ വിഭാഗത്തിൽപ്പെട്ടയാളുകളുടെ സാമ്പത്തിക ഉന്നമനം ലക്ഷ്യമാക്കി ചില സഹകരണ സംഘങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. അവയുടെ പ്രവർത്തനം വേണ്ടത്ര ഫലപ്രദമാണെന്ന് പറയാൻ കഴിയില്ല. കഴിയുന്നത്ര ലളിതമായ ഉപാധികളോടെ വായ്പകൾ നൽകാനും നൽകുന്ന വായ്പ ഗുണപരമായ രീതികളിൽ ഉപയോഗിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്താനും സഹകരണ സംഘങ്ങൾക്ക് കഴിയണം. കൂടാതെ നിൽവിൽ സഹകരണ സംഘങ്ങൾ ഇല്ലാത്ത കോളനികളിൽ അവ രൂപീകരിക്കുകയും വേണം. ഈ മേഖലയിൽ ജില്ലാ സഹകരണ ബാങ്ക് അധികൃതരും സർക്കാരുംകൂടുതൽ ഉദാരമായ മനോഭാവത്തോടെ വായ്പകൾ അനുവദിക്കണം.

### പ്രശ്നങ്ങൾ

1. വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥ.
2. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അഭാവം.
3. സാമ്പത്തിക പിന്നോക്കാവസ്ഥ.
4. നിലവിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പോരായ്മകൾ.
5. തൊഴിലില്ലായ്മ, പരമ്പരാഗത കൈത്തൊഴിലികളുടെ ശോച്യാവസ്ഥ, പുതിയ തൊഴിൽ മേഖലയുടെ അഭാവം.
6. ചികിൽസാ കേന്ദ്രങ്ങളുടെ കുറവ്, നിലവിലുള്ളവയുടെ സൗകര്യക്കുറവ്.
7. വാസയോഗ്യമായ പാർപ്പിടങ്ങളുടെ കുറവ്, ഭവന വായ്പാ തുകയുടെ അപര്യാപ്തത, കക്കൂസുകളുടെ കുറവ്.
8. കുടിവെള്ള ക്ഷാമം, നിലവിലുള്ള ശുദ്ധജല വിതരണ സംവിധാനങ്ങളുടെ അറ്റകുറ്റപ്പണി നടത്താതിരിക്കുക തുടങ്ങിയവ.
9. റോഡുകളുടെ ശോച്യാവസ്ഥ, കോളനികളിൽ വൈദ്യുതി എത്താത്ത സ്ഥിതി.
10. ആധുനിക കൃഷി സമ്പ്രദായങ്ങളുടെ അഭാവം, വനിതകളുടെ സാമൂഹ്യ-വിദ്യാഭ്യാസ പിന്നോക്കാവസ്ഥ.
11. കലാ-സാംസ്കാരിക രംഗങ്ങളിൽ ഉയർച്ചയുണ്ടാകത്തക്ക രീതിയിലുള്ള പ്രവർത്തനങ്ങളുടെ അഭാവം.
12. സർക്കാരിന്റെ വിവിധ ധനസഹായ പദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മ.

### സാദ്ധ്യതകൾ

1. വിദ്യാഭ്യാസരംഗത്തെ പ്രശ്നങ്ങൾ സംബന്ധിച്ച് പട്ടിക I, II, III, IV മുതലായവയിൽ നിർദ്ദേശിച്ച സ്കൂളുകൾ തുടങ്ങുകയും നിലവിലുള്ളവയുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യുക.
2. തുടർ സാക്ഷരതാ പരിപാടി നടപ്പാക്കുക, വിദ്യാഭ്യാസ നേട്ടങ്ങളെക്കുറിച്ച് ബോധവാന്മാരാക്കുന്നതിന് സെമിനാറുകൾ, ചർച്ചാ ക്ലാസുകൾ തുടങ്ങിയവ സംഘടിപ്പിക്കുക.
3. എല്ലാ പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിലേയും ഈറ്റ, ചൂരൽ ഇവകൊണ്ടുള്ള നെയ്ത്ത് ഉൽപങ്ങൾ ശേഖരിക്കുവാനും, ന്യായവില ലഭ്യമാക്കാനും, വിറ്റഴിക്കാനും ഉതകുന്ന സൊസൈറ്റികൾ രൂപീകരിക്കുക.
4. ഈറ്റകൊണ്ടുള്ള ഉൽപങ്ങൾ നവീകരിക്കുന്ന പദ്ധതികളുടെ സാദ്ധ്യത പരിശോധിക്കുക.

| പട്ടിക VI | |
|---|---|
| | റോഡുകളുടെ വിവരം |
| 1. | തലനിരപ്പൻ - ചിന്നപ്പാറ റോഡ്. |
| 2. | പൂന്നയോട് - തലനിരപ്പൻ. |
| 3. | ചാറ്റുപാറ - കുതിരയള. |
| 4. | കൊരങ്ങാട്ടി - അടിമാലി. |
| 5. | തലമാലി - ചാറ്റുപാറ. |
| 6. | പെട്ടിമുടി - കൂമ്പൻപാറ. |
| 7. | പ്ലാമല - പീച്ചാട്. |
| 8. | കൊടകല്ല് - പീച്ചാട്. |
| 9. | നൂറാങ്കര - കൊടകല്ല് - പീച്ചാട്. |
| 10. | നെടുമ്പാറ - ചില്ലിത്തോട്. |
| 11. | ചില്ലിത്തോട് - ഒഴുവത്തടം - കമ്പിലൈൻ-പഴംപള്ളിച്ചാൽ. |
| 12. | 14-ാം മൈൽ - തുമ്പിപ്പാറ. |
| 13. | തുമ്പിപ്പാറ - കട്ടമുടി. |
| 14. | മച്ചിപ്ലാവ് - ചിന്നപ്പാറ. |
| N.H.ന് സമാന്തരമായി വിവിധ പട്ടികജാതി-പട്ടികവർഗ കോളനികളിലൂടെ കടന്നുപോകുന്ന വികസന സാദ്ധ്യതയുള്ള റോഡ് | |
| 1. | 6-ാം മൈലിൽനിന്നും പഴംപള്ളിച്ചാൽ പടിക്കപ്പ്, കട്ടമുടി, കൊരങ്ങാട്ടി, വെട്ടിമുടി, കല്ലാർ റോഡ്. |

5. തൊഴിൽ പരിശീലനം നൽകുന്നതിന് അടിമാലി കേന്ദ്രമാക്കി പരിശീലന കേന്ദ്രം ആരംഭിക്കുക. പരിശീലനം നേടിയവർക്ക് സ്വയംതൊഴിൽ പദ്ധതികൾക്ക് ധനസഹായം നൽകുക.
6. ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുക.
7. കോളനികളിൽ സൗകര്യപ്രദമായ സ്ഥലങ്ങളിൽ ശുദ്ധജല മീൻവളർത്തൽ കേന്ദ്രങ്ങൾ ആരംഭിക്കുക.
8. കാലിവളർത്തൽ, കോഴിവളർത്തൽ ഫാമുകൾ ആരംഭിക്കുക.
9. ഭവന നിർമ്മാണ ധനസഹായ തുക വർദ്ധിപ്പിക്കുക. തുക യാതൊരു ചോർച്ചയുമില്ലാതെ അപേക്ഷകൻെറ കൈയിലെത്തിക്കാനുള സംവിധാനം ഏർപ്പെടുത്തുകയും പണി പൂർത്തിയായോ എന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പുവരുത്തുകയും കക്കൂസ് നിർമ്മിക്കാനുള്ള തുക ഇതിനോടൊപ്പം കൊടുക്കുകയും ചെയ്യുക.
10. എല്ലാ കോളനികളിലും ശുദ്ധജലു വിതരണ സംവിധാനം ഏർപ്പെടുത്തുക. നിലവിലുള്ള പദ്ധതികളുടെ അറ്റകുറ്റപ്പണികൾ തീർത്ത് പ്രയോജനപ്രദമാക്കുക.
11. എല്ലാ കോളനികളിലും സൗജന്യമായി വൈദ്യുതി ലഭ്യമാക്കുക. കൊരങ്ങാട്ടിയിൽ ട്രാൻസ്ഫോർമർ സ്ഥാപിച്ചാൽ ആ പ്രദേശതെ വോൾട്ടേജ് ക്ഷാമം പരിഹരിക്കാനാവും.
12. പാട്ട വ്യവസ്ഥയിൽ കൊടുത്തിരിക്കുന്ന ഈ വിഭാഗത്തിലെ ആളുടെ ഭൂമി തിരികെ വാങ്ങാൻ ധനസഹായം നൽകുക.
13. കൃഷി വകുപ്പിൻെറ സഹായത്തോടെ സ്വന്തമായി കൃഷി ചെയ്യുവാൻ പ്രേരണ നൽകുക, ഔഷധ സസ്യങ്ങൾ കൃഷി ചെയ്യാനുള്ള സംവിധാനം ഏർപ്പെടുത്തുക, വന്യമൃഗങ്ങളിൽനിന്നും കൃഷി സംരക്ഷിക്കാൻ ട്രഞ്ചുകൾ നിർമിക്കുക.
14. കട്ടമുടി, തട്ടേക്കണ്ണൻ, മച്ചിപ്ലാവ്, കൊരങ്ങാട്ടി, ചാറ്റുപാറക്കുടി, കുതിരയള തുടങ്ങിയ സ്ഥലങ്ങളിൽ തടയണ നിർമ്മിച്ച് ജലസേചനം നടത്തുക.
15. വനിതകൾക്ക് സ്വയംതൊഴിൽ പദ്ധതി നടപ്പാക്കുക. മഹിളാ സമാജങ്ങൾ, കലാ-കായിക സംഘടനകൾ എന്നിവയുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുക. പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പ്രവർത്തനം വിപുലമാക്കുക. ആവശ്യമായ സ്ഥലങ്ങളിൽ സാംസ്കാരിക നിലയങ്ങളും കമ്മ്യൂണിറ്റി ഹാളുകളം നിർമ്മിക്കുക.
16. സർക്കാരിൻെറ വിവിധ ധനസഹായ പദ്ധതികളെക്കുറിച്ച് അറിവ് നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.

പഞ്ചായത്ത് ബജറ്റിൽ പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമത്തിന് പ്രത്യേക തുക വകയിരുത്തിക്കൊണ്ടും, ബ്ലോക്ക് ജില്ലാതലത്തിലുള്ള ജനകീയ സമിതികകളിൽ SC/ST വിഭാഗത്തിന് പ്രാതിനിധ്യം ഉറപ്പാക്കിക്കൊണ്ടും എല്ലാ രാഷ്ട്രീയ-സാമൂഹ്യ-സാംസ്കാരിക പ്രവർത്തകരുടെ ആത്മാർത്ഥ മായസഹകരണത്തിലൂടെയുംവിചാരണങ്ങളാൽ മുഖ്യധാരയിൽനിന്നും ഒറ്റപ്പെട്ടുപോയ ഈ പഞ്ചായത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തെ പുരോഗതിയിലേയ്ക്ക് നയിക്കുവാൻ കഴിയും.

17. വനവിഭവങ്ങൾ സംസ്കരിക്കാനും അതുപയോഗിച്ച് പുതിയ ഉൽപന്നങ്ങൾ നിർമ്മിക്കാനുമുള്ള കേന്ദ്രം പഞ്ചായത്തിൽ ആരംഭിക്കുക.
18. കട്ടമുടി, തട്ടക്കണ്ണൻ, മച്ചിപ്ലാവ്, ചാറ്റുപാറ, കുതിരയിള, പ്ലാമല, കൊടകല്ല്, നൂറാങ്കര, തലമാലി, പൊടിമുടി, അഞ്ചാംമൈൽ, കുറത്തിക്കുടി എന്നീ പട്ടികവർഗ്ഗ കോളനികളിൽ തേയില കൃഷി നടത്തിയാൽ കോളനി നിവാസികൾക്ക് സ്ഥിര വരുമാനമാകും.
19. പട്ടികജാതി-പട്ടികവർഗ്ഗ വനിതകൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് ഈറ്റ, മുള, ചൂരൽ എന്നിവ കൊണ്ടുള്ള വ്യവസായ സംരംഭങ്ങൾ ആവിഷ്കരിക്കേണ്ടതാണ്.

പട്ടിക VII

| | |
|---|---|
| | പട്ടികവർഗ്ഗ കോളനികൾ |
| 1 | പെട്ടിമുടി. |
| 2 | തലമാലി. |
| 3 | കോട്ടപ്പാറ. |
| 4 | കൊരങ്ങാട്ടി. |
| 5 | നൂറാങ്കര. |
| 6 | കൊടകല്ല്. |
| 7 | പ്ലാമല. |
| 8 | ഞാവൽപ്പാറ. |
| 9 | കുതിരശള. |
| 10 | ചാറ്റുപാറ. |
| 11 | മച്ചിപ്ലാവ്. |
| 12 | തട്ടേക്കണ്ണൻ. |
| 13 | കട്ടമുടി. |
| 14 | ചിന്നപ്പാറ. |
| 15 | ചൂരക്കട്ടൻ. |
| 16 | തലനിരപ്പൻ. |
| 17 | തുമ്പിപ്പാറ. |
| 18 | പടിക്കപ്പ്. |
| 19 | പരിശക്കല്. |
| 20 | ഒഴുവത്തടം. |
| 21 | കുറത്തിക്കുടി. |
| 22 | ഇളംപ്ലാശ്ശേരി. |
| 23 | നെല്ലിപ്പാറ. |
| 24 | 5-ാം മൈൽ. |
| | കോളനിയായി പ്രഖ്യാപിക്കേണ്ടത് |
| 1 | പാട്ടയിടമ്പ്. |
| 2 | കുളമാംകുഴി. |

പട്ടിക VIII

| | പട്ടികജാതി കോളിനികൾ |
|---|---|
| 1. | 200 ഏക്കർ. |
| 2. | മന്താംകാല. |
| 3. | അടിമാലി. |
| 4. | ചാറ്റുപാടി I.H.O.P. |
| 5. | ചില്ലിത്തോട്. |
| 6. | ദേവിയാർ. |
| 7. | പഴംമ്പള്ളിച്ചാൽ അംബേദ്കർ കോളനി. |

| | അംഗീകരിക്കേണ്ടവ |
|---|---|
| 1. | വായ്ക്കലാംകണ്ടം. |
| 2. | മുനിത്തണ്ട്. |

| | |
|---|---|
| പഞ്ചായത്തിലെ ആകെ ജനസംഖ്യ | 30,041 |
| പട്ടികജാതിക്കാർ | 3404 |
| പട്ടിക വിഭാഗക്കാർ | 5635 |

പട്ടിക X

| | വൈദ്യുതി-കുടിവെള്ളം എത്തിക്കേണ്ട പട്ടികവർഗ്ഗ കോളനികൾ |
|---|---|
| 1. | കട്ടമുടി. |
| 2. | തട്ടേക്കണ്ണൻ. |
| 3. | മച്ചിപ്ലാവ്. |
| 4. | ചാറ്റുപാറ. |
| 5. | കുതിരയള. |
| 6. | പ്ലാമല. |
| 7. | കൊടകല്ല്. |
| 8. | നൂറാങ്കര. |
| 9. | തലമാലി. |
| 10. | പെട്ടിമുടി. |
| 11. | 5-ാം മൈൽ. |
| 12. | കുറത്തിക്കുടി. |



**5-12**



# വിഭവസമാഹരണം ടൂറിസം

### 1. വിഭവസമാഹരണം

ജനകീയാസൂത്രണ പരിപാടിയുടെ വിജയത്തിൽ ഗ്രാമപഞ്ചായത്തിൽ ലഭ്യമാകുന്ന വിഭവങ്ങൾ - പണം - പ്രകൃതിസമ്പത്ത് - മനുഷ്യാദ്ധ്വാനം - ഇവയെക്കുറിച്ചും, ഇവ കൂടുതൽ സമാഹരിക്കുന്നതിനുള്ള മാർഗങ്ങളെക്കുറിച്ചും ചിന്തിക്കുകയും തീരുമാനങ്ങളെടുക്കുകയും വേണം. കേന്ദ്ര - സംസ്ഥാന സർക്കാരുകളിൽ നിന്ന് ലഭിക്കുന്ന സമ്പത്തും, പഞ്ചായത്തുകൾക്ക് ലഭിക്കുന്ന വിവിധ വരുമാനങ്ങളുമാണ് നിലവിൽ പഞ്ചായത്തിലെ വിഭവം. ഈ പാരമ്പര്യസങ്കല്പത്തിന് മാറ്റംവരുത്തി പുതിയ വരുമാനമാർഗ്ഗങ്ങൾ കണ്ടെത്തുകയും, ബഹുജനങ്ങളുടെ ഭാഗത്തുനിന്നും പണമായും, സാധനസാമഗ്രികളായും, അധ്വാനമായും വിഭവസമാഹരണം നടത്താം.

അടിമാലി ഗ്രാമപഞ്ചായത്ത് നേരിടുന്ന രൂക്ഷമായ പ്രശ്നങ്ങളിൽ ഒന്ന് തൊഴിലില്ലായ്മയാണ്. പഞ്ചായത്തിന്റെ വ്യാവസായിക പിന്നോക്ക നില ഇതിനു മുഖ്യകാരണമാണ്. ചെറുകിട - ഇടത്തരം വ്യവസായങ്ങൾ പൊതുമേഖലയിലും, സ്വകാര്യമേഖലയിലും ആരംഭിക്കുകയും, പഞ്ചായത്ത് നേതൃത്വത്തിൽ കാർഷികാധിഷ്ഠിത വ്യവസായങ്ങൾ ബഹുജന പങ്കാളിത്തത്തോടെ ആരംഭിക്കുകയും ആണ് ഇതിനുപോംവഴി. അർപ്പണ ബോധവും, തൊഴിലാളി സഹകരണവും, അഭിരുചിയും ഉണ്ടെങ്കിൽ വിഭവ സമാഹരണം പ്രശ്നമല്ലെന്നും, ഗവ. ധനസഹായ സ്ഥാപനങ്ങളും കൊമേഴ്സ്യൽ ബാങ്കുകളും വ്യവസായങ്ങളെ പ്രോൽസാഹിപ്പിക്കുകയും, ധനസഹായം നൽകുകയും ചെയ്യുമെന്നതിന് ഈ പഞ്ചായത്തിലെ പ്രമുഖ വ്യവസായ സ്ഥാപനം "ഈസ്റ്റേൺ കോണ്ടിമെൻറ്സ്" ഉദാഹരണമാണ്.

മലനാടൻ ഗ്രാമമായ അടിമാലിയിലെ ജനങ്ങൾ, കൃഷിയിലും അനുബന്ധ തൊഴിലുകളിലും ഏർപ്പെട്ടിരിക്കുന്നു. തെങ്ങ്, കമുക്, കുരുമുളക് തുടങ്ങിയ കൃഷികൾ രോഗം മൂലം നാശം നേരിട്ടു. നെൽകൃഷി നഷ്ടം മൂലവും കർഷകർ ഉപേക്ഷിച്ചു. ഇപ്പോൾ ലഭ്യമായ സ്ഥലങ്ങളിലെല്ലാം കർഷകർ നേന്ത്രവാഴ കൃഷി ആരംഭിച്ചിരിക്കുന്നു. അനേകം യുവജനങ്ങൾ, ലക്ഷ്യമില്ലാതെ അലയുകയും ചെയ്യുന്നു. ഈ തൊഴിലില്ലായ്മയ്ക്കും, സാമ്പത്തിക പിന്നോക്ക നിലയ്ക്കും, പഞ്ചായത്ത് വിഭവങ്ങൾ കൂടുതൽ കണ്ടെത്തി പരിഹാരം കാണേണ്ടതാണ്.

വിവിധ ഇനം നികുതികൾ, വാടക, ഗവ. ഗ്രാൻറുകൾ തുടങ്ങിയവയാണ് പഞ്ചായത്തിന്റെ മുഖ്യവിഭവ സ്രോതസുകൾ. എന്നാൽ ഇവയെക്കാൾ എല്ലാം പ്രധാനമായ ബഹുജന പങ്കാളിത്തം ഉറപ്പാക്കി സാധനങ്ങൾ, അധ്വാനം -



പണം - ഈ നിലയിൽ വിഭവ സമാഹരണം നടത്തുന്നതിനെക്കുറിച്ച് ആലോചിക്കണം.

ഗ്രാമീണ ജനതയെ സഹായിക്കുന്നതിന് കൂടുതൽ ധനകാര്യസ്ഥാപനങ്ങൾ ശാഖകൾ ആരംഭിച്ച് ഉല്പാദനപരമായ കാര്യങ്ങൾക്ക് ധനവിനിയോഗം നടത്താവുന്നതാണ്. കൂടുതൽ കാർഷിക സഹകരണ ബാങ്കുകളും, കാർഷിക വികസന ബാങ്ക് ശാഖകളും ആരംഭിക്കാവുന്നതാണ്.

വർഷാലത്ത് കൃഷിനാശത്തിനും, മറ്റു കെടുതികൾക്കും ഇടയാക്കുന്ന നമ്മുടെ പഞ്ചായത്തിലെ അമൂല്യമായ ജലവിഭവം പാഴായിപോകുന്നു. അവ സംഭരിക്കുന്നതിനോ, ഊർജ്ജ ഉല്പാദനത്തിനോ ഉള്ള യാതൊരു പരിപാടിയും ഇല്ല. പകരം വേനൽക്കാലം ആകുമ്പോൾ പഞ്ചായത്തിലെ ഭൂരിഭാഗം പ്രദേശങ്ങളും കുടിവെള്ളക്ഷാമത്തിലമരുന്നു. താല്കാലിക പരിഹാരത്തിന് പഞ്ചായത്തും ഗവൺമെൻറും, വർഷം തോറും വമ്പിച്ച സാമ്പത്തിക വിനിയോഗം ആവർത്തിച്ചു നടത്തേണ്ടിവരുന്നു. ജലവിഭവ സമാഹരണത്തിനും വിതരണത്തിനും - ഊന്നൽ നൽകേണ്ടതാണ്.

**അടിമാലി ഗ്രാമപഞ്ചായത്തിൽ 95-96 ൽ സ്വന്തമായി വരുമാനം (ഗവ. വകുപ്പ് : വരവ് ഒഴികെ)**

| ഇനം | രൂപ |
|---|---|
| ---- | --- |
| കെട്ടിട നികുതി | 433265.00 |
| ലൈബ്രറി സെസ് | 15058.00 |
| തൊഴിൽ നികുതി | 350654.00 |
| വിനോദനികുതി | 167607.00 |

| | |
|---|---|
| അധികവിനോദ നികുതി | 100442.00 |
| പ്രദർശന നികുതി | 6634.00 |
| പ്രദർശന സർചാർജ് | 1840.00 |
| ചന്ത വരവ് | 74707.00 |
| ലൈസൻസ് ഫീ | 24050.00 |
| വസ്തു കൈമാറ്റ നികുതി | 64444.00 |
| വസ്തു കൈമാറ്റനികുതി | 80000.00 |
| ഗ്രാന്റുകൾ | 355995.00 |
| ഡിപ്പോസിറ്റ് | 73067.00 |
| മറ്റുള്ളവ | 28062.00 |
| ആകെ വരവ് | [illegible]41.00 |

96-97 ൽ പ്രതീക്ഷിക്കുന്ന വരുമാനം

| | |
|---|---|
| മുൻ ബാക്കി | 339500.00 |
| സാധാരണ വരുമാനം | 1640000.00 |
| പ്രത്യേക ആക്ട് പ്രകാരം | 703000.00 |
| പഞ്ചായത്തു വസ്തുവിൽ നിന്ന് | 725000.00 |
| പഞ്ചായത്തു ഫീസ് | 169500.00 |
| പലവക | 310000.00 |
| കടം മുതലായവ | 145000.00 |
| ആകെ | 4052000.00 |
| ഗവ. വിവിധ വകുപ്പുകൾ | 16400000.00 |
| ഒട്ടാകെ | 20452000.00 |

അടിമാലി ഗ്രാമപഞ്ചായത്തിന്റെ സ്വന്തം വരുമാനത്തിൽ 95-96 ൽ നിന്നും 96-97 ൽ 20 ലക്ഷം രൂപയോളം അധികവരുമാനം പ്രതീക്ഷിക്കുന്നു. അടുത്ത സാമ്പത്തിക വർഷത്തിൽ നികുതിയിനത്തിലും, ഗവ. വകുപ്പുകൾ മുഖേനയും വരവിൽ വമ്പിച്ച വർദ്ധനയുണ്ടാകാം. എങ്കിലും പഞ്ചായത്തിന്റെ ഇന്നത്തെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് തദ്ദേശീയമായി സമ്പത്തും മറ്റു വിഭവങ്ങളും സമാഹരിക്കേണ്ടതാണ്.

## കൂടുതൽ വിഭവസമാഹരണ നിർദ്ദേശങ്ങൾ

### I കെട്ടിട നികുതി

a) സൂക്ഷ്മ പരിശോധനയ്ക്കും മൂല്യനിർണ്ണയത്തിനും ശേഷം കെട്ടിട നികുതി റിവൈസ് ചെയ്യണം - വമ്പിച്ച വർദ്ധന തീർച്ചയാണ്.

b) നികുതി നിർണ്ണയ സമയത്ത് നികുതിയിൽ നിന്നൊഴിവാക്കിയ കെട്ടിടങ്ങൾ പുതുക്കി പണിയുന്നവ കണ്ടെത്തി നികുതി വിധേയം ആക്കണം.

c) വാടക കെട്ടിടങ്ങൾക്കു ലഭിക്കുന്ന വാടക യഥാർത്ഥമാണോയെന്നു പരിശോധിച്ച് അവയ്ക്ക് നിയമാനുസൃത നികുതി ചുമത്തണം.

d) രണ്ടുനിലയിൽ കൂടുതൽ ഉള്ള കെട്ടിടങ്ങൾ വൻ പണക്കാർ അടിമാലയിൽ ധാരാളമായി നിർമ്മിക്കുന്നു. രണ്ടുനിലയ്ക്കു മുകളിൽ ഉള്ള ഓരോ നിലയ്ക്കും പ്രത്യേക ഫീസ് ചുമത്താവുന്നതാണ്.

### II തൊഴിൽ നികുതി

a) പഞ്ചായത്തിൽ തൊഴിലും വരുമാനവും നികുതി പരിധിയിൽ വരുന്ന പലരും നികുതിയിൽ നിന്നൊഴിവാണ്. അവരുടെ തൊഴിലും വരുമാനവും കണ്ടെത്തി നികുതി പരിധിയിൽ കൊണ്ടുവരണം - ഇപ്പോൾ ഗവ. ശമ്പളം പറ്റുന്നവരിൽ നിന്നേ കൃത്യമായി നികുതി ഈടാക്കുന്നുള്ളു.

b) കാർഷിക നികുതിയിൽ വമ്പിച്ച ചോർച്ച സംഭവിക്കുന്നു. ദരിദ്ര കൃഷിക്കാരെ ഒഴിവാക്കി. ധനിക കൃഷിക്കാരെ മുഴുവൻ തൊഴിൽ നികുതി പരിധിയിൽ കൊണ്ടുവരണം.

### III ലൈസൻസ് ഫീസ്

a) കച്ചവട സ്ഥാപനങ്ങളിൽ ലൈസൻസ് എടുക്കേണ്ട 50 ശതമാനം സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നില്ല. അവരെ കണ്ടെത്തി അവരിൽ നിന്ന് ലൈസൻസ് ഫീ ഈടാക്കണം.

b) അനധികൃത കശാപ്പുശാലകൾ - കരിങ്കൽ ക്വാറികൾ ഇവയെ നിയമപരിധിയിൽ കൊണ്ടുവന്ന് നികുതി പിരിക്കണം.

### IV വസ്തു കൈമാറ്റ നികുതി

വസ്തു കൈമാറ്റത്തിൽ വില കുറച്ചുകാണിച്ച് രേഖപ്പെടുത്തുന്നതുമൂലം പഞ്ചായത്തു വരുമാനത്തിൽ വലിയ ചോർച്ചയുണ്ടാകുന്നു. ആധാരം രജിസ്റ്റർ ചെയ്യുമ്പോൾ വില സംബന്ധിച്ച് പഞ്ചായത്തു സർട്ടിഫിക്കറ്റു കൂടി ഉൾപ്പെടുത്തി രജിസ്റ്റർ ചെയ്താൽ ഈ വെട്ടിപ്പ് കണ്ടുപിടിച്ച് നികുതി ഈടാക്കാം.

### V വാഹന നികുതി

മൂന്നു ചക്രവാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള അധികാരം പഞ്ചായത്തുകൾക്ക് നൽകാവുന്നതാണ്.

### VI വിനോദ നികുതി

അടിമാലി തീയേറ്ററുകളിൽ നിന്ന് ഈടാക്കുന്ന വിനോദ നികുതി ലഭിക്കേണ്ടതിന്റെ വളരെ ചെറിയൊരംശം മാത്രമാണ്. അത് വർദ്ധിപ്പിച്ച് പിരിക്കണം.

### മറ്റു വിഭവസമാഹരണ മാർഗ്ഗനിർദ്ദേശം

1. പഞ്ചായത്തുവക സ്റ്റാളുകൾ മറ്റു കടമുറികൾ - കെട്ടിടങ്ങൾ എന്നിവ വർഷംതോറും ലേലം ചെയ്ത് വരുമാനം വർദ്ധിപ്പിക്കാം.
2. പഞ്ചായത്തുവക സ്ഥലത്ത് അനധികൃത കയ്യേറ്റക്കാരെ ഒഴിപ്പിച്ച് അവിടെ കെട്ടിടങ്ങൾ നിർമ്മിച്ച് വാടകയ്ക്ക് കൊടുക്കാവുന്നതാണ്.
3. പഞ്ചായത്തു മാർക്കറ്റിന്റെ പ്രവർത്തനം മെച്ചപ്പെടുത്തി കൂടുതൽ വരുമാനം ഉണ്ടാക്കാം.
4. പുതുതായി പച്ചക്കറി പഴം ചന്ത പഞ്ചായത്തുവക സ്ഥലത്തുമാത്രമായി കേന്ദ്രീകരിച്ച് വരുമാനം ഉണ്ടാക്കാം.
5. ബാങ്കു ശാഖകളിൽ നിന്ന് ലാഭകരവും, തൊഴിൽ സാധ്യതകളുള്ളതുമായ പ്രവർത്തനങ്ങൾക്ക് പണം കടം എടുക്കാവുന്നതാണ്.
6. മിനി ബസ് സ്റ്റാൻഡിനു വേണ്ടി വാങ്ങിയ സ്ഥലത്ത്

അഞ്ച് നിലയിൽ കെട്ടിടം നിർമ്മിച്ച് രണ്ടാം നില ആഡിറ്റോറിയം (കല്യാണമണ്ഡപം) മറ്റുള്ളവ ആക്കി മാറ്റി വാടകയ്ക്കു നൽകാവുന്നതാണ്.

7. റവന്യൂ വകുപ്പ് മുഖേന പിരിച്ച് പഞ്ചായത്തിന് എടുക്കേണ്ട നികുതിയിനങ്ങൾ യഥാകാലങ്ങളിൽ പഞ്ചായത്തിന് നൽകണം.

## 1. മനുഷ്യവിഭവം

ഏറ്റവും വലിയ സമ്പത്ത് ജനകീയാസൂത്രണത്തിന്റെ സന്ദേശവും, അതിന്റെ അന്തസത്തയും ജനങ്ങളിലെത്തിച്ച് തന്റെ ഗ്രാമത്തിന്റെ തന്റെ വാർഡിന്റെ, തന്റെ തന്നെ പുരോഗതിക്ക് വേണ്ടി കഴിയുന്ന അദ്ധ്വാനം സംഭാവന ചെയ്യാം. അതോടൊപ്പം കഴിയുന്ന പണവും, മറ്റു വസ്തുക്കളും ജനങ്ങളിൽ നിന്ന് സംഭാവനയായി സ്വീകരിച്ച് വികസനം സാധ്യമാക്കാം.

## 2. ടൂറിസം .

അടിമാലി ഗ്രാമപഞ്ചായത്തിൽ ഏറ്റവും കൂടുതൽ വികസന സാധ്യതകളുള്ള ഒരു മേഖലയാണ് ടൂറിസം. കാലങ്ങളായി ഇടനാട്ടിലും തീരനാട്ടിലും നിന്ന് സ്കൂൾ, കോളജ് വിദ്യാർത്ഥി സമൂഹവും, മറ്റു വിനോദ സഞ്ചാരികളും, അവരുടെ ഏറ്റവും വലിയ ആകർഷണ കേന്ദ്രമായി കരുതി വരുന്നത് മൂന്നാർ മാട്ടുപ്പെട്ടി തുടങ്ങിയ സ്ഥലങ്ങളാണ്.

മൂന്നാറിലേയ്ക്കും, വരയാടുകളുടെ അപൂർവ്വ മേച്ചിൽ സ്ഥലമായ രാജമലയിലേയ്ക്കും യാത്രചെയ്യുന്ന വിനോദ സഞ്ചാരികളുടെ ഇടത്താവളമാണ് അടിമാലി ടൗൺ - അടിമാലി ഗ്രാമപഞ്ചായത്തിന്റെ ബോധപൂർവ്വമായ യാതൊരു പരിശ്രമവും ഇല്ലാതിരുന്നിട്ടും വർഷംതോറും ആയിരക്കണക്കിനു വിനോദസഞ്ചാരികൾ നേരിയമംഗലം മുതലുള്ള കാനനഭംഗിയും, ചീയപ്പാറ, വാളറ, വെള്ളച്ചാട്ടങ്ങളും, കൺകുളിർക്കെ, മനസ്സുനിറയെ ആസ്വദിക്കുന്നു. ചീയപ്പാറ കുത്തിനു സമീപമുള്ള വഴിയോരത്തും, വാളറ വെള്ളച്ചാട്ടത്തിനു സമീപവും വിനോദ സഞ്ചാരികൾ ഭക്ഷണം കഴിക്കുന്നതിനുവേണ്ടി മണിക്കൂറുകൾ ചെലവഴിക്കുന്നു. ബോധപൂർവ്വമായ പ്രവർത്തനങ്ങളിലൂടെ അടിമാലി ഗ്രാമപഞ്ചായത്തിനു സാമ്പത്തിക നേട്ടവും, വിനോദ സഞ്ചാരികൾക്ക് ആശ്വാസവും നൽകാൻ കഴിയുന്ന ചില സാധ്യതകൾ നിർദ്ദേശിക്കുന്നു.

1. വനങ്ങളും, കാട്ടുമരങ്ങളും പുസ്തകങ്ങളിലൂടെ മാത്രം പരിചയമുള്ള വിനോദ സഞ്ചാരികൾക്ക്, കാടും, കാട്ടരുവിയും, ഒക്കെ പരിചയപ്പെടുത്താൻ മൂന്നു കലുങ്ക് ഭാഗത്ത് ഒരു ടൂറിസ്റ്റ് പവലിയൻ സ്ഥാപിച്ച്. അവിടെ നിന്ന് വിനോദ സഞ്ചാരികളെ പുഴയോരത്തുകൂടി വനഭംഗി കാണിക്കുവാൻ സേവന സന്നദ്ധരും സംസ്കാര സമ്പന്നരുമായ ഗൈഡുകളെ നിയമിക്കാം.
2. ചീയപ്പാറ വെള്ളച്ചാട്ടത്തിനു സമീപം വഴിയോര വിശ്രമ കേന്ദ്രവും, ഭക്ഷണശാലയും സ്ഥാപിക്കാം. അപകട രഹിതമായ ജലസ്നാനത്തിന് സൗകര്യം സൃഷ്ടിക്കാം. അതിന് ഫീസും ചുമത്താം. പഞ്ചായത്തിന് വരുമാനമുണ്ടാക്കാം.
3. വാളറ വെള്ളച്ചാട്ടത്തിനു സമീപം നിർമ്മാണം പൂർത്തിയാകുന്ന വഴിയോര വിശ്രമകേന്ദ്രവും, വെള്ളച്ചാട്ടത്തിനക്കരെ, വനത്തിലേയ്ക്ക് റോപ്‌വേ നിർമ്മിച്ച് ഒരു സാഹസിക യാത്രയ്ക്ക് സൗകര്യം ഒരുക്കാം. വെള്ളച്ചാട്ടം സുരക്ഷിതമായി അടുത്തുനിന്ന് കാണുന്നതിന് മതിലോ, മറ്റു സുരക്ഷിത സംവിധാനമോ ഉണ്ടാക്കണം.
4. കുതിരകുത്തി വനവും, പാറക്കെട്ടുകളും, വിനോദ സഞ്ചാരികൾക്ക് ഇന്ന് അപ്രാപ്യമാണ് - പത്താംമൈലിൽ കുതിരകുത്തിയുടെ മനോഹാരിതയും, പ്രാധാന്യവും സൂചിപ്പിക്കുന്ന ഒരു പവലിയൻ നിർമ്മിക്കുക - അവിടെ നിന്ന് കുതിരകുത്തിയിലേക്ക് വിനോദ സഞ്ചാരികളെ എത്തിക്കാൻ സംവിധാനം ഉണ്ടാക്കണം. കുതിരകുത്തിയിൽ നിന്നുള്ള പ്രകൃതി മൂല്യം ആസ്വദിക്കുവാൻ വിനോദ സഞ്ചാരികൾക്കുവേണ്ടി ഒരു ടവർ നിർമ്മിക്കുക.
5. അടിമാലി ടൗണിന് വടക്കുഭാഗത്തുള്ള മനോഹരമായ വെള്ളച്ചാട്ടത്തിനു സമീപത്തേക്ക് ടൂറിസ്റ്റുകളെ എത്തിക്കാനും, അവിടെ എത്തിയാൽ സുരക്ഷിതമായി ജലപാതം അടുത്തുനിന്നു കാണുന്നതിന്, ജലസ്നാനത്തിനും സൗകര്യം ഉണ്ടാക്കണം.
6. തലയായി ഭാഗത്തുനിന്ന് ചിന്നപ്പാറക്കുടി ഭാഗത്തേയ്ക്ക് റോപ്‌വേ നിർമ്മിക്കുകയും, ആദിവാസി മേഖലയായ ചിന്നപ്പാറക്കുടിയിൽ, ടൂറിസ്റ്റുകൾക്കുവേണ്ടി ഒരു വിശ്രമ കേന്ദ്രം പണിയുകയും ചെയ്യുക.
7. ഇങ്ങനെ ടൂറിസം ഭൂപടത്തിൽ അടിമാലി അവഗണിക്കപ്പെട്ടുകിടക്കുമ്പോൾ അതിന് തെല്ലെങ്കിലും ആശ്വാസം നൽകുന്ന അടിമാലി ഫെസ്റ്റ് വർഷം തോറും ഗംഭീരമായി ആഘോഷിക്കുന്നതിനും, അതിനാവശ്യമായ ചെലവുകൾ കണ്ടെത്തുന്നതിനും പഞ്ചായത്ത് സമിതി ശ്രമിക്കേണ്ടതാണ്.
8. അടിമാലി ഗിരിജൻ വനിതാ സൊസൈറ്റിയുടെ മുകൾ ഭാഗത്തുള്ള കുന്നിൽ ഒരു ടൂറിസ്റ്റ് റസ്റ്റ് ഹൗസ് സ്ഥാപിച്ചാൽ ടൂറിസ്റ്റുകളെ ആകർഷിക്കാൻ പറ്റും.
9. പെട്ടിമുടി മലമുകളിൽ ഒരു ടൂറിസ്റ്റ് പവലിയൻ നിർമ്മിക്കുകയാണെങ്കിൽ ഇടുക്കി ഡാമും പരിസരവും കാണുന്നതിന് സാധിക്കും.





6

# അടിമാലി പഞ്ചായത്ത് പ്രവർത്തന രേഖ

1995 സെപ്തംബർ 30 ന് അടിമാലി ഗ്രാമപഞ്ചായത്ത് ഭരണസമിതി വർണ്ണശബളമായ ചടങ്ങിൽ വച്ച് സത്യ പ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. ഗ്രാമ പഞ്ചായത്താഫീസിന് മുന്നിൽ തയ്യാറാക്കിയ പന്തലിൽ വച്ചു നടന്ന ഒക്ടോബർ 4 ന് ഗ്രാമപഞ്ചായത്ത് ഭരണസമിതി യംഗങ്ങൾ യോഗം ചേർന്ന് കുമാരി. പി. വൈ. അന്നക്കുട്ടി യെ പ്രസിഡൻറായും, ശ്രീ. എം. കെ. തങ്കപ്പനെ വൈസ് പ്രസിഡൻറായും തെരഞ്ഞെടുത്തു. കക്ഷി രാഷ്ട്രീയത്തിന തീതമായി അഴിമതി രഹിതവും വികസനോന്മുഖവുമായ ഭരണം ഉറപ്പുനല്കുന്നതോടൊപ്പം ഉപഭോഗസംസ്കാര ത്തെക്കാൾ കൂടുതൽ ഉല്പാദന സംസ്കാരത്തിന് മുൻഗ ണന നൽകുന്ന നയമാണ് സ്വീകരിക്കേണ്ടത്.



'95 ൽ സംസ്ഥാന "കർഷകോത്തമ" അവാർഡു നേടിയ സി. എം. ഗോപി.

വ്യവസായികമായും, വിദ്യാഭ്യാസപരമായും പിന്നോക്കം നില്ക്കുന്ന ജില്ലയാണ് ഇടുക്കി. കൃഷിയും അനുബന്ധ വ്യവസായങ്ങളുമാണ് ജില്ലയിലെ ജനങ്ങളുടെ മുഖ്യഉപജീ വനമാർഗ്ഗം. അതുകൊണ്ടു തന്നെ നമ്മുടെ പഞ്ചായത്ത് സമിതി കാർഷിക മേഖലയുടെ വികസനത്തിന് വേണ്ടി ഒട്ടേറെ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുക യുണ്ടായി. 1995 ലെ ഏറ്റവും നല്ല കർഷകനായി തെര ഞ്ഞെടുക്കപ്പെട്ട്, "കർഷകോത്തമ" അവാർഡ് നേടിയ "ശ്രീ. സി. എം. ഗോപി ചെറുകുന്നിൽ അവറുകളെ സ്മര ണിക നൽകി ആദരിക്കുകയുണ്ടായി. 96-97 വർഷം നമ്മുടെ പഞ്ചായത്തിലെ ഏറ്റവും നല്ല 9- കർഷകരെ തെരഞ്ഞെടുത്ത് ചിങ്ങം 1 ന് കർഷക ദിനത്തിൽ പൊ ന്നാട നൽകി ആദരിച്ചു.

ഈ പഞ്ചായത്തിലെ സാംസ്കാരിക പ്രവർത്തനങ്ങളുടെ ഭാഗമായി അടിമാലി ഫെസ്റ്റ് ഗ്രാമപഞ്ചായത്ത് സമിതിയു ടെ നേതൃത്വത്തിൽ 95 ഡിസംബർ 26-ാം തീയതി മുതൽ 31-ാം തീയതി വരെ ഗംഭീരമായി നടന്നു. കാർഷിക മേളയ് ക്കും, ടൂറിസത്തിനും മുൻഗണന നൽകുന്ന മേളയാണ് അടിമാലി ഫെസ്റ്റ്. അടിമാലിയിലെ എല്ലാ സന്നദ്ധ സംഘട നകളുടെയും നിർലോഭമായ സഹകരണത്തിൽ 'ഫെസ്റ്റ് കമ്മിറ്റിയാണ് എല്ലാ വർഷവും ഈ മേള നടത്തുന്നത്. ഗ്രാമപഞ്ചായത്ത് ഭരണ സമിതി മേള നടത്തിപ്പിൽ നേതൃ ത്വപരമായ പങ്ക് വഹിക്കുന്നു. കേരളോൽസവത്തോട നുബന്ധിച്ച് വിവിധ കായിക - കലാമൽസരങ്ങൾ നടത്തുകയുണ്ടായി.

ആധുനിക ചികിൽസാ സൗകര്യം പഞ്ചായത്തിൻെറ ഭൂരി ഭാഗം മേഖലയിലും ലഭ്യമല്ല. 'മഞ്ഞപ്പിത്തം' വളരെ വ്യാപക മായി ഒരു കാലഘട്ടത്തിൽ പടർന്നുപിടിച്ചപ്പോൾ ശുചീക രണ പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് ഭരണസമിതി കൂടു തൽ ശ്രദ്ധ ചെലുത്തി. ശുദ്ധമായ കുടിവെള്ളത്തിൻെറ ലഭ്യത ഉറപ്പുവരുത്താനുള്ള ശ്രമങ്ങൾ തുടരുന്നു. ഓടക ളും തോടുകളും വൃത്തിയാക്കുകയും, യുദ്ധകാലാടിസ്ഥാ നത്തിൽ കൊതുക് നിർമ്മാർജ്ജന പ്രവർത്തനങ്ങളും നടത്തുകയുണ്ടായി.

വിദ്യാഭ്യാസ മേഖലയിൽ നന്നായി പഠിക്കുന്ന വിദ്യാർത്ഥി കളെയും, നല്ല നിലയിൽ പ്രവർത്തിക്കുന്ന വിദ്യാലയങ്ങളേ യും 'ക്യാഷ് അവാർഡുകളും മറ്റും നൽകി പ്രോൽസാഹി പ്പിക്കുന്നതിൽ പഞ്ചായത്ത് ഭരണ സമിതി പ്രത്യേകം ശ്രദ്ധിച്ചുവരുന്നു. സംസ്ഥാന അത്ലറ്റിക് മീറ്റിൽ സമ്മാ നം നേടിയ, അടിമാലി ടെക്നിക്കൽ ഹൈസ്കൂൾ വിദ്യാർത്ഥി കുമാരി സിന്ധു പാപ്പച്ചന് പ്രത്യേകം ക്യാഷ് അവാർഡ് നൽകുകയുണ്ടായി.

ഗ്രാമവികസനത്തിന് ശാസ്ത്രീയവും വസ്തുനിഷ്ഠവു മായ രൂപ രേഖ തയ്യാറാക്കണമെങ്കിൽ സൂക്ഷ്മമായ വിഭവ സർവ്വേ നടക്കേണ്ടതുണ്ടായിരുന്നു. 9-ാം പദ്ധതിയുടെ ജനകീയാസൂത്രണത്തിൻെറ ഭാഗമായി ഏതാനും പഠന ങ്ങൾ നടക്കുകയുണ്ടായി. എങ്കിലും വിശദമായ വിഭവ പഠനം അനിവാര്യമാണ്. ഭൂപ്രകൃതി, കൃഷി, ജല സ്രോതസ്സു കൾ, മണ്ണിൻെറ തരം ഇവ സംബന്ധിച്ചാണ് പഠന സംഘം പഠനം നടത്തിയത്. സർവ്വേ സംബന്ധിച്ച് നടന്ന പ്രവർത്തന ങ്ങൾക്ക്, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മൃഗസംരക്ഷണ വകു പ്പ് ബ്ലോക്ക് തുടങ്ങിയ ആഫീസുകളിൽ നിന്നും പൂർണ്ണ സഹകരണം ലഭിച്ചു. എന്നാൽ കെ. എസ്. ഇ. ബി. സെക്ഷ ണൽ ആഫീസിൽ നിന്നും ബന്ധപ്പെട്ട വിവരങ്ങൾ ലഭി ക്കാൻ പ്രവർത്തകർക്ക് ബുദ്ധിമുട്ടുണ്ടായതായി സൂചിപ്പി ക്കപ്പെട്ടിട്ടുണ്ട്. അതുപോലെ തന്നെ കൃഷി ഡിപ്പാർട്ടുമെ

ൻറ് വക ആഫീസിൽ നിന്നും 1988 വരെയുള്ള രേഖകൾ മാത്രമേ ലഭ്യമായുള്ളൂ. പട്ടികജാതി - വർഗ്ഗ വിഭാഗങ്ങൾക്ക് നൽകിയ വായ്പകൾ സംബന്ധിച്ച വ്യക്തമായ കണക്കുകൾ ബന്ധപ്പെട്ട അധികാരികൾ നൽകുവാൻ മടി കാണിക്കുകയുണ്ടായി.

വളരെ വിശാലമായ മേഖല ഉൾക്കൊള്ളുന്ന സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്താണ് നമ്മുടേത്. അതുകൊണ്ടുതന്നെ ഒട്ടേറെ വികസന പ്രവർത്തനങ്ങൾക്ക് ദാഹിച്ച് കാത്തിരിക്കുന്ന ഒരു ജനതയാണ് നമ്മുക്കുള്ളത്. സാമ്പത്തിക ദൗർലഭ്യം വികസന പ്രവർത്തനങ്ങൾക്ക് തടസ്സമായി നില്ക്കുന്നു. മാനവ വിഭവ ശേഷി പ്രയോജനപ്പെടുത്തി നമ്മുക്ക് ഈ പ്രതിസന്ധി മുറിച്ച് കടന്ന് മുന്നേറാം. "പുതിയ ഒരു വികസന സംസ്കാരം ഉണ്ടാവട്ടെ"

വിജയ പ്രതീക്ഷകളോടെ

ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്
കുമാരി. പി. വൈ. അന്നക്കുട്ടി.



എസ്.എസ്.എൽ.സി.ക്ക് എസ്.സി.എസ്.ടി. വിഭാഗത്തിൽ കൂടുതൽ മാർക്കുവാങ്ങിയ ബിനുകുമാറിന് പഞ്ചായത്ത് പ്രസിഡൻറ് കാഷ് അവാർഡ് വിതരണം ചെയ്യുന്നു.



ടി.എച്ച്.എസ്.എൽ.സി.യിൽ ഏറ്റവും ഉയർന്ന മാർക്ക് വാങ്ങിയ ജാസ്മിന് പഞ്ചായത്ത് പ്രസിഡൻറ് കാഷ് അവാർഡ് നൽകുന്നു.

# 1996 നവംബർ 1 പുനരർപ്പണ ദിനം ജനപങ്കാളിത്ത പ്രവർത്തനങ്ങൾ



11-ാം വാർഡ്: കൂമ്പൻപാറ-200 ഏക്കർ റോഡ് നിർമ്മാണം ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് കുമാരി പി.വൈ.അന്നക്കുട്ടി ഉദ്ഘാടനം ചെയ്യുന്നു. മെമ്പർമാർ കെ.പി.മോഹനൻ, മേരി പൗലോസ് എന്നിവർ സമീപം.



11-ാം വാർഡ്: അടിമാലി-തേവര റോഡ് നിർമ്മാണം വാർഡ് മെമ്പർ കെ.പി.മോഹനൻ ഉദ്ഘാടനം ചെയ്യുന്നു. അടിമാലി ബ്ലോക്ക് വൈസ് പ്രസിഡൻറ് സി.കെ.ഗോവിന്ദൻ സമീപം.



9-ാം വാർഡ്: മന്നാംകാല നാലു സെൻറ് ഹരിജൻ കോളനി റോഡ് ശ്രമദാനം ജില്ലാ പഞ്ചായത്ത് മെമ്പർ കെ.എസ്.മുഹമ്മദ് ഉദ്ഘാടനം ചെയ്യുന്നു. മെമ്പർ പുഷ്പലതാ രാജനാണ് മദ്ധ്യത്തിൽ



7-ാം വാർഡ്: പി.ഒ ജംഗ്ഷൻ-മച്ചിപ്ലാവ് കുടിറോഡ് ശ്രമദാനം വാർഡ് മെമ്പർ പി.എം.ബേബി ഉദ്ഘാടനം ചെയ്യുന്നു.

7

# ഉപസംഹാരം

വികസന വിക്ഷണത്തിൽ വ്യതിയാനം ആവശ്യമായിരിക്കുന്നു. റോഡും ആശുപത്രിയും കുടിവെള്ളവുമായാൽ വികസനം പൂർണ്ണമായി എന്ന ധാരണയ്ക്ക് മാറ്റം വന്നേ മതിയാകൂ. സമൂഹത്തിന്റെ സമസ്ത തലങ്ങളേയും സ്പർശിച്ചാലേ വികസനത്തിന്റെ വെള്ളിവെളിച്ചം സകലതിനേയും പ്രകാശിപ്പിക്കൂ. നാടിന്റെ നാഡിയിടിപ്പുകൾ തൊട്ടറിയാത്ത നവീകരണം നിഷ്ഫലമാണ്. കാർഷിക പ്രധാനമായ കാനന ഗ്രാമമാണ് നമ്മുടെ പഞ്ചായത്ത്. ഈ മണ്ണിന്റെ വളക്കൂറും മാളോരുടെ മനസ്സും വികസന രേഖയിൽ ഉയർത്തെഴുന്നേൽക്കണം.

ഉദ്യോഗസ്ഥ മൂശയിൽ ഉടലെടുക്കുന്ന വികസന പദ്ധതികൾക്ക് യാന്ത്രികത്വം കൂടും. സമ്പത്ച്ചോർച്ചയുടേയും മൂല്യത്തകർച്ചയുടെയും കെടുതികളതിൽ മുഴച്ചുകാണാം. ഈ സ്ഥിതി മാറിയേ തിരൂ. ജനപങ്കാളിത്തത്തോടെയുള്ള പദ്ധതികളാവിഷ്ക്കരിക്കുമ്പോൾ ജനങ്ങൾക്കതിൽ പ്രതിബദ്ധതയുണ്ടായിരിക്കും. കുഞ്ഞിനോടുള്ള അമ്മയുടെ പ്രതിബദ്ധതയായിരിക്കുമത്. അത് സർഗ്ഗാത്മകവും സ്നേഹബന്ധിതവുമാണല്ലോ!

സമ്പത്തില്ലാതെ വികസനം സാദ്ധ്യമല്ല. പുതിയ സമ്പത് സ്രോതസ്സുകൾ കണ്ടെത്താൻ ഗ്രാമപ്പഞ്ചായത്തുകൾക്ക് കഴിയണം. സർവ്വതും സർക്കാർ തരണമെന്ന ധാരണ കാലഹരണപ്പെട്ടതാണ്. പ്രവർത്തന സജ്ജമായ ഏജൻസികളെ കണ്ടെത്തി പദ്ധതി നിർവ്വഹണം നടത്താനധികം വിഷമമുണ്ടാകില്ല.

യാഥാർത്ഥ്യബോധത്തോടെ പദ്ധതികളാവിഷ്ക്കരിച്ച് വസ്തുനിഷ്ഠ സമീപനം സ്വീകരിച്ചില്ലെങ്കിൽ വികസന രഥത്തിന്റെ ചക്രങ്ങൾ ചാലിലുറഞ്ഞുപോകും.

പ്രശ്നാധിഷ്ഠിത സമീപനമെടുക്കുമ്പോൾ സാമൂഹ്യ - രാഷ്ട്രീയ രംഗങ്ങളിലെ പിരിമുറുക്കത്തിനയവു വരുമെന്നതൊരു സത്യമാണ്. നമ്മുടെ സാമൂഹ്യ വ്യവസ്ഥയും രാഷ്ട്രീയ ദർശനവും വികസന പാതയിൽ മുള്ളുകൾ വിതറാതിരിക്കട്ടെ. വിഭവ ഭൂപടവും വസ്തുസ്ഥിതിശേഖരവും വികസന പ്രക്രിയയ്ക്ക് വസ്തുനിഷ്ഠവുമായ അടിത്തറയാണ് നൽകുന്നത്.

ആസൂത്രണം ഫലവത്താകുന്നത് വികസനനോപാധികളെ സമർത്ഥമായി ഉപയോഗപ്പെടുത്തുമ്പോഴാണ്.

ജനകീയവും കാര്യക്ഷമവുമായ മാനദണ്ഡങ്ങളെ ആധാരമാക്കി വേണം മുൻ ഗണനാക്രമം നിശ്ചയിക്കാൻ ആ മുൻഗണനാ ക്രമമനുസരിച്ച് നടപ്പിലാക്കാനുള്ള ഇച്ഛാശക്തി ഗ്രാമപ്പഞ്ചായത്തുകൾ പ്രകടമാക്കണം.

പ്രകൃതിവിഭവങ്ങൾ, ജനവിഭവങ്ങൾ എന്നിവ കോർത്തിണക്കി ചരിത്ര സാഹചര്യ ബന്ധങ്ങൾ വിശകലനം ചെയ്തു പ്രായോഗിക ബുദ്ധിയോടെ പദ്ധതികളുണ്ടാക്കാൻ നമുക്ക് സാധിക്കട്ടെ. ഗ്രൂപ്പു ചർച്ചകളിൽ ഉരുത്തിരിയുന്ന നിർദ്ദേശങ്ങൾ വിഷയാനുബന്ധിയാക്കി പദ്ധതികളാക്കാൻ വിദഗ്ദ്ധ സമിതികൾക്ക് കഴിയും.

പദ്ധതിത്തുകയുടെ 40 ശതമാനത്തോളം താഴെ തട്ടിലെത്തുകയാണെങ്കിൽ ഗതകാലത്തേക്കാൾ ശീഘ്രതയിലായിരിക്കും ഗ്രാമവികസനത്തിന്റെ ഗതി. ഓരോ ഗ്രാമപ്പഞ്ചായത്തിനും 70-75 ലക്ഷം രൂപയായിരിക്കും പ്രതിവർഷം ലഭിക്കുക. ഈ തുക സമസ്ത മേഖലയിലും വസ്തുനിഷ്ഠമായി വിനിയോഗിച്ചാൽ വികസന രംഗത്ത് എറവസ്റ്റാരോഹണം തന്നെ സാദ്ധ്യമാകും.

ജനകീയാസൂത്രണം, ജനങ്ങളുടെ ആശ തട്ടിയുണർത്തുന്ന വിനോദമാകരുത്. ജനോപകരണ പ്രദമായ ജനകീയ പദ്ധതികൾ ശീഘ്രഗതിയിൽ, ഫലപ്രദമായി നടപ്പാക്കാനുള്ള സാമൂഹ്യായുധമാണത്. ജാഗ്രതയോടെ നാമിതെടുത്തു പെരുമാറണം.

നമ്മുടെ ഗ്രാമപ്പഞ്ചായത്തിന്റെ "സമഗ്ര വികസന രേഖ" പൂർണ്ണമാക്കാനും അത് സമ്പൂർണ്ണമായി നടപ്പാക്കാനുമുള്ള കർമ്മ നിപുണതയും നമുക്കുണ്ടാകണം. അർപ്പണ മനസ്സോടെ ഈ വികസന പ്രക്രിയയിൽ നമുക്ക് പങ്കാളികളാകാം. കാട്ടാറുകളിലെ കല്ലുകളെ സാളഗ്രാമങ്ങളാക്കണം. അതിനുള്ള നിശ്ചയദാർഢ്യം കൈവരിക്കുക. ആരംഭഗുരുത്വമൊഴിവാക്കി അറുതികൾക്കന്ത്യം കാണുന്നതുവരെ അദ്ധ്വാനിക്കുക. നേട്ടങ്ങളുടെ വിളവെടുപ്പിന് ജഗദീശ്വരനനുഗ്രഹിക്കട്ടെ.

മഹത്തായ നേട്ടങ്ങളുടെ കൊയ്ത്തിനുതകുമെന്ന പ്രത്യാശയോടെ ഈ "വികസന രേഖ" അടിമാലി ഗ്രാമ പഞ്ചായത്ത് വികസന സെമിനാറിനുമുമ്പാകെ സമർപ്പിക്കുന്നു. തുറന്ന വിശകലനത്തിനും ചർച്ചയ്ക്കും പരിഷ്ക്കരണത്തിനുംവേണ്ടി.

# വികസന സെമിനാർ നിർദ്ദേശങ്ങൾ

5 – 1 കൃഷിയും ജലസേചനവും

5 – 2 മൃഗസംരക്ഷണവും മൽസ്യബന്ധനവും

5 – 3 വ്യവസായം

5 – 4 വിദ്യാഭ്യാസം

## 5 – 5 കുടിവെള്ളവും പൊതുജനാധരാഗ്യവും

## 5 – 6 ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

## 5 – 7 പാർപ്പിടം

## 5 – 8 സംസ്ക്കാരം

## 5 – 9 വനിതാ ക്ഷേമം

## 5 – 10 സഹകരണം

5 – 11 പട്ടികജാതി–പട്ടികവർഗ്ഗ ക്ഷേമം

5 – 12 വിഭവ സമാഹരണം, ടൂറിസം

53 വർഷത്തെ പാരമ്പര്യം

# കെ. വി. വർക്കി & സൺസ്

# കാക്കനാട്ട് ജുവലേഴ്സ്

തൊടുപുഴ – അടിമാലി

ഫോൺ: 04864-22333, 2533
കോതമംഗലം: 23365
തൊടുപുഴ: 22397

ഫോൺ: 22529

ആശംസകൾ

# മർച്ചൻറ്സ് അസോസിയേഷൻ അടിമാലി

**കെ. എൻ. ദിവാകരൻ**
പ്രസിഡൻറ്
ഫോൺ: O 22129, 22192
R 22157

**വർഗീസ് ചെറിയാൻ**
ജനറൽ സെക്രട്ടറി
ഫോൺ: O. 22140, 22540
R. 22440

# KERALA




© Government of India Copyright 1989
Based upon Survey of India map with the permission of the Surveyor General of India. The responsibility for the correctness of internal details rests with the publisher

The territorial waters of India extend into the sea to a distance of twelve nautical miles measured from the appropriate base line

KERALA INSTITUTE OF LOCAL ADMINISTRATION ★ THRISSUR-680581
LIBRARY
4247




Printed at Kerala Times Offset Press Ernakulam, Phone: 394248